# വി. യോഹന്നാന്റെ സുവിശേഷം

*ഡോ. മാത്യു വെള്ളാനിക്കൽ*

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
www.alphathalassery.com

**Title**
Gospel of St. John

**Author**
Rev. Msgr. Dr. Mathew Vellanickal

**Published by**
The Director,
Alpha Institute
Archdiocese of Tellicherry
Sandesa Bhavan, Tellicherry
670 101, Kannur, Kerala
Ph: 0490 - 2344727, 2343707

**Published on**
2012 December 27 (The Feast of St. John)

**........... Editorial Board ...........**
Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu

**Office Assistance**
Rev. Sr. Celin Kunnel F.C.C
Mrs. Anitha Vijayan
Mrs. Jeshitha A
Miss. Bhavya K

**Design & Layout**
Mr. Midhun Thomas

**Printing**
Vimala Offset, Thalassery

**© Copy Right**
All rights reserved.
No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# വി. യോഹന്നാന്റെ സുവിശേഷം

*ഡോ. മാത്യു വെള്ളാനിക്കൽ*

# വി. യോഹന്നാന്റെ സുവിശേഷം

## സുവിശേഷത്തിന്റെ ലക്ഷ്യം

സമാന്തരസുവിശേഷങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു പ്രതിപാദനരീതിയാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നത്. സമാന്തരസുവിശേഷങ്ങൾ മിശിഹായുടെ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കുമ്പോൾ യോഹന്നാൻശ്ലീഹാ മിശിഹായുടെ വ്യക്തിത്വത്തിന്റെ ആഴങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ്. പുതിയനിയമാവിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിനിൽക്കുന്ന ഈ നാലാം സുവിശേഷം 'ആത്മീയസുവിശേഷം' 'അരൂപിയുടെ സുവിശേഷം' 'സ്നേഹത്തിന്റെ സുവിശേഷം' 'വിശ്വാസത്തിന്റെ സുവിശേഷം' 'ജീവന്റെ സുവിശേഷം' എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്നു.

വ്യക്തമായ ലക്ഷ്യത്തോടെയാണ് യോഹന്നാൻശ്ലീഹാ സുവിശേഷം എഴുതിയത്. 20:30-31 ൽ ഇത് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്: "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്". ഇവിടെ യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ഉള്ളടക്കത്തെ വിശേഷിപ്പിക്കുന്നത് 'അടയാളങ്ങൾ' എന്നാണ്. ഈശോ പ്രവർത്തിച്ച അടയാളങ്ങളാണ് സുവിശേഷത്തിന്റെ ഉള്ളടക്കം. സുവിശേഷം എഴുതിയത് 'ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കുന്നതിനും അതുവഴി ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'.

'അടയാളങ്ങൾ' എന്നതുകൊണ്ട് വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കളിൽ ചിലർ ഈശോ ചെയ്ത അത്ഭുതങ്ങളെ മാത്രം അർത്ഥമാക്കുമ്പോൾ മറ്റു ചിലർ സുവിശേഷത്തിന്റെ ഉള്ളടക്കം മുഴുവനും ഈ പദംകൊണ്ട് അർത്ഥമാക്കുന്നു. 'അടയാളങ്ങൾ' അദൃശ്യമായ യാഥാർത്ഥ്യത്തെ ദൃശ്യമാക്കുന്നവയാണല്ലോ. യോഹന്നാൻശ്ലീഹായുടെ മിശിഹാനുഭവം വിവരിക്കുന്ന ലേഖനഭാഗത്ത് ഇത് കൂടുതൽ വ്യക്തമാക്കുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1 യോഹ 1:1-2).

'ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു'. ഈശോയാണ് ഈ ജീവൻ. ദൈവത്തിന്റെ ജീവന്റെ അടയാളമാണ് ഈശോ: "ദൈവത്തെ

ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1:18). അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കിയത് ഈശോയാണ്. അദൃശ്യനായ ദൈവത്തിലേക്ക് വിരൽചൂണ്ടുന്ന അടയാളങ്ങളായ ഈശോയുടെ വാക്കുകൾ ശിഷ്യന്മാർ കേട്ടു; അവിടുത്തെ പ്രവൃത്തികൾ അവർ കണ്ടു; അത്ഭുതങ്ങൾ അവർ സൂക്ഷിച്ചുവീക്ഷിച്ചു. ഈശോയുടെ ജീവിതത്തെ അവർ സ്പർശിച്ചു. സ്വന്തം ജീവിതത്തിൽ ഏറ്റുവാങ്ങിയ ഈ മിശിഹാനുഭവമാണ് 'വിശ്വസിക്കുവാനും ജീവൻ ഉണ്ടാകുന്നതിനും വേണ്ടി' അവർ പകർന്നു നൽകിയത്. ഈശോയുടെ വരവിന്റെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല: "ഞാൻ വന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (10:10). വിശ്വാസം ഉണ്ടാകുന്നതിനുവേണ്ടി അടയാളങ്ങൾ എഴുതി; അതുവഴി ഒരു വ്യക്തി വിശ്വാസത്തിലേക്ക് കടന്നുവരുന്നു. ഈശോമിശിഹായിലുള്ള വിശ്വാസം ജീവൻ പ്രദാനം ചെയ്യുന്നു.

ഈശോ ദൈവപുത്രനായ മിശിഹായാണെന്ന യാഥാർത്ഥ്യമാണ് വിശ്വാസത്തിന്റെ വിഷയം. 'ദൈവപുത്രൻ', 'മിശിഹാ' എന്നീ രണ്ട് സംജ്ഞകൾ യോഹന്നാൻശ്ലീഹാ തെരഞ്ഞെടുത്തുപയോഗിച്ചത് പ്രത്യേക ലക്ഷ്യത്തോടുകൂടിയാണ്. ദൈവപിതാവിന്റെ ജീവനിൽ പങ്കുചേരുന്നവനാണ് 'ദൈവപുത്രൻ'. 'മിശിഹാ' എന്ന വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാണ്. ദൈവം അഭിഷേകം ചെയ്ത് അയച്ചവനാണ് ഈശോ. ദൈവം തന്റെ പുത്രനെ അഭിഷേകം ചെയ്ത് അയച്ചത് ദൈവികജീവൻ മനുഷ്യന് പകർന്നുകൊടുക്കുവാനാണ്. ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കുക എന്നുപറഞ്ഞാൽ ഈശോ ദൈവികജീവനിൽ പങ്കുചേരുന്നവനും ഈ ജീവൻ മനുഷ്യർക്ക് നൽകാൻ ദൈവത്താൽ അഭിഷിക്തനായി അയയ്ക്കപ്പെട്ടവനുമാണെന്ന് വിശ്വസിക്കുകയാണ്. അങ്ങനെ വിശ്വസിക്കുക നിമിത്തം ഒരുവന് ജീവൻ ലഭിക്കുന്നു. വിശ്വാസം എന്നത് ഉപരിപ്ലവമായ ഒരു പ്രവൃത്തിയല്ല. അത് ആത്മസമർപ്പണമാണ്; എന്ത് വിശ്വസിക്കുന്നവോ അത് സ്വന്തമാക്കുകയാണ്; ആരിൽ വിശ്വസിക്കുന്നുവോ ആ വ്യക്തിയോടുള്ള താദാത്മ്യപ്പെടലാണ്. മിശിഹായിൽ വിശ്വസിക്കുന്നവൻ മറ്റൊരു മിശിഹായായി മാറുന്നു.

ഈശോ പ്രദാനം ചെയ്യുന്ന ജീവൻ - ദൈവികജീവൻ - നിത്യജീവനാണ്. ഈ പ്രപഞ്ചത്തിൽ സസ്യജീവൻ, മൃഗജീവൻ, മാനുഷികജീവൻ, ദൈവികജീവൻ മുതലായ പലതരം ജീവനുണ്ട്. സസ്യജീവന്റെ പ്രവർത്തനം അതിന്റെ വളർച്ചയിലൂടെയാണ് തിരിച്ചറിയുന്നത്. മൃഗജീവന്റേത് ചലനത്തിലൂടെയും. മാനുഷികജീവനാകട്ടെ വിശേഷബുദ്ധിയും സ്വതന്ത്രമനസ്സുംകൊണ്ട് ധന്യമാണ്. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായതാണ് ദൈവികജീവന്റെ പ്രവർത്തനം എന്ന് ഈശോ വ്യക്തമാക്കുന്നു: "ഏകസത്യദൈവമായ അവിടുത്തേയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3). ദൈവികജീവന്റെ പ്രവർത്തനം 'അറിയുക' എന്നതാണ്. ഏകസത്യദൈവമായ പിതാവിനെയും അവിടുന്ന് അയച്ച ദൈവപുത്രനായ ഈശോമിശിഹായെയുമാണ് അറിയേണ്ടത്.

വി. ഗ്രന്ഥപശ്ചാത്തലത്തിൽ 'അറിയുക' എന്നതുകൊണ്ട് ബന്ധം സ്ഥാപിക്കുക, സ്നേഹിക്കുക, ഐക്യപ്പെടുക എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. ദൈവികജീവന്റെ പ്രവർത്തനം അറിവിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രവർത്തനമാണ്. സത്യദൈവത്തെ അറിയുക, സ്നേഹിക്കുക, അവിടുത്തോട് ബന്ധം സ്ഥാപിക്കുക. സത്യദൈവത്തെ അറിയാനുള്ള മാർഗ്ഗം ഈശോമിശിഹായാണ്. ഈശോയിലൂടെ മാത്രമേ ഈ ജീവനിൽ പങ്കുചേരാൻ സാധിക്കുകയുള്ളു. ദൈവമനുഷ്യനായ ഈശോമിശിഹായെ അറിയുക എന്നതുകൊണ്ട് ദൈവത്തേയും മനുഷ്യനേയും സ്നേഹിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. മനുഷ്യനെ അറിയാതെ, മനുഷ്യനുമായി ബന്ധം പുലർത്താതെ, മനുഷ്യനോട് ഐക്യപ്പെടാതെ ഈശോമിശിഹായെ അറിയുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. ദൈവവും മനുഷ്യനുമായി ആരോഗ്യപരമായ ഒരു ബന്ധം സ്ഥാപിക്കുക - ഈ ബന്ധത്തിലുള്ള വളർച്ചയാണ് ദൈവികജീവനിലുള്ള വളർച്ച. അതുകൊണ്ട് നിത്യജീവൻ എന്നത് ദൈവത്തെയും മനുഷ്യനെയും ഈശോമിശിഹായിൽ അറിയുകയും സ്നേഹിക്കുകയും അവരോട് ഐക്യപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ്. ദൈവംതന്നെയും ത്രിത്വമാണ്; സ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒന്നായ ദൈവം. ദൈവത്തെയും ദൈവം സ്വന്തമാക്കിയ മനുഷ്യനെയും സ്നേഹിക്കുക എന്നതാണ് ദൈവികജീവനിലുള്ള വളർച്ചയുടെ അളവുകോൽ. ഈ വിധത്തിൽ ഈശോയിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുക എന്നതാണ് സുവിശേഷത്തിന്റെ ലക്ഷ്യം.

### സംവാദപരമായ ലക്ഷ്യങ്ങൾ

മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾക്കു പുറമേ സംവാദപരങ്ങളായ ചില ഉദ്ദേശ്യങ്ങളും സുവിശേഷകനുണ്ടായിരുന്നു.

#### യഹൂദർക്കെതിരേ

സുവിശേഷത്തിൽ യഹൂദരെപ്പറ്റിയുള്ള പരാമർശങ്ങൾ സുവിശേഷകന് അവരോട് ഒരു വിരുദ്ധമനോഭാവമുണ്ടായിരുന്നുവെന്ന് ചിന്തിക്കുവാനാണ് നമ്മെ പ്രേരിപ്പിക്കുക. സുവിശേഷത്തിൽ യഹൂദമതത്തിന്റെ പദവി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അദ്ദേഹം ഈശോയെ മിശിഹാ ആയി അവതരിപ്പിക്കുകയും അവിടുത്തെ ആഗമനത്തിൽ യഹൂദമതത്തിനുണ്ടായിരുന്ന ശ്രേഷ്ഠസ്ഥാനം നഷ്ടപ്പെട്ടുവെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഈശോ തന്നെപ്പറ്റി നൽകിയ സാക്ഷ്യത്തിന്റെ വിശ്വസനീയത സ്ഥാപിക്കുവാൻ യഹൂദരുടെ നീതിന്യായതത്വങ്ങളെത്തന്നെയാണ് സുവിശേഷകൻ ആശ്രയിക്കുന്നത് (5:31; 8:17). 8:44-45; 54-55 എന്നീ ഭാഗങ്ങളിൽ ഈ യഹൂദവിരുദ്ധ മനോഭാവം മൂർദ്ധന്യത്തിലെത്തുന്നു.

ഈ വസ്തുത 'യഹൂദർ' എന്ന സുവിശേഷപ്രയോഗത്തിൽ വ്യക്തമാണ്. സമാന്തര സുവിശേഷങ്ങളിൽ ആറോ ഏഴോ തവണവീതം ഇതു കാണുമ്പോൾ, യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 71 തവണ ഇതു പ്രത്യക്ഷപ്പെടുന്നുണ്ട്. ഏതാനും സന്ദർഭങ്ങളൊഴിച്ചാൽ, ഈശോ

യോടു ശത്രുത പുലർത്തിയിരുന്ന യഹൂദമതാധികാരികളെ, പ്രത്യേകിച്ച് ജറുസലേമിലുണ്ടായിരുന്നവരെ, സൂചിപ്പിക്കുവാനുപയോഗിച്ചിരിക്കുന്ന സാങ്കേതിക പദമാണിത്. ഇതിനു സാക്ഷ്യങ്ങൾ അനേകമുണ്ട്. സാധാരണ യഹൂദരെ 'യഹൂദരിൽ' നിന്ന് അദ്ദേഹം വേർതിരിക്കുന്നു. ഉദാഹരണത്തിന്, സുഖം പ്രാപിച്ച കുരുടന്റെ യഹൂദമാതാപിതാക്കൾ 'യഹൂദരെ'- തെളിവെടുപ്പു നടത്തിയിരുന്ന ഫരിസേയരെ - ഭയന്നിരുന്നതായി പറയുന്നു (9:22). ചില സന്ദർഭങ്ങളിൽ 'യഹൂദരും', പ്രധാന പുരോഹിതന്മാരും ഫരിസേയരും സൈന്യത്തെ പറഞ്ഞയയ്ക്കുന്നതായി പറഞ്ഞിരിക്കുന്നു (18:3); ഈ സൈന്യം യഹൂദരുടേതായിരുന്നു (18:12). 9:13-ൽ ചോദ്യമുന്നയിക്കുന്നവർ ഫരിസേയരാണെങ്കിൽ 9:18-ൽ അവർ യഹൂദരാണെന്നു പറയുന്നു. 'യഹൂദർ ഈശോയെ പീലാത്തോസിന്റെ പക്കലേക്കാനയിച്ചുവെന്നു യോഹന്നാൻ പറയുമ്പോൾ (18:28-31) മർക്കോസ് സുവിശേഷകൻ സാൻഹെദ്രീൻ സംഘത്തിന്മേലാണ് ഇതിന്റെ ഉത്തരവാദിത്വം ആരോപിക്കുന്നത് (15:1).

ഈശോയുടെ പരസ്യജീവിതത്തെ പരാമർശിക്കുമ്പോൾ ഈ 'യഹൂദ' പ്രയോഗത്തിനു വലിയ പ്രസക്തിയില്ലെന്നു സ്പഷ്ടം. സമാന്തരസുവിശേഷങ്ങളിൽ പ്രാധാന്യം നല്കിയിരിക്കുന്ന സദുക്കായർ, ഹേറോദേസ് കക്ഷികൾ, തീക്ഷ്ണർ, നിയമജ്ഞർ തുടങ്ങി പലരെയും ഈ സുവിശേഷത്തിൽ കാണുന്നതേയില്ല. ചരിത്ര പശ്ചാത്തലത്തിൽ വന്ന പരിവർത്തനമാണ് ഇതു സൂചിപ്പിക്കുക. ജറുസലേമിന്റെ പതനത്തെ അതിജീവിച്ച ഏക യഹൂദവിഭാഗം ഫരിസേയരായിരുന്നു. മിശിഹായെ തിരസ്കരിച്ചവരെന്ന നിലയിലാണ് ക്രിസ്ത്യാനികൾ അവരെ പ്രായേണ വീക്ഷിച്ചിരുന്നത്. തന്മൂലം ക്രൈസ്തവരും യഹൂദരും തമ്മിൽ ആദിമ സഭയിലുണ്ടായിരുന്ന വിയോജിപ്പാണു വി. യോഹന്നാന്റെ സുവിശേഷത്തിൽ പ്രതിഫലിക്കുന്നതെന്ന് അനുമാനിക്കാം. സുവിശേഷകനെ സംബന്ധിച്ചിടത്തോളം സമകാലിക യഹൂദർ ഈശോയെ തിരസ്കരിച്ച യഹൂദപ്രമാണികളുടെ ആദ്ധ്യാത്മിക പാരമ്പര്യം പുലർത്തുന്നവരാണ്. ഈ മനോഭാവമാണ് സുവിശേഷത്തിലുടനീളം കാണുന്ന യഹൂദ വൈരാഗ്യത്തിനടിസ്ഥാനം.

## സ്നാപക ശിഷ്യൻമാരുമായുള്ള സംവാദം

സ്നാപകനെ ഈശോയെക്കാൾ ശ്രേഷ്ഠനായി ചിത്രീകരിച്ചിരുന്നവരെയും സുവിശേഷകൻ എതിർക്കുന്നു. ഇപ്രകാരം ഒരു വിഭാഗം നിലനിന്നിരുന്നുവെന്നതിന് നട 19:1-7 വരെയുള്ള ഭാഗം സാക്ഷ്യം നല്കുന്നുണ്ട്. സ്നാപകന്റെ മാമ്മോദീസാ സ്വീകരിച്ചവരും എന്നാൽ പരിശുദ്ധാത്മാവിനെപ്പറ്റി അറിയാതിരുന്നവരുമായ പന്ത്രണ്ടു ശിഷ്യന്മാർ എഫേസൂസിൽ ഉണ്ടായിരുന്നുവത്രേ. ഈ വിഭാഗം ഈശോയെയല്ല, തങ്ങളുടെ ഗുരുവിനെയാണു മിശിഹായായി ആദരിച്ചിരുന്നതുപോലും. അതുകൊണ്ടാവണം ഈശോയെയും സ്നാപകനെയും പറ്റി പരാമർശിക്കുമ്പോഴെല്ലാം സുവിശേഷകൻ ഈശോയെ സ്നാപകനോട് താരതമ്യം ചെയ്യുവാൻപോലും കഴിയാത്തവിധം ഉന്നതനായി ചിത്രീകരിക്കുന്നത്.





### നോസ്റ്റിക്കുകൾക്കെതിരെ

നോസ്റ്റിസിസത്തിനെതിരേ സുവിശേഷം തുറന്ന ആക്രമണം നടത്തുന്നില്ല. അക്കാലത്ത് നോസ്റ്റിസിസം ഒരു ചിന്താപദ്ധതിയുടെ നിലയിലേക്ക് ഉയർന്നിരുന്നില്ലാത്തതാവാം ഇതിനു കാരണം. പക്ഷേ, സിറിയയിൽ ചില നോസ്റ്റിക് പ്രവണതകൾ ഉടലെടുത്തിരുന്നു. ചിലർ ക്രൈസ്തവസത്യങ്ങളെ നോസ്റ്റിക്കുകൾ പുലർത്തിയിരുന്ന ദ്വൈതചിന്തയായി തെറ്റിദ്ധരിക്കുവാൻ തുടങ്ങി. ദൈവത്തിനും മനുഷ്യർക്കുമിടയിൽ അനേകം മധ്യവർത്തികളെയും പണ്ഡിതാഭിഗമ്യമായ വിജ്ഞാനത്തിലൂടെയുള്ള മുക്തിയെയും അവർ സങ്കല്പിച്ചിരുന്നു. ഇക്കൂട്ടരുടെ പദാവലിക്കു ക്രൈസ്തവമായ പുതിയ അർത്ഥം നൽകിക്കൊണ്ട് യോഹന്നാൻശ്ലീഹാ അവരുടെ അണികളിൽ പരോക്ഷമായി ആക്രമണം നടത്തിയിട്ടുണ്ട്. 'വചനം' മധ്യവർത്തികളെ ആശ്രയിക്കാതെതന്നെ മാംസം ധരിച്ചുവെന്ന പ്രസ്താവനയിലൂടെ (1:14) അവരുടെ പ്രപഞ്ചശാസ്ത്രത്തെയും, 'സ്നേഹ'ത്തിനു നൽകുന്ന പരമപ്രാധാന്യത്തിലൂടെ (13:34-35) അവരുടെ വിജ്ഞാനത്തെയും അസ്വീകാര്യമായി സുവിശേഷകൻ ചിത്രീകരിക്കുന്നു.

ഇതുവരെ വിവരിച്ച വിഭിന്നോദ്ദേശ്യലക്ഷ്യങ്ങൾ സുവിശേഷത്തിൽ പലയിടത്തും ഒരുമിച്ചു പ്രകടമാണ്; അവയുടെ പ്രതിഫലനം സുവിശേഷത്തിൽ ഓരോ ഭാഗത്തും ദൃശ്യവുമത്രേ. ഇതിൽനിന്നു സുവിശേഷകൻ ഒരു തികഞ്ഞ പണ്ഡിതനും ക്രാന്തദർശിയും ആനുകാലിക പ്രവാചകനുമായിരുന്നുവെന്നു തെളിയുന്നു. തന്മൂലം സുവിശേഷപഠനത്തിനു സുദീർഘവും നിരന്തരവുമായ അനുദിനധ്യാനം കൂടിയേ തീരൂ.

## സുവിശേഷത്തിന്റെ സാർവ്വത്രികലക്ഷ്യം

വാസ്തവത്തിൽ യോഹന്നാന്റെ സുവിശേഷലക്ഷ്യം സാർവത്രികമാണെന്നതിനു സൂചനകളുണ്ട്. പ്രഥമതഃ വിശ്വാസികളായ ക്രൈസ്തവരെ പ്രതിയാണ് സുവിശേഷം എഴുതിയിട്ടുള്ളതെന്നു കരുതാം. 14-17 അദ്ധ്യായങ്ങളിലെ സംഭാഷണം തന്റെ സ്വന്തമായ, തന്നോടു ഗാഢമായ ഐക്യം പുലർത്തുന്ന ശിഷ്യസമൂഹത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ളതാണ്. യുഗാന്ത സൗഭാഗ്യം യാഥാർത്ഥ്യമായതുപോലെയുള്ള പ്രതിപാദനം (Realized eschatology) ക്രൈസ്തവപ്രതീക്ഷയുടെ സജീവത്വം നിലനിർത്താനുള്ള ശ്രമമായിരിക്കണം. കാരണം മിശിഹായുടെ ദ്വിതീയാഗമനം പ്രതീക്ഷിച്ചിരുന്നതുപോലെ ഉടനെ സംഭവിക്കാതിരുന്നതിനാൽ അവരുടെ പ്രതീക്ഷ നിർജ്ജീവമായിപ്പോകുവാൻ ഇടയുണ്ടായിരുന്നു. കൂടാതെ സുവിശേഷത്തിലുടനീളം കാണുന്ന ആശയഗാംഭീര്യം അഗാധവിശ്വാസവും തികഞ്ഞ പാരമ്പര്യബോധവും ഉള്ളവർക്കേ - ക്രൈസ്തവവിശ്വാസികൾക്കേ - ദഹിക്കുമായിരുന്നുള്ളു.

അതേസമയം യോഹന്നാൻ യഹൂദരെയും മുന്നിൽ കണ്ടിരുന്നുവെന്നതിൽ സംശയമില്ല. ഈശോയെ 'മിശിഹാ' ('മെസയാ' എന്ന പദത്തിന്റെ അറമായരൂപം) എന്നു വിളിക്കുന്നതിന്റെ സൂചന ഇതുതന്നെയാണ് (യോഹ 1:41; 4:25-26). പഴയനിയമത്തിൽ ദൈവാഭിഷിക്തന്റെ

(മെസയായുടെ) അപദാനങ്ങളായി വിവരിക്കപ്പെട്ടിട്ടുള്ളവ ഈശോയിൽ നിറവേറിയിരിക്കുന്നുവെന്ന് സ്ഥാപിക്കുവാൻ സുവിശേഷകൻ തത്പര നാണ്. സ്നാപകൻ ഈശോയെ ദൈവത്തിന്റെ കുഞ്ഞാടായും (ഏശ 53; ലേവ്യ 14; പുറ 12) ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനായും (ഏശ 42) മണവാളനായും (ഹോസി 1-3) ദൈവാത്മാവ് ആവസിക്കുന്നവനായും (ഏശ 11) നിർദ്ദേശിക്കുന്നു. ശിഷ്യന്മാരുടെ സാക്ഷ്യവും പഴയനിയമശൈ ലിയിലാണ്. ഈശോ, മിശിഹാ ആണെന്നും മോശയുടെ പ്രവചനപാ ത്രമാണെന്നും ഇസ്രായേലിന്റെ രാജാവാണെന്നും മറ്റും അവർ ഏറ്റുപറ യുന്നു (യോഹ 1:35-49). 'മനുഷ്യപുത്രൻ' എന്ന പഴയനിയമ സംജ്ഞ യാണ് ഈശോ സ്വയം സ്വീകരിച്ചത്. വിശുദ്ധ ലിഖിതത്തിന്റെ പൂർത്തീ കരണത്തെപ്പറ്റിയുള്ള പരാമർശങ്ങൾ അനേകമുണ്ട് (2:17; 12:15; 13:18; 19:36-37 തുടങ്ങിയവ). യഹൂദർക്ക് അനുയോജ്യമായ ഇത്രയേറെ ഘട കങ്ങൾ ഉൾപ്പെടുത്തി സുവിശേഷമെഴുതിയ യോഹന്നാന് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രസക്തി യഹൂദരെ ബോദ്ധ്യപ്പെടുത്തുവാൻ ഉദ്ദേശ്യ മില്ലായിരുന്നെന്ന് കരുതാനാവില്ല.

സുവിശേഷകൻ വിജാതീയരെ വിസ്മരിച്ചിട്ടില്ല എന്നതും പരമാർത്ഥ മാണ്. യോഹന്നാൻസുവിശേഷകന്റെ പദാവലി ഇതര പുതിയനിയമപു സ്തകങ്ങളിൽനിന്ന് വിഭിന്നമാണ്. യഹൂദപശ്ചാത്തലത്തിൽ മാത്രമല്ല സുവിശേഷം രൂപവത്കൃതമായത് എന്നതിനുള്ള തെളിവാണിതും: "യഹൂ ദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവി ടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്ന വരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ?" (യോഹ 7:35). വിജാതീയർ (ഗ്രീക്കുകാർ) ഈശോയെ അന്വേഷിക്കുന്ന തോടെയാണ് അവിടുത്തെ പരസ്യജീവിതം അവസാനിക്കുക (12:20-21). എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഈശോയിലേക്ക് വരുവാൻ തുടങ്ങിയ തിന്റെ സൂചനയാണത്. "ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനി ക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു... അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും"(യോഹ 10:16). ഈശോയുടെ മരണം യഹൂദരെപ്രതി മാത്രമല്ല; ചിന്നിച്ചിതറിക്കിടക്കുന്ന ദൈവമക്കളെയെല്ലാം പ്രതിയാണ് (11:52). ഇതിൽനിന്നു 10:16 ലെ സൂചന വിജാതീയരെയും ബാധിക്കുന്നതാണെന്ന് അനുമാനിക്കാം. സുവിശേഷകൻ ജീവിച്ചിരുന്ന ലോകത്തിന്റെ വ്യാപക സാംസ്കാരികപശ്ചാത്തലത്തിന്റെ പ്രതിഫലന മാണു 'വചന'മെന്ന ആശയം. "നിയമം മോശവഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, ഈശോമിശിഹാവഴി ഉണ്ടായി" (1:17). വിജാതീയർ മോശയെ അഭയം പ്രാപിക്കുകയോ യഹൂദസമ്പ്രദായങ്ങൾ സ്വീകരിക്കു കയോ ചെയ്യേണ്ടതില്ലെന്നും പ്രത്യുത അവർക്കു മിശിഹായിൽനിന്നു നേരിട്ടു കൃപാവരവും സത്യവും പ്രാപിക്കാമെന്നുമുള്ള ഉറപ്പാണ് ഈദൃശ പ്രസ്താവനകൾ ഉൾക്കൊള്ളുക.

യോഹന്നാന്റെ സുവിശേഷം മനുഷ്യസമൂഹത്തെ മുഴുവൻ ഉദ്ദേശി ച്ചുള്ളതാണെന്നു കരുതാം. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"





(3:16). ലോകത്തിന്റെ പ്രമാണി ബഹിഷ്കൃതനായിരിക്കുന്നു; ലോകം ദൈവത്തിന്റെ അവകാശമായിത്തീർന്നിരിക്കുന്നു (12:31-32). സമരിയാ ക്കാർ ഈശോയെ സമീപിക്കുന്നു (4:39-42); വർഗ്ഗഭേദങ്ങൾ അപ്രത്യ ക്ഷമാവുന്നു. ഇനിമുതൽ ആരാധന ജറുസലേമിലോ ഗരീസിമിലോ ആയി രിക്കയില്ല. ആത്മാവിലും സത്യത്തിലുമായിരിക്കും പുതിയ ആരാധന (4:20-24).

## സുവിശേഷം എഴുതിയത് ആര്?

വി. യോഹന്നാന്റെ സുവിശേഷം ആര് എഴുതി എന്നത് ബൈബിൾ വ്യാഖ്യാതാക്കൾ ചർച്ച ചെയ്യുന്ന ഒരു വിഷയമാണ്. യോഹന്നാൻശ്ലീഹാ തന്നെയാണ് എഴുതിയത് എന്ന് സഭാപിതാക്കന്മാർ അഭിപ്രായപ്പെടുന്നു ണ്ട്. വി. ഇരണേവൂസിന്റെയും ഒരിജന്റെയും അഭിപ്രായത്തിൽ, കർത്താ വിന്റെ മാറിൽ ചാരിക്കിടന്ന ശിഷ്യനായ യോഹന്നാൻ തന്നെയാണ് ഈ സുവിശേഷം എഴുതിയത്. വി. ആഗസ്തീനോസ് പറയുന്നു: "യോഹ ന്നാൻ കർത്താവിന്റെ മാറിൽ ചാരിക്കിടന്ന് പാനം ചെയ്തത് പാനം ചെയ്യാൻ നമുക്കു തരുന്നു".

ഈശോയുടെ ജീവിതത്തിൽ യോഹന്നാന് ഒരു പ്രത്യേക സ്ഥാനമു ണ്ടായിരുന്നു. ഈശോയുടെ ജീവിതത്തിലെ ചില പ്രധാനസംഭവങ്ങൾക്കു സാക്ഷികളാകുവാൻ പത്രോസിനേയും യക്കോബിനേയും യോഹന്നാ നേയും അവിടുന്ന് അനുവദിച്ചു. ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന അവസരത്തിലും ഈശോയുടെ രൂപാന്തരീകരണ സമയത്തും ഗത്സെമനിയിലുമൊക്കെ ഈ മൂന്നു ശിഷ്യന്മാരുടെ സാന്നിദ്ധ്യമുണ്ടാ യിരുന്നു. ശിഷ്യപ്രമുഖനായ പത്രോസിനോടും യോഹന്നാന് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. പത്രോസിനോടുകൂടി യോഹന്നാനെ കാണുന്ന പല രംഗങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. അന്ത്യ ത്താഴത്തിൽ ഈശോയെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്ന് അവിടുത്തോടു ചോദിക്കാൻ യോഹന്നാനെ പ്രേരിപ്പിക്കുന്നത് പത്രോസാണ് (13:24). ഈശോയുടെ പീഡാനുഭവവേളയിൽ പത്രോസിനെ പ്രധാനാചാര്യന്റെ കൊട്ടാരത്തിൽ പ്രവേശിക്കാൻ സഹായിക്കുന്നത് യോഹന്നാനാണ് (18:15 -16). ഈശോയുടെ ശൂന്യമായ കല്ലറ കാണാൻ ഒരുമിച്ചോടുന്നത് പത്രോസും യോഹന്നാനുമാണ് (20:2-9). ഉത്ഥാനശേഷം ഈശോ കടൽക്കരയിൽ പ്രത്യക്ഷനാകുമ്പോഴും പത്രോസും യോഹന്നാനുമുണ്ടാ യിരുന്നു. അവിടെ ഈശോയെ തിരിച്ചറിയുന്നത് യോഹന്നാനാണ് (21:7). ഉത്ഥാനശേഷം ഈശോ തന്റെ ദൗത്യവാഹകരായി ശിഷ്യന്മാരെ നിയോ ഗിക്കുന്ന അവസരത്തിലും 'ഇവന്റെ കാര്യമെന്ത്?' എന്ന് ചോദിച്ചുകൊണ്ട് യോഹന്നാന്റെ കാര്യത്തിൽ തല്പരനായ പത്രോസിനെ നാം കാണു ന്നുണ്ട് (21:20-21).

ഈശോയോടും ശിഷ്യപ്രമുഖനായ പത്രോസിനോടും വൈയക്തിക മായ ബന്ധം പുലത്തിയ യോഹന്നാൻശ്ലീഹാ, അവിടുത്തെ മരണത്തിന് കുരിശിന്റെ ചുവട്ടിൽനിന്ന് സാക്ഷിയായ ഏക ശിഷ്യനാണ്. 'പടയാളി കളിലൊരുവൻ ഈശോയുടെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി. അവിടെ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു'. ഈ സംഭവത്തിനു

ദൃക്സാക്ഷിയായി യോഹന്നാൻശ്ലീഹാ തന്നെത്തന്നെ അവതരിപ്പിക്കുന്നു (19:35). ഈശോയുടെ കുരിശിനരികിൽ ഒരു ശിഷ്യൻ മാത്രമേ ഉണ്ടായിരുന്നുള്ളു. 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഈ ശിഷ്യനാണ് ഈശോ തന്റെ അമ്മയെ നൽകിയത്.

യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 'യോഹന്നാൻ' എന്ന പേര് അദ്ദേഹം ഉപയോഗിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. ഇതൊരു സൂചനയാണ്. മറ്റൊരു പേരിൽ അറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചത് - 'ഈശോ സ്നേഹിച്ച ശിഷ്യൻ'. ഈ വിശേഷണം ഒരു അടയാളമാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് അത് കാണിക്കുന്നത്. മറ്റ് സുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമായി ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന് ഊന്നൽ കൊടുക്കുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ദൈവത്തിന് മനുഷ്യനോടുള്ള നിലയ്ക്കാത്ത, അനന്തമായ, അചഞ്ചലമായ, താഴേയ്ക്കിറങ്ങി വരുന്ന സ്നേഹം അതിന്റെ തീവ്രതയിൽ വരച്ചുകാണിക്കുന്നത് യോഹന്നാൻശ്ലീഹായാണ്.

മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ഈശോ: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3:16). ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'നൽകി' എന്ന ക്രിയ ബലിയെ സൂചിപ്പിക്കുന്നതാണ്. അബ്രാഹം തന്റെ പുത്രനെ നൽകി എന്നു പറയുമ്പോൾ ഇസഹാക്കിനെ ബലിയർപ്പിക്കാൻ തയ്യാറായി എന്നാണ് വിവക്ഷ. ദൈവം ഇത്രമാത്രം സ്നേഹിച്ച ഓരോ മനുഷ്യന്റെയും പ്രതീകമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ'. ദൈവം ഇത്രമാത്രം സ്നേഹിച്ച ഓരോ മനുഷ്യവ്യക്തിയെയുമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന വിശേഷണത്തിലൂടെ ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നത്.

മറ്റെല്ലാവരേയുംകാൾ ഈശോയുടെ സ്നേഹത്തോട് ക്രിയാത്മകമായി പ്രതികരിച്ചവനാണ് യോഹന്നാൻ. അന്ത്യത്താഴവേളയിൽ ഈശോയുടെ മാറിൽ ചാരിക്കിടക്കുന്നത് യോഹന്നാനാണ്. ചാരിക്കിടക്കുന്നത് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടയാളമാണ്. ഈശോയുടെ സ്നേഹത്താൽ ആഴത്തിൽ സ്പർശിക്കപ്പെടുകയും ആ സ്നേഹത്തിന് പരമാവധി പ്രത്യുത്തരം നൽകുകയും ചെയ്ത യോഹന്നാൻ തന്റെ പേരിനേക്കാൾ 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന വിശേഷണത്താൽ അറിയപ്പെടാനാണ് ആഗ്രഹിച്ചത്. അതുകൊണ്ടാണ് യോഹന്നാൻ അറിയിച്ച സുവിശേഷത്തിൽ അദ്ദേഹത്തിന്റെ പേര് ഉപയോഗിക്കാത്തത്. ഈശോ സ്നേഹിച്ച "ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നല്കുന്നതും ഇവ എഴുതിയതും" (21:24) എന്ന് സുവിശേഷത്തിൽന്നെ വ്യക്തമായി പറയുന്നുണ്ട്.

വി. യോഹന്നാന്റെ ഈ മിശിഹാനുഭവം പകർന്നു നല്കിയതാണ് 'യോഹന്നാൻ എഴുതിയ സുവിശേഷം'. ദൈവത്തെ സ്നേഹിക്കുന്നതിനെക്കുറിച്ചല്ല, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ആ സ്നേഹം അനുഭവിച്ചറിഞ്ഞ സമൂഹത്തിലുണ്ടായിരിക്കേണ്ട പരസ്പരസ്നേഹത്തെക്കുറിച്ചുമാണ് യോഹന്നാൻശ്ലീഹാ എഴുതുന്നത്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (13:34). ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തെക്കുറിച്ചുള്ള ആഴമായ അവബോധവും അനുഭവവും, ആ സ്നേഹാനുഭവത്തിനു കൊടുത്ത പരമാവധി പ്രത്യുത്തരവുമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന് സ്വയം വിശേഷിപ്പിക്കുവാനും ഈ സ്നേഹത്തിന്റെ സുവിശേഷം ലോകത്തിന് പകരുവാനും യോഹന്നാന് പ്രേരണയായത്

## സുവിശേഷവും ചരിത്രാധിഷ്ഠിതപാരമ്പര്യവും

അടുത്തകാലം വരെ നാലാമത്തെ സുവിശേഷത്തിന്റെ ചരിത്രാധിഷ്ഠിതപാരമ്പര്യത്തെ പലരും ചോദ്യം ചെയ്തിരുന്നു. എന്നാൽ അടുത്തകാലത്തു നടത്തിയ പുരാവസ്തുഗവേഷണങ്ങൾ സുവിശേഷത്തിലെ പല വിശദാംശങ്ങളുടെയും വിശ്വസനീയത തെളിയിച്ചിരിക്കുന്നു. നാലാമദ്ധ്യായത്തിൽ പരാമർശിക്കപ്പെടുന്ന സമരിയാക്കാർ, അവരുടെ ദൈവശാസ്ത്രം, ഗരിസിംമലയിൽ അവർ നടത്തിയിരുന്ന ആരാധന, യാക്കോബിന്റെ കിണർ എല്ലാം വളരെ കൃത്യമാണെന്നു തെളിയിക്കപ്പെട്ടു. അഞ്ചാമദ്ധ്യായം വിവരിക്കുന്ന ബേത്സദാക്കുളം, അതിന്റെ സ്ഥാനം, നിർമ്മാണപ്രത്യേകതകൾ തുടങ്ങിയ വിശദാംശങ്ങൾ ഗവേഷണഫലങ്ങളോടു യോജിക്കുന്നു. സീലോഹാക്കുളം (9:7), ശീതകാലത്ത് അഭയസ്ഥാനമായി വർത്തിച്ചിരുന്ന സോളമന്റെ മണ്ഡപം (10:22-23), പീലാത്തോസിന്റെ അരമനയിലെ കൽത്തളം (19:13) എന്നിവയും വളരെ കൃത്യമാണെന്നു വ്യക്തമായിട്ടുണ്ട്. എ.ഡി. 70-ൽ പലസ്തീനാ നശിപ്പിക്കപ്പെടുന്നതിനുമുമ്പുള്ള സ്ഥിതിഗതികളാണ് യോഹന്നാൻശ്ലീഹാ ചിത്രീകരിച്ചിട്ടുള്ളത്. പെസഹാത്തിരുനാൾ (അദ്ധ്യായം 6), കൂടാരത്തിരുനാൾ (അദ്ധ്യായങ്ങൾ 7,9) എന്നിവയോടനുബന്ധിച്ച് അവതരിപ്പിച്ചിരിക്കുന്ന ദൈവശാസ്ത്രപ്രമേയങ്ങൾ, ജറുസലേം ദൈവാലയം നശിപ്പിക്കപ്പെടുന്നതിനുമുമ്പ് പ്രസ്തുത തിരുനാളുകളോടനുബന്ധിച്ചുണ്ടായിരുന്ന ആഘോഷങ്ങളും തിരുലിഖിതവായനകളും സുവിശേഷകനു കൃത്യമായി അറിയാമായിരുന്നുവെന്നതിന് തെളിവുകളാണ്. ഇവയിൽനിന്നെല്ലാം വി. യോഹന്നാൻ ഈശോയെ അവതരിപ്പിക്കുന്ന പശ്ചാത്തലം ചരിത്രാധിഷ്ഠിതമാണെന്നു വ്യക്തമാകുന്നു.

നാലാമത്തെ സുവിശേഷത്തിന്റെ ചരിത്രാടിസ്ഥാനത്തെ സംശയാസ്പദമാക്കിയിരുന്ന ഒരു മുഖ്യഘടകം സുവിശേഷകനിലെ ഈശോയുടെ പ്രത്യേക സംഭാഷണരീതിയാണ്. പ്രകാശം-അന്ധകാരം, സത്യം-അസത്യം തുടങ്ങിയ, സമാന്തരസുവിശേഷങ്ങളിലില്ലാത്ത, ദ്വന്ദ്വാത്മകപ്രയോഗങ്ങൾ ഈശോയുടെ സ്ഥലകാലങ്ങളിൽനിന്നു വിഭിന്നമായ ചിന്താരീതിയെ പ്രതിഫലിപ്പിക്കുന്നു എന്ന നിലപാടായിരുന്നു പലർക്കുമുണ്ടായിരുന്നത്. രണ്ടാം നൂറ്റാണ്ടിലെ യവനലോകത്തിലായിരിക്കണം യോഹന്നാനിലെ ഈശോ ജീവിച്ചിരിക്കുക എന്ന ചിന്തയാണ് അവർക്കുണ്ടായിരുന്നത്. പക്ഷേ ഈ പ്രയോഗങ്ങൾ ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പലസ്തീനായിൽ പ്രയോഗത്തിലിരുന്ന വാക്കുകൾ തന്നെയാ

ണ്ടെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1947 മുതൽ ഖുമ്റാനിൽനിന്നും കണ്ടെടുക്കപ്പെട്ട 'ചാവുകടൽ ചുരുളുകൾ' (Dead Sea Scrolls) യോഹന്നാന്റെ ദ്വന്ദ്വാത്മകപ്രയോഗങ്ങൾക്കും പ്രത്യേക പദാവലികൾക്കും സദൃശമായ പ്രമേയങ്ങളും പദങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഈ തുകൽച്ചുരുളുകളുടെ ഉടമകളായ ഖുമ്റാൻ സമൂഹം ബി.സി. 168 മുതൽ എ.ഡി. 68 വരെയുള്ള കാലയളവിലാണ് നിലവിലുണ്ടായിരുന്നത്. തന്മൂലം യോഹന്നാന്റെ ഭാഷാപരമായ പ്രത്യേകതളും സുവിശേഷത്തിന്റെ ചരിത്രാധിഷ്ഠിത പാരമ്പര്യത്തെ സംശയാസ്പദമാക്കുന്നില്ല.

പൊതു വിവരങ്ങളിൽ യോഹന്നാൻശ്ലീഹാ ചില കാര്യങ്ങൾ സമാന്തരസുവിശേഷകന്മാരെക്കാൾ വസ്തുനിഷ്ഠമായി പ്രതിപാദിച്ചിരിക്കുന്നതു കാണാം. സമാന്തരസുവിശേഷങ്ങളിലെ വിവരണമനുസരിച്ച് ഈശോ ഒരിക്കൽ മാത്രമേ ജറുസലേമിലേക്കു പോയിട്ടുള്ളൂ. യോഹന്നാനാകട്ടെ അവിടുന്നു പലതവണ അവിടെ പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. ജറുസലേം നിവാസികളിൽ വിശ്വാ സമുളവാക്കുവാൻ ഈശോ പല തവണ ശ്രമിച്ചുവെന്ന ലൂക്കായുടെ പ്രസ്താവനയും (ലൂക്കാ 13:34), ജറുസലേമിൽ ഈശോയ്ക്ക് പല പരിചയക്കാരുമുണ്ടായിരുന്നുവെന്ന മർക്കോസിന്റെ പ്രസ്താവനയും (മർക്കോ 14:13-14), യോഹന്നാന്റെ ഈ അവതരണം കൃത്യമായിട്ടുള്ളതെന്നു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

# യോഹന്നാന്റെ ദൈവശാസ്ത്രം

## 1. മിശിഹാവിജ്ഞാനീയം

യോഹന്നാന്റെ മിശിഹാവിജ്ഞാനീയം മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ യോഹന്നാന്റെ മിശിഹാദർശനത്തെ സ്വാധീനിച്ച മൂന്നു ഘടകങ്ങൾ കണക്കിലെടുക്കണം: 1. ചരിത്രവും വിശ്വാസവും തമ്മിലുള്ള ബന്ധം; 2. മാംസവും മഹത്ത്വവും അഥവാ മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള ബന്ധം; 3. വ്യക്തിയും ദൗത്യവും തമ്മിലുള്ള ബന്ധം.

### ചരിത്രവും വിശ്വാസവും തമ്മിലുള്ള ബന്ധം

യോഹന്നാന്റെ മിശിഹാദർശനം ചരിത്രത്തിൽ ജീവിച്ച ഈശോയെ അറിയുന്നവന്റെയും അതേസമയം ഉത്ഥിതനായ ഈശോയിൽ വിശ്വസിക്കുന്നവന്റെയും ദർശനമായിരുന്നു. ഈ ദർശനത്തിന് നാലു ഘടകങ്ങൾ ഉണ്ടായിരുന്നിരിക്കണം. 1. ഈശോയോടൊത്ത് ജീവിച്ച ദൃക്സാക്ഷിയുടെ അനുഭവം: "അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (19:35). 2. ദൈവനിവേശനം അഥവാ പരിശുദ്ധാത്മാവിന്റെ പ്രബോധനം: ഉത്ഥാനശേഷം ഈശോ പറഞ്ഞ കാര്യങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ സഹായകമായ പ്രബോധനം ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് നല്കുമെന്ന വാഗ്ദാനം ശിഷ്യർക്ക് ലഭിച്ചിരുന്നു (14:26). 3. സഭയുടെ പാരമ്പര്യം: ഈശോയിൽ വിശ്വസിച്ചവരുടെ സമൂഹമാണല്ലോ സഭ. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസികളായിത്തീർന്ന സഭാസമൂഹത്തിന്റെ വിശ്വാസപാരമ്പര്യവും സുവിശേഷത്തിന്റെ മിശിഹാദർശനം രൂപപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്. 4. യോഹന്നാന്റെ പ്രത്യേക ശൈലി: ഈശോയുടെ വാക്കുകൾ യോഹന്നാൻ അവതരിപ്പിച്ചത് യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേക ഭാഷയിലും ശൈലിയിലുമാണ്.

### മാംസവും മഹത്ത്വവും

യോഹന്നാന്റെ മിശിഹാദർശനം വ്യക്തമാക്കുന്ന വാക്കുകളാണ് ആമുഖത്തിൽ നാം വായിക്കുന്നത്: "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (1:14). ദൈവമായ വചനം പൂർണ്ണമനുഷ്യനായെങ്കിൽ പിന്നെ അവന്റെ ദൈവികമഹത്വം എങ്ങനെ ദൃശ്യമാകും? ദൈവമഹത്ത്വം മനുഷ്യത്വത്തിൽ മറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസത്തിലൂടെ മാത്രമേ അതു ദർശിക്കാൻ കഴിയുകയുള്ളൂ. മനുഷ്യത്വത്തിൽ ദൈവമഹത്ത്വം ദർശിക്കാൻ പരിശ്രമിക്കുമ്പോൾ മനുഷ്യത്വത്തിന് അടിമപ്പെടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

### വ്യക്തിയും ദൗത്യവും

ഈശോ ചെയ്യുന്ന കാര്യങ്ങൾ ഈശോയുടെ വ്യക്തിത്വവുമായി എങ്ങനെ ബന്ധപ്പെടുന്നു എന്ന് മനസ്സിലാക്കി മാത്രമേ യോഹന്നാന്റെ മിശിഹാദർശനം അറിയാൻ കഴിയൂ. പക്ഷേ ഇവിടെയും വ്യക്തിക്കോ ദൗത്യത്തിനോ പ്രാധാന്യം നൽകുന്നത് എന്നതിനെ ആശ്രയിച്ച് മിശിഹാദർശനം വ്യത്യസ്തമാകാം.

### ഈശോ: മിശിഹായും ദൈവപുത്രനും

യോഹന്നാന്റെ സുവിശേഷത്തിന്റെ ലക്ഷ്യം ഈശോ മിശിഹായും ദൈവപുത്രനുമായി എല്ലാവരാലും അംഗീകരിക്കപ്പെടുക എന്നതാണ് (20:30-31). യോഹന്നാൻശ്ലീഹാ സുവിശേഷം എഴുതിയത് പ്രധാനമായും ക്രൈസ്തവവിശ്വാസികൾക്കുവേണ്ടിയാണ്. അതിനാൽ മിശിഹായും ദൈവപുത്രനും ഒരേ അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. യഹൂദരെ സംബന്ധിച്ചിടത്തോളം ഈശോ അവർ പ്രതീക്ഷിച്ചിരുന്നതുപോലെ ദാവീദുഗോത്രജനായ മിശിഹാ തന്നെയാണ്. എന്നാൽ അതോടൊപ്പം അവിടുന്ന് ദൈവത്തിന്റെ അതുല്യപുത്രനും അതിനാൽത്തന്നെ ദൈവികമിശിഹായുമാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ 20-ാം അദ്ധ്യായം 30-ാം വാക്യത്തിനു സമാനമായി വേറെ ഒരു പ്രസ്താവനയേ ഉള്ളൂ. അത് 11:27 ആണ്. അവിടെ മർത്താ ഈശോയെ 'ദൈവപുത്രനായ മിശിഹാ' എന്ന് ഏറ്റുപറയുന്നു. മർത്തായെ സംബന്ധിച്ചിടത്തോളം ഈ അഭിസംബോധനക്ക്

യഹൂദവിശ്വാസപ്രകാരമുള്ള മിശിഹായെന്നേ അർത്ഥമുള്ളുവെന്നുവരാം. എങ്കിലും അതിനുശേഷം വരുന്ന അത്ഭുതകൃത്യം (ലാസറിന്റെ പുനരുജ്ജീവനം) തെളിയിക്കുന്നത് അതിനെക്കാൾ കൂടിയ ഒരർത്ഥം ഇതിനുണ്ട് എന്നാണ്. ജീവൻ നല്കാൻ കഴിവുള്ള ദൈവപുത്രനാണ് ഈശോ. യോഹ 20:30–31 ലും ഈ അർത്ഥത്തിലാവണം ഈശോ ദൈവപുത്രനും മിശിഹായുമായി പ്രഖ്യാപിക്കപ്പെടുന്നത്.

## 2. സഭാവിജ്ഞാനീയം

വി. യോഹന്നാന്റെ സുവിശേഷത്തിൽ 'സഭ', 'ദൈവജനം' 'മിശിഹായുടെ ശരീരം' തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് സഭാവിജ്ഞാനീയമില്ലാത്ത ഒരു സുവിശേഷമായി ഈ സുവിശേഷത്തെ ചിലർ ചിത്രീകരിക്കാറുണ്ട്. പരമ്പരാഗതമായ ചില സഭാത്മകപദങ്ങൾ ഉപയോഗിക്കാത്തതുകൊണ്ട് സഭാവിജ്ഞാനീയം യോഹന്നാന്റെ സുവിശേഷത്തിലില്ല എന്നു പറയുന്നതു ശരിയല്ല. സഭയെ സൂചിപ്പിക്കുന്ന 'മണവാട്ടി' (3:29) 'ദൈവരാജ്യം' (3:3,5), 'തൊഴുത്ത്' (10:16) തുടങ്ങിയ പദങ്ങൾ ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്നുണ്ട്. വ്യക്തിപരമായി മിശിഹായോടുള്ള ബന്ധത്തിന് യോഹന്നാൻ പ്രാധാന്യം നൽകുന്നു എന്നത് ശരിയാണ്. എന്നാൽ സഭാത്മകമല്ലാത്ത ഒരു വ്യക്തിബന്ധം മിശിഹായോടുണ്ടാവുക സാദ്ധ്യമല്ല. മിശിഹാ മുന്തിരിച്ചെടിയും ശിഷ്യർ ശാഖകളുമായി അവതരിപ്പിക്കപ്പെടുന്നത് (15:1–17) മിശിഹായിലുള്ള സഭാത്മക ജീവിതത്തെ സൂചിപ്പിക്കുന്നതാണ്. മിശിഹായുമായുള്ള അംഗങ്ങളുടെ ഐക്യം പരസ്പരസ്നേഹത്തിൽ പ്രകടമാകുന്നു എന്നത് (15:12,17) ഈ സഭാത്മകമാനത്തെ വ്യക്തമാക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർ ഒന്നായിരിക്കണമെന്നും, അത് പുറമേയുള്ളവർക്ക് സാക്ഷ്യമായിരിക്കണമെന്നും ഈശോ പ്രാർത്ഥിക്കുന്നത് (17:20–26) സുവിശേഷത്തിന്റെ സഭാത്മക സ്വഭാവം വ്യക്തമാക്കുന്നതാണ്.

യോഹന്നാൻശ്ലീഹായുടെ ലേഖനങ്ങളും വെളിപാടുപുസ്തകവും അദ്ദേഹത്തിന്റെ സഭാത്മകമാനത്തെ അനുകൂലിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാരെപ്പറ്റി പറയുമ്പോൾ "അവർ നമ്മുടെ കൂട്ടത്തിൽനിന്നും പുറത്തുപോയവരാണ്" എന്നു പറയുന്നു (1 യോഹ 2:19). വെളിപാടുപുസ്തകവും മിശിഹായുടെ മണവാട്ടിയായി സഭയെ അവതരിപ്പിക്കുന്നുണ്ട് (വെളി 19:6–8; 21:2). സഭയെ ദൈവം തങ്ങളുടെ മദ്ധ്യേ വസിക്കുന്ന ദൈവജനമായിട്ടും പഴയ ഇസ്രായേലിന്റെ തുടർച്ചയായിട്ടും വെളിപാടുപുസ്തകം അവതരിപ്പിക്കുന്നു (വെളി 21:3). വി. യോഹന്നാന്റെ ലിഖിതങ്ങളിൽ സഭാവിജ്ഞാനീയമുണ്ട് എന്ന് ഇവയെല്ലാം സൂചിപ്പിക്കുന്നു.

സഭയിലെ ഹയരാർക്കിക്കൽ ശുശ്രൂഷയുടെ സൂചനകളും യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. ഉത്ഥാനശേഷം ശിമയോൻപത്രോസിനെ തന്റെ അജഗണങ്ങളെ മേയിക്കുവാനുള്ള ഉത്തരവാദിത്വം ഏല്പിക്കുന്നു (21:15–17). തന്റെ ദൗത്യം തുടർന്നു നിർവ്വഹിക്കുവാൻ ശിഷ്യന്മാരെ ഈശോ പ്രത്യേകം നിയോഗിക്കുന്നുണ്ട് (4:35–38; 13:20). ഉത്ഥിതനായ ഈശോ തന്റെ അരൂപിയെ നല്കി പാപമോചനദൗത്യം നിർവ്വഹിക്കുവാനായി ശിഷ്യന്മാരെ ഭരമേല്പിക്കുന്നത് സഭയിലെ വിശുദ്ധീകരണശു





ശ്രൂഷയെ പ്രത്യേകം സൂചിപ്പിക്കുന്നതാണ് (20:22–23).

ദൈവരാജ്യത്തെപ്പറ്റി സമാന്തരസുവിശേഷങ്ങൾ പ്രതിപാദിക്കുന്നിടത്തോളം വി. യോഹന്നാന്റെ സുവിശേഷം പരാമർശിക്കുന്നില്ല. മൂന്നാമദ്ധ്യായത്തിൽ രണ്ടുപ്രാവശ്യം (3:3,5) മാത്രമേ യോഹന്നാൻ 'ദൈവരാജ്യം' എന്ന പദം ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് ദൈവരാജ്യത്തിന്റെ കൂദാശയായ സഭയ്ക്ക് യോഹന്നാന്റെ സുവിശേഷത്തിൽ പ്രാധാന്യമില്ല എന്നു ചിലർ പറയാറുണ്ട്. പക്ഷേ, ഇത് ശരിയല്ല. 'ദൈവരാജ്യം' 'മിശിഹായുടെ വ്യക്തിത്വ'വുമായി താദാത്മ്യപ്പെടുന്ന ഒരു വളർച്ച പുതിയനിയമകാലഘട്ടത്തിൽ സംഭവിക്കുന്നുണ്ട്. 'ദൈവരാജ്യം' എന്നത് 'ദൈവഭരണം' ആണ്. ദൈവഭരണം അതിന്റെ പൂർണ്ണതയിൽ യാഥാർത്ഥ്യമായത് ഈശോയുടെ ജീവിതത്തിലാണ്. അതുകൊണ്ട് സമാന്തരസുവിശേഷങ്ങളിലെ 'ദൈവരാജ്യം' യോഹന്നാന്റെ സുവിശേഷത്തിലെ 'മിശിഹാ' ആയി രൂപാന്തരപ്പെട്ടു. ഈശോ രാജാവാണെന്ന പരാമർശം 15 പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ കാണപ്പെടുന്നു. സമാന്തരസുവിശേഷത്തിൽ ദൈവരാജ്യത്തെ ഉദാഹരിക്കുന്ന ഉപമകൾ യോഹന്നാന്റെ സുവിശേഷത്തിൽ മിശിഹായെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി മാറുന്നുണ്ട്. ഉദാഹരണത്തിന് സമാന്തരസുവിശേഷങ്ങളിൽ ദൈവരാജ്യം പുളിമാവിനു സദൃശമാണെങ്കിൽ (മത്താ 13:33) യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ ജീവന്റെ അപ്പമാണ് (യോഹ 6:35–59). സമാന്തരസുവിശേഷങ്ങളിലെ കാണാതെപോയ ആടിനെ തേടിപ്പുറപ്പെട്ട് കണ്ടുപിടിക്കുന്ന ദൈവം (ലൂക്കാ 15:1–7) യോഹന്നാന്റെ സുവിശേഷത്തിലെ നല്ല ഇടയനായ മിശിഹായാണ് (യോഹ 10:1–18). സമാന്തരസുവിശേഷങ്ങളിൽ ഫലം പുറപ്പെടുവിക്കുന്നവർക്ക് ഏല്പിച്ചുകൊടുക്കുന്ന മുന്തിരിത്തോപ്പ് (മത്താ 21:33–44) യോഹന്നാന്റെ സുവിശേഷത്തിലെ മുന്തിരിവള്ളിയായ ഈശോയാണ് (15:1–17). മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായിട്ടാണ് യോഹന്നാൻശ്ലീഹാ സഭയെ അവതരിപ്പിക്കുന്നത്.

## 3. കൂദാശകളുടെ ദൈവവിജ്ഞാനീയം

യോഹന്നാന്റെ സുവിശേഷം കൂദാശകളെപ്പറ്റി വ്യക്തമായ സൂചനകൾ നല്കുന്നുണ്ട്. മാമ്മോദീസാ, പരി. കുർബാന, കുമ്പസാരം എന്നീ കൂദാശകളെക്കുറിച്ചാണ് സുവിശേഷം പ്രത്യേകമായി പ്രതിപാദിക്കുന്നത്.

### മാമ്മോദീസാ

മാമ്മോദീസായെ 'വീണ്ടുമുള്ള' അഥവാ 'ഉന്നതത്തിൽനിന്നുള്ള' ജനനമെന്നും (3:3) ജലത്താലും അരൂപിയാലുമുള്ള ജനനമെന്നും (3:5) സുവിശേഷകൻ വിശേഷിപ്പിക്കുന്നു. 'ജനനം' എന്നു വിശേഷിപ്പിക്കുന്നതുകൊണ്ട് ഒരു പുതിയജീവിതത്തിനു തുടക്കം കുറിക്കുന്ന കൂദാശയാണ് മാമ്മോദീസാ എന്നത് വ്യക്തമാണ്. വിശ്വാസികളുടെ സമൂഹമായ സഭയിലേയ്ക്കുള്ള പ്രവേശനകൂദാശയായതുകൊണ്ട് സഭ ഈ പുതിയ ജീവിതത്തിലേക്കു പ്രവേശിച്ചവരുടെ സമൂഹമാണെന്ന് സുവിശേഷം വ്യക്തമാക്കുന്നു. ജനനത്തിൽ മുൻകൈ എടുക്കുന്നത് ജനിക്കുന്ന ആളല്ല; ജനിപ്പിക്കുന്ന ആളാണ്. സഭയുടെ വിശ്വാസത്തിലേക്കു ഒരുവനെ ജനിപ്പി

ക്കുന്നത് പരിശുദ്ധാത്മാവാണ്. അതുകൊണ്ട് സഭാംഗങ്ങളുടെ വിശ്വാസം ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ ആത്മാവാണ് സഭയുടെ വിശ്വാസത്തിലേക്ക് ഒരുവനെ പ്രവേശിപ്പിക്കുന്നതും വളർത്തുന്നതും. സഭയിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തിരിച്ചറിഞ്ഞ് സഭയുടെ വിശ്വാസജീവിതത്തോട് സഹകരിക്കുകയാണ് ക്രൈസ്തവർ ചെയ്യേണ്ടത്.

മാമ്മോദീസായെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ 3-ാം അദ്ധ്യായത്തിൽ നല്കുമ്പോൾ പ്രതീകാത്മകമായി മറ്റു സുവിശേഷ ഭാഗങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്: മാമ്മോദീസായിൽ ആരംഭിക്കുന്ന പരിശുദ്ധാത്മാവിലുള്ള ജീവിതത്തിൽ നിരന്തരമായി വളരുന്നത് ജീവജലത്തിന്റെ ഉറവിടമായ മിശിഹായിലുള്ള ജീവിതത്തിലൂടെയാണ് (7:37-39). ഇങ്ങനെ അരൂപിയിൽ ജീവിക്കുന്നവർ നിത്യജീവൻ അവകാശമാക്കും (4:13-14).

മാമ്മോദീസായെ ദൈവരാജ്യപ്രവേശനമായിട്ടാണ് വി. യോഹന്നാൻ അവതരിപ്പിക്കുന്നത്. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണെന്നും സഭയുടെ വിശ്വാസം ദൈവരാജ്യത്തിന്റെ സുവിശേഷത്തോടുള്ള ആഭിമുഖ്യമാണെന്നും ഇത് സൂചിപ്പിക്കുന്നു. സുവിശേഷം സ്വീകരിച്ച് അതിനനുസൃതമായി ജീവിക്കുന്നവരുടെ സമൂഹമാണ് സഭ. അതുകൊണ്ട് സഭയുടെ അംഗങ്ങൾ സുവിശേഷാത്മകമായ ജീവിതം നയിച്ചുകൊണ്ടാണ് തങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് സഹകരിക്കേണ്ടത്.

### പരി. കുർബാന

പരി. കുർബനയെക്കുറിച്ചുള്ള സുവിശേഷദർശനം വ്യക്തമായി അവതരിപ്പിക്കുന്നത് 6-ാമദ്ധ്യായം 35 മുതൽ 59 വരെയുള്ള വാക്യങ്ങളിലാണ്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ദീർഘമായ പ്രഭാഷണമാണ് ഇവിടെ ജീവന്റെ അപ്പമായി അവതരിപ്പിക്കപ്പെടുന്നത്. ഈ പ്രഭാഷണത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, 35-50 വാക്യങ്ങൾ; രണ്ട്, 51-59 വാക്യങ്ങൾ. ഒന്നാം ഭാഗം കുർബാനയിലെ വചനശുശ്രൂഷയെ സൂചിപ്പിക്കുന്നുവെങ്കിൽ, രണ്ടാംഭാഗം കുർബാനയിലെ കൂദാശാശുശ്രൂഷയെയാണ് സൂചിപ്പിക്കുക. രണ്ടുംകൂടി ചേർന്നാണ് വിശ്വാസികൾക്ക് ജീവന്റെ അപ്പമായിത്തീരുന്നത്. 'ജീവന്റെ അപ്പം' എന്നു വിശേഷിപ്പിക്കുന്നതുകൊണ്ട്, അരൂപിയിൽ വളരുവാനുള്ള പോഷണമാണ് പരി. കുർബാന എന്നു മനസ്സിലാക്കാം: "അരൂപിയാണ് ജീവൻ നല്കുന്നത്" (6:63).

യോഹന്നാൻ പരി. കുർബാന എന്ന യാഥാ ർത്ഥ്യത്തോടൊപ്പം കുർബാനയുടെ ഫലങ്ങളും അവതരിപ്പിക്കുന്നുണ്ട്. പരി. കുർബാനയുടെ പ്രധാന ഫലങ്ങൾ നിത്യജീവൻ, ദൈവവുമായുള്ള സഹവാസം, പുനരുത്ഥാനം എന്നിവയാണ് (6:51-59). ഇങ്ങനെ പരി. കുർ ബാന എന്ന കൂദാശയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നതോടൊപ്പം പ്രതീകങ്ങളിലൂടെ പരി. കുർബാനയെ സൂചിപ്പിക്കുന്ന ഭാഗങ്ങളും സുവിശേഷത്തിലുണ്ട്. വെള്ളം വീഞ്ഞാക്കുന്ന അത്ഭുതം (2:1-11), മുന്തിരിവള്ളിയും ശാഖകളും (15:1-17), പാർശ്വം പിളർക്കപ്പെടുന്ന സംഭവം (19:31-37) എന്നിവയെല്ലാം കൂദാശകളെ സൂചിപ്പിക്കുന്നവയാണ്. വെള്ളം വീഞ്ഞാക്കുന്ന





അത്ഭുതം പരി. കുർബാനയിലൂടെ പഴയനിയമ വ്യവസ്ഥിതിയെ മാറ്റി പുതിയ നിയമവ്യവസ്ഥിതി നടപ്പിൽ വരുത്തുന്ന ഈശോയെ അവതരിപ്പിക്കുന്നുവെങ്കിൽ, മുന്തിരിവള്ളിയും ശാഖകളും മിശിഹായുടെ ശരീരമായി സഭയെ കെട്ടിപ്പടുക്കുന്ന പരി. കുർബാനയെ സൂചിപ്പിക്കുന്നു. പാർശ്വം പിളർക്കപ്പെടുകയും രക്തവും വെള്ളവും പുറപ്പെടുകയും ചെയ്യപ്പെടുന്ന സംഭവം (19:31-37) മാമ്മോദീസായെയും പരി. കുർബാനയെയും സൂചിപ്പിക്കുന്നുണ്ട്. തന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി പരിശുദ്ധാത്മാവിനെ നല്കുന്നവനായി ഈശോ പ്രവർത്തിക്കുന്നത് തന്റെ പാർശ്വത്തിൽനിന്നും രൂപംകൊള്ളുന്ന സഭയിലൂടെയും സഭയുടെ കൂദാശകളിലൂടെയുമാണ്: പ്രത്യേകിച്ച് മാമ്മോദീസായും (വെള്ളം) പരി. കുർബാനയും (രക്തം).

## 4. യുഗാന്തവിജ്ഞാനീയം

യോഹന്നാന്റെ സുവിശേഷത്തിന് യുഗാന്തവിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം തനതായ ഒരു സമീപനമുണ്ട്. പ്രധാനമായും യുഗാന്തവിജ്ഞാനീയത്തിന്റെ രണ്ടു പ്രധാന വശങ്ങളാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്: 1. ലംബമാനവും സമാന്തരമാനവും; 2. നിറവേറിയ മാനവും നിറവേറാനിരിക്കുന്ന മാനവും.

### 1. ലംബമാനവും സമാന്തരമാനവും

സാധാരണ രീതിയിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തെ ബൈബിൾ അവതരിപ്പിക്കുന്നത് സമാന്തരമാനരീതിയിലാണ്. സൃഷ്ടിയുടെ നിമിഷംമുതൽ ദൈവം ചരിത്രത്തെ മുന്നോട്ടു നയിക്കുന്നു. പാപവും പാപത്തിൽനിന്നുള്ള വീണ്ടെടുപ്പും ചരിത്രസംഭവങ്ങളിലൂടെയും വ്യക്തികളിലൂടെയും പ്രായോഗികമാക്കുന്നു. ചരിത്രത്തിന്റെ നിർണ്ണായക ഘട്ടത്തിൽ ദൈവം തന്റെ പുത്രനിലൂടെ മനുഷ്യരക്ഷ സാധിക്കുന്നു. എന്നാൽ രക്ഷ ആവശ്യമുള്ള ഈ ലോകവും രക്ഷ നല്കുന്ന ദൈവത്തിന്റെ ലോകവും ഒരേസമയം പ്രവർത്തനനിരതമാകുകയും രക്ഷ ആവശ്യമുള്ള ലോകം രക്ഷ നല്കുന്ന ദൈവത്തിന്റെ ലോകത്താൽ എടുക്കപ്പെടുകയും ചെയ്യുന്ന സമാന്തരമാനവും ബൈബിളിൽ കാണാവുന്നതാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈ രണ്ടു മാനങ്ങളും ഉള്ളതായി കാണുന്നുണ്ട്. സഭയിലൂടെ മിശിഹാ തന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാക്കുന്നു എന്നത് യുഗാന്ത്യോന്മുഖതയുടെ സമാന്തരമാനത്തിന് ഉദാഹരണമാണ്. സഭയുടെ പ്രേഷിതസ്വഭാവവും യോഹന്നാന്റെ സുവിശേഷം എടുത്തുകാണിക്കുന്നുണ്ട് (4:35-38; 20:21). ലോകവുമായുള്ള സംഘർഷം (16:8), വചനം വഴി തന്നിൽ വിശ്വസിക്കാനിരിക്കുന്നവർ (യോഹ 17:20) എല്ലാം ഈ സമാന്തരമാനത്തെ എടുത്തുകാണിക്കുന്നവയാണ്.

എന്നാൽ യുഗാന്ത്യോന്മുഖതയുടെ ലംബമാനത്തിനും വി. യോഹന്നാന്റെ സുവിശേഷത്തിൽ ഒരു ഊന്നൽ കാണുന്നുണ്ട്. "സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (3:13); "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (1:14); തന്റെ

ജീവിതത്തിന്റെ മൂർദ്ധന്യാവസ്ഥ താൻ ഉയർത്തപ്പെടുന്ന നിമിഷമാണെന്നും അപ്പോൾ താൻ എല്ലാവരെയും തന്റെ പക്കലേക്കാകർഷിക്കും (12:32) എന്നെല്ലാം പറയുന്നത് ഈ ലംബമാനത്തെ സൂചിപ്പിക്കുന്നുണ്ട്; രണ്ടു ലോകങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം യോഹന്നാൻ പലപ്പോഴും പ്രസ്താവിക്കുന്നുണ്ട്. "മുകളിൽനിന്നുള്ളവരും താഴെനിന്നുള്ളവരും(3:31; 8:23), അരൂപിയിൽനിന്നുള്ളവരും മാംസത്തിൽനിന്നുള്ളവരും (3:6; 6:63) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈശോ നല്കുന്നത് യഥാർത്ഥ ദാനങ്ങൾ അഥവാ സ്വർഗ്ഗീയദാനങ്ങളാണ്: സാധാരണജലത്തിൽനിന്നും വ്യത്യസ്തമായ ജീവജലം (4:10-14); നശ്വരമായ അപ്പമല്ല, അനശ്വരമായ ജീവന്റെ അപ്പം (6:27); ലോകത്തിലേക്കു വന്ന യഥാർത്ഥ വെളിച്ചം (3:19).

**2. നിറവേറിയതും (Realized) നിറവേറാനിരിക്കുന്നതുമായ (Futuristic) മാനങ്ങൾ**

യുഗാന്ത്യോന്മുഖതയുടെ നിറവേറിയ മാനങ്ങൾ യോഹന്നാന്റെ സുവിശേഷം പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്. ദൈവത്തിന്റെ മഹത്വത്തിലുള്ള വരവിനെക്കുറിച്ച് പഴയനിയമ പ്രതീക്ഷകൾ ഈശോയിൽ യാഥാർത്ഥ്യമായി. "ഞങ്ങൾ അവന്റെ മഹത്വം ദർശിച്ചു" (1:14). ദൈവത്തിന്റെ അന്ത്യ ഇടപെടലാകുന്ന വിധി ഈശോയിൽ സന്നിഹിതമായി: "ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നു" (3:19). വിശ്വസിക്കാൻ തയ്യാറാകാത്തവർ ശിക്ഷയ്ക്കു വിധിക്കപ്പെട്ടുകഴിഞ്ഞു (3:18). മരണശേഷം സ്വന്തമാക്കാമെന്നു പ്രതീക്ഷിക്കുന്ന നിത്യജീവൻ (മർക്കോ 10:30) ഈശോയിൽ വിശ്വസിക്കുന്നവർ സ്വന്തമാക്കിക്കഴിഞ്ഞു: "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്" (3:36). "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ...അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു" (5:24).

അതേസമയം, യുഗാന്ത്യോന്മുഖതയുടെ ഭാവിമാനങ്ങളും യോഹന്നാന്റെ സുവിശേഷം അവഗണിക്കുന്നില്ല. നിത്യജീവൻ ഈ ലോകത്തിൽ തന്നെ വിശ്വാസത്തിലൂടെ സ്വന്തമാക്കാമെങ്കിലും, ശാരീരികമരണമുണ്ടാകും എന്നു വ്യക്തമാക്കുന്നുണ്ട്: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (11:25). ശാരീരികമരണത്തിന് നിത്യജീവനെ നശിപ്പിക്കാൻ സാധിക്കുകയില്ല. പക്ഷേ, മരണത്തിനു മുൻപില്ലാതിരുന്ന ഒരു പൂർണ്ണത മരണശേഷം നിത്യജീവന് ഉണ്ടാകും. പാപംമൂലം നിത്യജീവൻ നഷ്ടപ്പെടാനുള്ള സാദ്ധ്യത മരണശേഷം ഉണ്ടാവുകയില്ല. ശിഷ്യർ ഈ ഭൂമിയിൽ ഈശോയുടെ മഹത്വം ദർശിക്കുമെങ്കിൽ, അവർ പിതാവിന്റെ സന്നിധിയിൽ ഈശോയോടൊത്ത് ഒന്നുചേരുമ്പോൾ അവർക്ക് ഈശോയുടെ ഒരു ഭാവിമഹത്വത്തിന്റെ ദർശനമുണ്ടാകും (17:24). ഇങ്ങനെ നിറവേറിയതും നിറവേറാനിരിക്കുന്നതുമായ വർത്തമാന-ഭാവി മാനങ്ങളുള്ളതാണ് യോഹന്നാൻ സുവിശേഷകന്റെ യുഗാന്തദൈവശാസ്ത്രം.

## 5. പരിശുദ്ധാത്മ വിജ്ഞാനീയം

'അരൂപിയുടെ സുവിശേഷം' എന്ന അപരനാമത്താൽ വി. യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നു. കാരണം പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തെ ആഴമായി അപഗ്രഥിച്ച് ഈ സുവിശേഷം അവതരിപ്പിക്കുന്നു. യോഹന്നാന്റെ വീക്ഷണത്തിൽ ക്രൈസ്തവജീവിതം വിശ്വാസത്തിൽ അധിഷ്ഠിതമാണ്. പരിശുദ്ധാരൂപിയാണ് ഈ ജീവിതത്തിലേക്ക് ഒരുവനെ ആനയിക്കുന്നതും അതിൽ നിലനിർത്തുന്നതും. മിശിഹായുടെ ദൗത്യത്തിനു വഴിയൊരുക്കിയത് പരിശുദ്ധാത്മാവാണ് (1:32). അരൂപിയിൽ വിശ്വാസജീവിതം നയിക്കുന്നവർക്ക് അരൂപി നൽകുന്ന ഏറ്റവും വലിയ സമ്മാനം നിത്യജീവനാണ്. നിത്യജീവനിലേക്കു നയിക്കുന്ന ഉറവിടമായി അരൂപി അവരിൽ വസിക്കുന്നു (4:13-14; 7:37-39). ഉത്ഥാനാനന്തരം തന്റെ ദൗത്യം പിന്തുടരാൻ അവിടുന്ന് പരിശുദ്ധാരൂപിയെ തന്റെ ശിഷ്യസമൂഹത്തിലേയ്ക്കയയ്ക്കുന്നു. (20:21-22).

**സഹായകനായ പരിശുദ്ധാത്മാവ്**

യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാരൂപിയെ 'പാറക്ലേത്താ' യായി അവതരിപ്പിക്കുന്ന ഒരു പ്രത്യേക കാഴ്ചപ്പാടുണ്ട്. യോഹ 14:16-17 ൽ വിശ്വാസികളിൽ വസിക്കുന്ന അരൂപിയായി 'പാറക്ക്ലേത്തായെ ചിത്രീകരിക്കുന്നു. ഇതിൽനിന്ന്, സഭയ്ക്കാണ് അരൂപിയുടെ ശാശ്വത സാന്നിദ്ധ്യം വാഗ്ദാനം ചെയ്തിരിക്കുന്നതെന്നു വ്യക്തമാകുന്നു: "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല.... എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും" (14:16-17).

**അരൂപിയുടെ പ്രവർത്തനങ്ങൾ**

'പാറക്ലേത്താ' എന്ന വാക്കിന്റെ അർത്ഥം 'സഹായകൻ' എന്നാണ്. വിശ്വാസികളെ, തങ്ങളുടെ വിശ്വാസജീവിതത്തിൽ സഹായിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനമായി യോഹന്നാൻസുവിശേഷകൻ അവതരിപ്പിക്കുന്നത്. മൂന്നു വിധത്തിലാണ് ഈ സഹായം അരൂപി നൽകുന്നത്. 1. പഠിപ്പിക്കുക; 2. സാക്ഷ്യംവഹിക്കുക; 3. ബോധ്യപ്പെടുത്തുക. പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ പ്രവർത്തനം വിശ്വാസികളെ പഠിപ്പിക്കുക എന്നതാണ്. വിശ്വാസത്തിന്റെ വിഷയം ദൈവവചനമാണല്ലോ. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കുവാൻ അരൂപി വിശ്വാസികളെ സഹായിക്കും: "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (14:26). അരൂപിയുടെ രണ്ടാമത്തെ പ്രവർ ത്തനം 'സാക്ഷ്യം വഹിക്കുക' എന്നതാണ്. "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും" (15:26). ലോകത്തിന്റെ വിദ്വേഷത്തെയും പീഡനങ്ങളെയുംപറ്റി പ്രതിപാദിക്കുന്നതാണ് സന്ദർഭം (15:18

-28; 16:1-4). അതിനാൽ ഇവിടെ പറയുന്ന സാക്ഷ്യംവഹിക്കൽ, പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും പീഡനങ്ങളുടെയും മദ്ധ്യേ, വിശ്വാസത്തിൽ സ്ഥിരതയോടുകൂടി നില്ക്കാൻ സഹായിക്കുന്ന അരൂപിയുടെ പ്രവർത്തനമാണ്. അരൂപിയുടെ മൂന്നാമത്തെ പ്രവർത്തനം "ബോദ്ധ്യപ്പെടുത്തുക" എന്നതാണ്. "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും-അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തും" (16:8-11).

ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ഏലെഗ്കെയിൻ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'തെറ്റിനെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുക' അല്ലെങ്കിൽ 'കുറ്റം വിധിക്കുക' എന്നാണ്. ലോകത്തെയാണ് അരൂപി കുറ്റം വിധിക്കുന്നത്. പക്ഷേ, അരൂപിയുടെ പ്രവർത്തനം ശിഷ്യരിൽ അഥവാ ഈശോയിൽ വിശ്വസിക്കുന്നവരിലാണ്. അതുകൊണ്ട് വിശ്വാസികളിൽ പ്രവർത്തിക്കുന്ന ലോകത്തെ ആയിരിക്കണം അരൂപി കുറ്റപ്പെടുത്തുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടിൽ പാപം വിശ്വാസമില്ലായ്മയാണ്. അതുകൊണ്ട് വിശ്വാസമില്ലായ്മ സംഭവിക്കുമ്പോൾ അരൂപി വിശ്വാസികളിൽ പാപബോധമുളവാക്കുകയും പാപത്തെ ജയിച്ച മിശിഹായുടെ നീതിയെക്കുറിച്ചും, പാപത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അന്ധകാരശക്തികളുടെ ശിക്ഷാവിധിയെക്കുറിച്ചും അവർക്കു ബോധ്യം നല്കുകയും ചെയ്യും.

## സുവിശേഷത്തിന്റെ ക്രമീകരണം

ആദ്യം എഴുതപ്പെട്ട സുവിശേഷം വി. മർക്കോസിന്റെ സുവിശേഷമാണ്. വി. യോഹന്നാൻ അടിസ്ഥാനപരമായി ഈ ഘടനയാണ് സ്വീകരിച്ചിരിക്കുന്നതെങ്കിലും തന്റേതായ ദൈവശാസ്ത്ര വീക്ഷണങ്ങൾ സുവിശേഷരചനയിൽ ഉൾച്ചേർത്തിട്ടുണ്ട്. ഈ സുവിശേഷത്തെ പ്രധാനമായും രണ്ട് ഭാഗങ്ങളായി തിരിക്കാം: ഈശോയുടെ പരസ്യജീവിതം വിവരിച്ചിരിക്കുന്ന അടയാളങ്ങളുടെ പുസ്തകവും (1:19-12:50) അവിടുത്തെ പീഡാസഹനമരണോത്ഥാനങ്ങൾ വിവരിച്ചിരിക്കുന്ന മഹത്ത്വത്തിന്റെ പുസ്തകവും (13-20 അദ്ധ്യായങ്ങൾ). അതോടൊപ്പം ഒരു ആമുഖവും (1:1-18) അനുബന്ധവും (അദ്ധ്യായം 21) ഇതിനുണ്ട്.

## രൂപരേഖ

I. 1:1-18 ആമുഖം
II. 1:19-12:50 അടയാളങ്ങളുടെ പുസ്തകം
III. 13:1-20:31 മഹത്ത്വത്തിന്റെ പുസ്തകം
IV. 20:1-25 അനുബന്ധം

അത്ഭുതങ്ങളും പ്രഭാഷണങ്ങളും ഒന്നിനു പുറകേ മറ്റൊന്നായി വിവരിക്കുന്ന രീതി യോഹന്നാൻ സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. പ്രഭാഷണങ്ങൾ അത്ഭുതങ്ങളുടെ (അടയാളങ്ങളുടെ) വിശദീകരണങ്ങളും





(വ്യാഖ്യാനങ്ങളും) അത്ഭുതങ്ങൾ, വിശദീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ അടയാളങ്ങളുമാണ് (ചിത്രീകരണങ്ങളുമാണ്). സുവിശേഷത്തിന്റെ ആദ്യഭാഗത്ത്, അടയാളങ്ങളുടെ പുസ്ത കത്തിൽ, ആദ്യം അടയാളങ്ങളും പിന്നീട് പ്രഭാഷണങ്ങളുമാണെങ്കിൽ (ഉദാ. അദ്ധ്യായം 6 - ആദ്യം അപ്പം വർദ്ധിപ്പിക്കുന്ന അടയാളം; അതിനുശേഷം 'ജീവന്റെ അപ്പ'ത്തെക്കുറിച്ചുള്ള പ്രബോധനം), രണ്ടാം ഭാഗത്ത്, മഹത്ത്വത്തിന്റെ പുസ്തകത്തിൽ, ആദ്യം പ്രഭാഷണങ്ങളും (അന്ത്യപ്രഭാഷണം) പിന്നീട് അടയാളങ്ങളുമാണ് കൊടുത്തിരിക്കുന്നത് (പീഡാസഹനമരണോത്ഥാന വിവരണം).

## സുവിശേഷത്തിന്റെ ക്രമീകരണം: വിശദാംശങ്ങൾ

ആമുഖത്തിനുശേഷം 1:19-51 വരെ സ്നാപകയോഹന്നാന്റെ സാക്ഷ്യവും ആദ്യശിഷ്യന്മാർ ഈശോയെ അനുഗമിക്കുന്നതും വിവരിക്കുന്നു. "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിന് സാക്ഷ്യം നല്കാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (1:6-7). ഈ വചനത്തിന്റെ പൂർത്തീകരണമാണ് സ്നാപക യോഹന്നാനെ അവതരിപ്പിക്കുന്നതിൽ ദർശിക്കാനാവുക.

ദൈവം ഈശോയിലൂടെ മനുഷ്യവംശത്തോട് സംസാരിച്ചു. ദൈവത്തിന്റെ സ്നേഹത്തിലേക്ക് മനുഷ്യനെ തിരിച്ചുകൊണ്ട് ഈ സ്നേഹത്തിന് പ്രത്യുത്തരം കൊടുക്കാൻ അവനെ പ്രാപ്തനാക്കുക എന്നതായിരുന്നു ഈശോയുടെ ദൗത്യം. ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലിന് മനുഷ്യൻ അനുകൂലവും പ്രതികൂലവുമായ പ്രത്യുത്തരം നല്കി. തുറന്ന മനസ്സോടെ ക്രിയാത്മകമായി ഈശോയുടെ വെളിപ്പെടുത്തലുകളെ സ്വീകരിച്ച വ്യക്തികളെയാണ് 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ വരച്ചുകാട്ടുക. അദ്ധ്യായം ഒന്നിൽ ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ടവരുടെ ക്രിയാത്മകമായ പ്രതികരണത്തെക്കറിച്ച് ഗ്രന്ഥ കർത്താവ് സൂചിപ്പിക്കുന്നുണ്ട്. 2-ാം അദ്ധ്യായത്തിൽ ഈശോയിൽ വിശ്വസിക്കുന്ന ശിഷ്യന്മാരേയും (2:11) പെസഹാത്തിരുനാളിൽ ജറുസലേമിൽ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച അനേകരേയും (2:23) അവതരിപ്പിക്കുന്നു. യഹൂദരുടെ പ്രതിനിധിയായി നിക്കൊദേമോസ് ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നുവരുന്ന സംഭവം 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. 4-ാം അദ്ധ്യായത്തിൽ, ആദ്യഭാഗത്ത് സമറിയാക്കാരി സ്ത്രീയും അവളിലൂടെ അനേകം സമറിയാക്കാരും ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നു വരുന്നതും, അവസാനഭാഗത്ത് വിജാതീയരുടെ പ്രതിനിധിയായി രാജസേവകനും കുടുംബവും ഈശോയിൽ വിശ്വസിച്ച സംഭവവും രേഖപ്പെടുത്തുന്നു (4:53). ചുരുക്കത്തിൽ, 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളുടെ പ്രതിപാദ്യം വിശ്വാസമാണ്.

5 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങൾ പ്രതികൂലമായ (നിഷേധാത്മകമായ) പ്രത്യുത്തരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. "അവൻ സ്വന്തജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല" (1:11) എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിരുന്നതിന്റെ പൂർത്തീകരണമാണ്

ഈ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നത്. യഹൂദതിരുനാളുകളുടെ പശ്ചാത്തലത്തിലാണ് ഈശോയുടെ പ്രവർത്തനങ്ങൾ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

5-ാം അദ്ധ്യായത്തിൽ സാബത്ത് തിരുനാളിനോടനുബന്ധിച്ച് തളർവാതരോഗിയെ സുഖപ്പെടുത്തുന്ന സംഭവമാണുള്ളത്. സാബത്തിൽ ജോലി ചെയ്യുന്ന ദൈവത്തിന്റെ സഹപ്രവർത്തകനായി ഇവിടെ ഈശോ സ്വയം അവതരിപ്പിക്കുന്നു. 6-ാം അദ്ധ്യായം പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ സ്ഥാനത്ത് സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പമായി ഇവിടെ ഈശോ സ്വയം അവതരിപ്പിക്കുന്നു. 7 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിലുള്ള രണ്ട് കർമ്മങ്ങളെ - വെള്ളത്തിന്റെ കർമ്മവും വെളിച്ചത്തിന്റെ കർമ്മവും - അടിസ്ഥാനമാക്കി ഈശോ സ്വയം വെളിപ്പെടുത്തുന്നു. ആദ്യകാലങ്ങളിൽ വിളവെടുപ്പുമായി ബന്ധപ്പെട്ടാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. പിന്നീട് ദൈവാലയത്തെ കേന്ദ്രമാക്കി ഇത് ആഘോഷിച്ചു തുടങ്ങിയപ്പോൾ ദൈവത്തിന്റെ രക്ഷാകര കർമ്മവും മരുഭൂമിയിലൂടെയുള്ള അവരുടെ യാത്രയും അനുസ്മരണാ വിഷയങ്ങളായി. വെള്ളത്തിന്റെ കർമ്മത്തിന്റെ അവസരത്തിൽ ഈശോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രഖ്യാപിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (7:37). വെളിച്ചത്തിന്റെ കർമ്മത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ പ്രകാശമായി ഈശോ സ്വയം വെളിപ്പെടുത്തുന്നു: "ഈശോ വീണ്ടും അവരോടു പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (8:12). 10-ാം അദ്ധ്യായത്തിന് പ്രതിഷ്ഠാതിരുനാളിന്റെ പശ്ചാത്തലമാണുള്ളത് (10:22). അസ്സീറിയാക്കാർ അശുദ്ധമാക്കിയ ദൈവാലയം B.C.165 -ൽ പുതുക്കി പണിയപ്പെട്ടു. അത് പുനഃപ്രതിഷ്ഠിച്ച സംഭവത്തിന്റെ ഓർമ്മയാചരിക്കുന്ന തിരുനാളാണിത്. ഈ തിരുനാളിൽ 'മിശിഹാ'യായി, അഥവാ ദൈവത്താൽ അഭിഷിക്തനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനായി സ്വയം ലോകത്തിനുവെളിപ്പെടുത്തി. പിതാവിനു പ്രതിഷ്ഠിക്കപ്പെട്ടവനായി സ്വയം ചിത്രീകരിക്കുന്ന ഈശോ, പഴയ ദൈവാലയത്തിനു പകരം അഭിഷിക്തനായി ലോകത്തിലേക്ക് പിതാവിനാൽ അയയ്ക്കപ്പെട്ട പുതിയ ദൈവാലയമാണ് താനെന്നു വ്യക്തമാക്കുന്നു. പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച ദൈവപുത്രനാണ് ഈശോ (10:36).

11-12 അദ്ധ്യായങ്ങൾ മഹത്ത്വീകരണത്തിനുള്ള ഒരുക്കമാണ്. 'അടയാളങ്ങളുടെ പുസ്തകം' എന്നറിയപ്പെടുന്ന ആദ്യഭാഗം അവസാനിക്കുന്നത് ലാസറിനെ ഉയിർപ്പിക്കുന്ന സംഭവത്തോടെയാണ്. ഇതോടെ യഹൂദരുടെ ശത്രുത വർദ്ധിച്ചു. അത് ഈശോയുടെ മരണത്തിനും അവിടുത്തെ മഹത്ത്വീകരണത്തി നും കാരണമാകുകയും ചെയ്തു (11:53).

13-20 അദ്ധ്യായങ്ങൾ മഹത്ത്വത്തിന്റെ പുസ്തകം എന്നറിയപ്പെടുന്നു. കാരണം ഈശോയുടെ മഹത്ത്വീകരണത്തിന്റെ ഘട്ടങ്ങളായ പീഡാനുഭവ, മരണ, ഉത്ഥാന സംഭവങ്ങളാണ് യോഹന്നാൻശ്ലീഹാ ഇവിടെ രേഖപ്പെടുത്തുന്നത്. പീഡാനുഭവ, മരണ, ഉത്ഥാനങ്ങൾ ഈശോയുടെ മഹത്ത്വത്തിലേയ്ക്കുള്ള വഴിയാണ്. "ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്ത്വപ്പെടുത്തണമേ" (17:5) എന്നാണ് പീഡാനുഭവത്തിനുമുമ്പ് ഈശോ പ്രാർത്ഥിച്ചതും.





## രൂപരേഖ വിശദമായി

**I 1:1-18 ആമുഖം**

**II 1:19-12:50 അടയാളങ്ങളുടെ പുസ്തകം**

1. 1:19-51 സ്നാപകന്റെ സാക്ഷ്യവും ആദ്യശിഷ്യരുടെ അനുഗമിക്കലും
2. 2:1-4:54 ക്രിയാത്മകമായ പ്രത്യുത്തരം
   - A. 2:1-12 കാനായിലെ ഒന്നാം അത്ഭുതം - വെള്ളം വീഞ്ഞാക്കുന്നു
   - B. 2:13-25 ജറുസലേം ദൈവാലയ ശുദ്ധീകരണം
   - C. 3:1-21 നിക്കൊദേമോസുമായുള്ള സംഭാഷണം
   - D. 3:22-36 സ്നാപകന്റെ രണ്ടാം സാക്ഷ്യം
   - E. 4:1-45 സമറിയാക്കാരിയുമായുള്ള സംഭാഷണം
   - F. 4:46-54 കാനായിലെ രണ്ടാം അത്ഭുതം - രാജസേവകന്റെ പുത്രനു സൗഖ്യം
3. 5:1-10:42 ഈശോയുടെ സ്വയം വെളിപ്പെടുത്തൽ
   - A. 5:1-47 സാബത്തിന്റെ പശ്ചാത്തലം - ഈശോ ദൈവത്തിന്റെ സഹപ്രവർത്തകൻ, ജീവദായകൻ
   - B. 6:1-71 പെസഹാത്തിരുനാളിന്റെ പശ്ചാത്തലം - ഈശോ ജീവന്റെ അപ്പം
   - C. 7:1-9:41 കൂടാരത്തിരുനാളിന്റെ പശ്ചാത്തലം - ഈശോ ജീവജലത്തിന്റെ ഉറവിടം; ഈശോ ലോകത്തിന്റെ വെളിച്ചം
   - D. 10:1-42 പ്രതിഷ്ഠാതിരുനാൾ - ഈശോ നല്ല ഇടയൻ; ഈശോ പിതാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് അയയ്ക്കപ്പെട്ട ദൈവപുത്രൻ
4. 11:1-12:50 മഹത്ത്വീകരണത്തിനൊരുക്കം
   - A.11:1-44 ഈശോ ലാസറിനെ പുനരുജ്ജീവിപ്പിക്കുന്നു
   - B. 11:45-57 സാൻഹെദ്രീൻസംഘം ഈശോയെ മരണത്തിനു വിധിക്കുന്നു
   - C. 12:1-8 തൈലാഭിഷേകം
   - D. 12:9-19 രാജകീയപ്രവേശനം
   - E. 12:20-36 ഗ്രീക്കുകാരുടെ വരവും മഹത്ത്വീകരണ പ്രഖ്യാപനവും
   - F. 12:37-50 പരസ്യജീവിതത്തിന്റെ വിലയിരുത്തൽ

**III 13:1-20:31 മഹത്ത്വത്തിന്റെ പുസ്തകം**

1. 13:1-17:26 അന്ത്യപ്രഭാഷണവും പാദം കഴുകൽ ശുശ്രൂഷയും
   - A. 13:1-30 പാദം കഴുകലും അപ്പം മുറിക്കലും
   - B. 13:31-38 അന്ത്യപ്രഭാഷണം - ആമുഖം
   - C. 14:1-31 അന്ത്യപ്രഭാഷണം - ഒന്നാം ഭാഗം
   - D. 15:1-16:33 അന്ത്യപ്രഭാഷണം - രണ്ടാം ഭാഗം
   - E. 17:1-26 ഈശോയുടെ പുരോഹിത പ്രാർത്ഥന
2. 18:1-20:31 പീഡാനുഭവവിവരണം
   - A. 18:1-19:42 പീഡാനുഭവം, മരണം, മൃതസംസ്ക്കാരം
   - B. 20:1-31 ഉത്ഥാനവും പ്രത്യക്ഷീകരണവും

**IV 21:1-25 അനുബന്ധം**

# യോഹന്നാൻ 1:1–18, ആമുഖം

സുവിശേഷത്തിന്റെ ആദ്യത്തെ പതിനെട്ടു വാക്യങ്ങൾ വെറുമൊരു ആമുഖം മാത്രമായി നമുക്കു കരുതാനാവില്ല. കാരണം സുവിശേഷത്തിന്റെ സാരസംഗ്രഹം മുഴുവൻ ആമുഖത്തിൽ പ്രതിപാദിക്കുന്നുണ്ട്. സുവിശേഷത്തിന്റെ പ്രധാന പ്രമേയങ്ങളായ ജീവൻ, പ്രകാശം, സാക്ഷ്യം, വിശ്വാസം, മഹത്ത്വം എന്നിവയെല്ലാം ഇതിൽ സമ്യക്കായി പ്രതിപാദിക്കുന്നു. അന്ധകാരം, അവിശ്വാസം എന്നിങ്ങനെയുള്ള എതിർപ്രമേയങ്ങളും ഈ ഭാഗത്തുണ്ട്.

സുവിശേഷത്തിന്റെ ഇതരഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആമുഖവചനങ്ങൾക്ക് ശൈലിയിലും അവതരണത്തിലും ഏറെ വ്യത്യാസങ്ങളുള്ളതായി കാണാം. ഇത് ആമുഖത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചോദ്യങ്ങൾ ഉണർത്തുന്നു. കാവ്യാത്മകമായ ശൈലിയാണ് ഇതിനുള്ളത്. സമാന്തരത്വവും ഏകകേന്ദ്രീകൃതഘടനയും (parallelism and concentric structure) ഇതിൽ ഉപയോഗിച്ചിരിക്കുന്നു. അതുപോലെതന്നെ, ആമുഖത്തിൽ കാണുന്ന ചില സുപ്രധാന ദൈവശാസ്ത്ര ആശയങ്ങൾ സുവിശേഷത്തിന്റെ ഇതരഭാഗങ്ങളുമായി പൊരുത്തപ്പെടുന്നുമില്ല. ഈശോയെ 'വചനം' എന്ന് ആമുഖത്തിൽ മാത്രമേ വിളിക്കുന്നുള്ളു. 'കാരിസ്' (കൃപ) എന്ന പദവും സുവിശേഷത്തിന്റെ ഇതരഭാഗങ്ങളിൽ കാണുന്നില്ല. എഫേസൂസിലെ സഭയുടെ ശ്ലൈഹികപാരമ്പര്യത്തിൽ സ്വതന്ത്രഗീതമായി രൂപപ്പെട്ട ലിറ്റർജിക്കൽ ഗീതമായിരുന്ന ഈ ഭാഗം പിന്നീട് സുവിശേഷഭാഗത്തോട് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്ന് അഭിപ്രായപ്പെടുന്ന വ്യഖ്യാതാക്കളുണ്ട്.

സമാന്തരസുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രതീകാത്മകവും ദൈവശാസ്ത്രപരവുമായ ഒരു പ്രതിപാദനശൈലിയാണ് യോഹന്നാൻശ്ലീഹായുടേത്. ഈ സുവിശേഷത്തിന് നല്കപ്പെട്ടിരിക്കുന്ന പ്രതീകം കഴുകന്റേതാണ്. മറ്റു പക്ഷികളേക്കാൾ കൂടുതൽ ഉയരത്തിൽ പറക്കുന്ന പക്ഷിയാണ് കഴുകൻ. ഉന്നതമായ ദൈവശാസ്ത്ര ചിന്തകൊണ്ടാണ് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷം ആരംഭിക്കുന്നത്. അതുപോലെ, സൂര്യനുനേരേ നോക്കാൻ കഴിവുള്ള പക്ഷിയാണ് കഴുകൻ. ധ്യാനാത്മകശൈലിയിലൂടെ അപ്രാപ്യനായ ഈശോയെ നോക്കിക്കാണാൻ, അവതരിപ്പിക്കാൻ സുവിശേഷകൻ ആമുഖത്തിൽ ശ്രമിക്കുന്നു.

ദൈവമനുഷ്യ സമാഗമമാണ് ആമുഖത്തിന്റെ പ്രധാന പ്രതിപാദ്യവിഷയം. ഈ സമാഗമം നടക്കുന്നത് മിശിഹായിലാണ്. അതുകൊണ്ട് സുവിശേഷത്തിന്റെ കേന്ദ്രബിന്ദു മിശിഹാസംഭവമാണ്. മിശിഹായുടെ ചരിത്രം എന്നതിനേക്കാൾ മിശിഹായിൽ നടന്ന രക്ഷാകരസംഭവം എന്താണെന്നാണ് യോഹന്നാൻശ്ലീഹാ വിവരിക്കുന്നത്. ദൈവം മനുഷ്യനു സ്വയം വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ഈ സ്വയംവെളിപ്പെടുത്തലിനു മനുഷ്യൻ പ്രത്യുത്തരിക്കുന്നു. മനുഷ്യരക്ഷയ്ക്ക് നിർണ്ണായകമായ ഈ കണ്ടുമുട്ടലിന്റെ ഉത്തമവേദി ഈശോയാണ്.





### ആമുഖത്തിന്റെ ഘടനയും പ്രതിപാദ്യവിഷയവും

സമാനപ്രസ്താവനകൾ ഉൾക്കൊള്ളുന്ന ഏകകേന്ദ്രീകൃത (concentric) ഘടനയിലുള്ള രചനാശൈലി ഉപയോഗിച്ചാണ് ആമുഖം ചിട്ടപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ആശയത്തിലേക്ക് നീങ്ങുവാൻ അതിന് മുമ്പും പിമ്പും സമാന്തര പ്രസ്താവനകൾ ഉപയോഗിക്കുന്ന രചനാശൈലിയാണിത്.

a. 1–2 – ദൈവത്തോടുകൂടെയായിരുന്ന വചനം
b. 3–4 – മിശിഹാ ഏക മദ്ധ്യവർത്തി, ലോകത്തിന്റെ ജീവനും വെളിച്ചവും
c. 5 – വെളിച്ചത്തെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല
d. 6–8 – യോഹന്നാൻ സ്നാപകൻ
e. 9–10 – ലോകം അവനെ അറിഞ്ഞില്ല
f. 11 – അവന്റെ സ്വന്തം ജനം അവനെ സ്വീകരിച്ചില്ല
$f^1$. 12–13 – സ്വീകരിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി
$e^1$. 14 – നമ്മൾ അവന്റെ മഹത്വം ദർശിച്ചു
$d^1$. 15 – യോഹന്നാൻ അവന് സാക്ഷ്യം നല്കി
$c^1$. 16 – അവന്റെ പൂർണ്ണതയിൽനിന്നു നാമെല്ലാം കൃപ സ്വീകരിച്ചു
$b^1$. 17 – കൃപയും സത്യവും ഈശോമിശിഹാ വഴി ഉണ്ടായി
$a^1$. 18 – പിതാവിന്റെ മടിയിലിരിക്കുന്ന പുത്രൻ

ദൈവമനുഷ്യസമാഗമത്തിന്റെ നാലു വശങ്ങളാണ് ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്നത്:

1. ഈശോയും ദൈവവും തമ്മിലുള്ള ബന്ധം (1:1–2,18): ഒന്നും രണ്ടും വാക്യങ്ങളിൽ ഈശോയെ

ദൈവവചനമായി അവതരിപ്പിക്കുമ്പോൾ 18-ാം വാക്യത്തിൽ പിതാവിന്റെ ഏകജാതനായി ഈശോയെ ചൂണ്ടിക്കാട്ടുന്നു. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ഏകജാതനു മാത്രമേ പിതാവിനെ വെളിപ്പെടുത്താൻ കഴിയൂ.

2. ഈശോയും ലോകവും (മനുഷ്യനും) തമ്മിലുള്ള ബന്ധം (1:3–4,17): 3,4 വാക്യങ്ങളിൽ ലോകം മുഴുവൻ അവനിലൂടെ ഉണ്ടായി എന്നും അവനിലെ 'ജീവൻ' മനുഷ്യരുടെ 'വെളിച്ച'മായിരുന്നു എന്നും പറയുന്നു. 17-ാം വാക്യത്തിൽ പറയുന്നതുപോലെ കൃപയും സത്യവും ലോകത്തിനു ലഭിച്ചത് അവനിലൂടെയാണ്.

3. ഈശോയ്ക്ക് ലോകം നല്കിയ പ്രത്യുത്തരം (1:5,9–11,12–14,16): 5,9,10,11 വാക്യങ്ങളിൽ ഈശോയ്ക്കു ലഭിച്ച നിഷേധാത്മകമായ പ്രത്യുത്തരം രേഖപ്പെടുത്തിയിരിക്കുന്നു – 'വെളിച്ചത്തെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല', 'ലോകം അവനെ അറിഞ്ഞില്ല', 'സ്വകീയർ അവനെ സ്വീകരിച്ചില്ല'. 12–14,16 വാക്യങ്ങളിൽ അനുകൂലമായ പ്രത്യുത്തരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു – 'അവനെ സ്വീകരിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി', 'അവന്റെ മഹത്വം നമ്മൾ ദർശിച്ചു',

'അവന്റെ പൂർണ്ണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു'.

4. അനുകൂലമായ പ്രത്യുത്തരത്തിന്റെ ഫലം (1:12-13): ക്രിയാത്മക പ്രതികരണം നല്കിയവർക്ക് ദൈവമക്കളാകാൻ അവൻ അധികാരം നല്കി. ദൈവപുത്രത്വമാണ് ഈ പ്രതികരണത്തിന്റെ ഫലം.

ഒപ്പം സ്നാപകയോഹന്നാന്റെ സാക്ഷ്യവും ആമുഖത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു (1:6-8,15).

## 1. ഈശോയും ദൈവവുമായുള്ള ബന്ധം (1:1-2,18)

ആമുഖത്തിൽ ഈശോയെ 'ലോഗോസ്' അഥവാ 'വചന'മായാണ് അവതരിപ്പിക്കുന്നത്. വചനമെന്ന പദത്തെ വ്യക്തിവൽക്കരിച്ചുകൊണ്ടുള്ള ഒരു പ്രയോഗമാണത്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ കുറഞ്ഞതു നാല്പതു പ്രവശ്യമെങ്കിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിയായി ലോഗോസിനെ അവതരിപ്പിച്ചിരിക്കുന്നത് ഇവിടെ മാത്രമേയുള്ളൂ. യോഹന്നാൻശ്ലീഹായുടെ മറ്റ് ലിഖിതങ്ങളും പരിശോധനാവിഷയമാക്കിയാൽ, ഈശോയ്ക്ക് 'വചന'മെന്ന പേര് മൂന്ന് സന്ദർഭങ്ങളിൽ മൂന്ന് വ്യത്യസ്ത അർത്ഥങ്ങളിൽ ശ്ലീഹാ ഉപയോഗിക്കുന്നതായി മനസ്സിലാക്കാം: 1. ഈശോ ദൈവത്തെ വെളിപ്പെടുത്തുന്ന വചനമാണ്: "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു. ആദിയിൽ അവൻ ദൈവത്തോടു കൂടെയായിരുന്നു" (1:1-2). 2. ഈശോ ദൈവത്തിന്റെ ജീവൻ നല്കുന്ന വചനമാണ്: "... ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു" (1 യോഹ 1:1-2). 3. ഈശോ ലോകത്തെ വിധിക്കുന്ന വചനമാണ്: "അവൻ രക്തത്തിൽ മുക്കിയ മേലങ്കി ധരിച്ചിരിക്കുന്നു. അവന്റെ നാമം ദൈവവചനം എന്നാണ്" (വെളി 19:13). മാംസമായി അവതരിച്ച ദൈവപുത്രനിലുള്ള വിശ്വാസമാണ് രക്ഷയുടെയും ശിക്ഷയുടെയും മാനദണ്ഡം. "പിതാവ് ആരേയും വിധിക്കുന്നില്ല. വിധി മുഴുവനും അവിടുന്ന് പുത്രനെ ഏല്പിച്ചിരിക്കുന്നു" (5:22). പുത്രന്റെ വെളിപാടിനോട് അനുകൂലമായി പ്രത്യുത്തരിക്കുന്നവർക്ക് രക്ഷയും (ജീവനും) പ്രതികൂലമായി പ്രത്യുത്തരിക്കുന്നവർക്ക് ശിക്ഷയും (മരണവും) ലഭിക്കുന്നു. കാരണം പുത്രനാണ് ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തുന്നത്. വചനമായ ഈശോയെ ദൈവത്തെ വെളിപ്പെടുത്തുന്നവനും ജീവദാതാവും വിധിയാളനുമായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു.

പഴയനിയമത്തിൽ 'ദബാർ യാഹ്‌വെ' എന്ന പ്രയോഗം കാണുന്നുണ്ട്. 'ദബാർ യാഹ്‌വെ' എന്നാൽ 'കർത്താവിന്റെ വചനം' എന്നാണ്. ഇതു കേവലം സംസാരിച്ച ഒരു വചനമല്ല, മറിച്ച് ഒരു സംഭവമാണ്. ദൈവാനുഭവം ഇതുൾക്കൊള്ളുന്നുണ്ട്. അതിന് അതിന്റേതായ ശക്തിയുണ്ട് - സൃഷ്ടിക്കുന്ന ശക്തി (ഉൽപ 1:1), ജീവൻ നല്കുന്ന ശക്തി (നിയമ 32:46-47), സൗഖ്യപ്പെടുത്തുന്ന ശക്തി (സങ്കീ 107:20). ഏശ 55:10-11 ൽ ഭൂമിയെ നനയ്ക്കുന്ന മഴയോടാണ് വചനത്തെ ഉപമിക്കുന്നത്.





അപ്പോൾ പഴയനിയമത്തിൽത്തന്നെ 'വചന'ത്തെ വ്യക്തിവൽക്കരിക്കാനുള്ള പ്രവണത കാണുന്നുണ്ട്.

പുതിയനിയമത്തിൽ ഈശോമിശിഹായുടെ ദൃക്സാക്ഷികളെ 'വചന'ത്തിന്റെ ദൃക്സാക്ഷികളായിട്ടാണ് വി. ലൂക്കാ വിശേഷിപ്പിച്ചിരിക്കുന്നത്. ഈ വചനത്തിന്റെ ദൃക് സാക്ഷികളും ശുശ്രൂഷകരുമാണ് ശ്ലീഹന്മാർ (ലൂക്കാ 1:2). ആദിമുതൽ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരുമായിരുന്ന ശ്ലീഹന്മാർ തങ്ങൾ അനുഭവിച്ചറിഞ്ഞ മിശിഹായെയാണ് ലോകത്തിന്റെ മുമ്പിൽ പ്രഘോഷിച്ചത്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1:1) എന്നാണ് യോഹന്നാൻശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നത്.

ഈശോ ദൈവത്തിന്റെ സംസാരമാണ്: "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്.എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോട് സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1:1-2). ഒരു വ്യക്തിയുടെ സംസാരം ആ വ്യക്തിയെ വെളിപ്പെടുത്തുന്നു. പിതാവായ ദൈവം തന്റെ പുത്രനിലൂടെ നമ്മോട് സംസാരിച്ചു. അതായത് തന്റെ പുത്രനിലൂടെ അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തി. യോഹന്നാന്റെ സുവിശേഷത്തിൽ 'ലോഗോസ്' അഥവാ വചനം എന്നത് വെറും സംസാരമല്ല, പ്രത്യുത, ദൈവഹിതം വെളിപ്പെടുത്തലാണ്; ദൈവത്തിന്റെ സ്വയം നല്കലാണ്.

വചനം എന്ന വാക്കിന്റെ വ്യത്യസ്തങ്ങളായ പ്രയോഗങ്ങൾ വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണുവാൻ സാധിക്കും. "അവിടുന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല (5:38). വചനത്തിൽ നാം വസിക്കണം "തന്നിൽ വിശ്വസിച്ച യഹൂദരോട് ഈശോ പറഞ്ഞു: എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്" (8:31). വെളിപ്പെടുത്തപ്പെട്ട വചനമാണ് ഈശോ. അവിടുന്നിൽ നാം നിലനില്ക്കണം. "ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല" (8:51). ദൈവഹിതവും ദൈവവചനവും ഒന്നുതന്നെയാണ്. ദൈവഹിതം അഥവാ ദൈവവചനം മനുഷ്യനായി അവതരിച്ചതാണ് ഈശോ: "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം നാം ദർശിച്ചു-കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം" (യോഹ 1:14). "അവിടുത്തെ വചനം അവർക്കു ഞാൻ നല്കിയിരിക്കുന്നു" (17:14).

ഈശോയും ദൈവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുവാൻ പ്രധാനമായും മൂന്നു കാര്യങ്ങൾ ആമുഖത്തിൽ വിവരിക്കുന്നു:

1. "ആദിയിൽ വചനമുണ്ടായിരുന്നു" - ആദിയിൽ എന്നാൽ സൃഷ്ടിയുടെ സമയത്ത്. സൃഷ്ടിയുടെ സമയത്ത് വചനം ഉണ്ടായിരുന്നു എന്നു

പറഞ്ഞാൽ സൃഷ്ടിക്കുമുമ്പ് സൃഷ്ടിക്കപ്പെടാത്തവനായ വചനം ഉണ്ടായിരുന്നു എന്നാണ് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ വചനം അനാദി മുതലേ ഉണ്ടായിരുന്നു. 2. "വചനം ദൈവത്തോടു കൂടെയായിരുന്നു": വചനവും ദൈവവും രണ്ടു വ്യക്തികളാണ്. പിതാവിൽനിന്നും വ്യത്യസ്തനായ ഒരു വ്യക്തിയാണ് പുത്രൻ. ഈശോയുടെ വ്യക്തിത്വമാണ് ഇവിടെ വിവക്ഷ. 3. "വചനം ദൈവമായിരുന്നു": ഇതിലൂടെ ഈശോയുടെ ദൈവത്വത്തെ ഉറപ്പിച്ചു പറയുകയാണ്.

"അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു": 'ദൈവത്തോടുകൂടെ' എന്നതിൽ 'കൂടെ' എന്ന പ്രത്യയം ശ്രദ്ധാർഹമാണ്. ഗ്രീക്കിൽ 'പ്രോസ് തോൻ ഥെയോൻ' എന്നതും 'പാരാ തോ ഥെയോ' എന്നതും ഒന്നുതന്നെ അർത്ഥമാക്കുന്നു. യോഹന്നാൻശ്ലീഹാ ഉപയോഗിച്ചിരിക്കുന്നത് ആദ്യത്തെതാണ്. അതിന് കാരണവുമുണ്ട്. നമുക്കൊരു വ്യക്തിയുടെ കൂടെ യാതൊരു ബന്ധവുമില്ലാതെയോ ശരിയായ ബന്ധത്തോടുകൂടിയോ ആയിരിക്കാം. 'പ്രോസ് തോൻ ഥെയോൻ' ശരിയായ ബന്ധത്തിലായിരിക്കുന്നതിനെ അർത്ഥമാക്കുന്നു. ഒരു വ്യക്തിയെ അറിഞ്ഞ് വെളിപ്പെടുത്തത്തക്ക രീതിയിൽ ആ വ്യക്തിയോടൊപ്പമായിരിക്കുക എന്നതാണ് യോഹന്നാൻശ്ലീഹാ ഉദ്ദേശിക്കുന്നത്. ഈശോയ്ക്കു പിതാവിനെ വെളിപ്പെടുത്താൻ കഴിയുന്നത് പിതാവുമായി സജീവ ബന്ധത്തിലായിരിക്കുന്നതിനാലാണ്. അനാദിമുതൽ ദൈവത്തോടുകൂടെ ഉണ്ടായിരുന്നതിനാൽ ഈശോയ്ക്കു മാത്രമേ ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്താനാവൂ.

"ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന (പിതാവിന്റെ മടിയിലിരിക്കുന്ന) ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (1:18): പിതാവിന്റെ 'മടിയിലായിരുന്ന' എന്നല്ല, 'മടിയിലിരിക്കുന്ന' എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. കൃത്യമായിപ്പറഞ്ഞാൽ, പിതാവിന്റെ മടിയിലേയ്ക്കായിരിക്കുന്ന (എയിസ് = into) പുത്രൻ എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. പിതാവും ഈശോയും തമ്മിലുള്ള ബന്ധം സജീവ സംസർഗ്ഗത്തിൽ നിലനിൽക്കുന്നതാണ്. മടിത്തട്ട് പുറപ്പെടലിനെ വ്യഞ്ജിപ്പിക്കുന്നു. പുത്രൻ പുറപ്പെടുന്നത് പിതാവിൽനിന്നാണ്. മനുഷ്യാവതാരത്തിലൂടെ ഈ ലോകജീവിതത്തിലേക്ക് പ്രവേശിച്ചപ്പോഴും പുത്രൻ പിതാവുമായി ഗാഢബന്ധത്തിലായിരുന്നു. പിതാവിനെ വെളിപ്പെടുത്താൻ മറ്റാരേക്കാളധികം യോഗ്യതയുള്ളത് പുത്രനാണ്. ഈശോയുടെ വെളിപ്പെടുത്തലിന്റെ അതുല്യതയാണ് ഇവിടെ ഉയർത്തിക്കാട്ടുന്നത്. ഈശോയിൽ മാത്രമേ ദൈവികവെളിപാടിന്റെ പൂർണ്ണത കണ്ടെത്താനാവൂ.

## 2. ഈശോയും ലോകവും തമ്മിലുള്ള ബന്ധം (1:3-4,17)

### ഈശോയുടെ മദ്ധ്യവർത്തിത്വം

ലോകത്തിന്റെ സൃഷ്ടിയിലും രക്ഷയിലും വിശുദ്ധീകരണത്തിലും ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏകമദ്ധ്യവർത്തിയാണ് ഈശോമിശിഹാ. "സമസ്തവും അവനിലൂടെയുണ്ടായി; ഒന്നും അവനെക്കൂടാതെ





ഉണ്ടായിട്ടില്ല" (1:3). അവിടുന്ന് പ്രപഞ്ചസൃഷ്ടിയിലും മനുഷ്യസൃഷ്ടിയിലും ദൈവത്തോടൊത്ത് പ്രവർത്തിച്ചു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന എഗെനെത്തോ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'ഉണ്ടായി' എന്നാണ്. സൃഷ്ടിയിൽ മാത്രമല്ല രക്ഷയിലും വിശുദ്ധീകരണത്തിലും അവിടുന്ന് മദ്ധ്യവർത്തിയായി എന്നാണിത് അർത്ഥമാക്കുന്നത്. ദൈവത്തിനും മനുഷ്യർക്കുമിടയിൽ പാലമായി വർത്തിച്ച പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഈശോ ദൈവമനുഷ്യസമാഗമവേദിയാണ്.

### ഈശോ ലോകത്തിന്റെ ജീവൻ

"അവനിൽ ജീവനുണ്ടായിരുന്നു" (1:3) എന്ന വാക്യത്തിന്റെ ശരിയായ പരിഭാഷ 'അവനിൽ സംഭവിച്ചത് ജീവനായിരുന്നു' എന്നതാണ്. അവനിൽ സംഭവിച്ചതെന്താണ്? മിശിഹാസംഭവം. മിശിഹാസംഭവം തന്നെയാണ് ജീവൻ. ജീവനെക്കുറിച്ചുള്ള അസ്തിത്വപരമായ പരാമർശമാണത്. ഈ ജീവൻ നമുക്കു വേണ്ടിയായിരുന്നു. ജീവൻ അതിന്റെ പൂർണ്ണതയിൽ നല്കി മനുഷ്യരക്ഷ സാദ്ധ്യമാക്കാനാണ് ഈശോ മാംസമെടുത്ത് മനുഷ്യനായത്.

യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ജീവൻ എന്നത് പ്രധാനപ്പെട്ട ഒരു ആശയമാണ്. ഗ്രീക്കുഭാഷയിൽ, 'സോയേ' (ദൈവികജീവൻ) എന്നത് 'സ്യൂഖേ (സ്വാഭാവികജീവൻ) എന്നതിൽനിന്നും വ്യത്യസ്തമാണ്. വി. പൗലോസ് വ്യക്തമായ വ്യത്യാസങ്ങൾ ഇല്ലാതെ ഈ രണ്ടു പദങ്ങളും ഉപയോഗിക്കുന്നുണ്ട്. 'സോയേ' എന്നത് എപ്പോഴും ദൈവികജീവനെ സൂചിപ്പിക്കുന്നു. ഈ പദം യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 36 പ്രാവശ്യവും ഒന്നാം ലേഖനത്തിൽ 13 പ്രാവശ്യവും വെളിപാടുഗ്രന്ഥത്തിൽ 17 പ്രാവശ്യവും കാണുന്നു. സമാന്തരസുവിശേഷകന്മാർ മൂന്നു പേരുംകൂടെ ആകെ പതിനാറു പ്രാവശ്യമേ ഇതുപയോഗിക്കുന്നുള്ളൂ. യോഹന്നാൻശ്ലീഹാ ഊന്നൽ കൊടുക്കുന്നത് ജീവന്റെ സ്വഭാവത്തിനാണ്. ദൈവികമായ ജീവനെയാണിതു സൂചിപ്പിക്കുന്നത്. ജീവന്റെ ദൈർഘ്യത്തെക്കാൾ സ്വഭാവത്തിനാണു പ്രാധാന്യം.

ഈശോയിൽ ഉണ്ടായിരുന്ന ജീവൻ ദൈവികജീവനാണ്: "എന്തെന്നാൽ, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകുവാൻ അവിടുന്ന് വരം നല്കിയിരിക്കുന്നു" (5:26). ദൈവത്തിന്റെ ജീവൻ പ്രദാനം ചെയ്യുന്നവനാണ് ഈശോ. ദൈവം തന്റെ പുത്രനായ മിശിഹായിലൂടെ മനുഷ്യർക്കു നല്കിയ ഏറ്റവം വലിയ സമ്മാനം തന്റെ ജീവനാണ്. മാംസത്തിൽനിന്നു ജനിക്കുന്ന മാനുഷികജീവനല്ല, പ്രത്യുത, ആത്മാവിൽനിന്നു ജനിക്കുന്ന ആത്മീയജീവനാണ് ഇവിടെ വിവക്ഷ (3:6)-പിതാവും പുത്രനും പങ്കിട്ടനുഭവിക്കുന്ന ദൈവികജീവൻ. ഈ ജീവൻ മനുഷ്യനു നല്കുവാൻവേണ്ടിയാണ് ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചത് (യോഹ 3:16). ഈ ജീവൻ സമൃദ്ധിയായി മനുഷ്യർക്ക് ഉണ്ടാകുവാനാണ് ഈശോ ലോകത്തിലേക്ക് വന്നതും (യോഹ 10:10). ഈശോ ലോകത്തിന്റെ ജീവനായി സ്വയം വെളിപ്പെടുത്തി: "വഴിയും സത്യവും ജീവനും ഞാനാകുന്നു" (14:6). ഈ ജീവന്റെ അന്തഃസ്സത്ത പരിശുദ്ധാരൂപിയാണ്. ഈശോ അത് വ്യക്തമാ

ക്കുന്നുണ്ട്: "ആത്മാവാണു ജീവൻ നല്കുന്നത്; മാംസം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (6:63). "ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (4:24).

ഈശോയിലുള്ള വിശ്വാസമാണ് നിത്യജീവൻ, അഥവാ ദൈവികജീവൻ കരഗതമാക്കുന്നതിനുള്ള വ്യവസ്ഥ. ഈശോയിലുള്ള വിശ്വാസവും നിത്യജീവനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ അവിടുന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്: "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവന്റെമേൽ ഉണ്ട്" (3:36). ഈശോയിലുള്ള വിശ്വാസത്തിലൂടെ കരഗതമാകുന്ന നിത്യജീവനിലുള്ള ഭാഗഭാഗിത്വം മാമ്മോദീസായിലൂടെയാണ് സംജാതമാകുന്നത്. നിക്കൊദേമോസുമായുള്ള സംഭാഷണത്തിൽ ഈ യാഥാർത്ഥ്യം ഈശോ വ്യക്തമാക്കുന്നുണ്ട്: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല" (3:3). പാപത്തിന് മരിച്ച് ഈശോയിൽ ദൈവമക്കളായുള്ള ജനനം സംഭവിക്കുന്നത് മാമ്മോദീസായിലാണ്. മാമ്മോദീസായിലൂടെ നിത്യജീവനിൽ പങ്കാളികളായിത്തീർന്ന ദൈവമക്കൾക്ക് ഈ ജീവനിലുള്ള വളർച്ച സാദ്ധ്യമാക്കുന്നത് ജീവന്റെ നീർച്ചാലുകളായ കൂദാശകളാണ്; കൂദാശകളുടെ കേന്ദ്രമായ പരി.കുർബാനയാണ്. ഈശോ ജീവന്റെ അപ്പമാണ് (6:35). ജീവന്റെ അപ്പമാണ് യഥാർത്ഥ പോഷണം. തിരുവചനത്തിലൂടെയും പരി.കുർബാനയിലൂടെയും ജീവന്റെ അപ്പമായി കടന്നുവന്നുകൊണ്ട് നിത്യജീവനിലേക്ക് വളർത്തുന്ന പോഷണമായി ഈശോ മാറുന്നു.

ഈശോ പ്രദാനം ചെയ്യുന്ന നിത്യജീവൻ ശാരീരികമരണത്തെ അതിജീവിക്കുന്നു. ഈലോകജീവിതത്തിന്റെയും മരണത്തിന്റെയും ലക്ഷ്യം നിത്യജീവനാണ്, ഈശോയിലുള്ള ജീവിതമാണ്: "ഈശോ പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (11:25-26). ശാരീരികമരണത്തിനുപോലും നശിപ്പിക്കാനാവാത്ത ഈ ജീവനെ നശിപ്പിക്കാൻ പാപത്തിനു കഴിയും (8:21-24). ആത്മാവിന്റെ മരണമാണ് പാപം.

**ഈശോ ലോകത്തിന്റെ പ്രകാശം**

ഈശോ ലോകത്തിന് വെളിച്ചമായിരുന്നു: "ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (1:4). പ്രകാശം യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു. പ്രകാശമുള്ളപ്പോഴാണ് വസ്തുക്കളെയും വ്യക്തികളെയുമൊക്കെ വ്യക്തമായി കാണുവാൻ സാധിക്കുന്നത്. മനുഷ്യർക്ക് വെളിച്ചമായി വന്നവനാണ് ഈശോ. ദൈവത്തിന്റെ ജീവൻ ലോകത്തിന് വെളിപ്പെട്ടത് പ്രകാശമായ മിശിഹായിലൂടെയാണ്. ദൈവം ആരെന്നും ദൈവത്തിന്റെ സ്വഭാവം എന്തെന്നും അവിടുന്ന് വെളിപ്പെടുത്തി.

സമാന്തരസുവിശേഷങ്ങളിലെല്ലാംകൂടി 15 പ്രാവശ്യമേ വെളിച്ചം (ഗ്രീക്കിൽ ഫോസ്) എന്ന സംജ്ഞ ഉപയോഗിക്കുന്നുള്ളു. എന്നാൽ





യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽമാത്രം 23 പ്രാവശ്യവും ഒന്നാം ലേഖനത്തിൽ 6 പ്രാവശ്യവും വെളിപാടിൽ 4 പ്രാവശ്യവും ഈ പദം ഉപയോഗിക്കുന്നുണ്ട്. അദ്ദേഹം ദൈവത്തിനു നല്കുന്ന നിർവ്വചനംതന്നെ "ദൈവം പ്രകാശമാണ്" (1 യോഹ 1:5) എന്നാണ്. "അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും" (1 യോഹ 1:7). അവിടുത്തെ പ്രകാശത്തിലാണ് നാം സഞ്ചരിക്കേണ്ടത്. അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കുള്ള ഒരു ക്ഷണമായിരുന്നു ഈശോയുടെ പഠിപ്പിക്കലിന്റെ കാതൽ. അന്ധനായ മനുഷ്യനെ സുഖമാക്കുന്ന സന്ദർഭത്തിൽ അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കുള്ള ഒരു യാത്രയെ സൂചിപ്പിക്കുന്നുണ്ട്. ഗ്രീക്കു പിതാക്കന്മാരുടെ അഭിപ്രായത്തിൽ പ്രകാശം എന്നത് ബൗദ്ധികമായ അറിവിന്റെ പ്രകാശമാണ്. ലത്തീൻ പിതാക്കന്മാരുടെ വ്യാഖ്യാനമനുസരിച്ച് പ്രകാശം വിശുദ്ധിയുടെ പ്രകാശമാണ്. ബൈബിൾ പാരമ്പര്യത്തിൽ പ്രകാശം വെളിപാടിലേക്കു വിരൽ ചൂണ്ടുന്നു. ഹെബ്രായലേഖനത്തിൽ പ്രകാശത്തെ വിശ്വാസവുമായി ബന്ധിപ്പിച്ച് പറയുന്നുണ്ട്. അതിനാൽത്തന്നെ പ്രകാശത്തിന് വെളിപാടു സംബന്ധിയായ സാംഗത്യമുണ്ട്.

പ്രകാശമായ മിശിഹായിൽ വിശ്വസിക്കുന്നവൻ ഈശോ വെളിപ്പെടുത്തിയ പിതാവിലും വിശ്വസിക്കുന്നു. അങ്ങനെ പ്രകാശത്തിലൂടെ ജീവനിലേക്ക് അവൻ കടക്കുന്നു. ലോകത്തിന്റെ അന്ധകാരത്തെ നിർമ്മാർജ്ജനം ചെയ്യാൻ വന്ന ഈശോയും ഇതുതന്നെയാണ് പ്രഘോഷിച്ചത്: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (8:12). ജീവനും വെളിച്ചവും പരസ്പരബന്ധിതമാണ്. ദൈവത്തിന്റെ ജീവൻ ഈശോമിശിഹായിലാണ് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. അങ്ങനെ ജീവൻ പ്രകാശമായി മാറിയിരിക്കുന്നു. ഈ പ്രകാശത്തെ - ഈശോമിശിഹായെയാണ് മനുഷ്യൻ അഭിമുഖീകരിക്കുന്നത്. അങ്ങനെ മനുഷ്യൻ ഈശോമിശിഹായിലൂടെ ദൈവത്തെ പ്രാപിക്കുന്നു.

**ഈശോ: കൃപയും സത്യവും**

ജീവനും പ്രകാശവുമായി ലോകത്തിന് വെളിപ്പെട്ട ഈശോയിലൂടെയാണ് കൃപയും സത്യവും ലോകത്തിൽ ഉണ്ടായത്. "എന്തുകൊണ്ടെന്നാൽ, നിയമം മോശ വഴി നല്കപ്പെട്ടു; കൃപയും സത്യവുമാകട്ടെ, ഈശോമിശിഹാവഴി ഉണ്ടായി" (1:17). പഴയനിയമപശ്ചാത്തലത്തിൽ ഈ വചനത്തെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടിബന്ധത്തിലേയ്ക്കാണ് നമ്മുടെ ശ്രദ്ധ തിരിക്കേണ്ടത്. കൃപ എന്നതിന്റെ ഗ്രീക്കുപദം 'കാരിസ്' എന്നും സത്യം എന്ന വാക്കിന്റേത് 'അലേത്തേയിയാ' എന്നുമാണ്. ഹീബ്രുഭാഷയിൽ 'ഹെസദ്','എമെത്' എന്നീ വാക്കുകളാണ് ഇവയ്ക്ക് പകരമായി ഉപയോഗിച്ചിരിക്കുന്നത്. 'ഹെസദ്' ദൈവത്തിന്റെ കരുണാപൂർവ്വമായ സ്നേഹത്തെയും 'എമെത്' അവിടുത്തെ വിശ്വസ്തതയെയുമാണ് അർത്ഥമാക്കു

ന്നത്. ഇസ്രായേലുമായി ചെയ്ത ഉടമ്പടിബന്ധത്തിൽ ദൈവം മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്: "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ..." (പുറ 34:6). ദൈവത്തിന്റെ കരുണാപൂർവ്വകമായ സ്നേഹവും മാറ്റംവരാത്ത വിശ്വസ്തതയും ഇസ്രായേൽജനം അനുഭവിച്ചു. ദൈവത്തിന്റെ ഈ കരുണയും വിശ്വസ്തതയും മാംസരൂപം എടുത്തതാണ് 'ഈശോ'. ദൈവത്തിന്റെ ഈ സ്നേഹവും വിശ്വസ്തതയും ഈശോയിൽ കൃപയും സത്യവുമായി നാം അനുഭവിക്കുന്നു. ഉടമ്പടിജനം അവിശ്വസ്തതയുടെ മുഖമൂടി അണിഞ്ഞപ്പോഴും ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരുന്നു. നഷ്ടപ്പെട്ട ആദ്യസ്നേഹത്തിന്റെ തീവ്രത വീണ്ടെടുക്കാൻ മനുഷ്യന് തനിയെ കഴിയാതെ വന്നപ്പോൾ ദൈവം തന്റെ പുത്രനെത്തന്നെ നല്കി. പിതാവിന്റെ നിലയ്ക്കാത്ത സ്നേഹവും മാറ്റംവരാത്ത വിശ്വസ്തതയും തന്നെയായിരുന്നു ഈശോ യിലൂടെ ലോകത്തിന് ലഭിച്ചത്. "സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (15:13) എന്നു പറഞ്ഞുകൊണ്ട് കാൽവരിയിൽ സ്വയം ബലിയായി അർപ്പിക്കുമ്പോൾ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹവും വിശ്വസ്തതയും ഈശോയിൽ അതിന്റെ അത്യുച്ചകോടിയിൽ വെളിവായി. മോശ വഴി നല്കപ്പെട്ട നിയമം പഴയനിയമത്തിൽ ദൈവികവെളിപാടിന്റെ മാർഗ്ഗമായിരുന്നെങ്കിൽ ഈശോയിൽ വെളിപ്പെട്ട ദൈവത്തിന്റെ കൃപ - നിലയ്ക്കാത്ത സ്നേഹം - ദൈവത്തിന്റെ പൂർണ്ണതയിലുള്ള വെളിപ്പെടുത്തലിന്റെ മാർഗ്ഗമായിരുന്നു.

പഴയനിയമസംഹിതകളും ആചാരങ്ങളും ഈശോയിൽ അതിന്റെ അർത്ഥം കണ്ടെത്തി. ഈശോ പഴയനിയമത്തിന്റെ അപൂർണ്ണതകളെ മാറ്റി പുതിയവ സ്ഥാപിച്ചു. ഈ 'മാറ്റിസ്ഥാപിക്കൽ' യോഹന്നാൻശ്ലീഹാ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. മോശ വഴി നല്കപ്പെട്ട നിയമം ഈശോ നല്കിയ കൃപയും സത്യവും വഴി മാറ്റിസ്ഥാപിക്കപ്പെട്ടു. കല്ലും മണ്ണുംകൊണ്ട് നിർമ്മിച്ച ദൈവാലയത്തെ സ്വന്തം ശരീരമാകുന്ന ദൈവാലയമായി അവിടുന്ന് മാറ്റിസ്ഥാപിച്ചു (2:19-22). ചില ബാഹ്യജോലികളിൽനിന്നും വിടുതി പ്രാപിച്ച് ബാഹ്യമായി മാത്രം സാബത്ത് ആഘോഷിച്ചിരുന്ന യഹൂദജനതയുടെ കാപട്യത്തിനെതിരായി, രക്ഷാകരജോലികൾ ചെയ്തുകൊണ്ട് ഈശോ സാബത്താചരണത്തെ സമ്പന്നമാക്കി (5:17). പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിൽ ജീവന്റെ അപ്പമായി അവിടുന്ന് സ്വയം വെളിപ്പെടുത്തി (6:35-39). വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും കർമ്മാനുഷ്ഠാനങ്ങളോടെ യഹൂദജനം കൊണ്ടാടിയിരുന്ന കൂടാരത്തിരുനാളിൽ ജീവജലത്തിന്റെ ഉറവിടമായും (7:37-39) ലോകത്തിന്റെ പ്രകാശമായും (8:12; 9:5) അവിടുന്ന് സ്വയം പ്രഖ്യാപിച്ചു. ദൈവം വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച അഭിഷിക്തനാണ് താനെന്ന് ദൈവാലയ പ്രതിഷ്ഠാത്തിരുനാളിന്റെ പശ്ചാത്തലത്തിൽ അവിടുന്ന് പ്രഖ്യാപിച്ചു (10:36).

ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള മദ്ധ്യവർത്തിയായ ഈശോ





സൃഷ്ടിയുടെയെല്ലാം ആദികാരണമാണ്. ലോകത്തിന്റെ ജീവനും ലോകത്തിന്റെ പ്രകാശവും അവിടുന്നുതന്നെ. ദൈവത്തിന്റെ സ്നേഹവും വിശ്വസ്തതയും മാംസരൂപമെടുത്ത മിശിഹായിൽ പഴയനിയമ യാഥാർത്ഥ്യങ്ങൾ പൂർത്തീകരിച്ച് മാറ്റിസ്ഥാപിക്കപ്പെട്ടു. ഈശോമിശിഹാ ദൈവിക വെളിപാടിന്റെ പൂർണ്ണതയാണ്.

### 3. ഈശോയ്ക്ക് ലോകം നല്കിയ പ്രത്യുത്തരം (1:5,9-14,16)

ബന്ധങ്ങളുടെ നിലനില്പിന് പ്രതികരണം അഥവാ പ്രതൃത്തരം ഒരു പ്രധാനപ്പെട്ട ഘടകമാണ്. വച്ചുനീട്ടുന്ന ദാനങ്ങളോട് അനുകൂലമായോ പ്രതികൂലമായോ പ്രത്യുത്തരിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവത്തിന്റെ സ്നേഹവുമായി ലോകത്തിലേക്കു വന്ന ഈശോയ്ക്കും ഈ രണ്ടുവിധത്തിലുള്ള പ്രത്യുത്തരങ്ങളാണ് ലഭിച്ചത്.

#### പ്രതികൂലമായ പ്രത്യുത്തരം (1:5,9-11)

പ്രതികൂലമായ പ്രത്യുത്തരം മൂന്നു വിധത്തിലാണ് ഉണ്ടായത്. ഒന്നാമത്തേത് ഇരുളും വെളിച്ചവും തമ്മിലുള്ള സംഘട്ടനത്തിലൂടെ അവതരിപ്പിക്കുന്നു. ഈശോ ദൈവത്തെ വെളിപ്പെടുത്തുന്ന പ്രകാശമായാണ് ലോകത്തിലേക്കു വന്നത്: "ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല" (യോഹ 1:5). ഇരുൾ തിന്മയുടെ പിടിയിലായ മനുഷ്യവംശത്തെയാണ് സൂചിപ്പിക്കുന്നത്. അന്ധകാരം പാപമാണ്, വെളിച്ചത്തിന് എതിരായ ശക്തിയാണ്. അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്ന് മനുഷ്യവർഗ്ഗത്തെ വിമോചിപ്പിക്കാനാണ് ഈശോ ഈ ലോകത്തിൽ ആഗതനായത് (കൊളോ 1:13). അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്ക് ലോകത്തെ ആനയിക്കാൻ വന്ന ഈശോയോട് (1 പത്രോ 2:9) മനുഷ്യനിലെ തിന്മയുടെ ശക്തി ഏറ്റുമുട്ടുന്നു. ഇത് ഈശോയ്ക്ക് ലഭിച്ച പ്രതികൂലമായ പ്രത്യുത്തരമാണ്. മിശിഹായുടെ വെളിച്ചം ഇന്നും സഭയിലൂടെയും നന്മ ചെയ്യുന്നവരിലൂടെയും ലോകത്തിൽ പ്രകാശിക്കുന്നുണ്ട്. പക്ഷേ, തിന്മയുടെ ശക്തികൾ ഈ നന്മയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. എന്നാൽ, ഈ സംഘട്ടനത്തിൽ അന്തിമവിജയം പ്രകാശത്തിനുതന്നെയായിരിക്കും.

"എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" (1:9). ഗ്രീക്കിൽനിന്ന് രണ്ടു രീതികളിൽ ഈ വചനം പരിഭാഷപ്പെടുത്താറുണ്ട്. 'ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു' എന്നത് മനുഷ്യനെക്കുറിച്ചോ പ്രകാശത്തെക്കുറിച്ചോ പറയാം. എന്നാൽ മിശിഹായാണ് എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം. ചരിത്രത്തിൽ ലോകത്തിലേക്കു വന്ന മിശിഹായെക്കുറിച്ചുള്ള പരാമർശമാണ് ഈ വാക്യത്തിലുള്ളത്.

സ്വയം വെളിപ്പെടുത്തിയ ദൈവത്തെ ലോകം അറിയാത്ത അവസ്ഥയാണ് രണ്ടാമത്തെ പ്രതികൂല പ്രത്യുത്തരം. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിലെ 'ലോകം' (കോസ്മോസ്) എന്ന പ്രയോഗം മൂന്നു വിധത്തിൽ മനസ്സിലാക്കാം. 1. പ്രപഞ്ചം: "ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്ത

ണമേ" (17:5). ഇവിടെ ലോകം എന്നത് പ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നു. 2. മനുഷ്യൻ: "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3:16) എന്നു പറയുമ്പോൾ ലോകം മനുഷ്യവംശത്തെ മുഴുവനുമാണ് അർത്ഥമാക്കുന്നത്. 3. അവിശ്വാസികളുടെ ലോകം: ലോകം എന്ന പദം വിശ്വസിക്കാത്ത മനുഷ്യരെ (പാപലോകത്തെ) സൂചിപ്പിക്കുന്നു: "ലോകം നിങ്ങളെ ദ്വേഷിക്കുന്നവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ" (15:18). "അവൻ ലോകത്തിലായിരുന്നു (ലോകം=മനുഷ്യകുലം). ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു (ലോകം=പ്രപഞ്ചം). എങ്കിലും ലോകം അവനെ അറിഞ്ഞില്ല (ലോകം=അവിശ്വാസികളുടെ ലോകം)." (1:10). 'അറിഞ്ഞില്ല' എന്നത് വിശ്വസിക്കാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തിയെ ആഴത്തിൽ അറിയാനുള്ള പരിശ്രമം ഉണ്ടാകും. കൂടുതൽ അറിവ് കൂടുതൽ സ്നേഹത്തിലേക്ക് നയിക്കുന്നു. ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനായി വന്ന ഈശോയിൽ വിശ്വസിക്കാത്തവരും അവിടുന്ന് വെളിപ്പെടുത്തിയ സത്യത്തെക്കുറിച്ചുള്ള അറിവിലേക്ക് വരാത്തവരുമായ മനുഷ്യർ ഈശോയോട് പ്രതികൂലമായി പ്രത്യുത്തരിച്ചവരാണ്.

"അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല" (1:11). പ്രതികൂലമായ പ്രത്യുത്തരത്തിന്റെ മൂന്നാമത്തെ വശം പ്രകടമാകുന്നത് സ്വജനത്തിന്റെ തിരസ്ക്കരണത്തിലൂടെയാണ്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദജനം പഴയ നിയമത്തിലുള്ള ദൈവികവെളിപാടുകൾ സ്വീകരിച്ച ജനമാണ്. ലോകം മുഴുവനും രക്ഷപ്രാപിക്കാനുള്ള ഉപകരണമായി ദൈവം തെരഞ്ഞെടുത്തത് യഹൂദജനതയെയാണ്. ഈശോയും ഒരു യഹൂദനായാണ് ജനിച്ചതും ജീവിച്ചതും. എന്നാൽ, യഹൂദരുടെ ഭാഗത്തുനിന്നും പൊതുവേ പ്രതികൂലമായ പ്രത്യുത്തരമാണ് ഈശോയ്ക്ക് ലഭിച്ചത്. സുവിശേഷത്തിലുടനീളം പ്രത്യേകമായി 5 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങളിൽ യഹൂദരുമായി വാഗ്വാദങ്ങളിൽ ഏർപ്പെടുന്ന ഈശോയെ കാണാം. യഹൂദരുടെ തിരസ്ക്കരണത്തിന്റെ പടിപടിയായുള്ള അവതരണങ്ങളും സുവിശേഷത്തിൽ കാണാം. 1. അന്ധകാരം അവനെ എതിർക്കുന്നു (പൊതു പരാമർശം). 2. പാപലോകം അവനെ എതിർക്കുന്നു (കുറേക്കൂടി വ്യക്തമായ പരാമർശം). 3. അവന്റെ സ്വന്തജനം അവനെ എതിർക്കുന്നു (ഏറ്റം വ്യക്തമായ പരാമർശം). ദൈവത്തിൽനിന്നുള്ള മഹത്ത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അഭിലഷിച്ച യഹൂദർ (12:43) ഈശോയോട് പ്രതികൂലമായാണ് പ്രത്യുത്തരിച്ചത്. ദാനങ്ങളുമായി വന്ന ദൈവികവെളിപാടിന്റെ നേർക്ക് തങ്ങളുടെ ഹൃദയങ്ങളെ കൊട്ടിയടച്ച യഹൂദർക്ക് ഈശോ പ്രദാനം ചെയ്ത ജീവനിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞില്ല.

**അനുകൂലമായ പ്രത്യുത്തരം (1:12-14,16)**

പ്രതികൂലമായ പ്രത്യുത്തരം സ്വജനത്തിൽനിന്നും ഉണ്ടായപ്പോഴും





ഈശോ വെളിപ്പെടുത്തിയ സത്യദൈവത്തെ ഹൃദയപൂർവ്വം സ്വീകരിക്കുവാൻ ഒരു കൂട്ടം ആളുകൾ തയ്യാറായിരുന്നു. പ്രതികൂലമായ പ്രത്യുത്തരത്തിനു സമാന്തരമായി മൂന്നു വിധത്തിലാണ് യോഹന്നാൻശ്ലീഹാ അനുകൂലമായ പ്രത്യുത്തരം അവതരിപ്പിക്കുന്നത്. ഒന്നാമതായി, 'ഈശോ യെ സ്വീകരിച്ചവരും ഈശോയുടെ നാമത്തിൽ വിശ്വസിച്ചവരും' (1:12) എന്നു വിശേഷിപ്പിച്ചുകൊണ്ട് അനുകൂലമായ പ്രത്യുത്തരം നല്കിയവരെ അവതരിപ്പിക്കുന്നു. ഈശോയെ സ്വന്തം ജീവിതത്തിലേക്ക് അവർ സ്വാഗതം ചെയ്തു. രണ്ടാമതായി, ശ്ലീഹന്മാരും ആദിമസഭയും നല്കിയ അനുകൂലമായ പ്രത്യുത്തരം എടുത്തു പറയുന്നു: "അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു" (1:14). "അവന്റെ പൂർണ്ണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു" (1:16) എന്നു പറഞ്ഞുകൊണ്ട് മൂന്നാമത്തെ അനുകൂലമായ പ്രത്യുത്തരം അവതരിപ്പിച്ചിരിക്കുന്നു.

ഈശോയുടെ നാമത്തിൽ വിശ്വസിക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വിശ്വസിക്കുക എന്ന ക്രിയ ഈ സുവിശേഷത്തിൽ 4 തരത്തിൽ ഉപയോഗിക്കുന്നുണ്ട്. ഒന്നാമതായി, മിശിഹായെ വിശ്വസിക്കുക (2:24). ഉദാഹരണത്തിന്, ഈശോ ചെയ്ത അത്ഭുതങ്ങൾ കണ്ട് ജനം ഈശോയുടെ നാമത്തിൽ വിശ്വസിക്കുന്നു. ഇവിടെ ഈശോയും ജനങ്ങളും തമ്മിലുള്ള ബന്ധമൊന്നും വിഷയമല്ല. ഈശോ വിശ്വാസയോഗ്യനാണെന്ന് ജനം അംഗീകരിക്കുന്നു എന്നേയുള്ളു. രണ്ടാമതായി, ഒരാൾ ആരാണെന്ന് വിശ്വസിക്കുക. അതായത്, ഈശോ മിശിഹായാണെന്ന് വിശ്വസിക്കുക (20:30-31). ഈശോ ദൈവത്തിന്റെ പരിശുദ്ധനെന്ന് ജനം വിശ്വസിക്കുന്നുണ്ട് (6:69). ഇവിടെയും ബന്ധം സ്ഥാപിക്കണമെന്നില്ല. കേവലം ബൗദ്ധികമായ ഒരു വിശ്വാസമായി ഇതൊതുങ്ങാം. മൂന്നാമതായി, ഒരാളിൽ വിശ്വസിക്കുക. കാനായിലെ അത്ഭുതം കണ്ട് ശിഷ്യന്മാർ ഈശോയിൽ വിശ്വസിക്കുന്നു. അവസാനമായി, ഒരാളുടെ നാമത്തിൽ വിശ്വസിക്കുക. ഈശോയുടെ നാമത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് ഈശോ എന്ന വ്യക്തിയിൽ വിശ്വസിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

ഇങ്ങനെ വ്യത്യസ്തമായ രീതിയിൽ മനസ്സിലാക്കാമെങ്കിലും 'ഒരാളിൽ വിശ്വസിക്കുക' എന്നത് പുതിയനിയമത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പുതിയനിയമത്തിൽ 45 പ്രാവശ്യം കാണപ്പെടുന്ന ഈ പ്രയോഗം 35 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിലാണ്. 'ൽ' എന്നതിന് ഗ്രീക്കിൽ into എന്ന് അർത്ഥം വരുന്ന 'എയിസ്' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. 'ഈശോയിലേക്കു വിശ്വസിക്കുക' എന്നതാണ് വാച്യാർത്ഥം. ചലനാത്മകവിശ്വാസമാണിവിടെ വിവക്ഷിക്കുന്നത്. മിശിഹായുമായി ഒരു ബന്ധം സ്ഥാപിക്കുന്ന ഒന്നാണിത്. വ്യക്തിപരമായ പ്രതിബദ്ധതയും സമർപ്പണവുമാണ് ഇവിടെ അർത്ഥമാക്കുന്നത്. ഈശോയിൽ വിശ്വസിക്കുന്ന ഒരു വ്യക്തി അവിടുത്തെ വ്യക്തിത്വത്തോട് അനുരൂപപ്പെടുകയും വ്യക്തിപരമായ പ്രതിബദ്ധതയും സമർപ്പണവുംവഴി ഈശോയുടേതായിത്തീരുകയും ചെയ്യുന്നു.

"വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്ത്വം

നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജ ാതന്റേതുമായ മഹത്ത്വം" (1:14). ആമുഖത്തിലെ കേന്ദ്രവാക്യമാണിത്. ഈ വാക്യം മൂന്നു കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട് - 1. ഈശോയുടെ മനുഷ്യാവതാരം, 2. മനുഷ്യനായി അവതരിച്ച വചനത്തിന്റെ സവിശേഷ തകൾ, 3. ശ്ലൈഹികസാക്ഷ്യം. 'വചനം മാംസമായി' എന്നതിലൂടെ മനു ഷ്യന്റെ രൂപം സ്വീകരിച്ച് ഈലോകത്തിലേക്കു വന്ന ദൈവപുത്രനായ ഈശോയുടെ മനുഷ്യാവതാരമാണ് സൂചിപ്പിക്കുന്നത്. പാപമൊഴികെ എല്ലാറ്റിലും മനുഷ്യനോട് തുല്യനായ അവിടുത്തേക്ക് മനുഷ്യന്റേതായ എല്ലാ പ്രത്യേകതകളും ഉണ്ടായിരുന്നു. മാംസം എന്നതിന്റെ ഗ്രീക്കുപദം 'സാർക്സ്' എന്നാണ്. യോഹന്നാൻശ്ലീഹായും പൗലോസ്ശ്ലീഹായും വ്യത്യസ്തർത്ഥങ്ങളിലാണ് ഇതുപയോഗിക്കുന്നത്. വി. പൗലോസ് സാർക്സിനെ നിഷേധാർത്ഥത്തിലാണ് കാണുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ആത്മാവിനെതിരായി യുദ്ധം ചെയ്യുന്ന പാപകരമായ ശരീരത്തെ സൂചിപ്പിക്കുന്നതാണ് മാംസം. അതായത്, മാംസവും ആത്മാവും രണ്ടു വിരുദ്ധ യഥാർത്ഥ്യങ്ങളാണ്. ദൈവമാണ് ആത്മാവ്; മാംസം മാനുഷികമാണ്. വി. പൗലോസിന്റെ വീക്ഷണത്തിൽ അവ വിരു ദ്ധങ്ങളാണെങ്കിൽ യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ മാംസം മനുഷ്യസ്വഭാവത്തെ സൂചിപ്പിക്കുന്നു. ഈശോയുടെ മനുഷ്യാവതാരമാണ് ഇവിടെ വിവക്ഷ.

"വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു". 'നമ്മിൽ വസിച്ചു' എന്നതിന്റെ ഗ്രീക്കുപദമായ 'എസ്കെനോസെൻ' എന്നതിന് കൂടാരം എന്നർത്ഥം വരുന്ന ഹീബ്രുപദമായ 'ഷെക്കിനാഹ്' എന്നതുമായി അർത്ഥ സാമ്യമുണ്ട്. അതായത് 'നമ്മുടെയിടയിൽ വസിച്ചു' എന്നതുകൊണ്ട് ദൈവം മനുഷ്യനോടുകൂടെ തന്റെ കൂടാരമടിച്ചു എന്നാണ് അർത്ഥമാ ക്കുന്നത്. ഇസ്രായേൽക്കാരുടെയിടയിലെ ദൈവികകൂടാരത്തെക്കുറിച്ചുള്ള പരാമർശം ഇതിൽ കാണാം. ദൈവസാന്നിദ്ധ്യം ഇന്ന് നമുക്ക് നല്കുന്ന കൂടാരമാണ് ഈശോ. ദൈവം തന്റെ ജനങ്ങളുടെയിടയിൽ കൂടാരമടിച്ച യാഥാർത്ഥ്യമായിരുന്നു മനുഷ്യാവതാരം.

ചരിത്രത്തിൽ ജീവിച്ച മനുഷ്യനും ദൈവപുത്രനുമായ ഈശോയ്ക്ക് ശിഷ്യന്മാർ സാക്ഷ്യം വഹിച്ചു. ഈശോയുടെ മഹത്ത്വീകരണത്തിന്റെ പൂർണ്ണതയായ പീഡാസഹനമരണോത്ഥാനങ്ങളായിരുന്നു ശ്ലീഹന്മാരുടെ പ്രഘോഷണത്തിന്റെ കാതൽ. ഈശോയുടെ ഉത്ഥാനത്തിലൂടെയാണ് മനുഷ്യവംശത്തിന് പുതുജീവൻ കൈവന്നത്. ഈശോയുടെ പൂർണ്ണത യിൽനിന്ന് നാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചു. പഴയനിയമ ത്തിൽനിന്നും വ്യത്യസ്തമായ കൃപയാണിത്. കാരണം, ദൈവപുത്രൻ തന്നെയാണ് ഇവിടെ കൃപയുടെ ഉറവിടം. തന്റെ ദൈവപുത്രത്വത്തിൽ പങ്കുകാരാക്കിക്കൊണ്ട് ഈ കൃപയുടെ പങ്ക് നമ്മിലേക്കും അവിടുന്ന് പകർന്നു.

ഇവിടെ 'കൃപയ്ക്കുമേൽ കൃപ' എന്ന് വിവർത്തനം ചെയ്തിരിക്കു ന്നത് ഗ്രീക്കിൽ 'കാരിൻ ആന്റി കാരിത്തോസ്' എന്ന പ്രയോഗമാണ്. ഇത് മൂന്നു വിധത്തിൽ മനസ്സിലാക്കാം. 1. 'കൃപയ്ക്കു പകരം കൃപ'. പഴ യനിയമ കൃപയ്ക്കു പകരം പുതിയനിയമ കൃപ എന്നാണ് ഇതിനർത്ഥം.





2. 'കൃപയ്ക്കുമേൽ കൃപ'. ഇതിന്റെ അർത്ഥം സമൃദ്ധിയിൽ കൃപ ലഭിച്ചു എന്നാണ്. 3. 'കൃപയ്ക്ക് അനുസൃതമായ കൃപ'. ഈശോയിൽ ഉണ്ടായി രുന്ന കൃപയ്ക്ക് അനുസൃതമായ കൃപയാണ് ഈശോയിൽ വിശ്വസിച്ച വർക്ക് ലഭിച്ചത് എന്നാണ് ഇതിനർത്ഥം. ഈ മൂന്നു വിധത്തിലും ഈ പ്രസ്താവന ശരിയാണ്. ഈശോയിൽ നമുക്കു ലഭിച്ചത് പുതിയനിയമ കൃപയാണ്. അത് സമൃദ്ധിയായി ലഭിച്ചു. ഈശോയിലുണ്ടായിരുന്ന കൃപ യ്ക്കുസൃതമായ കൃപയാണ് ഈശോയിൽ വിശ്വസിച്ചവർക്ക് ലഭിച്ചത്. മൂന്നാമത്തെ അർത്ഥമായി യോഹന്നാൻ സുവിശേഷകന്റെ കാഴ്ചപ്പാ ടിന് കൂടുതൽ അനുയോജ്യമായുള്ളത്. ഉദാഹരണത്തിന്, ഈശോ ദൈവ പുത്രനായതിനാൽ ഈശോയിൽ വിശ്വസിക്കുന്നവർ ദൈവമക്കളായിത്തീ രുന്നു (1:12). ഈശോയിൽ ജീവന്റെ തികവ് ഉള്ളതിനാൽ ഈശോയിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു (3:36).

**4. അനുകൂലപ്രത്യുത്തരത്തിന്റെ ഫലം (1:12-13)**

ദൈവപുത്രത്വത്തിലുള്ള പങ്കുചേരലാണ് അനുകൂലമായ പ്രത്യുത്ത രത്തിന്റെ ഫലം. ഈശോയിൽ വിശ്വസിച്ചവർക്ക് അവിടുത്തെ സ്വീകരി ച്ചവർക്ക് ദൈവമക്കളാകാനുള്ള അവകാശം അവിടുന്ന് കൊടുത്തു (1:12). "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ച ത്.ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും" (1 യോഹ 3:1). സ്വന്തം പുത്രന്റെ പുത്രത്വത്തിൽ എല്ലാ മനുഷ്യമക്കളും കൂട്ടവകാശികളാവണം എന്ന് പിതാവായ ദൈവം ആഗ്രഹിച്ചു. ഈശോ യിൽ വെളിപ്പെട്ട ദൈവസ്നേഹത്തിൽ വിശ്വസിച്ചവർക്ക് ദൈവമക്കളാ കാനുള്ള കഴിവ് അവിടുന്ന് നല്കി. വിശ്വാസജീവിതത്തിലൂടെയാണ് ദൈവമക്കളാകാനുള്ള കഴിവു നേടുന്നത്. ദൈവവുമായുള്ള സ്നേഹബ ന്ധത്തിന്റെ തീവ്രതയിൽ ജീവിക്കുമ്പോൾ ദൈവമക്കളാകാനുള്ള കഴിവ് ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കും. വെളിപ്പെടുത്തപ്പെട്ട ദൈവ സ്നേഹത്തോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുന്നതുവഴിയാണ് ദൈവി കജീവനിലുള്ള വളർച്ച സാധിക്കുക.

മാംസമായ വചനത്തെ സ്വീകരിച്ച് ക്രിയാത്മകമായി പ്രത്യുത്തരിച്ച വർക്ക് ദൈവം നല്കിയ ഏറ്റവും വലിയ സമ്മാനമാണ് ദൈവപുത്രത്വം. മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളം അവനെ തന്റെ പുത്രത്വം നല്കിയനുഗ്രഹിക്കുക എന്നതാണ്: "കണ്ടാലും! എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു. നാം അങ്ങനെയാണു താനും" (1 യോഹ 3:1). ഈ പുത്രത്വം വെറും ദത്തുപുത്രത്വമല്ല, യഥാർത്ഥത്തിൽ ദൈവപിതാ വിന്റെ ജീവനിൽ പങ്കുചേരുവാൻ നമ്മെ പ്രാപ്തരാക്കുന്ന ജനനത്തിലൂ ടെയുള്ള പുത്രത്വമാണ്. അരൂപിയിലൂടെയുള്ള ജനനത്തിലൂടെയാണ് ഈ പുത്രത്വത്തിലേക്ക് നാം പ്രവേശിപ്പിക്കപ്പെട്ടത്. അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ചവരുടെ സമൂഹമായ സഭ ഒരു കുടുംബമാണ്; ദൈവമക്കളുടെ കുടുംബം. നമുക്കു ലഭിച്ച ദൈവപുത്രത്വവും അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്ന സാഹോദര്യവുമാണ് സഭാജീവിതത്തിന്റെ അന്തസ്സത്ത.

ദൈവപുത്രത്വത്തിൽ വളർച്ചയുണ്ടാകണം. "ദൈവമക്കളാകാൻ കഴിവു

നല്കി" എന്നതു ഈ വളർച്ചയ്ക്കുള്ള സാദ്ധ്യതയെ സൂചിപ്പിക്കുന്നു. ദൈവപിതാവിനോട് മക്കൾക്കടുത്ത ബന്ധത്തിലും പരസ്പരം സാഹോദര്യത്തിലും വളർന്നുകൊണ്ടാണ് ദൈവപുത്രത്വത്തിൽ ഓരോരുത്തരും വളരേണ്ടത്. ഇതിനു ഒരുവനെ സഹായിക്കുന്നത് ദൈവപുത്രനായ മിശിഹായിലുള്ള വിശ്വാസമാണ്.

ദൈവപുത്രത്വം ദൈവത്തിൽനിന്നുള്ള ജനനത്തിന്റെ ഫലമാണെന്നും ഇവിടെ വ്യക്തമാക്കുന്നു. "അവർ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ" (1:13). ഈ വചനത്തിന്റെ ഘടനയെക്കുറിച്ച് ബൈബിൾ പണ്ഡിതരുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങൾ നിലവിലിരിക്കുന്നു. ഇവിടെ, 'അവർ' എന്നത് ബഹുവചനത്തിൽത്തന്നെയാണെങ്കിൽ ദൈവമക്കളെയും ഏകവചനത്തിലാണെങ്കിൽ മിശിഹായെയുമാണ് സൂചിപ്പിക്കുക. ഗ്രീക്കു കൈയ്യെഴുത്തുപ്രതികളിൽ പ്രസ്തുത വാക്ക് ബഹുവചനരൂപത്തിൽതന്നെയാണ്. ഇന്നു സംലഭ്യമായിരിക്കുന്ന ഗ്രീക്കു കൈയ്യെഴുത്തുപ്രതികളെല്ലാം ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടു മുതലോ അതിനു ശേഷമോ ഉള്ളവയാണ്. 'ദൈവമക്കളുടെ ജനനം' യോഹന്നാൻശ്ലീഹായുടെ ലിഖിതങ്ങളിൽ കാണപ്പെടുന്ന ഒന്നായതുകൊണ്ട് മേൽപ്പറഞ്ഞ ബഹുവചനത്തിലുള്ള പ്രസ്താവന ദൈവത്തിൽനിന്നുള്ള ക്രൈസ്തവരുടെ ജനനത്തെ പരാമർശിച്ച് വ്യാഖ്യാനിക്കുന്നതിൽ തെറ്റില്ല. എന്നാൽ ക്രിസ്തുവർഷം 2-ാം നൂറ്റാണ്ടോളം പഴക്കമുള്ള സുറിയാനി, ലത്തീൻ കൈയ്യെഴുത്തുപ്രതികളിൽ ഏകവചനത്തിലാണ് ഇത് കാണുന്നത്. ജറുസലേം ബൈബിളിലും ഏകവചനത്തിലാണ് ഇത് വിവർത്തനം ചെയ്തിരിക്കുന്നത്. പുരാതന കൈയ്യെഴുത്തുപ്രതികളിലെപ്പോലെ ഏകവചനത്തിലുള്ള രൂപം തികച്ചും സ്വീകാര്യമാണ്. ഏകവചനത്തിലാകുമ്പോൾ പ്രസ്തുതവചനം ഈശോയുടെ കന്യകാജനനത്തെക്കുറിച്ചുള്ള പരാമർശമായി കാണാം. ഗ്രീക്കിലെ ഘടനയനുസരിച്ച് ആരുടെ നാമത്തിൽ വിശ്വസിക്കുന്നുവോ അവൻ ജനിച്ചത് രക്തത്തിൽനിന്നല്ല എന്നാണതിന്റെ അർത്ഥം. ഈശോ ജനിച്ചത് രക്തത്തിൽനിന്നല്ല എന്നത് അവിടുത്തെ കന്യകാജനനത്തെയാണ് സൂചിപ്പിക്കുന്നത്. 14-ാം വാക്യത്തിൽ, "അങ്ങനെ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്നാണ് ഗ്രീക്കു മൂലത്തിൽ. അതായത്, പരി. കന്യകാമറിയത്തിൽനിന്നുള്ള ജനനത്തിലൂടെ ദൈവപുത്രനായ ഈശോ മനുഷ്യനായി അവതരിച്ചു.

13-ാം വാക്യത്തിൽ 3 മാനുഷികജനനസാദ്ധ്യതകൾ തള്ളിക്കളയുന്നു: അവൻ ജനിച്ചത്:

-രക്തത്തിൽനിന്നല്ല. ഗ്രീക്കിൽ, 'രക്തങ്ങളിൽ നിന്നല്ല' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത്, സ്ത്രീ-പുരുഷ ബന്ധത്തിൽനിന്നല്ല എന്നു സാരം.

-മാംസത്തിൽനിന്നല്ല. അതായതു മാനുഷിക പ്രകൃതിയുടെ അഭിലാഷത്തിൽനിന്നല്ല.





-പുരുഷന്റെ ഇച്ഛയിൽനിന്നല്ല. പുരുഷന്റെ ഭാഗധേയം ഇവിടെ ഒഴിച്ചു നിർത്തുന്നു. എന്നാൽ സ്ത്രീയുടെ സമ്മതം ഒഴിച്ചുനിർത്തുന്നുമില്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ആനേർ ആന്ത്രോസ്' എന്ന ഗ്രീക്കുവാക്ക് പുരുഷനു മാത്രമേ ഉപയോഗിക്കാറുള്ളു.

"അവർ" എന്നുള്ള ബഹുവചനം സ്വീകരിക്കുന്നതിൽ യാതൊരു വൈഷമ്യവുമില്ല. കന്യകാജനനം ദൈവപുത്രത്വത്തിന്റെ പ്രകാശനമാണ്. എങ്കിൽ ദൈവമക്കളുടെ ജനനവും ദൈവപുത്രത്വത്തിന്റെ പ്രകാശനമാണ്. സ്വീകരിച്ചവർക്കെല്ലാം (ഭൂതകാലം) അവന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം (ഗ്രീക്കുമൂലത്തിൽ ഇവിടെ present participle ആണ് ഉപയോഗിച്ചിരിക്കുന്നത്, അതായത്, വിശ്വസിക്കുന്നവർക്കെല്ലാം-വർത്തമാനകാലം) ദൈവമക്കളാകാൻ ശക്തി നല്കി (ഭാവികാലം). മാമ്മോദീസായുടെ സമയത്തുതന്നെ ദൈവമക്കളാകാനുള്ള ശക്തി നമുക്കു ലഭിച്ചു കഴിഞ്ഞു. ലത്തീൻ പിതാക്കന്മാർ ദൈവപുത്രത്വത്തെക്കുറിച്ച് ഒരു നിശ്ചലവിശദീകരണമാണ് നല്കുന്നത്. "നിങ്ങൾ ഇപ്പോൾ തന്നെ ദൈവത്തിന്റെ മക്കളാണ്. പക്ഷേ, ക്രൈസ്തവജീവിതത്തിലൂടെ ആ ദൈവപുത്രത്വം നിങ്ങൾ പ്രകാശിപ്പിക്കണം. നിങ്ങൾ ആയിരിക്കുന്നത് പ്രകടിപ്പിക്കുക" - ഇതാണ് അവർ ദൈവപുത്രത്വത്തിന് നല്കുന്ന വിശദീകരണം. എന്നാൽ ഗ്രീക്കു പിതാക്കന്മാർ ഇതിന് ഒരു ചലനാത്മക വിശദീകരണം നല്കുന്നു - 'നിങ്ങൾ ആയിരിക്കുന്നത് ആയിത്തീരുക'. അതായത് ഒരു വളർച്ച സംഭവിച്ചേ തീരൂ. ലോകത്തിൽ ജനിച്ചു വീഴുന്ന ഓരോ ശിശുവും പക്വത നേടിയ മനുഷ്യനായി വളരേണ്ടതുണ്ട്. അതുപോലെ മാമ്മോദീസായിൽ ദൈവത്തിൽനിന്നു ജനിച്ചവനും വളർച്ച പ്രാപിക്കേണ്ടതുണ്ട്. ഈ ചലനാത്മകവളർച്ചയെ ത്വരിതപ്പെടുത്തുന്ന ഘടകം വിശ്വാസമാണ്. ദൈവം മനുഷ്യവംശത്തിനു നല്കിയ ഏറ്റവും വലിയ ദാനമായ ദൈവപുത്രത്വം യാന്ത്രികമായ ഒരു യാഥാർത്ഥ്യമല്ല. ദൈവത്തിന്റെ ദാനമായ ദൈവപുത്രത്വം സ്വീകരിച്ചുകൊണ്ട്, വിശ്വാസത്തിന്റെ പ്രത്യുത്തരം നല്കിക്കൊണ്ട് ഈ ദൈവപുത്രാനുഭവത്തിൽ ഓരോ നിമിഷവും വളരാനുള്ള കടമ സഭാമക്കൾക്കുണ്ട്.

### 1:6-8,15, സ്നാപകയോഹന്നാൻ

ആമുഖത്തിൽ സ്നാപകയോഹന്നാനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ആമുഖഗീതം അതിന്റെ മൂലരൂപത്തിൽ യോഹന്നാൻമാംദാനയെക്കുറിച്ചുള്ളതായിരുന്നു എന്നും പിന്നീട് മിശിഹാവിജ്ഞാനീയപരമായി രൂപപ്പെടുത്തിയതാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ മൂലരൂപത്തിൽത്തന്നെ ഇത് മിശിഹായെക്കുറിച്ചുള്ളതായിരിക്കാനാണ് കൂടുതൽ സാധ്യത. മിശിഹായെക്കുറിച്ചാണെങ്കിൽ എന്തുകൊണ്ട് യോഹന്നാൻ മാംദാനയെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നു എന്ന ചോദ്യമുയരാം.

യോഹന്നാൻമാംദാനയെ ഈ ഭാഗത്ത് അവതരിപ്പിക്കുന്നതെന്തുകൊണ്ടാണെന്നറിയണമെങ്കിൽ കെരിഗ്മാറ്റിക് ഘടന എന്താണെന്നു മനസ്സിലാക്കണം. ശ്ലീഹന്മാർ സുവിശേഷം പ്രഘോഷിച്ചു തുടങ്ങിയപ്പോൾ അവരുടെ പ്രഘോഷണത്തിന്റെ ഉള്ളടക്കത്തിന് ഒരു പ്രത്യേക ഘടനയുണ്ടാ

യിരുന്നു. പ്രഘോഷണത്തിനുവേണ്ടിയുള്ള അവരുടെ ഒരുക്കത്തിൽനിന്നും രൂപീകരിച്ച ഒരു പൊതുഘടനയാണിതെന്നു പറയാം. ഈ പ്രഘോഷണഘടന ശ്ലീഹന്മാർ രൂപീകരിച്ചത് പന്തക്കുസ്താക്കു മുമ്പാണ് (നട 1:3). ഈശോ അവരെ 40 ദിവസങ്ങൾ പഠിപ്പിക്കുകയും സുവിശേഷം പ്രഘോഷിക്കാൻ അവർ തയ്യാറെടുക്കുകയും ചെയ്തു. നടപടിയിൽ കാണുന്ന 5 പ്രഭാഷണങ്ങളിലും ഈ ഘടന വ്യക്തമാണ്. എല്ലാ പ്രഭാഷണങ്ങളിലും കാണുന്ന പൊതുഘടകങ്ങൾ ഇവയാണ്: 1. പഴയനിയമ പ്രവചനങ്ങൾ, 2. പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന യോഹന്നാൻമാംദാനയുടെ ശുശ്രൂഷ, 3. ഈശോയുടെ പരസ്യജീവിതം, 4. പീഡാസഹനം, 5. ഉയിർപ്പ്, 6. പന്തക്കുസ്താ, 7. രണ്ടാമത്തെ വരവ്. ഈ കെരിഗ്മാറ്റിക് ഘടനതന്നെ സുവിശേഷത്തിന്റെ ഘടനയായി മാറി. എല്ലാ സുവിശേഷങ്ങളും യോഹന്നാൻ മാംദാനയിലാണ് ആരംഭിക്കുന്നത്. ബാല്യകാലജീവിതവിവരണങ്ങൾ സുവിശേഷ പ്രഘോഷണങ്ങളുടെ ആരംഭത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. വി. മത്തായിയും വി. ലൂക്കായും ബാല്യകാലവിവരണങ്ങൾ കൂട്ടിച്ചേർത്തതാണ്. ഈ കെരിഗ്മാറ്റിക് ഘടന പിന്തുടരാൻവേണ്ടിയാകണം യോഹന്നാൻ മാംദാനയെ ആമുഖഗീതത്തിൽ അവതരിപ്പിച്ചത്.

"ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്" (1:6). രക്ഷാപദ്ധതിയുടെ ഭാഗമായി ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് സ്നാപകയോഹന്നാൻ. ദൈവത്തിന്റെ ഇടപെടൽ മൂലമാണ് സ്നാപകന്റെ അത്ഭുതകരമായ ജനനം സംഭവിച്ചത്. യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള വിവരണത്തിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ചും അദ്ദേഹം ആരായിത്തീരും എന്നതിനെക്കുറിച്ചും വിവരിക്കുന്നുണ്ട്: "കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും... അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും. ഇസ്രായേൽ മക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും" (ലൂക്കാ 1:15-16). ഈശോയ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് സ്നാപകയോഹന്നാൻ അവിടുത്തേയ്ക്ക് വഴിയൊരുക്കി. ഈശോയുടെ വരവിൽ യോഹന്നാന്റെ സ്ഥാനം അതുല്യമാണ്. ഈശോയുടെ ഉത്ഥാനാന്തരം ശ്ലീഹന്മാർ നടത്തിയ സുവിശേഷപ്രഘോഷണങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങൾ സ്നാപകന്റെ ദൗത്യത്തോടെ ആരംഭിക്കുന്നു. 'വെളിച്ച'ത്തിനു സാക്ഷ്യംവഹിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം: "അവൻ സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിനു സാക്ഷ്യം നല്കാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ. അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം നല്കാൻ വന്നവനാണ്" (1:7-8). ലോകത്തിന്റെ അന്ധകാരം നീക്കുവാൻ വന്ന വെളിച്ചമായ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുക എന്ന ദൗത്യം യോഹന്നാൻ വിശ്വസ്തതയോടെ നിറവേറ്റുന്നത് അടയാളങ്ങളുടെ പുസ്തകത്തിന്റെ ആരംഭത്തിൽത്തന്നെ (1:19-34) വ്യക്തമായി പ്രതിപാദിക്കുന്നു.

**വിചിന്തനം: (1:1-2,18)**: പിതാവിന്റെ മടിയിലിക്കുന്ന ഏകജാതനെന്ന നിലയിലാണ് ഈശോ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തിയത്. അവിടുത്തെ നിരന്തരമായ ദൈവൈക്യമാണ് ദൈവത്തെ വെളിപ്പെടുത്തുവാൻ ഈശോയെ പ്രാപ്തനാക്കിയത്. സ്വർഗ്ഗീയ പിതാവിന്റെ മടിയിലിരുന്ന് ആ സ്നേഹം അനുഭവിച്ചറിയുന്നതാണ് പ്രാർത്ഥനാനുഭവം അഥവാ ആബാനുഭവം. പ്രാർത്ഥനാജീവിതത്തിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹം അനുഭവിച്ചവർക്കു മാത്രമേ ഈ സ്നേഹം മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാൻ കഴിയൂ. ക്രിസ്തീയ പ്രാർത്ഥനാനുഭവത്തിന്റെ അന്തസ്സത്ത ആബാനുഭവമാണെന്ന് ഈശോ പഠിപ്പിക്കുന്നു (ലൂക്കാ 11:1-14). പ്രാർത്ഥനാജീവിതത്തിലൂടെ പിതാവായ ദൈവത്തോട് പുത്രസഹജമായ ഐക്യം പുലർത്തിക്കൊണ്ട് ജീവിക്കുവാൻ നമുക്ക് കഴിയണം. അപ്പോൾ ഈശോയെപ്പോലെ പിതാവായ ദൈവത്തെയും ദൈവസ്നേഹത്തെയും ലോകത്തിനു വെളിപ്പെടുത്തുന്ന ജീവിതം നയിക്കുവാൻ നമുക്ക് കഴിയും.





**1:3-4,17**: ദൈവം തന്റെ പുത്രനായ മിശിഹായിലൂടെ മനുഷ്യർക്കു നല്കിയ എറ്റവും വലിയ സമ്മാനം തന്റെ ജീവനാണ് - പിതാവും പുത്രനും പങ്കിട്ടനുഭവിക്കുന്ന ദൈവികജീവൻ. ഈ ജീവൻ മനുഷ്യനു നല്കുവാൻ വേണ്ടിയാണ് ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയച്ചത് (യോഹ 3:16). ഈ ജീവൻ സമൃദ്ധിയായി മനുഷ്യർക്ക് ഉണ്ടാകുവാനാണ് ഈശോ ലോകത്തിലേക്ക് വന്നതും (യോഹ 10:10). ഈ ജീവൻ കാണപ്പെടുമ്പോൾ അതു വെളിച്ചമായിത്തീരുന്നു. ഈ ജീവന്റെ അന്തസത്ത അരൂപിയാണ്: "അരൂപിയാണ് ജീവൻ നല്കുന്നത്" (യോഹ 6:63). 'അരൂപി' അതിൽതന്നെ അദൃശ്യമാണ്. അത് ദൃശ്യമായിത്തീരുന്നത് സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയ അരൂപിയുടെ ഫലങ്ങളിലൂടെയാണ് (ഗലാ 5:22-23). ഈ ഫലങ്ങളാണ് മനുഷ്യന്റെ ജീവിതത്തെ പ്രകാശമാനമാക്കുന്നത്. അതുകൊണ്ടാണ് 'ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു' എന്ന് യോഹന്നാൻശ്ലീഹാ പറയുന്നത്. ജീവനും വെളിച്ചവുമായി വന്ന മിശിഹായുടെ തുടർച്ചയാണ് സഭ. അതുകൊണ്ട് സഭാംഗങ്ങളെന്ന നിലയിൽ നാമും അരൂപിയുടെ ഫലങ്ങൾകൊണ്ടു നിറഞ്ഞ് ലോകത്തിന് ജീവൻ നല്കുന്ന വെളിച്ചമായി മാറണം.

**1:5,9-11,12-14,16**: ഈശോയ്ക്കു മനുഷ്യരിൽനിന്നു ലഭിച്ച പ്രത്യുത്തരങ്ങളാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ ഇന്ന് ഈശോയ്ക്ക് മനുഷ്യരുടെ ഭാഗത്തുനിന്നു ലഭിക്കുന്ന പ്രത്യുത്തരങ്ങൾ വിലയിരുത്തുവാൻ ഈ ഭാഗം പ്രേരകമാകണം.

മിശിഹായുടെ വെളിച്ചം ഇന്നും സഭയിലൂടെയും നന്മ ചെയ്യുന്നവരിലൂടെയും ലോകത്തിൽ പ്രകാശിക്കുന്നുണ്ട്. പക്ഷേ, തിന്മയുടെ ശക്തികൾ ഈ നന്മയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു. എന്നിലും ഞാൻ ജീവിക്കുന്ന സമൂഹത്തിലും തിന്മയുടെ ശക്തികൾ എങ്ങനെയെല്ലാം പ്രവർത്തിക്കുന്നു എന്ന് ചിന്തിക്കുവാൻ ഇത് പ്രേരകമാകണം.

ഈശോ നന്മ പ്രവർത്തിച്ചുകൊണ്ട് കടന്നുപോയെങ്കിലും പലരും അവിടുത്തെ അറിയാതെപോയി. ഇന്ന് മിശിഹായുടെ വെളിച്ചം അറിയാത്ത എത്രയോ പേർ ഈ ലോകത്തിലുണ്ട്? ദൈവത്തിന്റെ ജനമായ യഹൂദ

രുടെ ഇടയിലേക്ക് യഹൂദനായി കടന്നുവന്ന മിശിഹായെ യഹൂദർതന്നെ തിരസ്ക്കരിച്ചു. ഇന്നും ദൈവത്തിന്റെ സ്വന്തം ജനമായ സഭാംഗങ്ങളിൽ പലരും മിശിഹായോട് ശരിയായ പ്രതിബദ്ധത പുലർത്താതെ ജീവിക്കുന്നുണ്ട്.

സ്വജനം മിശിഹായെ തിരസ്ക്കരിച്ചപ്പോൾ വിജാതീയരായിരുന്ന അനേകം പേർ ഈശോയെ സ്വീകരിക്കുകയും അവിടുന്നിൽ വിശ്വസിക്കുകയും ചെയ്തു. യഹൂദമതത്തിൽനിന്നും വ്യത്യസ്തമായി സഭ രൂപംകൊണ്ടതുതന്നെ വിജാതീയർ ഈശോയെ സ്വീകരിച്ചതുകൊണ്ടാണ്. അതേസമയം ക്രൈസ്തവജീവിതം നയിക്കുന്ന സഭാംഗങ്ങളിൽ എത്ര പേർ ഈശോയെ യഥാർത്ഥത്തിൽ ജീവിതത്തിലേക്കു സ്വാഗതം ചെയ്യുകയും ഈശോയോട് വ്യക്തിപരമായ പ്രതിബദ്ധത പുലർത്തുന്ന ജീവിതം നയിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് ചിന്തനീയമാണ്.

മനുഷ്യാവതാരം ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിന്റെ ആഴം വെളിപ്പെടുത്തുന്ന ഒരു മഹാരഹസ്യമാണ്. സാധാരണയായി നാം ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കുന്നത് മനുഷ്യനായി പിറന്നതിനു ശേഷമുള്ള മിശിഹായുടെ ജീവിതത്തിലൂടെയാണ്. എന്നാൽ മനുഷ്യാവതാരം തന്നെ ദൈവത്തിന്റെ വലിയ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. മനുഷ്യനെ കാണാനും കേൾക്കാനും അവനോടൊത്തായിരിക്കാനും അവന്റെ ജീവിതാനുഭവങ്ങളിൽ പങ്കുചേരാനും സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്ന ദൈവത്തിന്റെ വലിയ സ്നേഹമാണ് ഇവിടെ നാം കാണുക. മിശിഹായുടെ ശിഷ്യരായ നാം ഈ സ്നേഹം അറിയുകയും മറ്റുള്ളവരെ അറിയിക്കുകയും ചെയ്യണം. ഇന്ന് മിശിഹായിൽ വിശ്വസിക്കുന്നവരിലൂടെ വേണം ദൈവത്തിന്റെ ഈ സ്നേഹം മനുഷ്യർ അറിയുവാൻ. ക്രിസ്തീയസമൂഹം മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നവരും ആ സ്നേഹം അനുഭവിച്ച് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരുമാകണം. അവരുടെ ജീവിതത്തിലൂടെ ദൈവത്തിന്റെ സ്നേഹം മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുക്കണം. അതിനുതകുന്ന ബോധവൽക്കരണം നേടുവാൻ വിശ്വാസപരിശീലനത്തിലൂടെ നമുക്ക് കഴിയണം. അത് സാദ്ധ്യമാകണമെങ്കിൽ നമ്മുടെ ജീവിതത്തിൽ ദൈവസ്നേഹം മാംസം ധരിക്കണം.

"അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു". മഹത്വത്തിന്റെ ഗ്രീക്കു പദം 'ഡോക്സാ' എന്നും ഹീബ്രുപദം 'കബോദ്' എന്നുമാണ്. ശ്ലീഹന്മാർക്കു ലഭിച്ച ദൈവാനുഭവവും അവർ ഈശോയ്ക്കു നല്കിയ അനുകൂലമായ പ്രത്യുത്തരവുമാണ് ഇവിടെ സൂചിതം. പഴയനിയമത്തിൽ ദൈവത്തിന്റെ മഹത്ത്വം പ്രത്യക്ഷപ്പെടുന്ന വേദികൾ മനുഷ്യന് രക്ഷാകരവേദികളായിരുന്നു. ഈശോയിലും ഈ രക്ഷാകരസാന്നിദ്ധ്യമാണ് മനുഷ്യർക്ക് അനുഭവവേദ്യമായത്. പിതൃപുത്രബന്ധമായിട്ടാണ് ഈ രക്ഷാകരസാന്നിദ്ധ്യം വെളിപ്പെട്ടത്. വചനം മാംസമായ ദൈവപുത്രനിൽ ദൈവപിതാവിന്റെ മഹത്ത്വം പ്രത്യക്ഷമായി. ആ മഹത്ത്വം സവിശേഷതയുള്ളതാണ്. കാരണം, ഈശോയിൽ വെളിപ്പെട്ട മഹത്ത്വം കൃപയും സത്യവും നിറഞ്ഞതാണ്. കൃപയും സത്യവും നിറഞ്ഞ ഈശോയുടെ മഹത്ത്വം ദൈവത്തിന്റെ ഉടമ്പടിസ്നേഹത്തിന്റെയും വിശ്വസ്തതയുടെയും വെളിപ്പെടു





ത്തലാണ്.

ശ്ലീഹന്മാരും അവരോടൊത്ത് ആദിമക്രൈസ്തവരും ഈശോയുടെ യഥാർത്ഥ മഹത്ത്വം മനസ്സിലാക്കിയവരായിരുന്നു. ഇന്നും ഈശോയുടെ യഥാർത്ഥ മഹത്ത്വം മനസ്സിലാക്കി ഈശോയോടൊപ്പം ജീവിക്കുവാൻ ക്രൈസ്തവർക്കു കഴിയണം. ശ്ലീഹന്മാരും ആദിമസഭയും മിശിഹായുടെ മഹത്ത്വം ദർശിക്കുക മാത്രമല്ല, അവിടുത്തെ കൃപയിൽ പങ്കചേരുകയും ചെയ്തു. ഇന്നും മിശിഹായുടെ കൃപയിൽ പങ്കുചേർന്നു ജീവിക്കുവാൻ, സഭയിലൂടെയും സഭയുടെ വചനപ്രഘോഷണത്തിലൂടെയും കൂദാശാപരികർമ്മങ്ങളിലൂടെയും പ്രാർത്ഥനാശുശ്രൂഷകളിലൂടെയും നാം നിരന്തരം ക്ഷണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

**1:12–13:** ഈശോയ്ക്ക് നല്കപ്പെട്ട അനുകൂല പ്രത്യുത്തരത്തിന്റെ ഫലം ദൈവപുത്രത്വവും ദൈവത്തിൽനിന്നുള്ള ജനനവുമാണ്. നമ്മെ ദൈവികജീവനിലേക്ക് ഉയർത്തുവാനാണ് വചനമായ ഈശോ മനുഷ്യനായത്. ഈശോയുടെ മനുഷ്യാവതാരത്തിലും ജനനത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നടന്നത്. ദൈവമക്കളുടെ ജനനവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. മാമ്മോദീസായിലൂടെ ദൈവപുത്രത്വത്തിലേക്ക് അവിടുന്ന് നമ്മെ ജനിപ്പിക്കുകയും ദൈവീകദാനങ്ങളാലും കൃപകളാലും നമ്മെ നിറയ്ക്കുകയും ചെയ്യുന്നു. ദൈവമക്കളുടെ ജീവൻ ദൈവികജീവനാണ്. ദൈവത്തിൽനിന്നുമാണ് അവരുടെ ജനനം. അങ്ങനെ ദൈവവുമായി പിതൃപുത്രബന്ധം സംജാതമാകുന്നു. ലോകം മുഴുവൻ ദൈവത്തിന്റെ പുത്രരായി ഉയർത്തപ്പെടുന്ന അ വസ്ഥയിൽ മനുഷ്യരെല്ലാം സഹോദരങ്ങളാകുന്ന ഒരു ബന്ധം ഉടലെടുക്കും. ഒരേക പിതാവിന്റെ മക്കളായി എല്ലാവരും ഗണിക്കപ്പെടുന്ന ഒരു പുതിയ ലോകത്തിന്റെ നിർമ്മാണത്തിനാ ണ് ഈശോ ഈ ലോകത്തിലേക്ക് വന്നത്. ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമായ ഒരു നവലോകത്തിന് ഈശോയിലുള്ള വിശ്വാസമാണ് അടിസ്ഥാനമാകേണ്ടത്.

ഈ ദൈവമക്കളുടെ കുടുംബമാണ് തിരുസഭ. മിശിഹായിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനോട് ഒന്നായി ത്രിത്വാത്മക കൂട്ടായ്മയിൽ ഒന്നായ കുടുംബമാണ് സഭ. ഈ ദൈവപുത്രാനുഭവത്തിലായിരുന്നുകൊണ്ട് ദൈവത്തെ ആരാധിക്കുന്ന സമൂഹമാണിത്. ദൈവത്തെ ആരാധിക്കുക എന്നതും ദൈവപുത്രാനുഭവത്തിലായിരിക്കുക എന്നതും അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. പഴയനിയമ ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് വിമോചിക്കാൻ മോശയെ നിയോഗിക്കുന്ന ദൈവം വെളിപ്പെടുത്തുന്നതും ഈ ബന്ധമാണ്: "ഇസ്രായേൽ എന്റെ പുത്രനാണ്. എന്റെ ആദ്യജാതൻ... എന്നെ ആരാധിക്കാൻവേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക" (പുറ 4:22–23). ദൈവപുത്രത്വവും അതിലധിഷ്ഠിതമായ സാഹോദര്യവും ജീവിക്കുന്ന ഒരു കുടുംബമാണ് സഭ. ഈ കുടുംബാഘോഷമാണ് പരി. കുർബാനയിൽ ഒന്നുചേരുന്ന സഭാസമൂഹത്തിന്റെ ആരാധന.

**1:6–8,15:** യോഹന്നാൻ സ്നാപകൻ ഈശോയ്ക്കു സാക്ഷ്യം വഹിക്കാനായി ദൈവത്താൽ പ്രത്യേകം നിയോഗിക്കപ്പെട്ടവനായിരുന്നു. ഓരോ

ക്രൈസ്തവനും യോഹന്നാനെപ്പോലെ ഈശോയ്ക്കു സാക്ഷ്യം വഹിക്കാനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനാണ്. ഈ ദൗത്യബോധത്തോടെ ജീവിക്കുവാൻ നമുക്കോരോരുത്തർക്കും കഴിയണം.

## യോഹന്നാൻ 1:19–12:50, അടയാളങ്ങളുടെ പുസ്തകം

ആദ്യഭാഗം (1:19–12:50) അടയാളങ്ങളുടെ പുസ്തകം എന്നറിയപ്പെടുന്നു. ഈശോയുടെ പരസ്യജീവിതമാണ് ഇവിടുത്തെ പ്രതിപാദ്യവിഷയം. അവിടുത്തെ വാക്കുകളും പ്രവൃത്തികളും അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കുന്നതായിരുന്നു. തന്റെ സുവിശേഷത്തിൽ ഏഴ് അടയാളങ്ങളാണ് (അത്ഭുതങ്ങളാണ്) യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രതീകാത്മകമായ ഒരു അവതരണമാണ്. ഏഴ് പൂർണ്ണതയുടെ സംഖ്യയാണ്. ഈശോ പൂർണ്ണതയിൽ പിതാവിനെ വെളിപ്പെടുത്തി എന്നതാണ് ഇതിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. വെളിപാടിന്റെ പൂർണ്ണത ഈശോയിലാണ്. യോഹന്നാൻ ഈശോയുടെ അത്ഭുതങ്ങളെ അടയാളങ്ങൾ എന്നാണ് വിശേഷിപ്പിക്കുന്നത്. അത്ഭുതങ്ങൾ ദൈവത്തിന്റെ ശക്തിയുടെ പ്രകടനങ്ങൾ എന്നതിലുപരി അത് ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളുടെ പ്രതിഫലനങ്ങളാണ് എന്നു സൂചിപ്പിക്കുവാൻ 'അത്ഭുതങ്ങൾ' എന്നർത്ഥം വരുന്ന ഗ്രീക്കു വാക്കിനു പകരം 'അടയാളങ്ങൾ' എന്നർത്ഥം വരുന്ന വാക്കാണ് യോഹന്നാൻശ്ലീഹാ ഉപയോഗിച്ചിരിക്കുന്നത്. അത്ഭുതങ്ങളുടെ പിന്നാലെ പരക്കംപായുന്നതിനു പകരം അടയാളങ്ങളിലൂടെ വെളിവാകുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ വിശ്വസിക്കുന്നതിലേക്ക് ദൈവജനത്തിന്റെ വിശ്വാസം വളരേണ്ടിയിരിക്കുന്നുവെന്ന് ഈശോ പഠിപ്പിക്കുന്നുണ്ട്. അപ്പം വർദ്ധിപ്പിച്ച സംഭവത്തോടനുബന്ധിച്ച് ഈശോ ജനത്തെ ശാസിക്കുന്നത് അടയാളങ്ങളുടെ മൂല്യം കാണാതെ അവർ അത്ഭുതങ്ങളുടെ പിന്നാലെ ഓടിയതിനാലാണ് (6:26). യോഹന്നാന്റെ സുവിശേഷത്തിൽ അത്ഭുതങ്ങളെ ഈശോ വിശേഷിപ്പിക്കുന്നത് 'പ്രവൃത്തികൾ' എന്നാണ്. ഈശോയുടെ അത്ഭുതങ്ങളോരോന്നും ദൈവം തന്റെ പുത്രനിലൂടെ പൂർത്തിയാക്കുന്ന രക്ഷയുടെ വിവിധ വശങ്ങൾ പ്രകടമാക്കുന്നു.

ഈശോയുടെ വെളിപ്പെടുത്തലിന് ലഭിച്ച അനുകൂലവും പ്രതികൂലവുമായ പ്രത്യുത്തരങ്ങളാണ് അടയാളങ്ങളുടെ പുസ്തകത്തിന്റെ മറ്റൊരു പ്രതിപാദ്യവിഷയം. ആദ്യത്തെ നാല് അദ്ധ്യായങ്ങൾ അനുകൂലമായ പ്രത്യുത്തരം അവതരിപ്പിക്കുന്നു. ആദ്യശിഷ്യന്മാർ നല്കുന്ന അനുകൂലമായ പ്രതികരണം ഒന്നാമത്തെ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു. കാനായിലെ അടയാളത്തിന്റെ പശ്ചാത്തലത്തിൽ ഈശോയിൽ വിശ്വസിച്ച ശിഷ്യന്മാരെയും (2:11) ജറുസലെമിലായിരിക്കുമ്പോൾ പെസഹാത്തിരുനാളിന് പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വിശ്വസിച്ച വളരെപ്പേരെയും (2:23) അടുത്ത അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. യഹൂദരുടെ പ്രതിനിധിയായി നിക്കൊദേമോസിന്റെ ഭാഗത്തുനിന്നുമുണ്ടായ അനുകൂലമായ പ്രത്യുത്തരമാണ് മൂന്നാമത്തെ അദ്ധ്യായത്തിലുള്ളത്. വിജാതിയരിൽനിന്നുമുള്ള അനുകൂലമായ പ്രത്യുത്തരം സമറിയാക്കാരുടെയും രാജസേവകന്റെയും കുടുംബത്തിന്റെയും വിശ്വാസത്തിലൂടെ നാലാം അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അഞ്ചു മുതൽ പത്തു വരെയുള്ള അദ്ധ്യായങ്ങളിൽ സ്വന്തജനമായ യഹൂദരിൽനിന്നും ഈശോയ്ക്ക് ലഭിച്ച പ്രതികൂലമായ പ്രത്യുത്തരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ആമുഖത്തിൽ പറഞ്ഞവയുടെ പൂർത്തീകരണമാണ് ഇവിടെ കാണുന്നത് (1:11–12). ഈശോയുടെ മഹത്ത്വീകരണത്തിനുള്ള ഒരുക്കമാണ് 11,12 അദ്ധ്യായങ്ങൾ. ലാസറിനെ ഉയിർപ്പിക്കുന്ന സംഭവമാണ് ഈശോയുടെ പീഡാസഹനമരണോത്ഥാനങ്ങൾക്ക് പെട്ടെന്നുള്ള കാരണമായത്.

### പുനഃസ്ഥാപന പ്രമേയം (മാറ്റിസ്ഥാപിക്കൽ)

'പുനഃസ്ഥാപനം' (മാറ്റിസ്ഥാപിക്കൽ) അടയാളങ്ങളുടെ പുസ്തകത്തിലെ മറ്റൊരു പ്രമേയമാണ്. പഴയനിയമത്തിലെ യഹൂദയാഥാർത്ഥ്യങ്ങൾ പുതിയനിയമത്തിൽ ക്രൈസ്തവയാഥാർത്ഥ്യങ്ങൾക്ക് വഴിമാറുന്നതായാണ് അവതരിപ്പിച്ചിരിക്കുന്നത്. ആമുഖത്തിൽ അത് വ്യക്തമാക്കുന്നുണ്ട്. നിയമത്തിന്റെ സ്ഥാനത്ത് കൃപയും സത്യവും കടന്നുവരുന്നു; മോശയുടെ സ്ഥാനത്ത് ഈശോയും: "എന്തുകൊണ്ടെന്നാൽ നിയമം മോശ വഴി നല്കപ്പെട്ടു. കൃപയും സത്യവുമാകട്ടെ ഈശോമിശിഹാവഴിയുണ്ടായി" (1:17). പഴയനിയമ ദൈവജനത്തിന്റെ ജീവിതത്തിന് ആധാരമായിത്തീർന്നത് മോശ വഴി നല്കപ്പെട്ട നിയമമായിരുന്നെങ്കിൽ പുതിയനിയമദൈവജനത്തിന്റെ ജീവനാധാരമായിത്തീർന്നത് ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട കൃപയും സത്യവുമാണ്.

## യോഹന്നാൻ 2:1–12, കാനായിലെ വിവാഹവിരുന്ന്

എല്ലാ അത്ഭുതങ്ങളും അടയാളങ്ങളാണ്. എല്ലാ അടയാളങ്ങളും ഈശോയുടെ മഹത്ത്വീകരണത്തിന്റെ പ്രകാശനങ്ങളുമാണ്. ഈശോയുടെ പ്രവർത്തനങ്ങളെല്ലാം മഹത്ത്വീകരണത്തെ ലക്ഷ്യംവച്ചുള്ളതാണെന്ന് യോഹന്നാൻശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ദൈവത്തിന്റെ രക്ഷാകരമായ സാന്നിദ്ധ്യമാണ് ഈശോയുടെ പ്രവർത്തനത്തിൽ അനുഭവവേദ്യമാകുന്നത്.

കാനായിൽ വിവാഹവിരുന്നിൽവച്ച് വെള്ളം വീഞ്ഞാക്കിയ അത്ഭുതം പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയുടെ ശക്തി വെളിപ്പെടുത്തുന്ന ഒരത്ഭുതമായിട്ടാണ് പലരും വ്യാഖ്യാനിക്കുന്നത്. എന്നാൽ, കാനായിലെ സംഭവത്തിന് മരിയോളജിക്കലായും കൗദാശികദൈവശാസ്ത്രതലത്തിലുമൊക്കെ (വിവാഹമെന്ന കൂദാശ) സാംഗത്യമുണ്ടെങ്കിലും മിശിഹാവിജ്ഞാനീയപരമായ അർത്ഥമാണ് അടിസ്ഥാനപരം. അതായത്, ഈ അത്ഭുതവും മിശിഹാകേന്ദ്രീകൃതമാണ്. അത് സുവിശേഷകൻ വ്യക്തമാക്കുന്നുമുണ്ട്. തന്റെ മഹത്ത്വം വെളിപ്പെടുത്തുവാൻ ഈശോ പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് കാനായിലെ അത്ഭുതമെന്ന്

അദ്ദേഹം വ്യക്തമായി പറയുന്നു. അത്ഭുതങ്ങളിലൂടെ പ്രകടമാക്കുവാൻ തുടങ്ങിയ തന്റെ മഹത്ത്വം ഈശോ പൂർത്തിയാക്കിയത് പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ്.

**അടയാളങ്ങളുടെ ആരംഭം:** കാനായിൽ വിവാഹവിരുന്നിൽവച്ച് വെള്ളം വീഞ്ഞാക്കിയ അടയാളം മിശിഹാ കേന്ദ്രീകൃതമാണ്. വീഞ്ഞു തീർന്നുപോയി എന്ന് ഈശോയെ അറിയിക്കുന്നത് പരി. അമ്മയാണ്. തദവസരത്തിൽ ഈശോയും മറിയവും തമ്മിൽ നടത്തുന്ന സംഭാഷണത്തിലൂടെ ഈ അത്ഭുതത്തിന്റെ അർത്ഥമെന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. “അവർക്കു വീഞ്ഞില്ല” (2:3) എന്ന് മറിയം ചൂണ്ടിക്കാണിച്ചപ്പോൾ “സ്ത്രീയേ, എനിക്കും നിനക്കും എന്ത്?” എന്ന ഒരു ചോദ്യമാണ് ഈശോയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇത് പലവിധത്തിൽ വ്യാഖ്യാതാക്കൾ വിവർത്തനം ചെയ്യുന്നുണ്ട്. ഏറ്റം അർത്ഥവത്തായ വിധത്തിൽ വ്യാഖ്യാനം ചെയ്യുമ്പോൾ “സ്ത്രീയേ, എനിക്കും നിനക്കും ഇതെന്ത്?” (2:4) എന്നായിരിക്കണം ഇതിന്റെ വിവർത്തനം. ഇതിന് മൂന്ന് അർത്ഥതലങ്ങൾ കണ്ടെത്താം. 1. മറിയത്തിന്റെ അപേക്ഷയെ നിരസിക്കുന്നു – അനുഗ്രഹം നല്കാനുള്ള വിമുഖത. 2. ഇടപെടലിലുള്ള ശാസനം. 3. ഇടപെടലിന്റെ സാംഗത്യത്തെക്കുറിച്ചുള്ള ചോദ്യം. എന്നാൽ, മറ്റുള്ളവരെ എപ്പോഴും സഹായിക്കുന്ന, അവരുടെ ആവശ്യങ്ങൾക്കു മുമ്പിൽ നിഷ്ക്രിയനാവാത്ത ഈശോയുടെ ഭാഗത്തുനിന്നും ആദ്യത്തെ രണ്ടു പ്രതികരണങ്ങളും ഒരിക്കലും ഉണ്ടാകുകയില്ല. അതുകൊണ്ടുതന്നെ, താൻ ചെയ്യാൻ പോകുന്ന അടയാളത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുവാൻ വേണ്ടിയാണ് ഈശോ ഇങ്ങനെയൊരു ചോദ്യമുന്നയിച്ചത്. എല്ലാവരും ആദ്യ അത്ഭുതത്തിന്റെ അർത്ഥം മനസ്സിലാക്കണമെന്ന് ഈശോയ്ക്ക് നിർബന്ധമുണ്ടായിരുന്നു. മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുവാൻവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരിൽ ഒരാളെ പ്പോലെയാകാൻ ഈശോ ശ്രമിച്ചിരുന്നില്ല. “എനിക്കും നിനക്കും ഇതെന്ത്?” എന്ന ചോദ്യത്തിന്റെ വ്യംഗ്യം ‘നമുക്കു രണ്ടുപേർക്കും രക്ഷയിൽ പങ്കുണ്ട്’ എന്നതാണ്.

“എന്റെ സമയം ഇനിയും ആയിട്ടില്ല” എന്നാണ് ഈശോ തുടർന്ന് പറയുന്നത്. ‘സമയം’ എന്നതിന് ഗ്രീക്കുഭാഷയിൽ കലണ്ടർസമയത്തെ, കാലാനുക്രമമായ സമയത്തെ, സൂചിപ്പിക്കുന്ന ‘ക്രോണോസ്’ എന്ന പദമല്ല, മറിച്ച്, ‘കയ്റോസ്’ എന്ന പദമാണ് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത്. ഇത് ലോകത്തിന്റെ സമയമല്ല, ദൈവത്തിന്റെ സമയമാണ്; മഹത്ത്വീകരണത്തിന്റെ സമയമാണ്; കുരിശിൽ പൂർത്തിയാകുന്ന രക്ഷാകരകർമ്മത്തിന്റെ പരമകാഷ്ഠയാണ്. “പിതാവേ, സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തേണമേ” (യോഹ 17:1) എന്നാണ് തന്റെ പീഡാനുഭവത്തിന്റെ മുന്നോടിയായി ഈശോ പ്രാർത്ഥിച്ചത്. ഇതുമായി ബന്ധപ്പെട്ടുമാത്രമേ ആദ്യത്തെ അടയാളത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയൂ എന്ന് ഈശോ ഈ വാക്കുകളിലൂടെ ഓർമ്മിപ്പിക്കുകയാണ്. മറിയത്തിന് ഈശോയുടെ രക്ഷാകർമ്മത്തിലുള്ള ഭാഗഭാഗിത്വമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളിൽ അവിടുത്തോടുചേർന്ന് സഹകരിച്ചവളാണ് മറിയം. കാൽവരിയിൽ പൂർത്തിയാകേണ്ട





രക്ഷണീയകർമ്മങ്ങളുടെ ആരംഭമാണ് കാനായിൽ സംഭവിച്ചത്. അതിനാൽ ഈ അടയാളം ഈശോയ്ക്കും മറിയത്തിനും പ്രാധാന്യമുള്ളതാണ്.

**മറിയം: രണ്ടാം ഹവ്വ:** ഈശോ മറിയത്തെ “സ്ത്രീയേ” എന്നാണ് അഭിസംബോധന ചെയ്യുന്നത്. മനസ്സിലാക്കാൻ വിഷമമുള്ളതും തെറ്റായ വ്യാഖ്യാനത്തിന് വഴിതെളിച്ചിട്ടുള്ളതുമാണ് ഈ സംബോധന. എന്നാൽ ഇത് ഈശോയുടെ അടയാളങ്ങളുടെ ആരംഭമായ ഈ അത്ഭുതത്തിന്റെ പ്രാധാന്യം വെളിവാക്കുന്നു. ഈശോ തന്റെ അമ്മയെ “സ്ത്രീ” എന്ന് സംബോധന ചെയ്യുന്നത് രണ്ടു സ്ഥലങ്ങളിൽ മാത്രമാണ്–തന്റെ മഹത്ത്വം വെളിപ്പെടുത്തുന്ന ആദ്യത്തെ അടയാളമായ കാനായിലും മഹത്ത്വീകരണത്തിന്റെ പൂർത്തീകരണവേളയായ കാൽവരിയിലും . ആദിമാതാവായ ഹവ്വാ മനുഷ്യനെ മരണത്തിലേക്ക് നയിച്ചു. ‘രണ്ടാം ഹവ്വാ’യെന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്ന ദൈവമാതാവായ മറിയം മനുഷ്യവർഗ്ഗത്തിന് ജീവന്റെ മാതാവായി. മനുഷ്യപാപത്തിന് ആദ്യത്തെ ഹവ്വാ ആദ്യത്തെ ആദത്തോട് സഹകരിച്ചതുപോലെ മനുഷ്യന് ജീവൻ നല്കുന്നതിൽ രണ്ടാം ഹവ്വായാകുന്ന മറിയം രണ്ടാം ആദമാകുന്ന ഈശോയോട് സഹകരിക്കുന്നു. പീഡാനുഭവമരണോത്ഥാനങ്ങളിലൂടെ രക്ഷാകരപ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഈശോ കാൽവരിയിലെ കുരിശിൻ ചുവട്ടിലും മറിയത്തെ ‘സ്ത്രീയേ’ എന്ന് സംബോധന ചെയ്യുന്നത് ലോകത്തിനുമുഴുവൻ ‘അമ്മ’യായി, മാതൃകയായി മറിയത്തെ നല്കുന്ന നിമിഷത്തിലാണ് (19:25–27). കാനായിൽ തുടങ്ങി കാൽവരിവരെ നീണ്ട രക്ഷണീയകർമ്മങ്ങളുടെ യാത്രയിൽ മറിയവും ഈശോയെ അടുത്തനുഗമിച്ചു. ആദ്യപാപവും അതിലൂടെ മരണവും ലോകത്തിൽ ആവിർഭവിക്കുവാൻ ആദത്തോടൊപ്പം ഹവ്വായും കാരണമായി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽനിന്ന് ലോകത്തെ രക്ഷിക്കാനായിവന്ന രണ്ടാമാദമായ ഈശോയോടൊപ്പം അവിടുത്തെ അമ്മയുടെ സഹകരണവുമുണ്ടായിരുന്നു.

‘രണ്ടാം ഹവ്വാ’ എന്ന നിലയിലുള്ള മറിയത്തിന്റെ സ്ഥാനം, ഉല്പത്തി പുസ്തകം 3–ാം അദ്ധ്യായത്തിലെയും വെളിപാടുപുസ്തകം 12–ാം അദ്ധ്യായത്തിലെയും സ്ത്രീകളെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. സർപ്പവും സ്ത്രീയും തമ്മിലുള്ള ശത്രുത ഉല്പത്തി പുസ്തകം അവതരിപ്പിക്കുന്നുവെങ്കിൽ (3:15) സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ വിഴുങ്ങുവാൻ കാത്തുനില്ക്കുന്ന സർപ്പത്തിന്റെ ആക്രമണത്തെ അതിജീവിക്കുന്ന കുഞ്ഞിനെയും അതേത്തുടർന്ന് സ്ത്രീ മരുഭൂമിയിലേക്കോടുകയും സർപ്പത്തിന്റെ തുടർന്നുള്ള ആക്രമണത്തിനിരയാവുകയും അതിൽനിന്നും ദൈവം അവളെ സംരക്ഷിക്കുകയും ചെയ്യുന്നസംഭവവുമാണ് വെളിപാടുപുസ്തകം അവതരിപ്പിക്കുന്നത് (12:1–18). ഉല്പത്തി പുസ്തകം ആദ്യത്തെ ഹവ്വാ പ്രതിനിധീകരിക്കുന്ന മനുഷ്യകുലത്തെ ചിത്രീകരിക്കുന്നെങ്കിൽ വെളിപാടുപുസ്തകം രണ്ടാം ഹവ്വായായ മറിയത്തെ യും അവൾ പ്രതിനിധീകരിക്കുന്ന സഭയെയുമാണ് ചിത്രീകരിക്കുന്നത്.

**ശിഷ്യത്വത്തിലുള്ള വളർച്ച (2:11):** ഈശോ തന്റെ മഹത്ത്വം വെളി

പ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് കാനായിലെ അത്ഭുതം എന്നു പറഞ്ഞിട്ട്, "അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" എന്നു കൂട്ടിച്ചേർക്കുമ്പോൾ ഈശോയുടെ മഹത്ത്വം കണ്ടനുഭവിച്ചതിന്റെ ഫലമായി ശിഷ്യത്വത്തിലുണ്ടാകുന്ന വളർച്ചയെയാണ് സൂചിപ്പിക്കുക. ആദ്യശിഷ്യരുടെ വിളി അവതരിപ്പിക്കുന്ന വാക്യങ്ങളിൽ (യോഹ 1:35-51) കാണുന്ന ശിഷ്യത്വത്തിന്റെ പൂർത്തീകരണമാണ് ഇവിടെ നടക്കുക. തന്നെ അനുഗമിച്ച ശിഷ്യർക്ക് ഈശോ നല്കിയ വാഗ്ദാനം ഇവിടെ നിറവേറുകയാണ്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും" (1:51). മനുഷ്യപുത്രനായ ഈശോയോടൊത്തു ജീവിച്ച ശിഷ്യന്മാർക്ക് ഈശോയുടെ മഹത്ത്വം കൂടുതൽ ദർശിക്കുവാനും അതിന്റെ ഫലമായി ഈശോയിലുള്ള വിശ്വാസത്തിൽ വളർന്ന് തങ്ങളുടെ ശിഷ്യത്വത്തെ പൂർത്തീകരിക്കുവാനും സാധിച്ചു.

**വിചിന്തനം:** മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോയോട് സഹകരിച്ചവളെന്ന നിലയിൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമാണ് മറിയത്തിനുള്ളത്. മറിയം പ്രതിനിധീകരിക്കുന്ന സഭയ്ക്കും ക്രിസ്തീയ ജീവിതത്തിൽ അതുപോലെതന്നെ അതുല്യമായ സ്ഥാനമാണുള്ളത്. പരി. കന്യകാമറിയത്തെക്കൂടാതെ ഒരു യഥാർത്ഥ ക്രൈസ്തവജീവിതമില്ല. അതുപോലെതന്നെ സഭാത്മകമല്ലാത്ത ഒരു ക്രൈസ്തവജീവിതവുമില്ല. പരി. മാതാവിനോടുള്ള ഭക്തിയും സഭാത്മകജീവിതവും ക്രൈസ്തവജീവിതത്തിന്റെ അവശ്യഘടകങ്ങളാണ്.

ഇന്ന് ഈശോയോടൊത്ത് ജീവിക്കാൻ നമുക്കു കഴിയുന്നത് സഭയിലൂടെയാണ്. സഭ മിശിഹായുടെ ശരീരമാണല്ലോ. അരൂപിയായ മിശിഹായെ ഇന്ന് നമുക്കു കാണാനും കേൾക്കാനും അനുഭവിക്കാനും സാധിക്കുന്നത് സഭയിലൂടെയാണ്. അതുകൊണ്ട് സഭയുടെ വചനശുശ്രൂഷയിലും അപ്പംമുറിയ്ക്കൽ ശുശ്രൂഷയിലും കൂട്ടായ്മാജീവിതത്തിലും പ്രാർത്ഥനയിലുമൊക്കെ സജീവമായി പങ്കുചേർന്നുകൊണ്ടാണ് ഇന്ന് നമുക്ക് ഈശോയോടൊത്ത് ജീവിക്കുവാനും ഈശോയുടെ മഹത്ത്വം ദർശിക്കുവാനും അവിടുത്തെ ശിഷ്യത്വത്തിൽ വളരാനും സാധിക്കുന്നത്.

## യോഹന്നാൻ 2:13-22, ദൈവാലയ ശുദ്ധീകരണം

പെസഹാതിരുനാൾ അടുത്തിരുന്ന സന്ദർഭത്തിൽ ഈശോ ജറുസലേമിലേക്കു പോകുകയും ജറുസലേം ദൈവാലയം ശുദ്ധീകരിക്കുകയും തന്റെ ശരീരമാകുന്ന ദൈവാലയത്തെപ്പറ്റി പ്രഖ്യാപിക്കുകയും ചെയ്യുന്ന വചനഭാഗമാണിത് (2:15). ശുദ്ധീകരണകർമ്മത്തിൽ ഈശോ തന്റെ പ്രവാചകദൗത്യമാണ് നിർഹിക്കുന്നത്. കാരണം അനുഷ്ഠാനങ്ങളുടെ ശുദ്ധീകരണം പ്രവാചകരുടെ ദൗത്യമാണ്. പഴയനിയമപ്രവാചകരുടെ സ്വഭാവസവിശേഷതകളോടെ ജറുസലേം ദൈവാലയം ശുദ്ധീകരിക്കുന്ന വലിയ പ്രവാചകനായാണ് ഈശോ പ്രത്യക്ഷപ്പെടുന്നത്. പഴയനിയമ ജനതയുടെ ചരിത്രത്തിൽ പ്രവാചകന്മാരുടെ കടന്നുവരവ് ശ്രദ്ധാർഹമാണ്. ദൈവത്തിനർപ്പിക്കുന്ന ബലികളും കാഴ്ചകളും ബാഹ്യതലത്തിൽ മാത്രം തങ്ങിനിന്ന് ആന്തരിക വിശുദ്ധിക്ക് മങ്ങലേൽക്കുന്ന അവസരത്തിൽ പ്രവാചകരിലൂടെ ദൈവം സ്വന്തജനത്തോട് സംസാരിച്ചിരുന്നു. ബാഹ്യവസ്തുക്കളിലല്ല ഹൃദയപരിശുദ്ധിയിൽ ശ്രദ്ധവയ്ക്കുവാൻ ദൈവം തന്റെ ജനത്തെ ഉദ്ബോധിപ്പിച്ചു. ആരാധനയെ ശുദ്ധീകരിക്കുക എന്നത് പ്രവാചകധർമ്മമായി പഴയനിയമത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ബലിയർപ്പണം ദൈവത്തിന് സ്വീകാര്യമല്ലാതാക്കിയ അധാർമ്മികജീവിതത്തെ വിമർശിക്കുകയും അതിൽനിന്നും ശുദ്ധീകരിക്കപ്പെട്ട് ദൈവത്തിനു പ്രീതികരമായി ബലിയർപ്പിക്കുവാൻ നിരന്തരം ആഹ്വാനം ചെയ്യുകയും ചെയ്യുന്നവരായിരുന്നു പ്രവാചകർ (ഏശ 1:11-17). പ്രവാചകവ്യക്തിത്വമുള്ള മിശിഹായുടെ വരവിനെക്കുറിച്ച് മലാക്കി പ്രവാചകൻ പ്രവചിക്കുന്നതും ഈ രീതിയിലാണ്: "നിങ്ങൾ തേടുന്ന കർത്താവ് ഉടൻതന്നെ തന്റെ ആലയത്തിലേക്കു വരും... വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നവനെപ്പോലെ അവൻ ഉപവിഷ്ടനാകും. ലേവീപുത്രന്മാർ യുക്തമായ ബലികൾ കർത്താവിന് അർപ്പിക്കുന്നതിനുവേണ്ടി അവിടുന്ന് അവരെ സ്വർണ്ണവും വെള്ളിയുമെന്നതുപോലെ ശുദ്ധീകരിക്കും" (മലാ 3:1-4).

ഇവിടെ, ദൈവപുത്രനാണ് ദൈവാരാധനയെയും ദൈവാലയത്തെത്തന്നെയും ശുദ്ധീകരിക്കുന്നവനായി കടന്നുവരുന്നത്. ജറുസലേം ദൈവാലയത്തോടനുബന്ധിച്ച് ബലിവസ്തുക്കളുടെ വില്പനയിലും നാണയമാറ്റത്തിലും നടന്നിരുന്ന അനീതിയോടുള്ള പ്രതികരണമാണ് ഈശോയിലുണ്ടായത്. പഴയനിയമ പ്രവാചകരുടെ പ്രതിഷേധം ഈശോയുടെ പ്രതികരണത്തിലും കാണാം. "എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ?" (7:11) എന്ന് ജറെമിയാപ്രവാചകനിലൂടെ ദൈവം ചോദിക്കുന്നു. സഖറിയാപ്രാവാചകനിലൂടെ ദൈവത്തിന്റെ ആലയം കച്ചവടസ്ഥലമാക്കുന്നതിനെതിരേ അവിടുന്ന് താക്കീത് നല്കുന്നുണ്ട് (സഖ 14:21). ഇവിടെ ഈശോയും ദൈവാലയമഹത്ത്വത്തെ എടുത്ത് കാണിക്കുന്നു. യാഥാർത്ഥ ആരാധന നടക്കേണ്ട പിതാവിന്റെ ആലയത്തിൽ അതിന് വിപരീതമായി നടക്കുന്ന പ്രവർത്തനങ്ങളെ അകറ്റി ശുദ്ധീകരിക്കുകയാണ് ഈശോ ചെയ്യുന്നത്.

**ഈശോയുടെ കോപം:** ശാന്തശീലനും വിനീതഹൃദയനുമായ ഈശോയുടെ ജീവിതത്തിൽ ദൈവാലയശുദ്ധീകരണം ഒരു ഒറ്റപ്പെട്ട സംഭവമായും ഈശോയുടെ സ്വഭാവത്തിനു ചേരാത്ത ഒന്നായും ചിലർ ചിത്രീകരിക്കുന്നുണ്ട്. എന്നാൽ ഈശോയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ സ്നേഹത്തിന്റെ ഒരു വശമായ ദൈവകോപമാണ് ഈ രംഗം വെളിച്ചത്തുകൊണ്ടുവരുന്നത് (3:36). തന്റെ പരിശുദ്ധിക്ക് ചേരാത്ത പാപത്തിന്റെയും തിന്മയുടെയും മുമ്പിലുള്ള ദൈവത്തിന്റെ നിലപാട് ഇതിൽ വെളിപ്പെടുകയാണ്. ദൈവത്തിന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തുന്നതിന് തടസ്സം സൃഷ്ടിക്കത്തക്കവിധം ഈശോയുടെ സ്നേഹത്തെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഈശോ കോപിച്ചിട്ടുള്ള മറ്റു സന്ദർഭങ്ങ

ളുമുണ്ട്. സാബത്തിൽ രോഗശാന്തി നല്കിയ സന്ദർഭത്തിൽ യഹൂദരുടെ തെറ്റായ നിലപാടിലുള്ള ഈശോയുടെ പ്രതികരണം മർക്കോസ് സുവിശേഷകൻ ഇങ്ങനെ വിവരിക്കുന്നു: “അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ച് അവരെ കോപത്തോടെ നോക്കിക്കൊണ്ട് ഈശോ അവരോടു പറഞ്ഞു” (3:5).

**ഈശോ പുതിയ ദൈവാലയം:** മൂന്നു ദിവസംകൊണ്ട് പുനരുദ്ധരിക്കുന്ന ദൈവാലയം ഈശോയുടെ ശരീരമാണ് അഥവാ ഉത്ഥിതനായ ഈശോ തന്നെയാണ്. ഇത് ശിഷ്യന്മാർ മനസ്സിലാക്കിയത് ഈശോയുടെ ഉത്ഥാനത്തിനു ശേഷമാണ്: “അവൻ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തപ്പോൾ അവൻ ഇത് പറഞ്ഞിരുന്നുവെന്ന് അവന്റെ ശിഷ്യന്മാർ ഓർമ്മിക്കുകയും വിശുദ്ധലിഖിതങ്ങളും ഈശോ അരുളിച്ചെയ്ത വചനവും വിശ്വസിക്കുകയും ചെയ്തു” (2:22). ഉത്ഥിതനായ മിശിഹായിലൂടെയും മിശിഹായോടൊത്തുമാണ് യഥാർത്ഥ ആരാധന നടക്കേണ്ടത്.

പുതിയ ദൈവാലയമായ മിശിഹായിൽ കേന്ദ്രീകൃതമായ ക്രിസ്തീയജീവിതത്തിന് മൂന്നു മാനങ്ങൾ ഉള്ളതായി പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നുണ്ട്: 1. സഭയാകുന്ന ദൈവാലയം, 2. ക്രൈസ്തവനാകുന്ന ദൈവാലയം, 3. സ്വർഗ്ഗീയസഭയാകുന്ന ദൈവാലയം. ഉത്ഥിതനായ മിശിഹായുടെ ശരീരമാണ് സഭ, അതുകൊണ്ട് പുതിയ ദൈവാലയമായ മിശിഹായുടെ ശരീരം പ്രായോഗികമായും ദൃശ്യമായും യാഥാർത്ഥ്യമാകുന്നത് സഭയിലാണ്. പുതിയ ദൈവാലയമായ മിശിഹായുടെ ആത്മാവ് ഓരോ ക്രൈസ്തവനിലും വസിക്കുന്നതുകൊണ്ട് ഓരോ ക്രൈസ്തവനും ഒരു ദൈവാലയമാണ്. ഉത്ഥിതനായ മിശിഹാ തന്റെ മഹത്ത്വീകരണത്തിലൂടെയാണ് ദൈവാലയമായിത്തീരുന്നത്. അതുകൊണ്ട് ആത്യന്തികമായി മിശിഹായുടെ ശരീരമാകുന്ന ആലയം സ്വർഗ്ഗം തന്നെയാണ്. ഓരോ ക്രൈസ്തവനും, സഭ മുഴുവനായും മിശിഹായോടൊത്ത് മഹത്ത്വീകരിക്കപ്പെടുമ്പോൾ സ്വർഗ്ഗം ദൈവാലയമായി മാറുന്നു.

**വിചിന്തനം:** ദൈവാലയത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുവാനുള്ള തീക്ഷ്ണത ഒരോ ക്രൈസ്തവനും ഉണ്ടാകണം. ദൈവാലയ പരിശുദ്ധിക്കു ചേരാത്തതൊന്നും സംഭവിക്കാതിരിക്കാൻ ആരാധകർ ശ്രദ്ധിക്കണം. ദൈവത്തിന് ബലിയർപ്പിക്കുന്ന സമൂഹം ദൈവഹിതമനുസരിച്ച് ജീവിക്കുന്ന ഒരു സമൂഹമായിരിക്കണം. അതുപോലെതന്നെ, ദൈവാലയത്തോട് ബന്ധപ്പെട്ടു നടത്തുന്ന എല്ലാ ശുശ്രൂഷകളിലും കർമ്മങ്ങളിലും കച്ചവടമനോഭാവത്തിന്റെയോ ഭൗതിക താല്പര്യങ്ങളുടെയോ സ്വാധീനം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ദൈവാലയത്തിൽ കടന്നു വരുന്ന എല്ലാവർ ക്കും പ്രാർത്ഥനയ്ക്കു സഹായകമാകത്തക്കവിധം ദൈവാലയവും പരിസരവും കാത്തു സൂക്ഷിക്കുകയും വേണം.

ദൈവാലയത്തിന്റെ പരിശുദ്ധിയ്ക്കെതിരായി പ്രവർത്തിച്ചവരോട് ഈശോ കോപത്തോടെ പ്രതികരിച്ചു. ഈശോയുടെ കോപത്തിലും ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖം കാണുവാൻ നമുക്കു കഴിയണം. ഒരു നല്ല പിതാവ് സ്വപുത്രനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ ദൈവം തന്റെ സ്വന്തജനത്തെ ശിക്ഷണത്തിലൂടെ വളർത്തുന്നു എന്ന സത്യമാണ്





ഇവിടെ വ്യക്തമാകുന്നത്. നല്ല ശിക്ഷണത്തിൽ കോപത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും സ്ഥാനമുണ്ട്. കോപം വെറും വൈകാരിക പ്രതികരണമോ പ്രതികാര മനോഭാവം ഉൾക്കൊള്ളുന്നതോ ആകുമ്പോഴാണ് അത് തിന്മയാകുന്നത്.

ഇന്നു നാം ദൈവത്തെ ആരാധിക്കുന്ന ഏറ്റവും വലിയ വേദി പരി. കുർബാനയാണ്. ഉത്ഥിതനായ മിശിഹായുടെ ശരീരരക്തങ്ങളാണ് പരി. കുർബാനയിൽ പരികർമ്മം ചെയ്യപ്പെടുന്നത്. മിശിഹായുടെ പീഡാനുഭവം, മരണം ഉത്ഥാനം എന്നിവയാണ് പരി. കുർബാനയിൽ നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. മിശിഹായുടെ ശരീരരക്തങ്ങളാണ് നാം ഈ ബലിയർപ്പണത്തിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്. അങ്ങനെ ഉത്ഥിതനായ മിശിഹാ നമ്മുടെ ദൈവാരാധനയുടെ കേന്ദ്രമായി തീർന്നിരിക്കുന്നു. അതുകൊണ്ട് അവിടുന്ന് നമ്മുടെ ദൈവാലയവുമാണ്.

**മാറ്റിസ്ഥാപിക്കൽ:** രണ്ടാം അദ്ധ്യായത്തിലെ ഈ രണ്ടു സംഭവങ്ങളിലും മാറ്റിസ്ഥാപിക്കൽ നടക്കുന്നതായി കാണാം. വിവാഹവിരുന്നിന്റെ പശ്ചാത്തലത്തിൽ അടയാളങ്ങളുടെ ആരംഭമായ കാനായിലെ സംഭവം വിവരിക്കുന്നത് പ്രതീകാത്മകമാണ്. വിവാഹം ഉടമ്പടിബന്ധം ഉൾക്കൊള്ളുന്നതാണ്. പഴയനിയമത്തിൽ ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിബന്ധത്തെ വിശദീകരിക്കാൻ വിവാഹബന്ധത്തിന്റെ അടയാളം ഉപയോഗിച്ചിരുന്നു (ഏശ 54:1–8; 62:4–5). പുതിയ ഇസ്രായേലായ സഭയും ഈശോയും തമ്മിലുള്ള ഉടമ്പടിബന്ധത്തിന്റെ സൂചന ഇവിടെ കണ്ടെത്താം. ഈശോയും സഭയുമായുള്ള ബന്ധത്തെ വിവാഹബന്ധത്തിന്റെ പശ്ചാത്തലത്തിൽ പൗലോസ്ശ്ലീഹാ വിവരിക്കുന്നുണ്ട് (എഫേ 5:25–29). പഴയ ഉടമ്പടിയുടെ സ്ഥാനത്ത് പുതിയ ഉടമ്പടി സ്ഥാപിക്കാൻ പോകുന്നു എന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്.

യഹൂദരുടെ ശുദ്ധീകരണകർമ്മത്തിന് ഉപയോഗിച്ചിരുന്ന കൽഭരണികളിൽ നിറച്ചിരുന്ന വെള്ളമാണ് ഈശോ വീഞ്ഞാക്കി മാറ്റിയത് (2:6). യഹൂദഭരണികളിൽ നിറച്ചിരുന്ന വെള്ളത്തെ വീഞ്ഞാക്കിമാറ്റിയതിലൂടെ പഴയനിയമയാഥാർത്ഥ്യങ്ങൾ പുതിയനിയമയാഥാർത്ഥ്യങ്ങളാൽ മാറ്റിസ്ഥാപിക്കപ്പെടുകയാണെന്ന സൂചന നല്കുന്നു. “ആരും പുതിയവീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കാറില്ല. അങ്ങനെ ചെയ്താൽ തോൽക്കുടങ്ങൾ പിളരുകയും വീഞ്ഞും തോൽക്കുടങ്ങളും നഷ്ടപ്പെടുകയും ചെയ്യും. പുതിയ വീഞ്ഞിന് പുതിയ തോൽക്കുടങ്ങൾ വേണം” (മർക്കോ 2:22) എന്ന് പാരമ്പര്യത്തെക്കുറിച്ചുള്ള പ്രബോധനത്തിൽ ഈശോ പറയുന്നുണ്ട്. പഴയനിയമവ്യവസ്ഥിതി അവസാനിച്ച് പുതിയനിയമവ്യവസ്ഥിതി സംജാതമാകേണ്ടതിന്റെ ആവശ്യകതെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ഈശോയുടെ ശിഷ്യർ പുതിയ പാരമ്പര്യത്തിന്റെ അവകാശികളാണ്. അവരെ പഴയ പാരമ്പര്യത്തിലേക്ക് ചേർക്കാനാവില്ല.

ഭരണികളിൽ വക്കോളം നിറച്ച വെള്ളമാണ് ഈശോ വീഞ്ഞാക്കി മാറ്റിയത്. ഈശോയിൽ നമുക്കു ലഭിച്ച ദൈവത്തിന്റെ കൃപയുടെയും

സത്യത്തിന്റെയും നിറവ് അഥവാ ജീവന്റെ സമൃദ്ധിയാണ് ഈ അത്ഭുതം സൂചിപ്പിക്കുന്നത്. സമൃദ്ധിയിൽ നല്കുന്ന വീഞ്ഞ് പഴയനിയമത്തിന്റെ അന്ത്യാത്മകസന്തോഷത്തെയും (ആമോസ് 9:13-14; ഹോസിയ 14:7) ലോകത്തിന്റെ രക്ഷയ്ക്കായി അഭിഷിക്തനായ മിശിഹാ നല്കുന്ന രക്ഷയുടെ ദാനത്തെയും (മർക്കോ 2:22 ?) സൂചിപ്പിക്കുന്നു. "അവർക്കു വീഞ്ഞില്ല" എന്ന മറിയത്തിന്റെ വാക്കുകൾ യഹൂദമതത്തിന്റെ ശോച്യാവസ്ഥയെ സൂചിപ്പിക്കുന്നുവെങ്കിൽ, "നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ" എന്ന കലവറക്കാരന്റെ വാക്കുകൾ ഈശോ നല്കുന്ന ജീവന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു.

ദൈവാലയശുദ്ധീകരണത്തിലും പുനഃസ്ഥാപനം നടക്കുന്നുണ്ട്. ദൈവാലയം ശുദ്ധീകരിക്കാനുള്ള ഈശോയുടെ അധികാരത്തെ യഹൂദർ ചോദ്യം ചെയ്യുമ്പോൾ "നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്നുദിവസത്തിനകം ഞാൻ അത് പുനരുദ്ധരിക്കും" (2:19) എന്ന മറുപടിയാണ് ഈശോ നല്കുന്നത്. കല്ലുകളാൽ നിർമ്മിതമായ ദൈവാലയത്തിനു പകരം തന്റെ ശരീരമാണ് പുതിയ ദൈവാലയം എന്ന് ഈശോ ഇവിടെ പ്രഖ്യാപിക്കുകയാണ് (2:21). ഈശോ മാറ്റിസ്ഥാപിക്കുന്ന ഏറ്റം അടിസ്ഥാനപരമായ ഒരു യാഥാർത്ഥ്യമാണ് ദൈവാലയവും ആരാധനയും. ആരാധനാസ്ഥലത്തെപ്പറ്റി യഹൂദരുടെയിടയിലുണ്ടായിരുന്ന തർക്കം സമരിയാക്കാരി ഉന്നയിച്ചപ്പോൾ, യഹൂദർ ജറുസലേം ദേവാലയത്തിൽ നടത്തുന്ന ആരാധനയുടെയും വിജാതീയർ മലയിൽ നടത്തുന്ന ആരാധനയുടെയും സ്ഥാന ത്ത് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയെ ഈശോ എടുത്തുകാട്ടുന്നു (4:23). ഇത് മറ്റൊരു പുനഃസ്ഥാപനമാണ്. ദൈവാലയം ആരാധനയുടെ കേന്ദ്രമാണ്. ജറുസലേം ദൈ വാലയത്തിന്റെ നാശം ആ ദൈവാലയകേന്ദ്രീ കൃതമായി ആരാധനാജീവിതം നയിച്ചിരുന്ന ഇസ്രായേൽജനതയുടെ നാശമാണ്, പഴയനിയമ ആരാധനവ്യവസ്ഥിതിയുടെ അന്ത്യമാണ്. ജറുസലേം ദൈവാലയം കേന്ദ്രമാക്കി നടത്തിയിരുന്ന ആരാധന ഈശോയിൽ കേന്ദ്രീകൃതമായ ആരാധനയാൽ മാറ്റിസ്ഥാപിക്കപ്പെടുന്നു. അതുകൊണ്ടാണ് ജറുസലേം ദൈവാലയത്തിന്റെ സ്ഥാനത്ത് താൻ മറ്റൊരു ദൈവാലയം പണിതുയർത്തുമെന്ന് ഈശോ പറഞ്ഞത്. ഉത്ഥിതനായ മിശിഹായിൽ രൂപംകൊള്ളുന്ന പുതിയ ആരാധനവ്യവസ്ഥിതിയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ ആരാധനയെപ്പറ്റിയാണ് ഈശോ സമരിയാക്കാരിയോട് പറഞ്ഞത്. പരിശുദ്ധാത്മാവിൽ പുത്രനിലൂടെ പിതാവിനെ ആരാധിക്കുന്ന ത്രിത്വാത്മകവും, മിശിഹായുടെ ശരീരമെന്ന നിലയിൽ സഭാത്മകവുമായ ഈ പുതിയനിയമ ആരാധനവ്യവസ്ഥിതിയാണ് ഈശോ പണിയുന്ന പുതിയ ദൈവാലയം.

## യോഹന്നാൻ 2:23-3:21, ഈശോയും നിക്കൊദേമോസും

ദൈവത്തെ ലോകത്തിന് വെളിപ്പെടുത്താൻ വന്ന ഈശോമിശിഹായ്ക്ക് അനുകൂലവും പ്രതികൂലവുമായ പ്രത്യുത്തരങ്ങൾ ലഭിച്ചു. അനുകൂലമായ പ്രത്യുത്തരം ലഭിച്ചതിന്റെ വിവരണത്തിൽ സുവിശേഷകൻ





യഹൂദനായ നിക്കൊദേമോസിനെ അവതരിപ്പിക്കുന്നു. വിശ്വാസം സ്വീകരിച്ച യഹൂദരുടെ പ്രതിനിധിയായാണ് അദ്ദേഹത്തെ അവതരിപ്പിക്കുന്നത്. യോഹന്നാൻ സുവിശേഷകൻ മൂന്നിടങ്ങളിലാണ് നിക്കൊദേമോസിനെക്കുറിച്ച് പ്രതിപാദിക്കുന്നത്: രാത്രിയിൽ ഈശോയെ അന്വേഷിച്ച് വരുന്നവനായും (3-ാം അദ്ധ്യായം), യഹൂദപ്രമാണികളുടെ മദ്ധ്യേ ഈശോയ്ക്കുവേണ്ടി വാദിക്കുന്നവനായും (7:50), ഈശോയുടെ മൃതസംസ്ക്കാരവേളയിൽ ഇടപെടുന്നവനായും (19:39). വിശ്വാസത്തിൽ പടിപടിയായ വളർച്ച നേടുന്നവനായിട്ടാണ് നിക്കദോമോസിനെ അവതരിപ്പിക്കുന്നത്. നിക്കൊദേമോസുമായുള്ള സംഭാഷണത്തിൽ വിശ്വാസത്തിന്റെ യഥാർത്ഥ സ്വഭാവം എന്താണെന്ന് ഈശോ വ്യക്തമാക്കുന്നു.

മൂന്നാം അദ്ധ്യായത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം: 1. അപൂർണ്ണമായ വിശ്വാസം (2:23-3:2), 2. വിശ്വാസത്തിന്റെ വ്യവസ്ഥ (3:3-10), 3. വിശ്വാസത്തിന്റെ ഉള്ളടക്കം (3:11-21).

## യോഹന്നാൻ 2:23-3:2, അപൂർണ്ണമായ വിശ്വാസം

അടയാളങ്ങൾ കണ്ടതുകൊണ്ടാണ് നിക്കൊദേമോസ് ഈശോയിൽ വിശ്വസിക്കുന്നത് (3:2). അടയാളങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസം ബൗദ്ധികം മാത്രമാണ്. അത് അതിൽത്തന്നെ അപൂർണ്ണമാണ്. വെറും ബൗദ്ധികതലത്തിലുള്ള ഈ വിശ്വാസം ഈശോ അംഗീകരിക്കുന്നില്ല. രണ്ടാം അദ്ധ്യായത്തിലെ അവസാനവാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്: "പെസഹാ തിരുനാളിന് അവൻ ജറുസലേമിൽ ആയിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ അവന്റെ നാമത്തിൽ വിശ്വസിച്ചു. ഈശോയാകട്ടെ, അവരെ വിശ്വസിച്ചില്ല" (2:23-24). വെറും ബൗദ്ധികതലത്തിലുള്ള വിശ്വാസം യഥാർത്ഥവിശ്വാസമല്ല.

രണ്ടാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് ഈശോയിൽ വിശ്വസിച്ച അനേകരെ കാണുന്നുണ്ട്. നിക്കൊദേമോസ് അവരിലൊരാളാണ്. നിക്കൊദേമോസ് ഈശോയെ തേടിയെത്തുന്നത് രാത്രിയിലാണ്. 'രാത്രി' അല്ലെങ്കിൽ 'ഇരുട്ട്' എന്ന പ്രയോഗം യോഹന്നാൻ സുവിശേഷകൻ പ്രതീകാത്മകമായി ഉപയോഗിക്കുന്നതാണ്. രാത്രി അപൂർണ്ണമായ, ബൗദ്ധികമായ വിശ്വാസത്തെ അല്ലെങ്കിൽ തിന്മയുടെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. ഈശോയെ ഒറ്റിക്കൊടുത്ത യൂദാസിനെക്കുറിച്ച് പറയുമ്പോൾ ഈ പ്രയോഗം നടത്തുന്നുണ്ട്: "ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു" (13:30). പുറത്തുപോയി യൂദാസ് ചെയ്തത് വലിയ തിന്മയുടെ പ്രവൃത്തിയാണ്. എന്നാൽ, നിക്കൊദേമോസ് ഇരുട്ടിൽനിന്ന് പ്രകാശമായ ഈശോയിലേക്കു വരുന്നു. ഇത് അവിശ്വാസത്തിൽനിന്നും വിശ്വാസത്തിലേക്കുള്ള ഒരു യാത്രയാണ്. ഈശോ ലോകത്തിന്റെ പ്രകാശമാണ് - സർവ്വ അന്ധകാരത്തെയും നിർമ്മാ ർജ്ജനം ചെയ്യുന്ന പ്രകാശം. ഇതുതന്നെയാണ് അവിടുന്ന്

പ്രഖ്യാപനം ചെയ്തതും: “ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും” (യോഹ 8:12).

## യോഹന്നാൻ 3:3-10, വിശ്വാസത്തിന്റെ വ്യവസ്ഥ

ഈശോയുടെ അടുക്കലേക്കു വരുക എന്ന പ്രവൃത്തിതന്നെ അവിടുന്നിലുള്ള വിശ്വാസത്തിലേക്ക് കടന്നുവരുന്നതിനെ സൂചിപ്പിക്കുന്നു. അന്ധകാരത്തെ ഉപേക്ഷിച്ച് പ്രകാശമായ മിശിഹായെ സ്വീകരിക്കുവാൻ കടന്നുവന്ന നിക്കൊദേമോസും ഈശോയും തമ്മിൽ നടന്ന സംഭാഷണത്തിൽ യാഥാർത്ഥ വിശ്വാസത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നുണ്ട്. വിശ്വാസത്തിലേക്ക് കടന്നുവരാനുള്ള വ്യവസ്ഥ വീണ്ടുമുള്ള ജനനമാണ് (3:3-6). ‘വീണ്ടും ജനിക്കണം’ എന്നു പറഞ്ഞാൽ പുതിയ ജീവിതത്തിന് തുടക്കംകുറിക്കണം എന്നാണർത്ഥം. ജീവിതത്തിന്റെ ആഭിമുഖ്യങ്ങളിൽ മാറ്റമുണ്ടാകണം. വിശ്വാസം ജീവിതബന്ധിയായിരിക്കണം.

വീണ്ടുമുള്ള ജനനം നടക്കുന്നത് ആത്മാവാലും ജലത്താലുമാണ്. മിശിഹായോടും മിശിഹായിൽ യാഥാർത്ഥ്യമായ ദൈവരാജ്യത്തോടും ആഭിമുഖ്യം പുലർത്തുന്ന വിശ്വാസജീവിതത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. വിശ്വാസത്തിന്റെ വിത്ത് മനുഷ്യഹൃദയങ്ങളിൽ നിക്ഷേപിക്കുന്നതും നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്. മാനസാന്തരത്തിലൂടെ നമ്മിൽ യാഥാർത്ഥ്യമാകുന്ന വിശ്വാസജീവിതം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. അതുകൊണ്ടാണ് അതിനെ ആത്മാവിലുള്ള ജനനം എന്നു വിശേഷിപ്പിക്കുന്നത്. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. “എന്നെ അയച്ച എന്റെ പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്ക് വരാൻ സാധിക്കുകയില്ല” (യോഹ 6:44) എന്ന് ഈശോ പറയുന്നു. നമ്മുടെ ബുദ്ധിയോ ശക്തിയോ കഴിവോ ബോധ്യമോ ഒന്നുമല്ല വിശ്വാസജീവിതത്തിലേക്ക് നമ്മെ പ്രവേശിപ്പിച്ചത്. മാമ്മോദീസായിലൂടെ പ്രവർത്തിച്ച ദൈവത്തിന്റെ കൃപ ഒന്നുമാത്രമാണ് ഈ പ്രവേശനം സാദ്ധ്യമാക്കിത്തീർത്തത്.

വിശ്വാസം മനുഷ്യഹൃദയത്തിൽ അങ്കുരിപ്പിക്കുന്ന പരിശുദ്ധാത്മാവാണ് ദൈവത്തിന്റെ ഏറ്റവും വലിയ ദാനം. എസക്കിയേൽ പ്രവാചകനിലൂടെ ഈ ദാനത്തെ ദൈവം തന്റെ ജനത്തിന് വാഗ്ദാനം ചെയ്തു: “ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നല്കും. എന്റെ ആത്മാവിനെ നിങ്ങളിൽ ഞാൻ നിവേശിപ്പിക്കും” (36:26). ഉള്ളിൽ വസിക്കുന്ന പരിശുദ്ധാരൂപിയോട് വിധേയപ്പെട്ട് മിശിഹാ കാണിച്ചുതരുന്ന വെളിച്ചത്തിന്റെ മാർഗ്ഗത്തെ പിന്തുടരുമ്പോഴാണ് വിശ്വാസം ഒരുവനിൽ ഫലമണിയുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരിക്കൽ തുടങ്ങി അവസാനിക്കുന്നതല്ല. നിരന്തരമായി അവിടുന്ന് നമ്മിൽ പ്രവർത്തനനിരതനാണ്. ഈ





പ്രവർത്തനത്തോട് വിധേയത്വമുള്ള ഒരു മനസ്സാണ് നമുക്കാവശ്യം. ജീവിതത്തെ സമ്പൂർണ്ണമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് വിട്ടുകൊടുക്കുമ്പോഴാണ് ദൈവമക്കളായി നാം രൂപാന്തരപ്പെടുന്നത്; ദൈവരാജ്യത്തിന് അവകാശികളാകുന്നത്. ആത്മാവിന്റെ സഹായമില്ലാതെ മനുഷ്യന് വിശ്വാസത്തിലേക്കു വരുക അസാദ്ധ്യമാണ് (3:6).

ജലത്താലുള്ള ജനനം എന്നു വിശേഷിപ്പിച്ചിരിക്കുന്നത് മാമ്മോദീസായിലൂടെയുള്ള സഭാപ്രവേശനമാണ്. ജലം മാമ്മോദീസായെ സൂചിപ്പിക്കുന്നു. ആദിമസഭയിൽ ഈശോയിലുള്ള വിശ്വാസത്തിലേക്ക് കടന്നുവരുന്നവരെ സ്നാനപ്പെടുത്തുവാൻ ജലം ഒരു അവശ്യഘടകമായിരുന്നു. മാമ്മോദീസായിൽ പരിശുദ്ധാത്മാവിലൂടെ നാം ദൈവമക്കളായി ജനിക്കുന്നു. ഇതാണ് ഉന്നതത്തിൽനിന്നുള്ള ജനനം. സഭയിലൂടെയാണ് അരൂപിയിലുള്ള ജനനവും ദൈവരാജ്യപ്രവേശനവും നടക്കുന്നത്. സഭയാണ് ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ കൂദാശയായി വർത്തിക്കുന്നത്. സഭ വിശ്വാസികളുടെ സമൂഹമാണ് (നട 4:32). ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ടു കിട്ടിയ സഭയുടെ വിശ്വാസജീവിതത്തിലേക്കാണ് മാമ്മോദീസായിലൂടെ നാം പ്രവേശിപ്പിക്കപ്പെടുക. അതുകൊണ്ട് സഭയുടെ വിശ്വാസം ഏറ്റുപറയുകയും, ആ വിശ്വാസം വ്യക്തിപരമായ ജീവിതത്തിൽ സ്വാംശീകരിക്കുകയും ചെയ്തുകൊണ്ടാണ് നാം യഥാർത്ഥ വിശ്വാസജീവിതം നയിക്കേണ്ടത്. സഭാജീവിതത്തിൽനിന്നും മാറി ഒറ്റപ്പെട്ടുനിന്നോ, സഭയുടെ ശ്ലൈഹികവിശ്വാസം ഏറ്റുപറയാതെയോ, സ്വന്തമായ രീതിയിൽ വിശ്വാസജീവിതം നയിക്കുന്നത് പരിശുദ്ധാത്മാവിലുള്ള ജീവിതമല്ല.

**മാനസാന്തരവും ദൈവരാജ്യപ്രവേശനവും:** വിശ്വാസം ഒരു പുതിയ ജനനം ആവശ്യപ്പെടുന്നു. മനുഷ്യന്റെ ഭാഗത്തുനിന്നും ഈ പുതിയ ജനനം അവൻ അനുഭവിക്കുന്നത് നിരന്തരമായ മാനസാന്തരത്തിന്റെ ജീവിതത്തിലൂടെയാണ്. ജീവിതാഭിമുഖ്യത്തിൽ എങ്ങനെയുള്ള മാറ്റമാണ് ഉണ്ടാകേണ്ടതെന്ന് ഈശോയുടെ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്: “വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം കാണാൻ കഴിയുകയില്ല”. ദൈവരാജ്യത്തോട് ആഭിമുഖ്യമുണ്ടാകണം. ഈശോ വന്നത് ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടാണ്: “ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ” (മർക്കോ 1:14-15) എന്ന ആഹ്വാനമാണ് ഈശോ നല്കിയത്. ദൈവരാജ്യത്തോട് ആഭിമുഖ്യം പുലർത്തുന്ന ഒരു ജീവിതമായിരിക്കണം വിശ്വാസജീവിതം.

ഈശോയെ അറിയുന്നവനായിട്ടാണ് നിക്കൊദേമോസ് കടന്നുവന്നത്. എന്നാൽ ഈശോ സംസാരിക്കുന്നത് ദൈവരാജ്യം കാണുന്നതിനെക്കുറിച്ചാണ്. ഈശോയെക്കുറിച്ചുള്ള ബൗദ്ധികമായ അറിവ് ദൈവരാജ്യത്തോടുള്ള പ്രതിബദ്ധതയായി വളരണം. പ്രായോഗികമായി ഇവ രണ്ടും ഒന്നുതന്നെ. കാരണം ഈശോയിലാണ് ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ യാഥാർത്ഥ്യമായത്. ഇവിടെ മിശിഹാ എന്ന വ്യക്തിയെ ദൈവരാജ്യവമായി താദാത്മ്യപ്പെടുത്തിയിരിക്കുകയാണ്. സമാന്തരസുവിശേഷങ്ങളിലും ഇതു നാം കാണുന്നുണ്ട്. മത്താ 19:29 ൽ ‘എന്റെ നാമത്തെപ്രതി’ എന്നു പറയുന്നത് മർക്കോ 10:29 ൽ ‘എന്റെ നാമത്തിനുവേണ്ടിയും

സുവിശേഷത്തിനുവേണ്ടിയും' എന്നാണെങ്കിൽ ലൂക്കാ 18:29 ൽ 'ദൈവരാജ്യത്തെപ്രതി' എന്നാണ്. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം ദൈവരാജ്യകേന്ദ്രീകൃതമെന്നതിനേക്കാൾ മിശിഹാ കേന്ദ്രീകൃതമാണ്. അതായത്, മിശിഹായെ അറിയുന്നത് ദൈവരാജ്യം സ്വീകരിക്കലാണ്. ആത്മാവാലും ജലത്താലും വീണ്ടും ജനിച്ചാലേ ദൈവരാജ്യം കാണാനും ദൈവരാജ്യത്തിൽ പ്രവേശിക്കാനും കഴിയൂ. ദൈവത്തിന്റെ സ്നേഹവും അവിടുത്തെ ഹിതവും ഭരണം നടത്തുന്ന ഒരു പുതിയ ലോകത്തിന്റെ-ദൈവരാജ്യത്തിന്റെ- സുവിശേഷവുമായാണ് ഈശോ ഈ ലോകത്തിലേക്ക് കടന്നുവന്നത്. അവിടുന്ന് പ്രസംഗിച്ചത് ദൈവരാജ്യത്തിന്റെ സുവിശേഷമാണ്; പ്രവർത്തിച്ചത് ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ്; ജീവിച്ചത് ദൈവരാജ്യത്തിന്റെ മൂല്യങ്ങളാണ്. ഈശോയോടും അവിടുത്തെ സുവിശേഷത്തോടുമുള്ള പ്രതിബദ്ധത നിറഞ്ഞ ജീവിതമാണ് ദൈവരാജ്യനിർമ്മിതിയുടെ അവശ്യഘടകം. മാമ്മോദീസായിൽ വിശ്വാസികൾ സഭയിലൂടെ ദൈവരാജ്യത്തിലെ അംഗങ്ങളായി ഉയർത്തപ്പെട്ടു. ദൈവരാജ്യത്തിന്റെ കൂദാശയാണല്ലോ സഭ. ഈ വിശ്വാസം ജീവിതസ്പർശിയാകുമ്പോൾ ദൈവരാജ്യത്തിൽ പ്രവേശിക്കുന്ന ദൈവരാജ്യാംഗത്വമുള്ള ജീവിതമായി ക്രൈസ്തവജീവിതം വളരും!

ദൈവരാജ്യപ്രവേശനത്തിനുള്ള വ്യവസ്ഥയായി ഈശോ വരച്ചുകാട്ടുന്നതും ശരിയായ മാനസാന്തരമാണ്: "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ 18:3). മാനസാന്തരം സംഭവിച്ചില്ലെങ്കിൽ ദൈവത്തിന്റെ മക്കളാകാൻ കഴിയുകയില്ല. വി. മത്തായിയുടെ സുവിശേഷത്തിൽ മക്കളെപ്പോലെ ആയിത്തീരുക എന്നത് പുതിയ ജന്മത്തിന്റെ അടിസ്ഥാനാശയമാണ്. മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും ചെയ്യേണ്ടതിനെപ്പറ്റി മർക്കോ 1:14-15 ൽ പറയുന്നു.

7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ വീണ്ടും ജനിച്ചവന്റെ സ്വഭാവത്തെ വിവരിക്കുകയാണ്. ഈശോ പറയുന്നു: "മാംസത്തിൽനിന്നു ജനിക്കുന്നത് മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും" (3:6). "മാംസം" എന്ന പ്രയോഗം സ്വാഭാവിക മനുഷ്യനെ അഥവാ പരിശുദ്ധാത്മാവിനാൽ പുനർജനിക്കാത്ത മനുഷ്യനെ ഉദ്ദേശിച്ചുള്ളതാണ്. ഇങ്ങനെയുള്ളവർക്ക് ദൈവരാജ്യത്തിൽ പ്രവേശനമില്ല. ആത്മാവിൽനിന്നു ജനിക്കുന്നവരാകട്ടെ ആത്മാവിനാൽ നയിക്കപ്പെടുന്നവരാണ്. ആത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കും. ഈ സ്വാതന്ത്ര്യത്തിന്റെ സ്വഭാവം എന്തെന്ന് പൗലോസ്ശ്ലീഹാ വിവരിക്കുന്നു: "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ" (ഗലാ 5:13). നിരന്തരം ഉള്ളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണകളോട് നാം എത്രമാത്രം തുറവിയുള്ളവരാണോ അത്രമാത്രം ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കുവാൻ നമുക്കു സാധിക്കും.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ വരുത്തുന്ന രൂപാന്തരപ്രക്രിയയെ





കാറ്റിന്റെ പ്രവർത്തനത്തോടാണ് സുവിശേഷകൻ ഉപമിക്കുക. കാറ്റ് എവിടെനിന്ന് വരുന്നെന്നോ എവിടേക്ക് പോകുന്നെന്നോ ആരും അറിയുന്നില്ല. എന്നാൽ അതിന്റെ സ്വരംമാത്രം കേൾക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ബാഹ്യനയനങ്ങൾക്കൊണ്ട് ദർശിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഫലങ്ങൾക്കൊണ്ട് അത് തിരിച്ചറിയാം: "ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്" (ഗലാ 5:22). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരിൽ ഈ ഫലങ്ങൾ വിളങ്ങി പ്രശോഭിക്കും.

# യോഹ 3:11-21, വിശ്വാസത്തിന്റെ ഉള്ളടക്കം

നിക്കോദേമോസുമായുള്ള സംഭാഷണത്തിൽ (3:1-10) ഈശോ വിശ്വാസത്തിന്റെ സ്വഭാവത്തെക്കുറിച്ച് വിവരിക്കുമ്പോൾ, വിശ്വാസത്തിന്റെ വിഷയം അല്ലെങ്കിൽ ഉള്ളടക്കത്തെക്കുറിച്ച് വിശദീകരിക്കുകയാണ് 3:11-21 വരെയുള്ള വചനങ്ങളിൽ. ഈശോ പറയുന്നു: "ഞങ്ങൾ അറിയുന്നവയെപ്പറ്റി സംസാരിക്കുന്നു; കണ്ടവയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല" (3:11). ഇവിടെ, യഹൂദരിൽനിന്നും വ്യത്യസ്തമായ ക്രിസ്തീയസമൂഹത്തിന്റെ സ്വരമാണ് ബഹുവചനം (ഞങ്ങൾ) ഉപയോഗിച്ചിരിക്കുന്നതിലൂടെ ഈശോ പ്രതിഫലിപ്പിക്കുന്നത്. ഭൗമികകാര്യങ്ങൾ അഥവാ ഭൂമിയിൽ സംഭവിക്കുന്ന കാര്യങ്ങൾ അതായത്, മനുഷ്യനെയും അവന്റെ വീണ്ടുമുള്ള ജനനത്തെയും സംബന്ധിക്കുന്ന കാര്യങ്ങൾ മനസ്സിലാകുന്നില്ലെങ്കിൽ സ്വർഗ്ഗീയകാര്യങ്ങൾ എങ്ങനെ മനസ്സിലാക്കാനാവും എന്ന് ഈശോ ചോദിക്കുന്നു. ഈശോയെ, അഥവാ മിശിഹാരഹസ്യത്തെ സംബന്ധിക്കുന്ന വെളിപാടുകളാണ് സ്വർഗ്ഗീയകാര്യങ്ങൾ. വിശ്വാസത്തിന്റെ വിഷയം ഈശോയാണ്; അവിടുത്തെ രക്ഷാകരരഹസ്യങ്ങളാണ്. സ്വയംവെളിപ്പെടുത്തുന്ന ദൈവത്തിന്റെ മുമ്പിൽ ജീവിതം അടിയറവു വയ്ക്കുന്നതാണ് വിശ്വാസം.

ദൈവത്തെ പൂർണ്ണതയിൽ ലോകത്തിന് വെളിപ്പെടുത്തിയത് ഈശോ മിശിഹായാണ്. സ്വർഗ്ഗത്തിലേക്ക് കയറി, സ്വർഗ്ഗംകണ്ട് ദൈവത്തെ വെളിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല (3:13). പിതാവിന്റെ മടിയിലിരിക്കുന്ന ഈശോയ്ക്കു മാത്രമേ അവിടുത്തെ സമ്പൂർണ്ണതയിൽ വെളിപ്പെടുത്താനാവൂ. ഈ വെളിപ്പെടുത്തൽ മിശിഹായുടെ മനുഷ്യാവതാരത്തിൽ ആരംഭിച്ച് പരസ്യജീവിതത്തിൽ തുടർന്ന് ഉയർത്തപ്പെടലിൽ അഥവാ മരണോത്ഥാനങ്ങളിൽ പൂർത്തിയായി.

ദൈവത്തെ ലോകത്തിന് വെളിപ്പെടുത്താൻ വന്ന ഈശോ കുരിശിൽ ഉയർത്തപ്പെടുന്നതുവഴിയാണ് തന്റെ ദൗത്യം പൂർത്തിയാക്കുന്നത്. 'ഉയർത്തപ്പെടൽ' അവിടുത്തെ മരണത്തെയും ഉത്ഥാനത്തെയുമാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് ഈ ഉയർത്തപ്പെടലിനെ മോശ മരു

ഭൂമിയിൽ സർപ്പത്തെ ഉയർത്തിയതിനോട് യോഹന്നാൻശ്ലീഹാ ഉപമിക്കുന്നത്. ദൈവത്തിനെതിരായി ശബ്ദമുയർത്തിയ പഴയനിയമജനം ആഗ്നേയ സർപ്പങ്ങളുടെ ദംശനമേറ്റ് മരിച്ചപ്പോൾ കർത്താവിന്റെ കല്പനയനുസരിച്ച് മോശ പിച്ചളസർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തി. ദംശനമേറ്റവർ പിച്ചളസർപ്പത്തെ നോക്കിയപ്പോൾ ജീവിച്ചു (സംഖ്യ 21:4-9). ഈ സംഭവത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകേണ്ടതിന് താൻ കുരിശിൽ മരിക്കേണ്ടിയിരിക്കുന്നു എന്ന് ഈശോ പ്രഖ്യാപിക്കുന്നത് (3:15).

സമാന്തരസുവിശേഷങ്ങളിലെ പീഡാനുഭവപ്രവചനങ്ങൾക്കു സമാന്തരമായി യോഹന്നാൻ സുവിശേഷകനും ഈശോയുടെ ഉയർത്തപ്പെടലിനെക്കുറിച്ച് മൂന്നു പ്രാവശ്യം പ്രസ്താവിക്കുന്നുണ്ട്. ദൈവത്തിന്റെ സഹനദാസനെക്കുറിച്ച് എശയ്യാപ്രവാചകൻ വെളിപ്പെടുത്തുമ്പോൾ ഉയർത്തപ്പെടലിനെക്കുറിച്ച് സൂചിപ്പിക്കുന്നു: "എന്റെ ദാസനു ശ്രേയസ്സുണ്ടാകും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും" (52:13). മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോ കുരിശിൽ ഉയർത്തപ്പെടണമെന്നത് ദൈവത്തിന്റെ നിശ്ചയമായിരുന്നു (നട 2:23). കുരിശുമരണംവരെ ഈശോ അനുസരണമുള്ളവനായി പിതാവിന്റെ നിശ്ചയത്തിന് കീഴ്‌വഴങ്ങി (ഫിലി 2:9).

ആദിമസഭ ഈശോയുടെ ഉത്ഥാനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുമ്പോൾ യോഹന്നാൻ സുവിശേഷകൻ കുരിശുമരണത്തിന് പ്രാധാന്യം നല്കുന്നു. കാരണം, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം കുരിശ് വെളിപ്പെടുത്തലാണ്. സമാന്തരസുവിശേഷങ്ങൾ ഈശോയുടെ രാജത്വം ഉത്ഥാനത്തിലൂടെ അവതരിപ്പിക്കുമ്പോൾ കുരിശിൽ അവിടുത്തെ മഹത്വം വെളിപ്പെടുന്നതായാണ് യോഹന്നാൻശ്ലീഹാ രേഖപ്പെടുത്തുന്നത്. പീഡാനുഭവവിവരണത്തിൽ പലയിടങ്ങളിലും ഈശോയുടെ രാജത്വത്തിന്റെ സൂചനകൾ നല്കുന്നുണ്ട്. പീലാത്തോസിന്റെ മുമ്പിൽ ഈശോയെ കൊണ്ടുവരുമ്പോൾ "പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണല്ലേ? ഈശോ പ്രതിവചിച്ചു: നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്" (18:37). പീലാത്തോസ് ഈശോയെ യഹൂദരുടെ മുമ്പിലേക്ക് കൊണ്ടുവരുന്നത് "ഇതാ, നിങ്ങളുടെ രാജാവ്" (19:15) എന്നു പറഞ്ഞുകൊണ്ടാണ്. കുരിശിൽ ഈശോയെക്കുറിച്ച് എഴുതിവച്ച ശീർഷകവും "നസറായനായ ഈശോ യഹൂദരുടെ രാജാവ്" (19:19) എന്നായിരുന്നു. കുരിശാണ് ലോകത്തെമുഴുവൻ ദൈവത്തിങ്കലേക്ക് ആകർഷിക്കാനുള്ള മാർഗ്ഗം. ഈശോ ഇത് മുൻകൂട്ടി പ്രവചിച്ചിരുന്നു: "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത് താൻ ഏതു വിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കുവാനാണ്" (12:32-33).

കുരിശിലുള്ള ഈശോയുടെ ഉയർത്തപ്പെടൽ വെളിപ്പെടുത്തുന്ന ആത്യന്തികമായ സത്യം മനുഷ്യന്റെ നേർക്കുള്ള ദൈവത്തിന്റെ സ്നേഹമാണ്. തന്റെ പുത്രനെ ബലിയായി നല്കാൻ തക്കവിധം ലോകത്തെ-മനു





ഷ്യകുലത്തെ-സ്നേഹിച്ച പിതാവിന്റെ മുഖമാണ് ഈശോ കുരിശിൽ വെളിപ്പെടുത്തിയത്: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അ ത്രമാത്രം സ്നേഹിച്ചു" (3:16). മനുഷ്യനുവേണ്ടി താണിറങ്ങിയ നിസ്വാർത്ഥസ്നേഹമാണ് ദൈവത്തിന്റേത്. ത്യാഗോജ്ജ്വലമായ സ്നേഹത്തിലൂടെ അവിടുന്ന് മനുഷ്യനെ വീണ്ടെടുക്കാൻ പരിശ്രമിക്കുന്നു. ഇത് മനുഷ്യന്റെ എന്തെങ്കിലും മേന്മയാലോ പ്രവർത്തഫലമായോ ലഭിച്ചതല്ല. പ്രത്യുത, ദൈവത്തിന്റെ നിരുപാധികമായ സ്നേഹമാണ് ഇതിനു പിന്നിലുള്ളത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ഇത് പ്രതിപാദിക്കുന്നുണ്ട്: "നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (4:10). ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല. പ്രത്യുത അവന്റെ രക്തത്താൽ ലോകം മുഴുവൻ രക്ഷപ്രാപിക്കാനാണ് (3:17). ദൈവം തന്റെ പുത്രനിലൂടെ വെളിപ്പെടുത്തിയത് അവിടുത്തെ പരമാവധി സ്നേഹമാണ്. ഈശോ വെളിപ്പെടുത്തിയ ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് അവിടുത്തെ സ്നേഹത്തിൽ വിശ്വസിക്കുക എന്നതാണ് അർത്ഥമാക്കുന്നത്.

തന്റെ പുത്രനിലൂടെ പരമാവധിസ്നേഹം വെളിപ്പെടുത്തിയ ദൈവത്തിന് രണ്ടുതരത്തിലുള്ള പ്രത്യുത്തരങ്ങൾ ലഭിച്ചു-അനുകൂലവും പ്രതികൂലവും അല്ലെങ്കിൽ വിശ്വാസവും അവിശ്വാസവും (3:18-21). മനുഷ്യനെ സംബന്ധിച്ചിടത്തോളം രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായിത്തീരുന്നത് വിശ്വാസമാണ്. ജീവനും മരണവും നിർണ്ണയിക്കപ്പെടുന്നത് വിശ്വാസജീവിതത്തിലൂടെയാണ്. വിശ്വാസജീവിതമാണ് സ്നേഹജീവിതത്തിനടിസ്ഥാനമെങ്കിൽ വിശ്വസിക്കാത്ത മനുഷ്യനിൽ സ്നേഹം ഉണ്ടാവുകയില്ല. സ്നേഹം ഇല്ലാത്തിടത്ത് ജീവൻ ഉണ്ടാവുകയില്ല. യഥാർത്ഥജീവന്റെ അഥവാ നിത്യജീവന്റെ അന്തഃസ്സത്ത ദൈവസ്നേഹവും പരസ്നേഹവുമാണ് (ലൂക്കാ 10:25-28). വിശ്വാസമില്ലായ്മ സ്നേഹമില്ലായ്മയ്ക്കും സ്നേഹമില്ലായ്മ ജീവനില്ലായ്മയ്ക്കും കാരണമായിത്തീരുന്നു. അതുകൊണ്ടാണ് വിശ്വാസജീവിതം ജീവന് നിർണ്ണായകമായിത്തീരുന്നത്. വിശ്വാസികൾക്ക് ലഭിക്കുന്ന ഫലം രക്ഷയാണ്, നിത്യജീവനാണ്. വിശ്വസിക്കാത്തവർക്കാകട്ടെ ശിക്ഷയും മരണവും.

വിശ്വാസമാണ് രക്ഷയ്ക്കും ശിക്ഷയ്ക്കും, ജീവനും മരണത്തിനും നിർണ്ണായകമെങ്കിൽ ഇതിനുള്ള ഉത്തരവാദിത്വവും ദൈവത്തിനല്ല മനുഷ്യനാണ്. ദൈവം മനുഷ്യനെ ശിക്ഷിക്കുന്നില്ല, ശിക്ഷിക്കുവാൻ ആഗ്രഹിക്കുന്നുമില്ല. എല്ലാ മനുഷ്യരും ജീവിക്കണം, രക്ഷപ്രാപിക്കണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്: "ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പ്രത്യുത അവൻവഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ 3:17). ദൈവം വച്ചുനീട്ടുന്ന രക്ഷയും ജീവനും ഏറ്റുവാങ്ങുവാൻ മനുഷ്യൻ തയ്യാറാകാത്ത

തുകൊണ്ടാണ് മനുഷ്യൻ ശിക്ഷാവിധിക്ക് പാത്രീഭൂതനാകുന്നത്. ഇത് ഈശോ വ്യക്തമായി പറയുന്നുണ്ട്: "ഇതാണ് ശിക്ഷാവിധി; പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷൻ പ്രകാശത്തേക്കാളധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു" (3:19).

**വിചിന്തനം:** 'ദൈവരാജ്യം കാണുക' 'ദൈവരാജ്യത്തിൽ പ്രവേശിക്കുക' എന്നതാണ് വിശ്വാസജീവിതം എന്ന് ഈശോ നിക്കൊദേമോസിനോടു പറയുന്നു (3:3-5). 'ദൈവരാജ്യം' എന്നു പറഞ്ഞാൽ 'ദൈവഭരണം' എന്നാണ് അർത്ഥമാക്കുക. ലോകവസ്തുക്കളാലോ ലോകത്തിന്റെ ആഭിമുഖ്യങ്ങളാലോ ഭരിക്കപ്പെടാതെ ദൈവത്താൽ ഭരിക്കപ്പെടുന്ന ഒരവസ്ഥ മനുഷ്യരിൽ സംജാതമാകണം. അതാണ് യഥാർത്ഥ വിശ്വാസജീവിതം. ഈശോയുടെ ജീവിതവും പ്രവർത്തനങ്ങളും പിതാവായ ദൈവത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു. പിതാവിന്റെ ഹിതത്തിന് പൂർണ്ണമായും വിധേയപ്പെട്ട പുത്രനടുത്ത ഒരു ജീവിതമായിരുന്നു ഈശോയുടേത്. അതുകൊണ്ട് ഈശോയുടെ വാക്കുകളും ചെയ്തികളും അത്ഭുതങ്ങളുമെല്ലാം ദൈവരാജ്യത്തിന്റെ അടയാളങ്ങളായി മാറി. ഈശോയുടേതുപോലുള്ള, പൂർണ്ണമായും ദൈവഹിതത്തിനു വിധേയമായ, ജീവിതത്തിലേക്ക് നിർണ്ണായകമായ തിരിവ് അഥവാ മാനസാന്തരം ഉണ്ടായെങ്കിലേ നാം യഥാർത്ഥത്തിൽ ഈശോയിൽ വിശ്വസിക്കുന്നവരാവുകയുള്ളു. മാനസാന്തരമാണ് വിശ്വാസത്തിനു തുടക്കം കുറിക്കുന്നത്. മാനസാന്തരം വിശ്വാസത്തിന്റെ ആരംഭമാണെങ്കിൽ വിശ്വാസം തുടർമാനസാന്തരമാണ്. മിശിഹായിലേക്കു നിർണ്ണായകമായി തിരിയുന്നതാണ് മാനസാന്തരം. മാനസാന്തരമില്ലാതെ വിശ്വാസമില്ല. വിശ്വാസത്തിന്റെ വ്യവസ്ഥയാണ് മാനസാന്തരം. മാനസാന്തരം നിരന്തരമായ ഒരു പ്രക്രിയയാണ്. ഈ വിധത്തിലുള്ള മാനസാന്തരാനുഭവമാണ് യഥാർത്ഥ വിശ്വാസജീവിതത്തിനടിസ്ഥാനം.

'ഉന്നതത്തിൽനിന്നുള്ള ജനനം' (3:3) എന്നും 'പരിശുദ്ധാത്മാവിലുള്ള ജനനം' (3:5) എന്നുമാണ് വിശ്വാസജീവിതത്തിലേക്കുള്ള പ്രവേശനത്തെ യോഹന്നാൻശ്ലീഹാ വിശേഷിപ്പിക്കുന്നത്. ജനനത്തിൽ മുൻകൈയ്യെടുക്കുന്നത് ജനിക്കുന്നവനല്ല; ജനിപ്പിക്കുന്നവനാണ്. അതുകൊണ്ട് വിശ്വാസം ദൈവത്തിന്റെ നേട്ടമല്ല; ദൈവത്തിന്റെ ദാനമാണ്. ദൈവമാണ് നമ്മെ വിശ്വാസജീവിതത്തിലേക്ക് ജനിപ്പിക്കുന്നതും വിശ്വാസത്തിൽ വളർത്തുന്നതും. അതുകൊണ്ട് ശിശുക്കളുടെ മാമ്മോദീസാ തികച്ചും അർത്ഥവത്താണ്. ദൈവത്തിന്റെ ഈ പ്രവർത്തനത്തിന് പ്രത്യുത്തരം നല്കാനുള്ള പരിശീലനമാണ് മതബോധനത്തിലൂടെ നല്കപ്പെടുന്ന വിശ്വാസപരിശീലനം.

ക്രിസ്തീയവിശ്വാസജീവിതം ദൈവഹിതത്തോടുള്ള വിധേയത്വത്തിന്റെയും അനുസരണത്തിന്റെയും ജീവിതമാണ്. ദൈവഹിതം മനുഷ്യർക്ക് വെളിവാക്കിത്തരുന്നത് പരിശുദ്ധാത്മാവാണ്. സഭയിലൂടെയാണ് ഈ വെളിപ്പെടുത്തൽ നടക്കുന്നത്. സഭാപ്രബോധനങ്ങളിലൂടെയും സഭാശുശ്രൂഷകരിലൂടെയും സഭയുടെ നിയമങ്ങളിലൂടെയുമെല്ലാം ദൈവഹിതം വെളിപ്പെടുന്നുണ്ട്. സഭയോട് അനുസരണമുള്ളവരായി, ദൈവഹിതാനുസരണം ജീവിതത്തെ ക്രമപ്പെടുത്തുമ്പോഴാണ് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതം നയിക്കാൻ ഒരുവന് കഴിയുന്നത്. അതുകൊണ്ട് വിശ്വാസജീവിതം അവശ്യം സഭാത്മകമാണ്. വെറും വ്യക്തിഗതമായ രീതിയിൽ പരിശുദ്ധാത്മാവിലുള്ള ജീവിതം നയിക്കുവാൻ ശ്രമിക്കുന്ന പലരും സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകുന്നുണ്ട്. വിശ്വാസികൾ സഭയുടെ വിശ്വാസസ്വീകരണം, വിശ്വാസാഘോഷം, വിശ്വാസജീവിതം എന്നിവയോടു ചേർന്നുനിന്ന് തങ്ങളുടെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെടണം.





മനുഷ്യനോടുള്ള ദൈവത്തിന്റെ പരമാവധിസ്നേഹത്തിന് പ്രത്യുത്തരം നല്കുന്ന ജീവിതമാണ് വിശ്വാസജീവിതം. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിൽ വിശ്വസിച്ച് ആ സ്നേഹത്തിന് ജീവിതത്തിലൂടെ പ്രത്യുത്തരം നല്കുമ്പോൾ വിശ്വാസജീവിതമെന്നത് സ്നേഹത്തിന്റെ ജീവിതമാകും. തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം നമ്മെ സ്നേഹിച്ചുവെന്ന് (3:16) വിശ്വസിക്കുന്നുവെങ്കിൽ ആ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാൻ നാം നിർബന്ധിതരാകും. അതുപോലെ, ദൈവം നമ്മെ സ്നേഹിച്ചതുപോലെതന്നെ മറ്റുള്ളവരെയും സ്നേഹിച്ചുവെന്ന് നാം വിശ്വസിക്കുന്നെങ്കിൽ നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെതന്നെ സ്നേഹിക്കാൻ നാം നിർബന്ധിതരാകും. അങ്ങനെ, മനുഷ്യനോടുള്ള ദൈവത്തിന്റ സ്നേഹത്തിലുള്ള വിശ്വാസം നമ്മെ ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുന്നവരാക്കും. നമ്മുടെ സഹോദരസ്നേഹത്തിന്റെ അടിസ്ഥാനം മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിലുള്ള വിശ്വാസമായിരിക്കണം. ഈ വിശ്വാസത്തിൽനിന്നുമാണ് ദൈവത്തോടും ദൈവം നമുക്കു നല്കുന്നവരോടുമുള്ള സ്നേഹം ഉരുത്തിരിയേണ്ടത്. അതുപോലെതന്നെ, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും നാം വളരണമെങ്കിൽ മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹത്തിലുള്ള വിശ്വാസത്തിൽ നാം ആഴപ്പെടണം.

ഈശോയുടെ വെളിപ്പെടുത്തലിന്റെ നേർക്ക് ഹൃദയം തുറന്ന് ജീവിതത്തെ സമർപ്പിക്കുകയും ആ സ്നേഹത്തിൽ ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്താൽ അവന് ലഭിക്കുന്നത് നിത്യജീവനാണ്; രക്ഷയാണ് (3:18). എന്നാൽ പ്രകാശമായ മിശിഹായെ നിരാകരിച്ച് അന്ധകാരത്തിന്റെയും തിന്മയുടെയും പ്രവർത്തനങ്ങളെ പിന്തുടരുന്നവൻ സ്വയം ശിക്ഷയ്ക്ക് വിധേയനാക്കുന്നു. മിശിഹായുടെ പ്രകാശം ലഭിച്ചിട്ടും അതിനനുസൃതമായി ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തുവാൻ തയ്യാറാകാതെ സ്വന്തം താല്പര്യങ്ങൾ വച്ചുപുലർത്തിക്കൊണ്ടു ജീവിക്കുന്ന അനേകംപേർ ഇന്ന് സഭയിലുണ്ട്. ഈ സാഹചര്യത്തിൽ വിശ്വാസജീവിതത്തിന്റെ ഈ നിർണ്ണായകമായ പ്രാധാന്യത്തെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും ലോകത്തിന്റെ രക്ഷയെ സംബന്ധിച്ചിടത്തോളം മനുഷ്യനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചുമുള്ള ബോധവൽക്കരണം ഇന്ന് സഭയിൽ നടക്കേണ്ടതുണ്ട്.

## 6:1-71, ഈശോ ജീവന്റെ അപ്പം

വി. യോഹന്നാന്റെ സുവിശേഷപ്രകാരം ഈശോ ലോകത്തിലേക്കു വന്നത് എല്ലാവർക്കും ജീവൻ നല്കുന്നതിനുവേണ്ടിയാണ്: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10). സുവിശേഷത്തിന്റെ രചനയുടെ ലക്ഷ്യവും മറ്റൊന്നല്ല (യോഹ 20:30-31). തന്റെ ലേഖനത്തിൽ യോഹന്നാൻശ്ലീഹാ മിശിഹായെ വിശേഷിപ്പിക്കുന്നതും 'ജീവന്റെ വചനം' എന്നാണ് (1 യോഹ 1:1-3). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോ സ്വയം വിശേഷിപ്പിക്കുന്നതും 'ജീവന്റെ അപ്പം' എന്നാണ്: "ഈശോ അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം" (യോഹ 6:35). ഇത് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത് ആറാം അദ്ധ്യായത്തിലാണ്. ഗലീലിയൻ ശുശ്രൂഷയുടെ പശ്ചാത്തലത്തിലാണ് ഈ അദ്ധ്യായം മെനയപ്പെട്ടിരിക്കുന്നത്. ഇതാണ് സുവിശേഷത്തിലെ ഏറ്റവും വലിയ അദ്ധ്യായം. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണവും അതിന് ഒരുക്കമായി നടത്തുന്ന രണ്ട് അടയാളങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം.

6:1-15 - അപ്പം വർദ്ധിപ്പിക്കുന്നു
6:16-21 - വെള്ളത്തിനുമീതേ നടക്കുന്നു
6:25-43 - പ്രഭാഷണത്തിനൊരുക്കം
6:35-59 - ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം
6:60-71 - ജനക്കൂട്ടത്തിൽനിന്നും ശിഷ്യരിൽനിന്നുമുള്ള പ്രതികരണം

## 6:1-15, അപ്പം വർദ്ധിപ്പിക്കുന്നു

നാല് സുവിശേഷകന്മാരും വിവരിച്ചിരിക്കുന്ന ഏക അത്ഭുതം അപ്പം വർദ്ധിപ്പിക്കുന്നതാണ്. പരി. കുർബാനയുടെ സൂചനയുള്ളതുകൊണ്ടാകാം ഇതിന് ഇത്ര പ്രാധാന്യം ലഭിച്ചിരിക്കുന്നത്. വി. മർക്കോസും (6:30-44; 8:1-10) വി. മത്തായിയും (14:13-21; 15:32-39) രണ്ട് അപ്പം വർദ്ധിപ്പിക്കൽ സംഭവങ്ങൾ രേഖപ്പെടുത്തുമ്പോൾ വി. ലൂക്കായും (9:10-11) വി. യോഹന്നാനും ഒരെണ്ണമേ രേഖപ്പെടുത്തുന്നുള്ളു. പല വ്യാഖ്യാതാക്കളുടെയും അഭിപ്രായത്തിൽ ഈശോ അപ്പം വർദ്ധിപ്പിച്ചത് ഒരിക്കൽ മാത്രമാണ്. വി. മർക്കോസിന്റെയും വി.ലൂക്കായുടെയും സുവിശേഷവിവരണങ്ങൾ പരിശോധിക്കുമ്പോൾ ഇതിന് അനുകൂലമായ സൂചനകൾ കാണുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ട് അപ്പം വർദ്ധിപ്പിക്കലിനിടയ്ക്കുള്ള ഭാഗം (മർക്കോ 6:30 മുതൽ 8:10 വരെ) അപ്പത്തിന്റെ ഭാഗം എന്നാണറിയപ്പെടുന്നത്. ഈ ഭാഗം തുടങ്ങുന്നതുവരെ ലൂക്കാസുവിശേഷകൻ മർക്കോസ് സുവിശേഷകന്റെ സുവിശേഷക്രമീകരണമാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് അപ്പത്തിന്റെ ഭാഗത്തിനുശേഷമാണ് ലൂക്കാസുവിശേഷകൻ മർക്കോസിന്റെ ക്രമീകരണത്തോട് ചേർന്നുപോകുന്നത്. അതിന്റെ അർത്ഥം മർക്കോസിന്റെ രണ്ടാമത്തെ വിവരണം





ലൂക്കായുടെ പാരമ്പര്യത്തിലില്ലായിരുന്നെന്നോ, ലൂക്കാ അത് ആവർത്തനമായി കരുതിയെന്നോ ആവാം. "ഈ വിജനസ്ഥലത്ത് ഇവർക്കെല്ലാം അപ്പം കൊടുക്കുന്നതെങ്ങനെ?" എന്ന ശിഷ്യരുടെ ചോദ്യം രണ്ടാമത്തെ വിവരണത്തിലും ആവർത്തിക്കപ്പെടുന്നത്, ഒരിക്കൽമാത്രമേ ഈശോ അപ്പം വർദ്ധിപ്പിച്ചിട്ടുള്ളു എന്നതിന്റെ സൂചനയാണ്.

സമാന്തരസുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു വിവരണമാണ് യോഹന്നാൻശ്ലീഹായുടേത്. പരി. കുർബാനയാഘോഷവുമായി ഈ അത്ഭുതത്തെ ബന്ധപ്പെടുത്തുന്ന ശ്രദ്ധേയമായ ചില ഘടകങ്ങൾ യോഹന്നാൻശ്ലീഹായുടെ വിവരണത്തിൽ കണ്ടെത്താവുന്നതാണ്:

-"യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു" (6:4) എന്ന പരാമർശം പരി. കുർബാനയാഘോഷത്തിലേക്ക് വിരൽചൂണ്ടുന്നു. പെസഹായും പരി. കുർബാനയുടെ സ്ഥാപനവും ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നതാണ്.

-സമാന്തരസുവിശേഷങ്ങളിൽ 'തന്റെ കൂടെയായിരുന്നവർ'ക്കാണ് ഈശോ അപ്പം വർദ്ധിപ്പിച്ചുകൊടുക്കുന്നത്. എന്നാൽ യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 'തന്റെ അടുത്തേക്ക് വന്നവർ'ക്കുവേണ്ടിയാണ് (6:5) ഈ അത്ഭുതം പ്രവർത്തിക്കുന്നത്. 'ഈശോയുടെ പക്കലേക്ക് വരുക' എന്നതുകൊണ്ട് 'ഈശോയിൽ വിശ്വസിക്കുക' എന്നാണ് അർത്ഥമാക്കുന്നത്. വിശ്വാസികളുടെ ആഘോഷമാണ് പരി. കുർബാന എന്നത് ഇവിടെ സ്മരണീയമാണ്.

-ഈശോ വർദ്ധിപ്പിക്കുന്നത് 'ബാർലി'യപ്പമാണ് എന്ന് ഈ സുവിശേഷത്തിൽ പ്രത്യേകം എടുത്തു പറയുന്നു. പരി. കുർബാനക്ക് ഉപയോഗിക്കേണ്ടത് ബാർലിയപ്പമായിരിക്കണം എന്ന് ആദിമസഭയിലെ പ്രബോധനരേഖയായ 'ഡിഡാക്കെ'യിൽ പറഞ്ഞിരിക്കുന്നു. ഈ പ്രബോധനവുമായി അത്ഭുതത്തെ ബന്ധപ്പെടുത്താനുള്ള ശ്രമമായിരിക്കാം സുവിശേഷകൻ നടത്തുന്നത്.

-ഈശോ അപ്പം 'എടുത്തു', 'കൃതജ്ഞതാസ്തോത്രം ചെയ്തു', 'വിതരണം ചെയ്തു' (6:11). പരി. കുർബാനയുടെ സ്ഥാപനവിവരണത്തിലും ഈ ക്രിയകളെല്ലാമുണ്ട്. 'കൃതജ്ഞതാസ്തോത്രം' എന്നതിന് വി. മർക്കോസും വി. മത്തായിയും ഉപയോഗിക്കുന്നത് 'എവുലോഗെയിൻ' എന്ന ഗ്രീക്കുപദമാണ്. എന്നാൽ യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്നത് പരി. കുർബാനയുമായി ബന്ധപ്പെട്ട 'യൂക്കരിസ്റ്റേയിൻ' എന്ന പദമാണ്.

-ഈ സുവിശേഷമനുസരിച്ച് ഈശോതന്നെയാണ് അപ്പം ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. പ്രായോഗികമായി അസാദ്ധ്യമായ കാര്യമാണിത്. സമാന്തരസുവിശേഷങ്ങളുടെ വിവരണമാണ് ചരിത്രത്തോട് നീതിപുലർത്തുന്നത്. അവിടെ ശിഷ്യന്മാർ വിതരണം ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജീവന്റെ അപ്പത്തിന്റെ ദാതാവ് ഈശോമാത്രമാണ് എന്ന് ഉറപ്പിച്ചു പറയാനാണ് ഈ വിവരണത്തിലൂടെ യോഹന്നാൻശ്ലീഹാ ശ്രമിക്കുന്നത്. പരി. കുർബാനയിലൂടെയാണ് ജീവന്റെ അപ്പം വിശ്വാസികൾ സ്വീകരിക്കുന്നത്.

-എല്ലാവരും ഭക്ഷിച്ചു തൃപ്തരായപ്പോൾ, ബാക്കിയുള്ള കഷണങ്ങൾ നഷ്ടപ്പെടാതെ ശേഖരിക്കുവാൻ ഈശോ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നുണ്ട് (6:12). 'പരി. കുർബാനക്കുശേഷം ബാക്കി വന്നവ ശേഖരിക്കണം; നഷ്ടപ്പെടുത്തരുത്' എന്ന് ഡിഡാക്കെയിൽ ആവശ്യപ്പെടുന്നുണ്ട്. ഇതും പരി. കുർബാനയുമായി ഈ അത്ഭുതത്തിനുള്ള ബന്ധത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

തന്നിൽ വിശ്വസിച്ച് തന്റെ പക്കലേക്ക് വരുന്ന ജനത്തിന്റെ ശാരീരികമായ വിശപ്പ് അകറ്റിക്കൊണ്ട് ആത്മീയവിശപ്പ് ശമിപ്പിക്കുന്നവനും താനാണ് എന്ന സത്യത്തിലേക്ക് അവരെ നയിക്കുവാനുള്ള ഒരുക്കമാണ് ഈശോ ഈ അത്ഭുതത്തിലൂടെ നടത്തുന്നത്. തന്റെ ശിഷ്യരുടെ ഭാഗഭാഗിത്വവും ഈശോ തേടുന്നുണ്ട്. ഒരു ബാലന്റെ കൈവശമുണ്ടായിരുന്ന ബാർലിയപ്പവും മീനും ഈശോയുടെ അടുത്ത് കൊണ്ടുവരുന്നത് ശിഷ്യന്മാരാണ്.

അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതത്തിന് ആമുഖമായി യോഹന്നാൻസുവിശേഷകൻ പറയുന്ന മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. "വലിയ ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചു. കാരണം രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ അവർ കണ്ടിരുന്നു. ഈശോ മലയിലേക്ക് കയറി ശിഷ്യന്മാരോടുകൂടെ അവിടെയിരുന്നു" (6:2-3). അടയാളങ്ങൾ കണ്ട് തന്നിൽ വിശ്വസിക്കുന്നവരുടെ വിശ്വാസം ഈശോ പൊതുവേ അംഗീകരിക്കുന്നില്ല (യോഹ 2:23-24). അവരെ ശരിയായ വിശ്വാസത്തിലേക്ക് നയിക്കുന്നുമുണ്ട്. ഇവിടെ ഈശോ മലയിലേക്ക് കയറി ശിഷ്യന്മാരോടുകൂടെ അവിടെയിരുന്നുവെന്നും പറയുന്നുണ്ട്. മലയിൽ കയറിയിരുന്ന് പഠിപ്പിക്കുന്നതിന് ആധികാരികതയും പ്രതീകാത്മകമായ അർത്ഥവുമുണ്ട്. വി. മത്തായിയുടെ സുവിശേഷത്തിൽ ഗിരിപ്രഭാഷണപശ്ചാത്തലത്തിൽ പുതിയ മോശയായി ഈശോയെ ചിത്രീകരിക്കുന്നുണ്ട് (മത്താ 5:1-2). മോശ സീനായ്മലയിലാണല്ലോ ഇസ്രായേലിനെ ദൈവവുമായി ഉടമ്പടി ചെയ്ത ജനതയാക്കിത്തീർത്തത്. പുതിയ ദൈവജനമായ ശിഷ്യസമൂഹത്തിന് പുതിയ മോശയാകുന്ന ഈശോ പുതിയ ഉടമ്പടിയുടെ വിരുന്ന് ഒരുക്കുന്നതായി ഇവിടെ യോഹന്നാൻശ്ലീഹാ ചിത്രീകരിക്കുകയാണ്. പെസഹായുടെ ഓർമ്മയാചരണവും ഇവിടെ പ്രത്യേകം എടുത്തുപറയുന്നുണ്ട്: "യഹൂദരുടെ പെസഹാ തിരുനാൾ അടുത്തിരുന്നു" (6:4). രക്ഷകനായ മിശിഹായിലൂടെ ഒരുക്കപ്പെടുന്ന കർത്താവിന്റെ വിരുന്നിനെപ്പറ്റി ഏശയ്യാപ്രവാചകനിലൂടെ മുൻകൂട്ടി അറിയിക്കപ്പെട്ട മെസയാനിക വിരുന്നിന്റെ പൂർത്തീകരണവും നമുക്കിവിടെ കാണാം (ഏശ 25:6-10). മിശിഹായിലൂടെ ദൈവം തന്റെ ജനത്തിനായി ഒരുക്കുന്ന രക്ഷാകരവിരുന്നിന്റെ, പ്രത്യേകമായി, പരി. കുർബാനയുടെ അടയാളമാണ് അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം.

അപ്പം ഭക്ഷിച്ച് തൃപ്തരായ ജനക്കൂട്ടം ഈശോയിൽ ആകൃഷ്ടരായി. 'ലോകത്തിലേക്ക് വരാനിരിക്കുന്ന പ്രവാചകൻ ഇവനാണ്' എന്നു പറഞ്ഞുകൊണ്ട് രാജാവാക്കാൻ ബലമായി പിടിച്ചുകൊണ്ടു പോകാൻ ഭാവിക്കുന്ന അവരിൽനിന്നും ഈശോ മലമുകളിലേക്ക് പിൻവാങ്ങി.





## 6:16-21, വെള്ളത്തിനുമീതേ നടക്കുന്നു

അപ്പം വർദ്ധിപ്പിക്കുന്ന അടയാളത്തിനും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിനുമിടയിലാണ് ഈ അത്ഭുതം രേഖപ്പെടുത്തിയിരിക്കുന്നത്. ഒരുപക്ഷേ ചരിത്രത്തിൽ സംഭവിച്ചത് ഇങ്ങനെയായിരിക്കാം. സമാന്തരസുവിശേഷങ്ങളിലും ഈ ക്രമീകരണം തന്നെയാണുള്ളത്. സമാന്തരസുവിശേഷങ്ങളിൽ പ്രകൃതിയത്ഭുതങ്ങളിലൊന്നായിട്ടാണ് ഈ സംഭവം വിവരിക്കുന്നത്. യോഹന്നാൻശ്ലീഹായാകട്ടെ, ഈശോ തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന സംഭവമായിട്ടാണ് ഇത് രേഖപ്പെടുത്തുന്നത്. അപ്പം വർദ്ധിപ്പിച്ച അടയാളത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കാതെ ഈശോയുടെ ശക്തിയിൽമാത്രം ശ്രദ്ധ പതിപ്പിച്ച ജനക്കൂട്ടത്തിന്റെ തെറ്റിദ്ധാരണയെ തിരുത്തി ഈശോ എന്ന വ്യക്തിയിലേക്ക് ശ്രദ്ധക്ഷണിക്കുന്നതാണ് ഈ അത്ഭുതം. ഇവിടെ ശിഷ്യന്മാർ ഭയക്കുന്നത് കൊടുങ്കാറ്റിനെയല്ല, കടലിനുമീതേ നടന്ന് വള്ളത്തെ സമീപിക്കുന്ന ഈശോയെ കണ്ടാണ് അവർ ഭയപ്പെടുന്നത്. ഇവിടെ ഈശോ അവരോട് പറയുന്നത് "ഞാനാണ്; ഭയപ്പെടേണ്ട" (6:20) എന്നാണ്.

പഴയനിയമത്തിലുടനീളം ദൈവത്തിന്റെ പ്രത്യക്ഷപ്പെടൽ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം ഈ സംഭവത്തിലെ സവിശേഷതകൾ കണ്ടെത്താൻ സാധിക്കും. അപരിമേയനും സർവ്വപ്രതാപവാനുമായ ദൈവത്തിന്റെ പ്രത്യക്ഷപ്പെടലിൽ വെറും സൃഷ്ടിയാകുന്ന മനുഷ്യനുണ്ടാകുന്നത് ആദരവിന്റെയും ബഹുമാനത്തിന്റേതുമായ ഭയമാണ്. അവിടെ ദൈവത്തിന്റെ മറുപടി "ഭയപ്പെടേണ്ട" എന്നാണ്. തന്റെ നാമം മോശയ്ക്ക് വെളിപ്പെടുത്തുമ്പോഴും "ഞാൻ ഞാനാകുന്നവൻ" (പുറ 3:14) എന്നാണ് അവിടുന്ന് പറയുന്നത്. ഈ പശ്ചാത്തലത്തിലാണ് വെള്ളത്തിനുമീതേ നടക്കുന്ന അത്ഭുതത്തിലൂടെ ഈശോ നടത്തുന്ന വെളിപ്പെടുത്തലിനെ മനസ്സിലാക്കേണ്ടത്. "ഞാനാണ്; ഭയപ്പെടേണ്ട" (6:20) എന്ന മറുപടിയിലൂടെ താൻ ദൈവമാണ് എന്ന സുപ്രധാന വെളിപ്പെടുത്തലാണ് അവിടുന്ന് നല്കുന്നത്. അപ്പം വർദ്ധിപ്പിച്ചപ്പോൾ ഈശോയെ രാജാവാക്കാൻ ശ്രമിച്ചതിന്, താൻ ഭൗമികരാജാവല്ല ദൈവമാണ് എന്നുള്ള മറുപടിയായി ഈ അത്ഭുതത്തെ കാണാം.

കടലിനുമീതേ നടക്കുന്ന അത്ഭുതത്തെ പഴയനിയമ ഇസ്രായേൽജനം ചെങ്കടൽ കടന്നതിന്റെ സൂചനയായും ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ പെസഹാ കടന്നുപോകലാണ്; പുറപ്പാടിലൂടെ ചെങ്കടൽ കടന്ന് വാഗ്ദാന നാട്ടിലേക്കുള്ള പ്രവേശനത്തെയാണ് സൂചിപ്പിക്കുന്നത്. ഇവിടെ ഈശോയിലൂടെ പുതിയ പെസഹാ ഉദയം ചെയ്യുന്നു. ഈശോയാകുന്ന പെസഹാകുഞ്ഞാടിന്റെ കടന്നുപോകലിലൂടെ -സഹനമരണോത്ഥാനങ്ങളിലൂടെ- പുതിയ ജനം സ്വർഗ്ഗീയജീവനിലേക്ക് പ്രവേശിക്കുന്നു. ഈശോയാകുന്ന നിത്യജീവന്റെ അപ്പം പുതിയജനത്തിന് അപ്പമായി നല്കുന്നു.

## യോഹന്നാൻ 6:22-34, പ്രഭാഷണത്തിനുള്ള ഒരുക്കം

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിനൊരുക്കമായ ഭാഗമാണിത്. അപ്പം ഭക്ഷിച്ച് വിശപ്പടക്കിയ ജനം ഇനിയും അതുപോലുള്ള അത്ഭുതങ്ങൾ പ്രതീക്ഷിച്ച് ഈശോയുടെ പിന്നാലെ എത്തുന്നുണ്ട്. തന്നെ തേടിയെത്തിയ ജനക്കൂട്ടത്തിന്റെ ചിന്താഗതിയും മനോഭാവവും മനസ്സിലാക്കിയ ഈശോ അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ചും അടയാളത്തെ വേണ്ടവിധം മനസ്സിലാക്കാത്തതിനെക്കുറിച്ചും കുറ്റപ്പെടുത്തുന്നു (6:26). തന്റെ അത്ഭുതങ്ങളെല്ലാം അടയാളങ്ങളാണെന്നും മറ്റൊരു യാഥാർത്ഥ്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണെന്നും ഈശോ ഇതിലൂടെ വ്യക്തമാക്കുകയാണ്. അത്ഭുതങ്ങളൊക്കെ ഈ ജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നവയാണ്. എന്നാൽ മനുഷ്യന് ആത്യന്തികമായി സംതൃപ്തി നല്കുന്നത് ഈ ജീവിതത്തിനപ്പുറത്തുള്ള അനശ്വരമായ ജീവനാണ്; ദൈവികജീവനാണ്. അതുകൊണ്ട് ആ ജീവന്റെ അടയാളങ്ങളായി അത്ഭുതങ്ങളെ കാണണമെന്നും ആ ജീവൻ പ്രദാനംചെയ്യുന്ന അപ്പം തേടുന്നവരാകണമെന്നം ഈശോ ജനങ്ങളെ ആഹ്വാനംചെയ്യുന്നു.

അപ്പം വർദ്ധിപ്പിക്കുന്നതും വെള്ളത്തിനു മീതേ നടക്കുന്നതുമായ അടയാളങ്ങൾ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന് കളമൊരുക്കാനായി ഈശോ പ്രവർത്തിച്ചതാണ്. തുടർന്നു വരുന്ന പ്രഭാഷണം ഈ അടയാളങ്ങളുടെ പ്രാധാന്യവും അർത്ഥവും വിശദമാക്കുന്നു. എന്നാൽ ജീവന്റെ അപ്പത്തെക്കുറിച്ച് ശരിയായി മനസ്സിലാക്കാൻ മനോഭാവങ്ങളെ ക്രമീകരിക്കേണ്ടതുണ്ട്. യഥാർത്ഥമായ ദൈവാന്വേഷണവും (6:22-25), ആഴമേറിയ വിശ്വാസവും (6:29) ആത്മീയവിശപ്പും (6:34) ഇതിനാവശ്യമാണ്.

## യോഹന്നാൻ 6:35-59, ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള വ്യക്തമായ പഠിപ്പിക്കലാണ് ഈ പ്രഭാഷണം ഉൾക്കൊള്ളുന്നത്. സഭാപിതാക്കന്മാരിലും ആധുനിക ബൈബിൾ വ്യാഖ്യാതാക്കളിലും 'ജീവന്റെ അപ്പം' എന്നതുകൊണ്ട് ഈശോ ഉദ്ദേശിക്കുന്നതെന്താണ് എന്നതിന് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. ഈ പ്രഭാഷണം മുഴുവൻ (6:35-59) പരി. കുർബാനയെക്കുറിച്ചാണ് എന്നതാണ് കത്തോലിക്കാസഭയിൽ ആരംഭകാലം മുതലുണ്ടായിരുന്ന പാരമ്പര്യം. മറ്റൊരു വ്യാഖ്യാനം ആദ്യഭാഗം (6:35-50) ദൈവത്തിന്റെ വചനത്തെക്കുറിച്ചും അഥവാ വെളിപാടിനെക്കുറിച്ചും രണ്ടാംഭാഗം (6:51-59) പരി. കുർബാനയെക്കുറിച്ചുമാണ് എന്നതാണ്. എന്നാൽ പരി. കുർബാനയുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ പരി. കുർബാനയുടെ രണ്ടു ഭാഗങ്ങളായി ഈ വചനഭാഗങ്ങളെ തിരിക്കാം: വചനശുശ്രൂ





ഷയും കൂദാശാശുശ്രൂഷയും.

**ആദ്യഭാഗം:** 6:35-50 വരെയുള്ള ഭാഗത്ത് ജീവന്റെ അപ്പം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവവചനമായ ഈശോയെയാണ്. കാരണം, ഇവിടെ പ്രത്യുത്തരമായി ഈശോ ആവശ്യപ്പെടുന്നത് വിശ്വാസമാണ്. വിശ്വാസത്തിന്റെ പ്രാധാന്യത്തെ പലപ്രാവശ്യം ഈ ഭാഗത്ത് ഈശോ ഉറപ്പിച്ച് പറയുന്നുണ്ട് (6:35,36,40,47): "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല" (6:35). 'എന്റെ അടുത്തു വരുക' എന്നു പറയുന്നതും വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത് (6:35,37). പിതാവിന്റെ ആകർഷണഫലമായാണ് ഈശോയിലേയ്ക്ക് അടുക്കുവാൻ സാധിക്കുന്നത് (6:44). പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകണമെന്നതാണ് പിതാവിന്റെ ഇഷ്ടം. ഇവിടെ പൂർത്തിയാക്കപ്പെടുന്നുവെന്നു പറയുന്ന പ്രവചനം ദൈവത്താൽ പഠിപ്പിക്കപ്പെടുന്നതിനെക്കുറിച്ചാണ്: "കർത്താവ് നിന്റെ പുത്രരെ പഠിപ്പിക്കും. അവർ ശ്രേയസ്സാർജ്ജിക്കും" എന്ന പ്രവചനത്തെ (ഏശ 54:13=യോഹ 6:45) ചൂണ്ടിക്കാണിച്ചുകൊണ്ട് ഈശോയുടെ പ്രബോധനത്തിലൂടെ പിതാവുതന്നെയാണ് പഠിപ്പിക്കുന്നത് എന്ന് അവിടുന്ന് വ്യക്തമാക്കുന്നു. ദൈവത്തിലുള്ള വിശ്വാസത്തിൽ വളരുംതോറും ദൈവികജ്ഞാനത്തിലും വളർച്ച പ്രാപിക്കുന്നു. എന്നാൽ ദൈവപുത്രനിൽ വിശ്വസിക്കാത്ത യഹൂദർക്ക് ദൈവികജ്ഞാനവും നിത്യജീവനും ലഭിക്കുന്നില്ല. ഇവിടെ ജീവന്റെ അപ്പമായി ഈശോ സ്വയം അവതരിപ്പിക്കുമ്പോൾ, താൻ ദൈവത്തെ വെളിപ്പെടുത്തുന്ന വചനമാണെന്നും, തന്നെ സ്വീകരിക്കുന്നവർക്കാണ് ജീവൻ ലഭിക്കുന്നതെന്നും അവിടുന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു.

ദൈവവചനത്തെ ഭക്ഷണം, അപ്പം എന്നീ പ്രതീകങ്ങളിലൂടെയാണ് ഈശോ അവതരിപ്പിക്കുന്നത്. വചനത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോഴാണ് അതിന്റെ മാധുര്യം ആസ്വദിക്കാനാവുന്നത്. വചനത്തിന്റെ ക്ഷാമം ഭൗതികമായ വിശപ്പിനെയും ദാഹത്തെയുംകാൾ രൂക്ഷമായിരിക്കുമെന്ന് ആമോസ് പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നുണ്ട്: "ദേശത്ത് ഞാൻ ക്ഷാമം അയയ്ക്കുന്ന നാളുകൾ വരുന്നു. ഭക്ഷണക്ഷാമമോ ദാഹജലത്തിനുള്ള വറുതിയോ അല്ല, കർത്താവിന്റെ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിക്കും അത്. അന്ന് അവർ കടൽ മുതൽ കടൽ വരെയെയും വടക്കുമുതൽ കിഴക്കുവരെയും അലഞ്ഞുനടക്കും. കർത്താവിന്റെ വചനംതേടി അവർ ഉഴലുമെങ്കിലും കണ്ടെത്തുകയില്ല" (8:11-12). ദൈവത്തിന്റെ വചനത്തിനുവേണ്ടിയുള്ള വിശപ്പാണ് ഈശോയിൽ വിശ്വസിക്കാൻ വേദിയൊരുക്കുന്നത്. പരി. കുർബാനയാഘോഷത്തിൽ വിശ്വാസികൾക്കായി വചനത്തിന്റെ മേശ സഭ ഒരുക്കുന്നുണ്ട്. വചനത്താൽ വിശുദ്ധീകരിച്ച ഹൃദയമാണ് ദൈവത്തിനുള്ള വാസസ്ഥലമാകാൻ യോഗ്യമായിത്തീരുന്നത്.

**രണ്ടാംഭാഗം:** ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാം ഭാഗം ഈശോയുടെ കൗദാശികശരീരരക്തങ്ങളെക്കുറിച്ചുള്ള പ്രതിപാദനമാണ്. 'ശരീരം ഭക്ഷിക്കുക', 'രക്തം പാനംചെയ്യുക', എന്നീ പ്രയോഗ

ങ്ങൾ ഈ ഭാഗത്ത് കൂടുതൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ജീവന്റെ അപ്പമായി സ്വയം അവതരിപ്പിക്കുന്ന ഈശോ ഇവിടെ ആവശ്യപ്പെട്ടിരിക്കുന്ന പ്രത്യുത്തരം തന്നിൽ വിശ്വസിക്കുക എന്നതിനേക്കാൾ തന്നെ ഭക്ഷിക്കുക എന്നതത്രേ: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല" (6:53). പ്രൊട്ടസ്റ്റന്റുകാരനായ ബുൾട്ടുമാൻ പോലും ഇതംഗീകരിക്കുന്നു. എന്നാൽ ഈ വചനഭാഗത്തെ പിന്നീടുവന്ന കൂട്ടിച്ചേർക്കലായി അദ്ദേഹം തള്ളിക്കളയുന്നു എന്നുമാത്രം.

പരി. കുർബാനയുടെ കൂദാശാശുശ്രൂഷാഭാഗമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈശോയുടെ ശരീരം ഭക്ഷിക്കുക എന്നു പറയുമ്പോൾ അവിടുത്തെ കൗദാശികശരീരമാണ് വിവക്ഷ. ഉത്ഥിതനായ മിശിഹായാണ് പരി. കുർബാനയിൽ സന്നിഹിതനായിരിക്കുന്നത്. അന്ത്യത്താഴവേളയിൽ അപ്പമെടുത്ത് ആശീർവദിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് 'ഇത് എന്റെ ശരീരമാകുന്നു' എന്ന് അവിടുന്ന് പറഞ്ഞു. 'എന്റെ ശരീരം ഭക്ഷിക്കുക, എന്റെ രക്തം പാനം ചെയ്യുക' 'എന്നെ ഭക്ഷിക്കുക' എന്നീ പദപ്രയോഗങ്ങൾ ഈശോയുടെ വ്യക്തിപരമായ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. ഇതൊരു നിശ്ചലസാന്നിദ്ധ്യമല്ല, ബലിപരമായ സാന്നിദ്ധ്യമാണ് എന്ന് സൂചിപ്പിക്കാനാണ് ശരീരവും രക്തവും എന്ന് വേർതിരിച്ചു പറഞ്ഞിരിക്കുന്നത്. ഈശോയുടെ മരണം ഇവിടെ മുൻകൂട്ടി അനുസ്മരിക്കുന്നു.

സമാന്തരസുവിശേഷങ്ങളിലേതുപോലെ പരി. കുർബാനയുടെ സ്ഥാപകവചനങ്ങൾ ഈ സുവിശേഷത്തിൽ കാണാനാവില്ല. എന്നാൽ ഈശോയുടെ ബലിയർപ്പണത്തെക്കുറിച്ചും പരി. കുർബാനയെക്കുറിച്ചുമുള്ള പ്രബോധനങ്ങളും അതിന്റെ ഫലങ്ങളും വ്യക്തമായി ഉൾക്കൊള്ളുന്ന വചനഭാഗമാണിത്. "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്" (6:51) എന്ന വാക്കുകൾ പരി. കുർബാന സ്ഥാപനത്തെ സൂചിപ്പിക്കുന്നതായി പല ബൈബിൾ പണ്ഡിതന്മാരും പറയുന്നുണ്ട്. ഇന്ന് ഓരോ അൾത്താരയിലും വൈദികന്റെ കരങ്ങളിലൂടെ കർത്താവിന്റെ ശരീരവും രക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ വിശ്വാസികളുടെ ഭക്ഷണപാനീയങ്ങളായിത്തീരുന്നു.

മന്നായെക്കുറിച്ചുള്ള പരാമർശത്തിലും പരി. കുർബാന എന്ന യാഥാർത്ഥ്യം അന്തർലീനമാണ് (6:49). പഴയനിയമജനതയ്ക്ക് ദൈവം നല്കിയ മന്നാ പരി. കുർബാനയുടെ പ്രതീകമാണ്. മരുഭൂമിയിൽ വച്ച് പിതാക്കന്മാർ ഭക്ഷിച്ച മന്നാ നല്കിയത് ദൈവമാണ്. അത് ശാരീരിക വിശപ്പടക്കാൻ മാത്രമേ പ്രയോജനപ്പെട്ടുള്ളു. പുതിയ മന്നാ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന, ലോകത്തിനു ജീവൻ നല്കുന്ന, ദൈവപുത്രന്റെ ശരീരമാണ്. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പമായ മിശിഹാ ലോകത്തിനു മുഴുവൻ നിത്യജീവൻ നല്കുന്നതിനുള്ള അച്ചാരമാണ്.

പരി. കുർബാന എന്ന യാഥാർത്ഥ്യത്തെപ്പറ്റി വിശദമാക്കിയശേഷം സുവിശേഷകൻ, ഈ അപ്പം ഭക്ഷിക്കുന്നവർക്ക് ലഭിക്കുന്ന, അല്ലെങ്കിൽ





പരി. കുർബാനാനുഭവത്തിന്റെ, മൂന്നു ഫലങ്ങളെക്കുറിച്ചും പറയുന്നു. ഒന്നാമത്തേത് നിത്യജീവനാണ്. 'സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. അവന് നിത്യജീവനുണ്ട്' (6:51,54) എന്നാണ് ഈശോ അരുളിച്ചെയ്തത്. കാരണം, അവിടുത്തെ ശരീരം യഥാർത്ഥ ഭക്ഷണവും രക്തം യഥാർത്ഥ പാനീയവുമാണ് (6:55). മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ മിശിഹായുടെ അരൂപിയെയാണ് നാം സ്വീകരിക്കുക. "ആത്മാവാണ് ജീവൻ നല്കുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (6:63). ഇവിടെ 'ശരീരം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യപ്രകൃതിയാണ്. ആത്മാവ് പ്രദാനം ചെയ്യുന്ന വിശ്വാസത്തോടെ വേണം പരി. കുർബാനയാകുന്ന യാഥാർത്ഥ്യത്തെ സമീപിക്കുവാൻ. (യോഹ 6:63). രണ്ടാമതായി പരി. കുർബാനാനുഭവം മിശിഹായുമായുള്ള പരസ്പര ഐക്യത്തിൽ നമ്മെ വളർത്തും: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (6:56) എന്നു പറഞ്ഞുകൊണ്ട് പരസ്പര സഹവാസം എന്ന ഫലം ഈശോ ഉയർത്തിക്കാട്ടുന്നു. മിശിഹായുമായുള്ള പരസ്പര സഹവാസം ആത്യന്തികമായി ദൈവൈക്യത്തിലേക്ക് നമ്മെ എത്തിക്കും. ഉത്ഥാനമാണ് ജീവന്റെ അപ്പം ഭക്ഷിക്കുന്നവൻ ആസ്വദിക്കുന്ന മറ്റൊരു ഫലം (6:54). പരി. കുർബാന മിശിഹായോടൊത്തുള്ള നമ്മുടെ പുനരുത്ഥാനത്തിന് അച്ചാരമായിത്തീരുന്നു.

## യോഹന്നാൻ 6:60-71, പ്രഭാഷണത്തിനുള്ള പ്രതികരണം

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള വിശദമായ പ്രഭാഷണത്തിന്റെ പ്രതികരണമാണ് തുടർന്നു വരുന്ന വചനഭാഗം വെളിവാക്കുന്നത്. മറ്റ് പ്രബോധനങ്ങൾ നല്കുമ്പോൾ ഉപമയും രൂപകവുമൊക്കെ ഉപയോഗിക്കുന്ന ഈശോ പരി. കുർബാനയെന്ന മഹാരഹസ്യത്തിന്റെ പ്രബോധനം നേരിട്ടുതന്നെ നല്കുകയാണ്. ഇത് മനുഷ്യബുദ്ധിയ്ക്ക് അഗ്രാഹ്യമാണ്. അതിനാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ നോക്കി കാണുവാൻ ഈശോ തന്റെ ശ്രോതാക്കളെ ക്ഷണിക്കുന്നു. ഈശോയുടെ ഈ പ്രബോധനത്തിന് പ്രതികൂലവും അനുകൂലവുമായ (നിഷേധാത്മകവും ക്രിയാത്മകവുമായ) പ്രതികരണങ്ങൾ ലഭിച്ചു.

വിശ്വാസത്തോടെ പ്രതികരിക്കുവാൻ തയ്യാറാകാത്തവർ ഈ പ്രബോധനത്തോട് നിഷേധാത്മകമായ സമീപനമാണ് പുലർത്തിയത് (6:60-65). വിശ്വാസത്തോടെ പ്രത്യുത്തരം നല്കാത്തവർ പിന്നീടൊരിക്കലും ഈശോയുടെ 'കൂടെ' നടന്നില്ല. അവർ ഈശോയുടെ ശിഷ്യത്വം ഉപേക്ഷിച്ചുപോയി എന്നാണ് ഇതർത്ഥമാക്കുന്നത്. അവരുടെ സമീപനം വെറും മാനുഷികമായിരുന്നതുകൊണ്ടാണ് അവർക്ക് ഈ വചനം കഠിനമായി തോന്നിയത്. വിശ്വാസത്തോടുകൂടെ 'ജീവന്റെ അപ്പം' എന്ന യാഥാർത്ഥ്യത്തെ സമീപിക്കാത്തവർക്ക് അത് മനസ്സിലാക്കുവാനും സ്വീക

രിക്കുവാനും സാധ്യമല്ലാതാകും.

തുടർന്നുള്ള വാക്യങ്ങളിൽ (6:64-69) അനുകൂലമായ പ്രത്യുത്തരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്വന്തം ശ്ലീഹന്മാരുടെ വിശ്വാസത്തെ പരീക്ഷിക്കാനായുള്ള ഈശോയുടെ ചോദ്യവും അതിനു മറുപടിയായുള്ള പത്രോസ്ശ്ലീഹായുടെ ഏറ്റുപറച്ചിലും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. സമാന്തരസുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തോട് സമാനതയുള്ളതാണ് ഈ ഏറ്റുപറച്ചിലും: "കർത്താവേ ഞങ്ങൾ ആരുടെ അടുക്കലേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6:68-69). വിശ്വസിക്കുക, അറിയുക തുടങ്ങിയ പ്രയോഗങ്ങൾ ശിഷ്യത്വത്തിന്റെ ദൃഢതയെ സൂചിപ്പിക്കുന്നതാണ്. ജീവന്റെ അപ്പമായ മിശിഹായോടൊത്തുള്ള ജീവിതം ഒരു വെല്ലുവിളിതന്നെയാണ്. വെറും മാനുഷികമായ പരിശ്രമത്താൽ നേടിയെടുക്കാവുന്ന ഒന്നല്ല ഇത്. ദൈവത്തിന്റെ അരൂപിയോടുള്ള തുറവിയാൽ മാനുഷികചിന്തകൾക്കും നിലപാടുകൾക്കും അതീതമായി വിശ്വാസജീവിതം നയിക്കുന്നവർക്കേ അതു സാധ്യമാകൂ. ശിഷ്യന്മാരുടെ അനുകൂലപ്രത്യുത്തരത്തിനൊടുവിൽ, വിശ്വസിച്ച് കൂടെ നടക്കുന്നുവെന്ന് ഭാവിക്കുകയും ഹൃദയംകൊണ്ട് അനുഗമിക്കാതിരിക്കുകയും ചെയ്യുന്ന യൂദാസിന്റെ വഞ്ചനയെയും തന്റെ പീഡാനുഭവമരണത്തെയും ഈശോ അനുസ്മരിക്കുന്നുണ്ട് (6:70-71).

**വിചിന്തനം:** വിശപ്പടക്കാനുള്ള അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവനാണ് മനുഷ്യൻ. അവന്റെ ഈ അദ്ധ്വാനത്തെക്കുറിച്ചുള്ള ഒരു കരുതൽ ദൈവത്തിനുണ്ട്. അപ്പത്തിനുവേണ്ടിയുള്ള മനുഷ്യന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാകാൻ ദൈവം അവനോടൊത്ത് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവൻ ഈ ഭൗതികമായിട്ടുള്ള അദ്ധ്വാനം അവന്റെ ജീവിതലക്ഷ്യമായി കാണരുത്. ദൈവം ആത്യന്തികമായി അവന് നല്കാൻ ആഗ്രഹിക്കുന്നത് നിത്യജീവൻ നല്കുന്ന അപ്പമാണ്. നശ്വരമായ അപ്പത്തിനുവേണ്ടി എന്നതിനേക്കാൾ അനശ്വരമായ അപ്പത്തിനുവേണ്ടിയാണ് അവൻ അദ്ധ്വാനിക്കേണ്ടത്. നശ്വരമായ അപ്പത്തിനുവേണ്ടിയുള്ള അവന്റെ അദ്ധ്വാനത്തെ ഫലപ്രദമാക്കുന്ന ദൈവത്തിന്റെ പരിപാലനയെ ദൈവം നല്കുന്ന അടയാളങ്ങളായി കണ്ടുകൊണ്ട് അവയിലൂടെ അനശ്വരഅപ്പമായ ദൈവിക ജീവൻ നേടാൻ അവൻ പരിശ്രമിക്കണം.

**6:16-21:** കടലിനുമീതേ നടക്കുന്ന അത്ഭുതം സഭയിലുള്ള ഈശോയുടെ രക്ഷാകര സാന്നിദ്ധ്യത്തിന്റെ അടയാളമായി കരുതാം. ഈശോയുടെ ശാരീരികസാന്നിദ്ധ്യമില്ലാതെ ശിഷ്യന്മാർ കയറിയ വഞ്ചി ലോകമാകുന്ന കടലിൽ സ്വർഗ്ഗമാകുന്ന കരയെ ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്ന സഭയെയാണ് സൂചിപ്പിക്കുന്നത്. മലമുകളിൽ പ്രാർത്ഥനാനിരതനായിരുന്ന ഈശോ (6:15) ഇപ്പോൾ പിതാവിന്റെ മഹത്ത്വത്തിലായിരിക്കുന്ന മിശിഹായെയും പ്രതിനിധീകരിക്കുന്നു. ലോകത്തിന്റേതായ പ്രശ്നങ്ങളിലും പ്രതിസന്ധികളിലുംകൂടി മുന്നേറുന്ന സഭയിൽ ഉത്ഥിതനായ മിശിഹായിലൂടെ ദൈവത്തിന്റെ രക്ഷാകരമായ സാന്നിദ്ധ്യം ഉണ്ടായിരിക്കുമെന്ന ഉറപ്പാണ് ഈ അത്ഭുതം നല്കുന്നത്.





**6:22-34:** ഇക്കാലത്തും അത്ഭുതങ്ങളിലൂടെ ഈ ലോകത്തിന്റെ നേട്ടങ്ങളുടെ പുറകേ പോകുന്ന പ്രവണതയാണ് പലർക്കുമുള്ളത്. യഥാർത്ഥ ജീവൻ സ്വന്തമാക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിന്റെ ദൈവികമായ അന്വേഷണം തിരിച്ചറിഞ്ഞ് അതിനെ തൃപ്തിപ്പെടുത്തുന്ന ആഹാരം തേടുന്നവരാകണം. ഇങ്ങനെ ഒരു തിരിച്ചറിവും ഒരന്വേഷണവും നമുക്കുണ്ടാകണമെങ്കിൽ നാം വിശ്വാസജീവിതം നയിക്കണം. വിശ്വാസം നമ്മിൽ ഉളവാക്കുന്നത് ദൈവത്തിന്റെ പ്രവർത്തനമാണ്: "ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (6:29). മാമ്മോദീസായിൽ വിശ്വാസമെന്ന ദാനം ദൈവം നമുക്കു നല്കുന്നു. നമ്മെ വിശ്വാസികളുടെ സമൂഹത്തിലേക്ക് പ്രവേശിപ്പിച്ച്, സഭയുടെ വിശ്വാസത്തിൽ നമ്മെ പങ്കുചേർത്തുകൊണ്ടാണ് ദൈവം ഇക്കാര്യങ്ങൾ പ്രവർത്തിക്കുന്നത്. സഭാത്മകമായ ജീവിതത്തിലൂടെ ദൈവത്തിന്റെ ഈ പ്രവർത്തനത്തോട് പൂർണ്ണമായും സഹകരിച്ചുകൊണ്ടാണ് വിശ്വാസജീവിതം നയിക്കേണ്ടത്. അങ്ങനെ, വിശ്വാസത്തോടും അനശ്വരമായ അപ്പത്തിനുവേണ്ടിയുള്ള വിശപ്പോടുംകൂടെ വേണം ജീവന്റെ അപ്പമായ മിശിഹായെ സമീപിക്കുവാൻ.

**6:35-50:** പരി. കുർബാനയാഘോഷത്തിന്റെ ആദ്യഭാഗം വചനശുശ്രൂഷയാണല്ലോ. അവിടെ മിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യമുണ്ട്. സഭയുടെ ലിറ്റർജിയിൽ വി. ലിഖിതങ്ങൾ വായിക്കപ്പെടുമ്പോൾ ഉത്ഥിതനായ മിശിഹാതന്നെ നമ്മുടെ മദ്ധ്യേ കടന്നുവന്ന് സംസാരിക്കുകയാണ് എന്ന് 'മാനേ നൊബിസ്ക്കും ദോമിനെ' എന്ന അപ്പസ്തോലിക ലേഖനത്തിൽ (നമ്പർ 13) ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറയുന്നു. പരി. കുർബാനയിലെ വചനശുശ്രൂഷയിൽ മിശിഹാ ജീവന്റെ അപ്പമായി നമുക്കു സ്വയം നല്കുകയാണ്. വിശ്വാസത്തോടും ഭക്തിയോടും ശ്രദ്ധയോടുംകൂടെ വചനശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് അത് ജീവൻ നല്കുന്ന ഒരനുഭവമായിത്തീരും.

**6:51-59:** കാൽവരിയിൽ മനുഷ്യരക്ഷയ്ക്കുവേണ്ടി മുറിയപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവുമാണ് കൗദാശികമായി ഇന്ന് ഓരോ അൾത്താരയിലും മുറിയപ്പെടുന്നതും ചിന്തപ്പെടുന്നതും. ഈ ജീവന്റെ അപ്പമാണ് നാം ഭക്ഷിക്കുന്നത്. ഈശോയുടെ വചനങ്ങൾ ഇത് വ്യക്തമാക്കുന്നു (6:51). ഈ അപ്പത്തിനുവേണ്ടിയുള്ള വിശപ്പാണ് വിശ്വാസികൾക്കുണ്ടാകേണ്ടത്. എല്ലാ വിശപ്പിനും സംതൃപ്തി നല്കാൻ കഴിയുന്നവൻ ദൈവമാണ് എന്ന സത്യത്തെ വിശ്വസിക്കാനും സ്വീകരിക്കുവാനും വിശ്വാസികൾക്ക് സാധിക്കണം. കാണുന്ന അത്ഭുതങ്ങളുടെ പിന്നാലെ കാര്യസാദ്ധ്യത്തിനുവേണ്ടി പായുന്നതിൽ വിവേകവും വിവേചനവും പുലർത്തണം. എല്ലാ മാനുഷിക ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവോന്മുഖമാക്കി പകർത്തുവാൻ ശക്തരാക്കുന്നത് പരി. കുർബാനയാണ്. പരി. കുർബാനയിൽ മിശിഹായുടെ ശരീരരക്തങ്ങളോടു ചേർന്ന് നമ്മുടെ ശരീരരക്തങ്ങൾ പിതാവായ ദൈവത്തിനർപ്പിച്ചും മിശിഹായുടെ ശരീരരക്തങ്ങൾ ഭക്ഷിച്ചും പാനംചെയ്തും മിശിഹായോട് ഐക്യപ്പെടുന്നവർക്ക് അത് ജീവൻ പ്രദാനം ചെയ്യുന്ന അപ്പമായിത്തീരും.

ഈ വചനഭാഗത്തിലൂടെ, പരി. കുർബാനയുടെ പ്രാധാന്യവും കൗദാ

ശികമായ അവിടുത്തെ സജീവസാന്നിദ്ധ്യവും വിശ്വാസത്തിന്റെ കണ്ണുകളോടെ നോക്കിക്കാണുവാൻ ഈശോ ക്ഷണിക്കുകയാണ്. അന്ന് കാൽവരിയിൽ മുറിയപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും ഇന്ന് ഓരോ അൾത്താരയിലും കൗദാശികമായി പുനരാവർത്തിക്കപ്പെടുമ്പോൾ വിശ്വാസത്തിന്റെ സമർപ്പണത്തോടെ ഈ ദിവ്യരഹസ്യത്തിലേക്ക് കടന്നുചെല്ലുവാൻ ഈശോ ആവശ്യപ്പെടുകയാണ്. അപ്പോൾ പരി. കുർബാന വിശ്വാസികൾക്ക് നിത്യജീവനും ഉത്ഥാനത്തിനും ദൈവത്തിലുള്ള സഹവാസത്തിനും ഉറവിടവുമായിത്തീരും.

**6:60-71:** ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം അസ്വീകാര്യമായിത്തീർന്നതിനാൽ ശിഷ്യരിൽ അനേകം പേർ ഈശോയെ വിട്ടുപോയി. ജീവന്റെ അപ്പം എന്ന ദൈവികരഹസ്യത്തെ ഉൾക്കൊള്ളുവാൻ കഴിയാതെ പോയതിന്റെ കാരണം ഈ രഹസ്യത്തോടുള്ള അവരുടെ വെറും മാനുഷികമായ സമീപനമായിരുന്നു. പരി. കുർബാനയിൽ കേന്ദ്രീകൃതമായ ക്രിസ്തീയജീവിതം വേണ്ടവിധം നയിക്കുവാൻ നമുക്കു കഴിയണമെങ്കിൽ നാം പരികർമ്മം ചെയ്യുന്ന ദിവ്യരഹസ്യങ്ങളെ ഉറച്ച വിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ സമീപിക്കണം.

## യോഹന്നാൻ 9:1-41, ഈശോ ലോകത്തിന്റെ പ്രകാശം

കൂടാരതിരുനാളിനോടനുബന്ധിച്ചുള്ള വെളിച്ചത്തിന്റെ കർമ്മത്തിന്റെ പശ്ചാത്തലത്തിൽതന്നെയാണ് ഈ അദ്ധ്യായവും മെനയപ്പെട്ടിരിക്കുന്നത്. അന്ധന് കാഴ്ച കൊടുക്കുന്ന സന്ദർഭത്തിൽ താൻ ലോകത്തിന്റെ പ്രകാശമാണെന്ന് ഈശോ വീണ്ടും പ്രഖ്യാപിക്കുന്നുണ്ട്. ഇതിലൂടെ, ദൈവത്തെ വെളിപ്പെടുത്തുന്ന തന്റെ ദൗത്യം അവിടുന്ന് ആവർത്തിച്ചുറപ്പിക്കുകയാണ്.

ജന്മനാ അന്ധനായ ഒരുവനെ ഈശോ സുഖപ്പെടുത്തുന്ന സംഭവവും അതേത്തുടർന്നുള്ള സംഭാഷണവുമാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം. ശാരീരികമായി അന്ധനായിരുന്ന ഒരു മനുഷ്യൻ ശാരീരികമായും ആത്മീയമായും കാഴ്ചയുള്ളവനായി മാറുകയും ആത്മീയമായി കാഴ്ചയുണ്ടെന്ന് അവകാശപ്പെട്ടിരുന്ന ഫരിസേയർ ആത്മീയമായി അന്ധരായി മാറുകയും ചെയ്യുന്ന ഒരു വൈരുദ്ധ്യാത്മക സംഭവമായിട്ടാണ് യോഹന്നാൻ സുവിശേഷകൻ ഈ അത്ഭുതത്തെ അവതരിപ്പിക്കുന്നത്. ലോകത്തിന്റെ പ്രകാശമായ മിശിഹായിലേക്ക് അന്ധനായ മനുഷ്യന്റെ കണ്ണുകൾ തുറക്കപ്പെട്ടു. അവൻ മിശിഹായെ തിരിച്ചറിഞ്ഞ് കർത്താവായി ഏറ്റുപറഞ്ഞ് ആരാധിച്ചു (9:38). അതേസമയം ഫരിസേയർ മിശിഹായിലേക്ക് കണ്ണുകൾ തുറക്കാത്തവരായി അന്ധതയിലും പാപത്തിലും നിലകൊണ്ടു (9:41).

**ലോകത്തിന്റെ പ്രകാശമായിരിക്കുക:** ഇവിടെ ഈശോ ലോകത്തിന്റെ പ്രകാശമായി സ്വയം പ്രഖ്യാപിക്കുക മാത്രമല്ല, എങ്ങനെയാണ് ലോകത്തിന്റെ പ്രകാശമാവുക എന്ന് വിശദീകരിക്കുക്കൂടി ചെയ്യുന്നുണ്ട്. രണ്ടു





കാര്യങ്ങളാണ് ഈശോയെ ലോകത്തിന്റെ പ്രകാശമാക്കുന്നത്-തന്നെ അയച്ചവന്റെ ജോലി ചെയ്യുന്നതും അത് പകലായിരിക്കുവോളം ചെയ്യുന്നതും. പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നതിലൂടെയാണ് ഈശോ ലോകത്തിന്റെ പ്രകാശമാകുന്നത്. താൻ ഒരിക്കലും സ്വന്തം ഹിതം പ്രവർത്തിക്കുന്നില്ല എന്ന് ഈശോ ആവർത്തിച്ചു പറയുന്നതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്: "പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല" (5:19). തന്റെ അത്ഭുതങ്ങളെ പിതാവിന്റെ ജോലിയായിട്ടാണ് ഈശോ വിശേഷിപ്പിക്കുന്നത്. സാബത്തിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയതിനുശേഷം ഈശോ അതിനെ ന്യായീകരിക്കുന്നത് ഇപ്രകാരമാണ് "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്. ഞാനും പ്രവർത്തിക്കുന്നു" (5:17).

**വിശ്വാസത്തിലുള്ള വളർച്ച:** വിശ്വാസം വളർച്ച ഉൾക്കൊള്ളുന്ന ഒരു യാഥാർത്ഥ്യമാണ്. വിശ്വാസത്തിന്റെ വളർച്ച പടിപടിയായുള്ള ഒരു പ്രക്രിയയാണെന്ന് അന്ധനെ സുഖപ്പെടുത്തിയ സംഭവം പഠിപ്പിക്കുന്നു. അന്ധന് കാഴ്ച നല്കുന്നതിനു മുമ്പ് അതിന്റെ അർത്ഥവും ഈശോ വിശദീകരിക്കുന്നു (9:4-5). ഈശോ ലോകത്തിന്റെ പ്രകാശമാണ് എന്ന സത്യത്തിലേക്കാണ് ഈ രോഗശാന്തി വിരൽ ചൂണ്ടുന്നത്. ആത്മീയ അന്ധത പ്രകാശമായ മിശിഹായെ തിരിച്ചറിയുന്നതിന് തടസ്സം നില്ക്കുന്നു. ബാഹ്യമായ കണ്ണുകൾക്ക് കാഴ്ച കൊടുക്കുന്നതിലൂടെ ഈശോ അന്ധന്റെ ആത്മീയനേത്രങ്ങളും തുറക്കുകയാണ്. തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി പൂശുകയും അത് കഴുകുകയും ചെയ്തതിനുശേഷമാണ് അയാളുടെ ബാഹ്യ അന്ധത നീങ്ങിയത്. ആത്മീയ അന്ധത മാറി യഥാർത്ഥ വിശ്വാസത്തിലേക്ക് കടന്നുവരാനും അയാ ൾക്ക് ഒരു പ്രക്രിയയിലൂടെ കടന്നുപോകേണ്ടിയിരുന്നു. അയാൾ വിശ്വാസത്തിൽ വളർച്ച പ്രാപിച്ച് ഈശോയുടെ ശിഷ്യനായി ത്തീർന്നുവെന്ന് അദ്ധ്യായത്തിന്റെ അന്ത്യത്തിൽ സുവിശേഷകൻ വ്യക്തമാക്കുന്നു.

സൗഖ്യം ലഭിച്ചതിനുശേഷമുള്ള മറ്റുള്ളവരുടെ ഇടപെടലാണ് അയാൾക്ക് വിശ്വാസത്തിൽ വളരാൻ നിമിത്തമായി ഭവിച്ചത്. അയൽക്കാരും അവനെ മുമ്പ് യാചകനായി കണ്ടിട്ടുള്ളവരുമാണ് ആദ്യം അവനെ ചോദ്യം ചെയ്യുന്നത് (9:8-10,12). രണ്ടാമത് ഫരിസേയർ അവനെ ചോദ്യം ചെയ്യുന്നുണ്ട് (9:15,17). അതിനുശേഷം യഹൂദർ അവന്റെ മാതാപിതാക്കളെയും (9:18-19) പിന്നീട് അവനെ രണ്ടാം പ്രാവശ്യവും ചോദ്യം ചെയ്യുന്നു (9:24-34). ഇങ്ങനെയുള്ള അവരുടെ ഇടപെടലിലൂടെ അവൻ വിശ്വാസത്തിൽ വളർച്ച പ്രാപിക്കുകയാണ് ചെയ്യുന്നത്. അവന്റെ മറുപടികൾ ഈ വളർച്ച വ്യക്തമാക്കുന്നുണ്ട്. ഓരോ ഘട്ടത്തിലും അവൻ ഈശോയെ കൂടുതൽ കൂടുതൽ മനസ്സിലാക്കുന്നു.

അവന്റെ ആത്മീയനേത്രങ്ങളുടെ കാഴ്ച സാവധാനം വർദ്ധിച്ചുവരുന്നു എന്നത് ഈശോയെ അഭിസംബോധന ചെയ്യാൻ അവൻ ഉപയോഗിക്കുന്ന വാക്കുകളിൽനിന്നും മനസ്സിലാക്കാം. "ഈശോ എന്ന് പേരുള്ള മനുഷ്യൻ" (9:11) ആയാണ് അയാൾ ഈശോയെ ആദ്യം മനസ്സിലാക്കിയത്. പിന്നീട് ഒരു പ്രവാചകനായും (9:17) ദൈവത്തിൽ നിന്നു

ള്ളവനായും (9:33) മനുഷ്യപുത്രനായും (9:35–37) കർത്താവായും (9:38) അയാൾ ഈശോയെ തിരിച്ചറിയുകയും ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യുന്നു. അയാൾ ഒരു വിശ്വാസിയും ഈശോയുടെ ശിഷ്യനുമായി മാറി. 'മനുഷ്യപുത്രൻ' എന്ന പേര് ഈശോ തന്നെത്തന്നെ വിശേഷിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണ്. ഈശോയെ കർത്താവായി അംഗീകരിച്ചപ്പോൾ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് അയാൾ നടത്തിയത്. 'ഈശോ കർത്താവാണ്' എന്നുള്ളതായിരുന്നു ആദിമസഭയുടെ വിശ്വാസപ്രഖ്യാപനം: "ദൈവാത്മാവുമുഖേന സംസാരിക്കുന്നവരാരും ഈശോ ശപിക്കപ്പെട്ടവനാണ് എന്ന് ഒരിക്കലും പറയുകയില്ലെന്നും ഈശോ കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ലെന്നും നിങ്ങൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കൊറി 12:3).

അന്ധനായ മനുഷ്യൻ പ്രകാശമായ മിശിഹായിലേക്ക് കണ്ണുതുറന്നവനും മിശിഹായെക്കുറിച്ചുള്ള അറിവിൽ വളർന്ന് പ്രകാശമായ മിശിഹായ്ക്ക് ശക്തമായ സാക്ഷ്യം വഹിക്കുന്നവനുമായിത്തീരുന്നു. ഒട്ടും പ്രകാശമില്ലായിരുന്ന അവസ്ഥയിൽനിന്നും പ്രകാശത്തിന്റെ പൂർണ്ണതയിലേക്ക് ആ മനുഷ്യൻ കടന്നുവരുന്നുവെന്ന് സുവിശേഷകൻ എടുത്തുകാണിക്കുകയാണ്. ഇങ്ങനെ മിശിഹായെക്കുറിച്ചുള്ള അറിവിലും മിശിഹായിലുള്ള വിശ്വാസത്തിലും വളർന്ന് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ അയാൾക്കു കഴിഞ്ഞത് മിശിഹായിൽനിന്നും അയാൾക്കു ലഭിച്ച സൗഖ്യാനുഭവത്തിലേക്ക് വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കുകയും സൗഖ്യദാതാവായ മിശിഹായോട് വിശ്വസ്തത പുലർത്തുകയും ചെയ്തതുകൊണ്ടാണ്. അയൽക്കാരും ഫരിസേയരും യഹൂദരും മാറിമാറി അവനെ ചോദ്യം ചെയ്തിട്ടും സിനഗഗോഗിൽനിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തിയിട്ടും അവൻ തന്റെ വിശ്വാസത്തിൽനിന്നും വ്യതിചലിച്ചില്ല.

**വിശ്വാസവും അവിശ്വാസവും:** ജന്മനാ അന്ധനായിരുന്നവൻ വിശ്വാസമാകുന്ന ആത്മീയകാഴ്ചയുള്ളവനാവുകയും ആത്മീയകാഴ്ചയുണ്ടെന്ന് അഭിമാനിച്ചിരുന്ന ഫരിസേയർ വിശ്വാസമില്ലായ്മയാകുന്ന ആത്മീയാന്ധതയിലേക്ക് നീങ്ങുകയും ചെയ്യുന്ന വൈരുദ്ധ്യാത്മകരംഗമാണ് ഇവിടെ യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത്. കാഴ്ച ലഭിച്ചവൻ വിശ്വാസത്തിൽ പടിപടിയായി വളരുന്നതായും അതേസമയം യഹൂദരുടെ ആത്മീയ അന്ധത ഓരോ ഘട്ടത്തിലും വർദ്ധിക്കുന്നതായും കാണാം. അതായത്, അന്ധനിൽ വിശ്വാസത്തിന്റെ വളർച്ചയും ഫരിസേയരിൽ വിശ്വാസത്തിന്റെ തളർച്ചയുമാണ് സംഭവിക്കുന്നത്. ഇതിന് കാരണമായിത്തീർന്നത് അവരുടെ മനോഭാവത്തിന്റെ വ്യത്യാസമാണ്.

അന്ധനായിരുന്നവൻ വിനീതനും എളിമയുള്ളവനും സത്യസന്ധനും സത്യത്തോട് തുറവിയുള്ളവനും തന്റെ അജ്ഞതയെ അംഗീകരിക്കുന്നവനുമായിരുന്നു. അറിഞ്ഞുകൂടാത്ത കാര്യങ്ങൾ, അറിഞ്ഞുകൂടാ.. എന്ന് ഏറ്റുപറയുവാൻ ഉള്ള എളിമ അയാൾക്കുണ്ടായിരുന്നു (9:12,25). അയാളുടെ സൗഖ്യം പ്രാപിക്കലിനോടനുബന്ധിച്ചു നടന്ന സംഭവങ്ങൾ, നടന്നതുപോലെ എവിടെയും തുറന്നുപറയുവാനുള്ള സത്യസന്ധത അയാൾ കാണിച്ചു (9:15,30–35). "മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?"





എന്ന ഈശോയുടെ ചോദ്യത്തിന്, "കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?" എന്നു ചോദിച്ചുകൊണ്ട് സത്യം അറിയുവാനുള്ള തുറവിയും അയാൾ കാണിച്ചു. ഈ മനോഭാവമാണ് അയാളെ പ്രകാശത്തിൽനിന്ന് പ്രകാശത്തിലേക്ക്, വിശ്വാസത്തിൽനിന്നും വിശ്വാസത്തിലേക്ക് നടന്നടുക്കുവാൻ സഹായിച്ചത്. വിശ്വാസത്തിൽ വളരാൻ ഈ ഭാവങ്ങൾ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

എന്നാൽ, ഫരിസേയരുടെ മനോഭാവം ഇതിന് കടകവിരുദ്ധമായഒന്നായിരുന്നു. അവർ അവരുടെ അറിവിൽ അമിത വിശ്വാസമുള്ളവരും സത്യത്തോട് തുറവിയില്ലാത്തവരും മുൻവിധി നടത്തുന്നവരും ആത്മാർത്ഥതയില്ലാത്തവരും അഹങ്കാരികളുമായിരുന്നു (9:34). ആദ്യം അയാൾക്ക് കാഴ്ച ലഭിച്ചത് എങ്ങനെയാണെന്ന് അറിയാൻ ആഗ്രഹിച്ച യഹൂദർ, പിന്നീട് അവൻ അന്ധനായിരുന്നോ എന്നു പോലും സംശയിക്കുന്നു (9:18–19). "ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല, എന്തെന്നാൽ അവൻ സാബത്ത് ആചരിക്കുന്നില്ല" (9:16), "ആ മനുഷ്യൻ പാപിയാണെന്ന് ഞങ്ങൾക്കറിയാം" (9:24) തുടങ്ങിയ പ്രസ്താവനകൾ തങ്ങളുടെ അറിവിനെക്കുറിച്ചുള്ള അവരുടെ അമിതബോധവും അവിവേകപൂർണ്ണമായ മുൻവിധിയും വ്യക്തമാക്കുന്നവയാണ്. "തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നവോ?" എന്ന ചോദ്യവും, അവനെ സിനഗോഗിൽനിന്നു പുറത്താക്കുന്നതും (9:34) യഥാർത്ഥ വിശ്വാസത്തിലേക്ക് കണ്ണു തുറക്കാൻ മടിക്കുന്ന അവരുടെ അഹന്തയും തുറവിയില്ലായ്മയുമാണ് വെളിപ്പെടുത്തുന്നത്. ഈ നിലപാടുതന്നെയാണ് അവരുടെ വിശ്വാസത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കിയതും.

**മാമ്മോദീസായെ സൂചിപ്പിക്കുന്ന അടയാളം:** അന്ധന് കാഴ്ച നല്കുന്നതിനായി ഈശോ തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പൂശിയിട്ട് കഴുകാനായി സീലോഹാകുളത്തിലേക്ക് പറഞ്ഞുവിടുകയാണ് (9:6–7). ഈ കർമ്മങ്ങളെല്ലാം പ്രതീകങ്ങളായി കാണണം. പൂശലിലൂടെയും കഴുകലിലൂടെയും വിശ്വാസവെളിച്ചത്തിലേക്കു നയിക്കുന്ന ഈ അത്ഭുതം പ്രവേശകകൂദാശകളിൽ ഒന്നായ മാമ്മോദീസായെ സൂചിപ്പിക്കുന്ന ഒരു അടയാളമാണ്. സഭാപാരമ്പര്യത്തിൽ ഈ അത്ഭുതത്തെ ഇങ്ങനെയാണ് കണ്ടിരുന്നത്. സഭയുടെ മാമ്മോദീസാ കർമ്മത്തിൽ ഈ സുവിശേഷവായന ഉൾപ്പെടുത്തിയിരുന്നു. മാമ്മോദീസാ നല്കുമ്പോൾ കാർമ്മികൻ തുപ്പൽകൊണ്ട് ശിശുവിന്റെ കൺപോളകളിലും കാതുകളിലും കുരിശുവരച്ച് 'തുറക്കപ്പെടുക' എന്നു പറയുന്ന പതിവ് ഒരിക്കൽ ഉണ്ടായിരുന്നു എന്നതും ഇതാണ് സൂചിപ്പിക്കുന്നത്. 'പൂശുക' എന്നതിന് 'ക്രിസ്മാ'എന്ന ഗ്രീക്കുവാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മാമ്മോദീസാവേളയിലെ തൈലാഭിഷേകത്തെ സൂചിപ്പിക്കുന്ന പദമാണിത്. ചെളികൊണ്ട് പൂശി ബാഹ്യമായ കണ്ണുകൾ തുറന്നതിലൂടെ, ആത്മീയപ്രകാശം ലഭിക്കാനായി മാമ്മോദീസായിൽ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ എടുത്തു കാണിക്കുന്നത്. പരിശുദ്ധാത്മാവാണ് ആത്മീയ ഉൾക്കാഴ്ചകൾ നല്കുന്നത്.

മാമ്മോദീസാനുഭവത്തെ 'പ്രകാശിപ്പിക്കപ്പെടൽ' എന്ന് പുതിയനിയമത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. മാമ്മോദീസായിലൂടെ മിശിഹായിലുള്ള

വിശ്വാസത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ടവർക്ക് "ദൈവത്തിന്റെ പ്രതിരൂപമായ മിശിഹായുടെ സുവിശേഷത്തിന്റെ പ്രകാശം ദൃശ്യമാകുന്നു" എന്നും, അത് "മിശിഹായുടെ മുഖത്ത് വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശ"മാണെന്നും വി. പൗലോസ് പറയുന്നു (2 കൊറി 4:4-6). ദൈവം മനുഷ്യഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന അനുഭവമാണ് വിശ്വാസാനുഭവമെന്നും ഇവിടെ പൗലോസ്ശ്ലീഹാ കൂട്ടിച്ചേർക്കുന്നുണ്ട് (2 കൊറി 4:6). അതുകൊണ്ട് മാമ്മോദീസായിലൂടെ നമുക്കു ലഭിച്ച ക്രിസ്തീയവിശ്വാസം മിശിഹായുടെ സുവിശേഷത്തിന്റെ പ്രകാശത്താൽ പ്രകാശിതരാകാനുള്ള വിളിയാണ്. ഈ വിളിയെയാണ് അന്ധനു കാഴ്ച നല്കുന്ന ഈ അത്ഭുതം അടയാളപ്പെടുത്തുന്നത്. 'അയക്കപ്പെട്ടവൻ' എന്നർത്ഥം വരുന്ന 'സീലോഹാ' കുളത്തിൽ പോയി കഴുകി കാഴ്ച പ്രാപിക്കുന്നത് ഇതിന്റെ സൂചനയാണ്. കാരണം, അയക്കപ്പെട്ടവൻ 'മിശിഹാ' തന്നെയാണ്.

**പാപവും രോഗവും:** പാപത്തിന്റെ ഫലമാണ് രോഗമെന്നും അത് തലമുറകളിലേക്ക് കൈമാറുമെന്നുമുള്ള ഒരു വിശ്വാസം യഹൂദപാരമ്പര്യത്തിൽ നിലനിന്നിരുന്നു (9:2). എന്നാൽ, ഈശോ ഈ പാരമ്പര്യത്തെ തള്ളിക്കളയുകയും രോഗങ്ങളുടെയും സഹനങ്ങളുടെയും അർത്ഥം ശിഷ്യന്മാർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്നു: "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (9:3) അവൻ അന്ധനായി ജനിച്ചത് എന്നാണ് അവിടുന്ന് പറയുന്നത്. പാപത്തിന്റെ ഫലമായി രോഗമുണ്ടാകാം. എന്നാൽ എല്ലാ രോഗങ്ങളും പാപത്തിന്റെ ഫലമാണ് എന്ന നിലപാട് ശരിയല്ല. നിഷ്ക്കളങ്കരുടെ സഹനം മനുഷ്യരാശിയുടെ ആരംഭം മുതലേമനുഷ്യൻ നേരിടുന്ന ഒരു പ്രശ്നമാണ്, ഒരു രഹസ്യമാണ്. പഴയനിയമത്തിലെ ജോബിന്റെ പുസ്തകംതന്നെ ഈ രഹസ്യത്തെയാണ് അവതരിപ്പിക്കുക. മാനുഷികമായി, തൃപ്തികരമായി മറുപടി കണ്ടെത്താൻ കഴിയാത്ത ദൈവത്തിന്റെ രഹസ്യം.

ഇവിടെ ഈശോ സഹനത്തെ ദൈവമഹത്ത്വവുമായി ബന്ധിപ്പിക്കുകയാണ്. ദൈവത്തിന്റെ പരിപാലനയുടെ ഒരു ക്രമീകരണമാണ് മനുഷ്യന്റെ സഹനത്തിനു പിന്നിൽ കാണേണ്ടത്. ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടുവാൻ അന്ധന് കാഴ്ച കൊടുത്ത അനുഭവം ഒരു നിമിത്തമായി. രോഗശാന്തിയുടെ അനുഭവം അവന് ദൈവത്തിന്റെ സ്നേഹത്തിന്റെ അനുഭവമായി. ആ അനുഭവം അവനെ ആഴമായി സ്പർശിച്ചു. ആ അനുഭവത്തോട് വിശ്വസ്തത പുലർത്തിയതിന്റെ ഫലമായി അവന് ലോകത്തിന്റെ പ്രകാശമായ മിശിഹായിൽ വിശ്വസിക്കാനുള്ള കൃപ ലഭിച്ചു. തന്റെ മിശിഹാനുഭവത്തിന് അവൻ അനേകരുടെ മുമ്പിൽ സാക്ഷ്യം വഹിച്ചു. ശിഷ്യർക്കും അയൽക്കാർക്കും ഫരിസേയർക്കും അവന്റെ മാതാപിതാക്കന്മാർക്കും ദൈവത്തിന്റെ പ്രവർത്തനം കാണുവാൻ ഈ സംഭവം കളമൊരുക്കി. അങ്ങനെ ഈശോയുടെ വാക്കുകൾ അന്വർത്ഥമായി. അന്ധനായി ജനിച്ച ആ മനുഷ്യനിലൂടെ ദൈവത്തിന്റെ മഹത്ത്വം അനേകർക്ക് വെളിപ്പെട്ടു.

**വിചിന്തനം: 9:1-5,** 'പകലായിരിക്കുവോളം' എന്നു പറഞ്ഞാൽ ഈ





ലോകജീവിതകാലത്ത് എന്നാണ് അർത്ഥം. ആർക്കും ജോലി ചെയ്യുവാൻ കഴിയാത്ത രാത്രി മരണത്തെ സൂചിപ്പിക്കുന്നു. ഈശോ ലോകത്തിന്റെ പ്രകാശമായിരിക്കുന്നതുപോലെ അവിടുത്തെ ശിഷ്യരും ലോകത്തിന്റെ പ്രകാശമായി തീരേണ്ടവരാണ്. പ്രകാശമായ മിശിഹാ തന്റെ പ്രവർത്തനത്തിൽ ശിഷ്യന്മാരെയും പങ്കാളികളാക്കുന്നുണ്ട്: "എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു" (9:4). 'പ്രകാശത്തിലായിരിക്കുക' എന്നതിന്റെ അർത്ഥം ദൈവത്തിന്റെ മക്കളായിരിക്കുക എന്നതാണ്. (1 കൊറി 4:4-6?). ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്തുകൊണ്ടാണ് മിശിഹാശിഷ്യൻ ലോകത്തിന്റെ പ്രകാശമായി തീരേണ്ടത്. ദൈവം ഭരമേല്പിച്ചിരിക്കുന്ന ജോലികളാണ് ഈ ലോകജീവിതത്തിൽ നിറവേറ്റണ്ടത്. ശിഷ്യർ ലോകത്തിന്റെ പ്രകാശമാണെന്നും മറ്റുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തക്കവിധം സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് അവരുടെ വെളിച്ചം പ്രകാശിക്കണമെന്നും വി. മത്തായിയുടെ സുവിശേഷത്തിൽ ഈശോ വ്യക്തമായി പറയുന്നുണ്ട് (5:14-16).

**9:2-3:** ഈശോ കുരുടനു കാഴ്ച നല്കുന്ന സംഭവം, വി. യോഹന്നാന്റെ സുവിശേഷം അത്ഭുതങ്ങളെ വിശേഷിപ്പിക്കുന്നതുപോലെ, ഒരു അടയാളമാണ്. ലോകത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളുടെ പിന്നിൽ ദൈവത്തിന്റെ കരങ്ങൾ ദർശിക്കുവാൻ നമുക്കു കഴിയണം. ഒരു വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന ഒരോ കാര്യവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. ദൈവത്തിന്റെ പരിപാലനക്കപ്പുറം ഒന്നും സംഭവിക്കുകയില്ല. ദൈവമഹത്വമാണ് എല്ലാറ്റിന്റെയും ലക്ഷ്യം. എല്ലാം നന്മയ്ക്കായി തിരിച്ചുവിടുന്ന ദൈവത്തിന്റെ പരിപാലന, അതെല്ലാം ദൈവമഹത്ത്വത്തിന് കാരണമാക്കിത്തീർക്കും എന്ന വിശ്വാസത്തോടെ, സഹനങ്ങളെ നേരിടാൻ നമുക്കു കഴിയണം. അങ്ങനെ സഹനങ്ങളെ നേരിടുവാൻ മറ്റുള്ളവരെ നാം സഹായിക്കുകയും വേണം.

**9:6-41:** മാമ്മോദീസായിലൂടെയാണ് നാം വിശ്വാസത്തിലേക്കു പ്രവേശിപ്പിക്കപ്പെടുന്നത്. വിശ്വാസം ഒരു വെളിച്ചമാണ്. ഈ വെളിച്ചം ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ജീവിക്കുവാൻ നമ്മെ സഹായിക്കുന്നു. ഈ വിശ്വാസജീവിതത്തിന് വളർച്ചയുണ്ടാകണം. വിശ്വാസത്തിന്റെ വിഷയമായ ദൈവികരഹസ്യങ്ങൾ കൂടുതൽ കൂടുതൽ മനസ്സിലാക്കുവാനും അതിനനുസൃതമായി ജീവിക്കുവാനും നമുക്കു കഴിയണം. ഈ വിശ്വാസവളർച്ച നമ്മിൽ സംഭവിക്കണമെങ്കിൽ അന്ധനായ മനുഷ്യന്റെ മനോഭാവങ്ങളായ എളിമ, തുറവി, സത്യസന്ധത തുടങ്ങിയവ നമുക്കുമുണ്ടാകണം. നേരെമറിച്ച് യഹൂദരുടെ നിലപാടുകളായ തുറവിയില്ലായ്മയും മുൻവിധിയും ആത്മാർത്ഥതയില്ലായ്മയും അഹങ്കാരവും നമ്മിലുണ്ടായാൽ വിശ്വാസവെളിച്ചം നഷ്ടമാകുകയും അവിശ്വാസത്തിന്റെ അന്ധകാരത്തിൽ നിപതിക്കുകയും ചെയ്യും.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ദൈവികമായ ഇടപെടലുകളിലേക്ക് നമ്മുടെ വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കുകയും ആ ഇടപെടലുകളെക്കുറിച്ച് മറ്റുള്ളവരുടെ മുമ്പിൽ വിശ്വസ്തതയോടും സത്യസന്ധതയോടുംകൂടെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോഴാണ് നാം വിശ്വാസജീവി

തത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നത്. വിശ്വാസത്തിൽ വളർന്ന് മിശിഹായുടെ പ്രകാശത്താൽ പ്രകാശിതരായി ഈ പ്രകാശത്തിനു ഫലപ്രദമായവിധം സാക്ഷ്യം വഹിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

"മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനില്ക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ച് നിങ്ങളെ പഠിപ്പിക്കും" (1 യോഹ 2:27). പരിശുദ്ധാത്മാവിൽനിന്ന് നേരിട്ട് അറിവു നേടാമെന്നും സഭയുടെ ആവശ്യമില്ലെന്നും ഈ വചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്ന ചിലരുണ്ട്. എന്നാൽ മാമ്മോദീസായിലൂടെ ഒരുവൻ സഭയുടെ അംഗമായി തീരുകയും അതുവഴി പരിശുദ്ധാത്മാവിലുള്ള ജീവിതത്തിലേക്കു പ്രവേശിക്കുകയുമാണ് ചെയ്യുന്നത്. കൂദാശകൾ പരികർമ്മം ചെയ്യാനുള്ള അവകാശം സഭയ്ക്ക് മാത്രമുള്ളതാണ്. വിശ്വാസം ഒരു വ്യക്തിയുടെ നേട്ടമല്ല. ഒറ്റക്കു നിന്നുകൊണ്ട് യഥാർത്ഥ വിശ്വാസത്തിൽ വളരാനും കഴിയില്ല. 'അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ച് നിങ്ങളെ പഠിപ്പിക്കും' എന്നതുകൊണ്ട് സഭയുടെ വിശ്വാസം പഠിപ്പിക്കും എന്നാണ് അർത്ഥമാക്കുന്നത്. സഭയിൽനിന്നും വേറിട്ടൊരു വിശ്വാസ ജീവിതമില്ല.

## യോഹന്നാൻ 11:1-44, ലാസറിനെ ഉയിർപ്പിക്കുന്ന അത്ഭുതം

ലാസറിനെ ഉയിർപ്പിക്കുന്ന അത്ഭുതം മനുഷ്യർക്ക് പുനരുത്ഥാനവും ജീവനും നല്കുന്ന ഈശോയുടെ അടയാളമാണ്. തന്റെ ജീവൻ വെടിഞ്ഞുകൊണ്ടാണ് ഈശോ മനുഷ്യർക്ക് ജീവനും പുനരുത്ഥാനവുമായിത്തീർന്നത്. ലാസറിനെ ജീവിതത്തിലേക്കു കൊണ്ടുവരുന്ന സംഭവമാണ് 1-44 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നതെങ്കിലും, ഈ അത്ഭുതത്തെക്കുറിച്ച് രണ്ടു വാക്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വളരെ ചുരുങ്ങിയ വിവരണമാണ് കൊടുത്തിരിക്കുന്നത് (11:43-44). അതിനൊരുക്കമായുള്ള വലിയ ഒരു വിശദീകരണമാണ് ബാക്കിഭാഗം മുഴുവനിലുമുള്ളത്. ഈ അത്ഭുതം ഒരു അടയാളമാണെന്നതിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഇതിന്റെ അർത്ഥമെന്താണെന്ന് ഈശോ തന്നെ വിശദീകരിക്കുന്നുമുണ്ട്.

## യോഹന്നാൻ 11:1-7, ലാസറിന്റെ രോഗവിവരം അറിയിക്കുന്നു

ലാസറിനെ ഉയിർപ്പിക്കുന്ന സംഭവത്തിലൂടെ തന്റെ മഹത്ത്വീകരണത്തോടു ബന്ധപ്പെട്ട സത്യങ്ങളുടെ വെളിപാടുകളിലേക്കാണ് ഈശോ ശിഷ്യന്മാരെ നയിക്കുന്നത്. ഈശോയുടെ വാക്കുകളും പ്രവൃത്തികളും അത് സൂചിപ്പിക്കുന്നു. യോഹന്നാൻസുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന വിശദീകരണശൈലിയും അതിന് ഉപോദ്ബലകമാണ്. ഒന്നാമതായി,





ലാസർ രോഗിയാണെന്ന വിവരം ഈശോയെ അറിയിക്കുവാനായി അവിടുത്തെ പക്കലേക്ക് ആളയച്ച അവന്റെ സഹോദരിമാർ, "അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു" (11:3) എന്നാണ് പറഞ്ഞുവിട്ടത്. 'ഞങ്ങളുടെ സഹോദരനെന്നോ' 'ലാസർ' എന്നോ പറയാതെ "അങ്ങു സ്നേഹിക്കുന്നവൻ" എന്നു പറഞ്ഞിരിക്കുന്നത് അർത്ഥവത്താണ്. അതായത്, ഇവിടെ ലാസർ ഓരോ വിശ്വാസിയെയും പ്രതിനിധീകരിക്കുന്നു. ഓരോ വിശ്വാസിയും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവനാണ്. ഓരോരുത്തരേയും വ്യക്തിപരമായി അവിടുന്ന് സ്നേഹിക്കുന്നു എന്ന് ഇതിലൂടെ യോഹന്നാൻശ്ലീഹാ വളരെ വ്യക്തമായി പറയുകയാണ്. അതോടൊപ്പം ലാസറിനെ ജീവനിലേക്കു കൊണ്ടുവരുന്ന ഈ അത്ഭുതം തന്നിൽ വിശ്വസിക്കുന്ന ഓരോരുത്തർക്കും അവിടുന്ന് ജീവൻ നല്കുന്നു എന്നതിന്റെ അടയാളവുമാണ്.

രണ്ടാമതായി, ലാസറിന്റെ രോഗം "ദൈവത്തിന്റെ മഹത്ത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്ത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളയാണ്" (11:4) എന്ന് ഈശോ പറയുന്നുണ്ട്. ലാസറിനെ ഉയിർപ്പിച്ച സംഭവമാണ് ഈശോയുടെ മരണത്തിന് പെട്ടെന്ന് വഴി തെളിച്ചത്. പീഡാനുഭവമരണോത്ഥാനങ്ങളിലൂടെയാണ് ഈശോ മഹത്ത്വീകരിക്കപ്പെട്ടത്. ഈശോ മഹത്ത്വീകരിക്കപ്പെട്ടതിലൂടെയാണ് ദൈവം മഹത്ത്വീകരിക്കപ്പെടുന്നത്. ഈ അത്ഭുതം തന്റെ മരണത്തിലേക്ക് വഴിതുറക്കമെന്ന ബോദ്ധ്യം ഈശോയ്ക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ലാസറിന്റെ രോഗം ദൈവമഹത്ത്വത്തിനുവേണ്ടിയുള്ളതാണെന്ന് അവിടുന്ന് പറഞ്ഞത്.

ഈ വിവരണം പ്രതീകാത്മകമാണെന്നതിന് മറ്റൊരു സൂചനയും കണ്ടെത്താം. ഈശോ മർത്തായെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നുവെങ്കിലും, ലാസർ രോഗിയായിരിക്കുന്നു എന്നു കേട്ടിട്ടും താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസം കൂടി ചെലവഴിച്ചുവെന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് (11:5-6). ഗ്രീക്കുമൂലത്തിൽ 'സ്നേഹിച്ചിരുന്നതുകൊണ്ട്' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലാസറിനും കുടുംബാംഗങ്ങൾക്കും ഈ അത്ഭുതം ദർശിക്കുവാനും കൂടുതൽ ദൈവത്തിൽ വിശ്വസിക്കുവാനും കാരണമായിത്തീരുമെന്നുള്ളതുകൊണ്ടാണ് ഈശോ താമസിച്ചത് എന്ന സൂചനയാണ് ഈ പ്രയോഗം നല്കുന്നത്. "അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു" (11:3) എന്ന വാക്യത്തിൽ സുഹൃദ്ബന്ധത്തെ സൂചിപ്പിക്കുന്ന 'ഫിലെയിൽ' എന്ന ഗ്രീക്കുവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. സാധാരണഗതിയിൽ ഈ വാർത്ത അറിഞ്ഞയുടൻ ഈശോ അവിടെയെത്തി ലാസറിനെ സുഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ പ്രതീക്ഷയ്ക്കു വിരുദ്ധമായി ഈശോ രണ്ടു ദിവസംകൂടി താനായിരുന്ന സ്ഥലത്ത് ചിലവഴിക്കുകയും ലാസർ മരിക്കുവാൻ അനുവദിക്കുകയും ചെയ്തു. ഇത് എന്തുകൊണ്ട് എന്ന് ചിന്തിക്കേണ്ടുതുണ്ട്. സ്നേഹിതൻ മരണാവസ്ഥയിലായിരുന്നിട്ടും അവിടേയ്ക്കു പോകാൻ താമസിച്ചത് എന്തുകൊണ്ടാണെന്ന് ഈശോ വ്യക്തമാക്കുന്നു: "നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു" (11:15).

ഇതിന് പശ്ചാത്തലമായി പറഞ്ഞിരിക്കുന്നത്, "ഈശോ മർത്താ യെയും സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു" എന്നാ ണ്. ഇവിടെ സ്നേഹത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് 'അഗാ പ്പാൻ' എന്നാണ്. ഇത് ദൈവസ്നേഹത്തെക്കുറിക്കുന്ന ഒരു വാക്കാണ്. ഈശോ തന്റെ തീരുമാനങ്ങളിലും ചെയ്തികളിലും നയിക്കപ്പെട്ടിരുന്നത് വെറും മാനുഷികസ്നേഹത്താലല്ല, ദൈവികസ്നേഹത്താലാണ് എന്ന് ഇത് സൂചിപ്പിക്കുന്നു. ഉടനേ ഓടിയെത്താൻ തന്റെ മാനുഷികസ്നേഹം ഈശോയെ പ്രേരിപ്പിച്ചുട്ടുണ്ടാവണം. എങ്കിലും ലാസർ മരിക്കാൻ അനു വദിക്കുകയും മരിച്ചവരിൽനിന്ന് ലാസറിനെ ഉയിർപ്പിക്കുകയും ചെയ്യുന്ന തിലൂടെ ലാസറിന്റെ കുടുംബവും ശിഷ്യന്മാരും മറ്റനേകംപേരും ദൈവ മഹത്ത്വം ദർശിച്ച് തന്നിൽ വിശ്വസിക്കാൻ ഇടയാകും എന്ന് ഈശോ അറിഞ്ഞിരുന്നു. അതുകൊണ്ടാണ് തന്റെ മാനുഷികമായ ആഗ്രഹത്തെ ദൈവഹിതത്തിന് വിധേയപ്പെടുത്തിക്കൊണ്ട് ദൈവസ്നേഹത്താൽമാത്രം പ്രേരിതരായി പ്രവർത്തിക്കുവാൻ ഈശോ തയ്യാറായത്.

## യോഹന്നാൻ 11:8-16, ശിഷ്യന്മാരുടെ പ്രതികരണം

ബഥാനിയായിലെത്താൻ സമയമായെന്നറിഞ്ഞ ഈശോ, യൂദയായി ലേക്കു പോകാൻ ശിഷ്യന്മാരെ ക്ഷണിച്ചപ്പോൾ അവർ യഹൂദരെ ഭയ പ്പെട്ട് പിന്മാറാനും ഈശോയെ പിന്തിരിപ്പിക്കാനും ശ്രമിക്കുന്നുണ്ട് (11:18). ഈ അവസരത്തിൽ 'പകൽ', 'രാത്രി' എന്നീ പ്രതീകങ്ങൾ ഉപയോഗിച്ച് ദൈവഹിതാനുസൃതം ജീവിക്കാൻ ഈശോ അവരെ പഠിപ്പിക്കുന്നു: "പക ലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴു ന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. രാത്രി നടക്കു ന്നവൻ തട്ടി വീഴുന്നു. കാരണം, അവനു പ്രകാശമില്ല" (11:11-10). ദൈവ ത്തിന്റെ പദ്ധതിക്കനുസൃതമായി നമുക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന ജീവി തകാലഘട്ടത്തെയാണ് പകൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ പദ്ധതിയോടു ചേർന്നാണ് ജീവിക്കുന്നതെങ്കിൽ അവിടെ മരണഭയത്തിന് അടിസ്ഥാനമില്ല. പ്രകാശം വെളിപ്പെടുത്തലാണ്. ഈശോ പ്രകാശത്തിലാണ് നടക്കുന്നത് - ദൈവത്തിന്റെ തീരുമാനങ്ങളിലുള്ള വിശ്വാസത്തിന്റെ പ്രകാശത്തിൽ! ദൈവത്തിന്റെ പദ്ധതിയനുസരിച്ചു മാത്ര മാണ് ഈശോ പ്രവർത്തിക്കുന്നത്. പകൽ നടക്കുന്ന ഒരുവന് വീഴാതെ നടക്കുവാൻ സൂര്യപ്രകാശം സഹായിക്കുന്നതുപോലെ ഈശോയുടെ കാലടികളെ നയിച്ചിരുന്നത് ദൈവഹിതത്തിന്റെ വെളിപ്പെടുത്തലിന്റെ പ്രകാശമായിരുന്നു. അതുകൊണ്ടുതന്നെയാണ് ഈശോ ലോകത്തിന്റെ പ്രകാശമായിത്തീർന്നതും (9:4-5). തന്നെപ്പോലെയും തന്നോടൊപ്പവും ദൈവത്തിന്റെ വെളിപാടിന്റെ വെളിച്ചത്തിൽ സഞ്ചരിക്കാൻ അവിടുന്ന് ശിഷ്യന്മാരെ ക്ഷണിക്കുകയാണിവിടെ.

ലാസറിന്റെ സഹോദരിമാർ, "അങ്ങു സ്നേഹിക്കുന്നവൻ രോഗിയാ യിരിക്കുന്നു" (11:3) എന്നാണ് പറഞ്ഞതെങ്കിൽ, "നമ്മുടെ സ്നേഹിത





നായ ലാസർ" (11:11) എന്നാണ് ഈശോ ശിഷ്യന്മാരോടു പറഞ്ഞത്. ഈശോയുടെ കാഴ്ചപ്പാടിൽ, വ്യക്തിപരമായി തന്റെ സ്നേഹിതൻ എന്ന തിലുപരി ലാസർ തന്റെയും ശിഷ്യസമൂഹത്തിന്റെയും സ്നേഹിതനാ ണ്. ആ സ്നേഹിതനെ മരണനിദ്രയിൽനിന്നുണർത്തുവാൻ തന്റെ ജീവൻ അപകടത്തിലാണെന്നറിഞ്ഞിട്ടും ബോധപൂർവ്വം ഈശോ യൂദ യായിലേക്കു പോവുകയാണ്. ജീവൻപോലും ത്യജിച്ച് തന്റെ ആടുകളെ സ്നേഹിക്കുന്ന നല്ല ഇടയനായ ഈശോയെയാണ് ഇവിടെ കാണുക.

ഈശോയുടെ ഈ പ്രബോധനത്തി നു മറുപടിയായി തോമ്മാശ്ലീഹാ പറഞ്ഞു: "അവനോടൊപ്പം മരിക്കാൻ നമുക്കും പോ കാം" (11:16). തോമ്മാ ശ്ലീഹായുടെ ധൈര്യം എടുത്തു കാണിക്കുന്ന ഒരു അവസരമായി ഈ മറുപടി ചിലർ ചിത്രീകരിക്കുമ്പോൾ, വേറെ ചിലർ അദ്ദേഹത്തിന്റെ നിരാശ വ്യക്തമാക്കുന്ന ഒന്നായി ഇതിനെ കാണുന്നു. എന്നാൽ, ഈ മനഃശാസ്ത്രപരമായ വിശകലനങ്ങൾക്കുപരിയായി യോഹന്നാൻ സുവി ശേഷകൻ നല്കു ന്ന ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാടുണ്ട്. അതാ യത്, പ്രകാശത്തിൽ സഞ്ചരിക്കാൻ ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ച മിശി ഹായ്ക്ക്, അവരുടെ പ്രതിനിധിയായി തോമ്മാശ്ലീഹാ നല്കിയ വിശ്വാ സത്തിന്റെ പ്രത്യുത്തരമാണിത്.

## യോഹന്നാൻ 11:17-27, ഈശോയും ലാസറിന്റെ കുടുംബവും

ലാസർ സംസ്ക്കരിക്കപ്പെട്ടതിന്റെ നാലാം ദിവസമാണ് ഈശോ യും ശിഷ്യന്മാരും അവന്റെ ഗ്രാമമായ ബഥാനിയായിലെത്തിയത് (11:17). ഒരാൾ മരിച്ചതിനുശേഷം മൂന്നുദിവസങ്ങൾ കഴിഞ്ഞുമാത്രമേ ആത്മാവ് ശരീര ത്തിൽനിന്നും പൂർണ്ണമായി വേർപെട്ടു പോകുകയുള്ളു എന്ന ഒരു വിശ്വാസം യഹൂദരുടെയിടയിൽ നിലവിലുണ്ടായിരുന്നു. അതായത്, മൂന്നുദിവസങ്ങൾക്കുശേഷമാണ് ഒരാളുടെ മരണം ഉറപ്പിച്ചിരുന്നത്. ഈശോയുടെ പീഡാനുഭവപ്രവചനങ്ങളിലെല്ലാം 'മൂന്നാംദിവസം ഉയിർക്കും' എന്നു പറയുന്നതിന്റെ കാരണമിതാണ്. ഈശോയും മരണ ത്തിനു വിധേയനായി എന്നാണ് ഇതർത്ഥമാക്കുന്നത്. ലാസറിന്റെ മരണം എല്ലാർക്കും ഉറപ്പായിരുന്നു. കല്ലറയുടെ കല്ലെടുത്തു മാറ്റാൻ ഈശോ ആവശ്യപ്പെട്ടപ്പോൾ, "കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്" (11:39) എന്നാണ് സഹോദരിയായ മർത്താ പറഞ്ഞത്.

ഈശോയും ശിഷ്യന്മാരും ബഥാനിയായിൽ എത്തിയപ്പോൾ മർത്താ ചെന്ന് അവ രെ സ്വീകരിച്ചു. ഈശോയെ കണ്ടപ്പോൾ മർ ത്തായും മറി യവും ഒരേയൊരു കാര്യമാണ് ഈശോയോടു പറഞ്ഞത്: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലാ യിരുന്നു" (11:21,32). ഈശോ രണ്ടുപേരേയും ഒരു സ്നേഹിതനെപ്പോലെ ആശ്വസിപ്പിക്കുന്നു. ഹൃദയം തുറന്ന് തങ്ങളുടെ വികാരങ്ങൾ പങ്കുവയ്ക്കു

വാൻ അവരെ അനുവദിക്കുന്നു. അവരെ ആശ്വസിപ്പിക്കാനുതകുന്ന സാന്ത്വനവാക്കുകൾ പറയുന്നു (11:23-27,33-34). അവരുടെ വേദനയിൽ ആത്മാർത്ഥമായി പങ്കുചേർന്നു കരയുന്നു (11:35). അവർക്ക് പ്രത്യാശ നല്കുന്ന വെളിപ്പെടുത്തലുകൾ നടത്തുന്നു (11:;23,25-26). വിശ്വസിച്ചാൽ ദൈവമഹത്ത്വം ദർശിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു (11:40). അവസാന മായി ലാസറിനെ ഉയിർപ്പിച്ച് അവരുടെ ദുഃഖത്തെ സന്തോഷമാക്കി മാറ്റു ന്നു.

എല്ലാറ്റിനുമുപരി താൻ സ്നേഹിക്കുന്ന ജീവദായകനാണെന്ന സത്യം അവിടുന്ന് വെളിപ്പെടുത്തുന്നു. മർത്തായുമായുള്ള സംഭാഷണത്തിലാണ് ഈ അത്ഭുതത്തിന്റെ അർത്ഥം ഈശോ വിശദീകരിക്കുന്നത്. ഈശോ അരുളിച്ചെയ്യുന്നു:"ഞാനാണ് പുനരുത്ഥാനവും ജീവനും." (11:25). മരിച്ച വരെ ഉയിർപ്പിക്കുന്ന ദൈവമാണ് ഈശോ. ലാസറിനെ ഉയിർപ്പിച്ചതിലൂടെ, തന്നിൽ വിശ്വസിക്കുന്ന മരിച്ചവരെയെല്ലാം താൻ ഉയിർപ്പിക്കുമെന്ന ഉറപ്പ് അവിടുന്ന് നല്കുകയാണ്. നിത്യജീവിതത്തെക്കുറിച്ചുള്ള ഈശോയുടെ വ്യക്തമായ പ്രബോധനമാണിത്. ഈശോ നല്കുന്ന ജീവന്റെ സ്വഭാവം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു വെളിപ്പെടുത്തലാണ് ഈ സന്ദർഭ ത്തിൽ നടത്തുക. ഈശോയിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ജീവൻ ശാരീരികമരണത്തെ അതിജീവിക്കുന്ന ഒന്നാണ്: "എന്നിൽ വിശ്വസിക്കു ന്നവൻ മരിച്ചാലും ജീവിക്കും" (11:25). മാത്രമല്ല, ആ ജീവൻ നിത്യം നിലനില്ക്കുന്ന ഒന്നാണ്: "അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസി ക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (11:26). അതോടൊപ്പം, ഉയിർപ്പിന്റേതായ മഹത്ത്വമാർന്ന ഒരു ജീവനാണ് അത് എന്നും ഈശോ ഇവിടെ വ്യക്തമാക്കുന്നുണ്ട്.

ഈശോമിശിഹായിലുള്ള വിശ്വാസമാണ് ഈ ജീവൻ നേടിത്തരു ന്നത് എന്നുള്ളത് സുവിശേഷകൻ ആവർത്തിച്ചു പറയുന്നുണ്ട്. ദൈവവ ത്തിന്റെ സ്നേഹപൂർണ്ണമായ സ്വയം വെളിപ്പെടുത്തലിന് മനുഷ്യൻ കൊടുക്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. മിശിഹായിലൂടെ നമുക്കു നല്കപ്പെട്ട ദൈവത്തിന്റെ സ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിന് ആനു പാതികമായ സ്നേഹം നല്കി നിത്യനായ ദൈവത്തിന്റെ സ്നേഹ ത്തിലും കൂട്ടായ്മയിലും പങ്കുചേരുന്ന ഒരനുഭവമാണ് ഈ ജീവന്റെ അന്തഃസ്സത്ത. അതിന്റെ അന്ത്യാത്മകമായ അനുഭവം പുനരുത്ഥാനവും.

പുനരുത്ഥാനവും ജീവനുമായ തന്നിൽ വിശ്വസിക്കുന്നവർ ശാരീരിക മായ മരണത്തിന് വിധേയരാകുമെങ്കിലും നിത്യജീവനിലേയ്ക്ക് പ്രവേ ശിക്കുമെന്ന് വിശ്വസിക്കുന്നുവോ എന്ന ഈശോയുടെ ചോദ്യത്തിന് മറു പടിയായി മർത്താ അവളുടെ വിശ്വാസം ഏറ്റുപറയുന്നു: "ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ മിശിഹാ ആണെന്നു ഞാൻ വിശ്വസിക്കുന്നു" (11:27). അവളുടെ വിശ്വാസപ്രഖ്യാപനമായിരുന്നു അത്. ഈശോയെ 'കർത്താവ്' എന്നാണ് മർത്താ അഭിസംബോധന ചെയ്തത്. അത് ശ്രദ്ധേയമാണ്. 'ഈശോ കർത്താവാണ്' എന്നത് ആദി മസഭയുടെ വിശ്വാസപ്രഖ്യാപനമായിരുന്നല്ലോ.





# യോഹന്നാൻ 11:28-44, ഈശോ ലാസറിനെ ഉയിർപ്പിക്കുന്നു

ലാസറിന്റെ ശവകുടീരത്തിലെത്തിയ ഈശോ കണ്ണീർ പൊഴിച്ചതായി (11:35) സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സഹാനുഭൂതിയുടെ ഒരു കരച്ചിലല്ല ഇത്. ഇതിന് ദൈവശാസ്ത്രപരമായ ഒരു അർത്ഥതലമു ണ്ട്. ഗത്സേമൻ തോട്ടത്തിൽ വലിയ ദുഃഖത്തിൽ മുഴുകിയ ഈശോയ്ക്ക് അനുഭവപ്പെട്ട വലിയ വേദനയെ സൂചിപ്പിക്കാൻ ഉപയോഗിച്ച അതേ പദ ങ്ങൾ തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത് (എംബ്രിമസ്താ യി, തരാസെയിൻ). അവിടെ ഈശോ മരണത്തെ മുഖാഭിമുഖം കണ്ടു. മരണം പാപവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലാസറിന്റെ ശവകുടീരത്തി ലെത്തിയ ഈശോ പാപവും മരണവുമെന്ന യാഥാർത്ഥ്യത്തെ നേരിടു കയാണ്. കരയുന്ന ഈശോ മാനുഷികപാപത്തിന്റെയും മരണത്തി ന്റെയും ഭാരത്താൽ വിതുമ്പുന്ന മനുഷ്യനോട് ഐക്യദാർഢ്യം പ്രഖ്യാ പിക്കുകയാണ്. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിലായി രിക്കുന്ന മനുഷ്യനെ രക്ഷിക്കുവാനായി ഈശോ അവനുമായി താദാത്മ്യ പ്പെടുന്നു. അതിനായി ദൈവപുത്രനും മരണത്തിന് വിധേയനാകുകയാണ്. മനുഷ്യന് നിത്യജീവൻ നല്കാൻ ദൈവം ജീവൻ ത്യജിച്ചു! നിത്യജീ വൻ നേടാനായി മരണമെന്ന യാഥാർത്ഥ്യ ത്തിലൂടെ ഓരോ വ്യക്തിയും കടന്നുപോകേണ്ടിയിരിക്കുന്നു. ലാസറിനെ ഉയിർപ്പിച്ചതാണ് ഈശോ യുടെ മരണത്തിന് നിർണ്ണായകമായ സംഭവമെന്നത് ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

**കൃതജ്ഞതാസ്ത്രോത്രപ്രാർത്ഥന:** ലാസറിനെ ഉയിർപ്പിക്കുന്നതിനു മുമ്പ് ഈശോ പിതാവിന് നന്ദി പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുകയാണ്. മൂന്നു പ്രത്യേകതകളാണ് ഈശോയുടെ പ്രാർത്ഥനയിൽ നാം കാണു ന്നത്: 1. കൃതജ്ഞതാപ്രകാശനം, 2. തന്റെ പ്രാർത്ഥന ദൈവം കേൾക്കു മെന്നുള്ള ഉറപ്പ്, 3. ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തുന്ന പ്രാർത്ഥ ന. പ്രാർത്ഥനയുടെ ഏറ്റം മഹോന്നതരൂപമാണ് കൃതജ്ഞതാസ്തോ ത്രപ്രാർത്ഥന. ഈശോയുടെ ജീവിതത്തിൽ പല സന്ദർഭങ്ങളിലും തന്റെ പിതാവിന്റെ സന്നിധിയിലേക്ക് ഹൃദയമുയർത്തി പിതാവിന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുന്നതു കാണാം (മത്താ 11:25; ലൂക്കാ 10:21). പിതാവായ ദൈവത്തിന്റെ മുമ്പിൽ കൃതജ്ഞതാനിർഭരമായ ഹൃദയ ത്തോടെ വ്യാപരിക്കുന്ന ഒരു ജീവിതമായിരുന്നു ഈശോയുടേത്. തന്റെ പ്രാർത്ഥന പിതാവ് ശ്രവിക്കുമെന്ന ഉറപ്പ് ഈശോയ്ക്കുണ്ട് (11:42). കാര ണം, ഈശോ എപ്പോഴും പിതാവുമായുള്ള കൂട്ടായ്മയിലാണ് ജീവിക്കു ന്നത്. ദൈവവുമായുള്ള ഐക്യം പ്രാർത്ഥനയുടെ ഫലദായകത്വത്തിന് അത്യന്താപേക്ഷിതമാണ്. തന്നോടുള്ള ഐക്യത്തിൽ ജീവിക്കുന്ന തന്റെ ശിഷ്യർക്കും ഈ ഉറപ്പ് ഉണ്ടാകുമെന്ന് ഈശോ പറയുന്നുണ്ട്: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കു കയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക. നിങ്ങൾക്കു ലഭിക്കും" (യോഹ 15:7). ഇങ്ങനെ ദൈവൈക്യത്തിൽ ജീവിക്കുന്നവരുടെ പ്രാർത്ഥന ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്ന ഒരു മാദ്ധ്യമമാ

ണെന്നും ഈശോയുടെ പ്രാർത്ഥന സൂചിപ്പിക്കുന്നുണ്ട്: "എന്നെ അയച്ചവൻ അവിടുന്നാണെന്ന് ചുറ്റും നില്ക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണ് ഞാനിതു പറയുന്നത്" (11:42). പ്രാർത്ഥന ഒരു വെളിപ്പെടുത്തലാണ്. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ മഹത്ത്വം ഈശോ ഉയർത്തിക്കാട്ടുകയാണ്. പ്രാർത്ഥന ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെയും അവിടുത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെയും പ്രകാശനമായതുകൊണ്ട് നാം പ്രാർത്ഥിക്കുമ്പോൾ അതു കാണുന്നവർക്ക് അത് ദൈവത്തിന്റെ ഒരു വെളിപ്പെടുത്തലായിത്തീരും.

പ്രാർത്ഥനയ്ക്കുശേഷം ഈശോ ലാസറിനെ ഉയിർപ്പിക്കുന്നു. മരണശേഷം ഈശോ ഉത്ഥാനം ചെയ്തതുപോലെയുള്ള ഒന്നായിരുന്നില്ല ലാസറിന്റേത്. ഈശോ ഉയിർത്തത് മഹത്ത്വത്തിന്റെ ജീവിതത്തിലേക്കാണ്. നിത്യജീവനിലേക്കാണ് അവിടുന്ന് പ്രവേശിച്ചത്. ലാസറിന്റേത് പുനരുത്ഥാനമായിരുന്നില്ല, മറിച്ച്, പുനരുജ്ജീവനം മാത്രമാണ്. കാരണം, ലാസർ മരണത്തിൽനിന്നും ഈലോകജീവിതത്തിലേക്കുതന്നെ തിരികെ എത്തുകയാണ് ചെയ്തത്. പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കുന്നതാണ് പുനരുത്ഥാനം. അത് മഹത്ത്വീകരിക്കപ്പെട്ട, പുതിയ ഒരു അവസ്ഥയാണ്.

## യോഹന്നാൻ 13:1-20:31, രണ്ടാംഭാഗം: മഹത്ത്വത്തിന്റെ പുസ്തകം

പീഡാനുഭവമരണോത്ഥാനങ്ങളിലൂടെയുള്ള ഈശോയുടെ മഹത്ത്വീകരണത്തിന്റെ വിശദീകരണമാണ് 'മഹത്ത്വത്തിന്റെ പുസ്തക'ത്തിന്റെ ഉള്ളടക്കം. 'അടയാളങ്ങളുടെ പുസ്തകം', ആദ്യം ഈശോ പ്രവർത്തിക്കുന്ന അടയാളങ്ങളും അതിനുശേഷം അടയാളങ്ങളിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവികസത്യങ്ങൾ അനാവരണം ചെയ്യുന്ന ഈശോയുടെ പ്രഭാഷണങ്ങളും എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. എന്നാൽ 'മഹത്ത്വത്തിന്റെ പുസ്തക'ത്തിൽ ആദ്യം ഈശോയുടെ അന്ത്യപ്രഭാഷണവും (13-17) പിന്നീട്, അടയാളങ്ങളെന്ന നിലയിൽ, പീഡാനുഭവും മരണവും (18-19) ഉത്ഥാനവുമാണ് (20) കൊടുത്തിരിക്കുന്നത്.

## യോഹന്നാൻ 13:1-20, ഈശോ ശിഷ്യന്മാരുടെ പാദം കഴുകുന്നു

പെസഹാതിരുനാളിന്റെയും അന്ത്യത്താഴത്തിന്റെയും പശ്ചാത്തലത്തിലാണ് പാദം കഴുകൽ നടക്കുന്നത് (13:1). അന്ത്യത്താഴം നടന്ന ദിവസത്തെ സംബന്ധിച്ച് യോഹന്നാനും സമാന്തരസുവിശേഷങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. യോഹന്നാൻസുവിശേഷകന്റെ വിവരണമാണ് ചരിത്രത്തോട് വിശ്വസ്തത പുലർത്തുന്നത് എന്ന് വ്യക്തമാണ്. കാരണം, സമാന്തരസുവിശേഷങ്ങളനുസരിച്ച് ഈശോയുടെ അറസ്റ്റും





വിചാരണയും മരണവും ആറു മണിക്കൂറിനുള്ളിൽ നടന്നു. എന്നാൽ, മരണത്തിനു മുമ്പ് ഈശോ അഞ്ചു പ്രാവശ്യമെങ്കിലും വിചാരണ ചെയ്യപ്പെട്ടിട്ടുണ്ട്: 1. പ്രധാനപുരോഹിതനായ അന്നാസിന്റെ മുമ്പിൽ (യോഹ 18:13,19), 2. കയ്യാഫാസിന്റെ മുമ്പിൽ (യോഹ 18:24), 3. പീലാത്തോസിന്റെ മുമ്പിൽ (യോഹ 18:28-38), 4. ഹേറോദേസിന്റെ മുമ്പിൽ (ലൂക്കാ 23:7-11), 5. പീലാത്തോസിന്റെ മുമ്പിൽ രണ്ടാം പ്രാവശ്യം (ലൂക്കാ 23:11). വിവിധ സ്ഥലങ്ങളിലായി നടത്തപ്പെട്ട ഈ വിചാരണകൾ ആറു മണിക്കൂറിനുള്ളിൽ സംഭവിച്ചു എന്നു കരുതാനാവില്ല. അതുകൊണ്ടുതന്നെ, യോഹന്നാൻസുവിശേഷകന്റെ വിവരണമാണ് ചരിത്രത്തോട് കൂടുതൽ നീതീ പുലർത്തുന്നതും ദൈവശാസ്ത്രപരമായി കൂടുതൽ അർത്ഥമുൾക്കൊള്ളുന്നതും.

യോഹന്നാൻശ്ലീഹായും പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിലാണ് ഈശോയുടെ അന്ത്യത്താഴം ചിത്രീകരിച്ചിരിക്കുന്നത് (13:1-2). ഖുമ്റാൻ കലണ്ടറാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത് എന്നതാണിതിനു കാരണം. ഖുമ്റാൻ സമൂഹത്തിലെ ഒരംഗമായിരുന്ന യോഹന്നാൻ മാംദാനുടെ ശിഷ്യനായിരുന്നു യോഹന്നാൻസുവിശേഷകൻ. ഈ പശ്ചാത്തലം അദ്ദേഹത്തിന്റെ ചിന്തകളിലും രചനയിലും തെളിഞ്ഞു നില്ക്കുന്നു. ഖുമ്റാൻ സാഹിത്യശൈലി സുവിശേഷരചനയിലും കണ്ടെത്താം. പാലസ്തീനിയൻ കലണ്ടറിനെക്കാൾ രണ്ടു ദിവസം മുമ്പാണ് ഖുമ്റാൻ കലണ്ടർ അനുസരിച്ചുള്ള പെസഹാ ആഘോഷം. യോഹന്നാൻശ്ലീഹായുടെ വിവരണത്തിൽ ഖുമ്റാൻ കലണ്ടറനുസരിച്ചുള്ള പെസഹാ ആഘോഷമാണ് ഈശോയുടെ അന്ത്യത്താഴപശ്ചാത്തലമായത്.

**ഈശോ പെസഹാക്കുഞ്ഞാട്:** സമാന്തരസുവിശേഷങ്ങളുടെ വിവരണമനുസരിച്ച് നീസാൻമാസം 14-ാം തിയതി, പെസഹാതിരുനാളിലായിരുന്നു ഈശോയുടെ അന്ത്യത്താഴം. പിറ്റേദിവസം ഈശോ കുരിശിലേറ്റപ്പെടുകയും ചെയ്തു. എന്നാൽ യോഹന്നാൻസുവിശേഷകന്റെ വിവരണനുസരിച്ച് നീസാൻമാസം 14-ാം തിയതി പെസഹാതിരുനാളിൽ, പെസഹാക്കുഞ്ഞാട് ദൈവാലയത്തിൽ കൊല്ലപ്പെടുന്ന സമയത്ത് ഈശോ കുരിശിൽ മരിച്ചു. യോഹന്നാൻശ്ലീഹായുടെ ദൈവശാസ്ത്രവീക്ഷണം ഈ അവതരണത്തിന് പശ്ചാത്തലമൊരുക്കുന്നുണ്ട്. ഇവിടെ, ഈശോയാണ് പെസഹാക്കുഞ്ഞാട് എന്ന് ശ്ലീഹാ വ്യക്തമാക്കുകയാണ്. ഈശോ പെസഹാക്കുഞ്ഞാടാണെന്നു കാണിക്കുവാൻ മറ്റു രണ്ടു സൂചനകളും പീഡാനുഭവവിവരണത്തിൽ നല്കുന്നുണ്ട്. പീലാത്തോസ് നിർണ്ണായകമായ വിധിപ്രസ്താവന നടത്തുന്ന സമയത്തെപ്പറ്റി സുവിശേഷം പറയുന്നു: "അന്ന് പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറുമായിരുന്നു" (19:14). അതായത് അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള ജനത്തിന്റെ രക്ഷാകരമായ കടന്നുപോകലിനുവേണ്ടി പെസഹാക്കുഞ്ഞാടുകൾ കൊല്ലപ്പെടുന്ന ദിവസവും സമയത്തുമാണ് പുതിയ പെസഹാക്കുഞ്ഞാടായ മിശിഹാ കൊല്ലപ്പെട്ടത്. ഈശോയുടെ പാർശ്വം പിളർക്കപ്പെടുന്ന സംഭവം പുറപ്പാട് 12:46 ൽ പെസഹാക്കുഞ്ഞാടിനെപ്പറ്റി പറയുന്ന വാക്കുകളുടെ പൂർത്തീകരണമായും അവതരിപ്പിക്കുന്നു (19:36). പുറപ്പാടു പുസ്തക

ത്തിൽ പെസഹാ ആചരണത്തെക്കുറിച്ച് ഇസ്രായേൽജനത്തിന് നല്കിയ നിർദ്ദേശത്തിൽ, "ആടിന്റെ അസ്ഥിയൊന്നും ഒടിക്കരുത്" (12:46) എന്നു പറഞ്ഞിരിക്കുന്നു. ഈശോയെ പെസഹാക്കുഞ്ഞാടായി അവതരിപ്പിക്കുന്ന യോഹന്നാൻശ്ലീഹാ, കുരിശിൽനിന്നിറക്കുന്നതിനുമുമ്പ് ഈശോയുടെ കാലുകൾ മാത്രം തകർത്തില്ല എന്നത് പ്രത്യേകം എടുത്തു പറയുന്നുണ്ട്: "അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്" (19:36).

അതുപോലെതന്നെ ആദ്യഅദ്ധ്യായത്തിൽ ഈശോയെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി സുവിശേഷകൻ അവതരിപ്പിച്ചിട്ടുണ്ട് എന്നതും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. പെസഹാക്കുഞ്ഞാടിന്റെ രക്തത്തിലൂടെയാണ് പഴയദൈവജനമായ ഇസ്രായേൽ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷിക്കപ്പെട്ടത്. പാപത്തിന്റെ അടിമത്തത്തിൽനിന്നും വിമോചിതരായി പുതിയ ദൈവജനം രൂപംകൊള്ളുന്നത് പുതിയ പെസഹാക്കുഞ്ഞാടായ മിശിഹായുടെ രക്തത്തിലൂടെയാണ്. ഈ യാഥാർത്ഥ്യമാണ് യോഹന്നാൻശ്ലീഹായുടെ സുവിശേഷം സ്നാപകന്റെ സാക്ഷ്യത്തിലൂടെ അവതരിപ്പിക്കുന്നത്. പരസ്യജീവിതത്തിലേക്കു കടന്നു വന്ന ഈശോയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്നാപകൻ ഇപ്രകാരം പറഞ്ഞു: "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (1:29). സുവിശേഷകന്മാരുടെ ദൈവശാസ്ത്രപരമായ ഊന്നലുകളാണ് ഈ വ്യത്യാസത്തിനടിസ്ഥാനം. സമാന്തരസുവിശേഷങ്ങൾ അന്ത്യത്താഴത്തിനും പരി. കുർബാന സ്ഥാപനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിവരണം നല്കുമ്പോൾ യോഹന്നാൻ സുവിശേഷകൻ ജനങ്ങളുടെ പാപങ്ങൾ ഏറ്റെടുത്ത് ജീവൻ വെടിഞ്ഞ പെസഹാക്കുഞ്ഞാടായി ഈശോയെ അവതരിപ്പിക്കുന്നു.

പെസഹാക്കുഞ്ഞാടിന്റെ രക്തത്തിലൂടെയാണ് പഴയനിയമ ജനത രക്ഷിക്കപ്പെട്ടത് (പുറ 12:21-28). പഴയനിയമ ജനതയെ സംബന്ധിച്ചിടത്തോളം പെസഹാ രക്ഷയുടെ അനുഭവത്തിലേക്കുള്ള ഒരു കടന്നുപോകലായിരുന്നു. ഇതുപോലെ നമ്മെ പാപത്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷയുടെ അനുഭവത്തിലേക്ക് കടത്തിക്കൊണ്ടുപോകാനാണ് പെസഹാക്കുഞ്ഞാടായ ഈശോ ബലിയർപ്പിക്കപ്പെട്ടത്.

**ഈശോയുടെ മഹത്ത്വീകരണം:** ഈശോയുടെ മഹത്ത്വീകരണം ആരംഭിക്കുന്നതിന്റെ സൂചന അദ്ധ്യായത്തിന്റെ ആദ്യവാചകത്തിൽത്തന്നെ വ്യക്തമാക്കിയിരിക്കുന്നു: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാതിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു" (13:1). 'പെസഹാ' എന്ന വാക്കിന്റെ അർത്ഥം 'കടന്നുപോകൽ' എന്നാണ്. തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ഈശോ പിതാവിന്റെ പക്കലേക്ക് കടന്നുപോവുകയായിരുന്നു. ഈ 'കടന്നുപോകൽ' പഴയനിയമ പശ്ചാത്തലത്തിലുള്ള പെസഹായോട് ബന്ധപ്പെടുത്തിയാണ് ഈശോ നടത്തിയത്. ഈശോ തന്റെ ജീവിതം നയിച്ചിരുന്നത് 'പെസഹാ' അഥവാ 'തന്റെ പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകൽ' മുന്നിൽ കണ്ടുകൊണ്ടാണ്. തന്റെ ജീവിതാന്ത്യത്തോടടുത്തുകൊണ്ടിരുന്നപ്പോൾ പെസഹായെക്കുറിച്ചുള്ള അനുസ്മരണം ഈശോ തുടർച്ചയായി നടത്തുന്നതായി യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: "യഹൂദരുടെ പെസഹാതിരുനാൾ അടുത്തിരുന്നു" (11:55); "ബഥനിയായിലേക്ക് പെസഹായ്ക്ക് ആറുദിവസം മുമ്പ് ഈശോ വന്നു" (12:1). ഈശോ ശിഷ്യരോടൊത്ത് പങ്കുവച്ചത് പെസഹാ ഭക്ഷണമായിരുന്നു. ഈശോ പല പ്രാവശ്യം ശിഷ്യരോടൊത്ത് ഭക്ഷിച്ചിട്ടുണ്ടാവാം. രണ്ടു പ്രാവശ്യമെങ്കിലും പെസഹാ ഭക്ഷണവും കഴിച്ചിട്ടുണ്ടാവാം. എന്നാൽ, ശിഷ്യരോടുകൂടെ അവസാന പെസഹാ ഭക്ഷിക്കുവാൻ ഈശോ അത്യധികം ആഗ്രഹിച്ചു: "പീഡയനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (ലൂക്കാ 22:15). തന്റെ മരണ ഉത്ഥാനങ്ങളിലൂടെയുള്ള ഈശോയുടെ കടന്നുപോകൽ യാഥാർത്ഥ്യമാകുന്നതും അതിന്റെ ഓർമ്മയാചരിക്കുന്ന കൂദാശ സ്ഥാപിക്കുന്നതുമായ പെസഹാ ആയിരുന്നു അത്. തന്റെ കടന്നുപോകൽ പീഡാനുഭവമരണ ഉത്ഥാനങ്ങളിലൂടെയാണെന്നുമുള്ള അവബോധം ഈശോ യ്ക്ക് ഉണ്ടായിരുന്നു. സഹനത്തിലൂടെ മഹത്ത്വത്തിലേക്ക് കടക്കുന്ന ഒരു കടന്നുപോകലായതുകൊണ്ട് "മഹത്ത്വീകരണം" എന്ന് ഈ കടന്നുപോകലിനെ അവിടുന്നു വിശേഷിപ്പിക്കുന്നു: "പിതാവേ, സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തണമേ" (യോഹ 17:1). പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമുള്ള ഈശോയുടെ ഈ കടന്നുപോകലിലൂടെയാണ് മനുഷ്യകുലത്തെ മുഴുവൻ പിതാവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ അവിടുത്തേക്ക് കഴിഞ്ഞത്: "അന്ധകാരത്തി ന്റെ ആധിപത്യത്തിൽ നിന്ന് അവിടുന്ന് നമ്മെ മോചിപ്പിച്ചു. അവിടുത്തെ പ്രിയപുത്രന്റെ രാജ്യത്തിലേക്ക് നമ്മെ ആനയിക്കുകയും ചെയ്തു" (കൊളോ 1:13). തന്റെ പെസഹാ രഹസ്യത്തിൽ ഉൾച്ചേർന്നു ജീവിക്കുന്നവരെ അവിടുന്നു തന്നോടൊപ്പം പിതാവിന്റെ സന്നിധിയിലേക്ക് ആനയിക്കും.

ഈശോയുടെ പീഡാനുഭവമരണോത്ഥാനങ്ങൾ ദൈവസ്നേഹത്തിന്റെ മൂർത്തഭാവമാണ് വെളിപ്പെടുത്തുന്നത്. സുവിശേഷകന്റെ അഭിപ്രായത്തിൽ ദൈവത്തെ വെളിപ്പെടുത്തുക എന്നു പറഞ്ഞാൽ ലോകത്തോടുള്ള-മനുഷ്യകുലത്തോടുള്ള-ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുക എന്നാണ് അർത്ഥമാക്കുന്നത്. ഈശോ ലോകത്തിലേക്കു വന്നത് ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തുവാനാണ്. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹസമ്മാനമായിരുന്നല്ലോ ഈശോമിശിഹാ: "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). 'അടയാളങ്ങളുടെ പുസ്തക'ത്തിൽ ദൈവത്തിന്റെ സ്നേഹം ലോകത്തെ അറിയിക്കാനായി പരിശ്രമിക്കുന്ന ഈശോയെയാണ് കാണുന്നത്. അതിന് അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ ഈശോയ്ക്കു ലഭിച്ചു. "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (13:1) എന്ന് വീണ്ടും വ്യക്തമാക്കിക്കൊണ്ടാണ് 'മഹത്ത്വത്തിന്റെ പുസ്തകം' വിവരണം ആരംഭിച്ചിരിക്കുന്നത്. 'അവസാനംവരെ' എന്നതിന് 'തേലോസ്' എന്ന വാക്കാണ് ഗ്രീക്കുമൂലത്തിൽ ഉപയോഗി

ച്ചിരിക്കുന്നത്. 'തേലോസ്' എന്ന വാക്കിന് 'അവസാനം' എന്നും 'പൂർണ്ണത' എന്നും അർത്ഥമുണ്ട്. തന്റെ ജീവിതാവസാനം വരെ സ്നേഹത്തിന്റെ ജീവിതമാണ് ഈശോ നയിച്ചത്. ഒരു നിമിഷംപോലും ഈശോ സ്നേഹമില്ലാതെ ജീവിച്ചിട്ടില്ല. അവിടുത്തെ വാക്കുകളും പ്രവൃത്തികളും അത്ഭുതങ്ങളുമെല്ലാം ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നവയായിരുന്നു. അവിടുത്തെ പീഡാനുഭവവും മരണവും ഈ സ്നേഹത്തിന്റെ പൂർത്തീകരണമായിരുന്നു.

'തേലോസ്' എന്ന വാക്കിന് 'പൂർണ്ണത' എന്നും അർത്ഥമുള്ളതുകൊണ്ട് ഈശോ 'പൂർണ്ണതയിൽ സ്നേഹിച്ചു' എന്നും പറയാം. പൂർണ്ണതയിൽ എന്നു പറയുമ്പോൾ അത് ഈശോയുടെ ദൈവസഹജമായ സ്നേഹത്തെയാണ് സൂചിപ്പിക്കുക. ദൈവം പരിപൂർണ്ണനാണ്: "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5:48). ഇവിടെ ദൈവത്തിന്റെ ക്ഷമിക്കുന്ന, കരുണയുള്ള, നിലയ്ക്കാത്ത, സ്നേഹത്തെയാണ് പരാമർശിക്കുന്നത് (മത്താ 5:44-48). തന്റെ ശത്രുക്കളോടുപോലും കുരിശിൽ കിടന്നുകൊണ്ട് ക്ഷമിച്ച് സ്നേഹിക്കുന്ന ഈശോയെയാണ് നാം കാണുന്നത് (ലൂക്കാ 23:34). അതുപോലെ ഒരു വ്യക്തിക്ക് കൊടുക്കാവുന്ന പരമാവധിസ്നേഹവും ഈശോയിൽ നാം കാണുന്നുണ്ട്: "ഒരു മനുഷ്യൻ തന്റെ സ്നേഹിതർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13). 'പാദം കഴുകൽ' ഈശോയുടെ വരാൻ പോകുന്ന മരണത്തിന്റെ, ജീവൻ സമർപ്പിച്ചു കൊണ്ടുള്ള സ്നേഹത്തിന്റെ, ഒരു അടയാളമായിരുന്നു. ആ വിധത്തിൽ പൂർണ്ണതയുള്ള സ്നേഹമാണ് ഈശോ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത് (13:14).

**പാദം കഴുകൽ:** ശിഷ്യരുടെ പാദങ്ങൾ കഴുകുന്നതിനു മുമ്പ് തന്റെ കടന്നുപോകലിനെക്കുറിച്ചുള്ള അവബോധം ഈശോ വ്യക്തമായി പ്രകടമാക്കുന്നുണ്ട്: "താൻ ദൈവത്തിൽനിന്നു വരികയും ദൈവത്തിലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു" (13:3). സ്നേഹത്തിന്റെയും സേവനത്തിന്റെയും എളിമയുടെയും മാതൃക ശിഷ്യർക്കു കാണിച്ചുകൊടുക്കാനാണ് ഈശോ അവരുടെ പാദങ്ങൾ കഴുകിയത്: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (13:14-15). സുവിശേഷകന്റെ വീക്ഷണത്തിൽ ഇതൊരു അടയാളവും കൂടെയാണ്. അതായത് വരാൻപോകുന്ന പീഡാനുഭവമരണോത്ഥാനങ്ങളെയും അതിലൂടെ പൂർത്തിയാകാൻ പോകുന്ന ദൈവത്തിന്റെ രക്ഷാകർമ്മത്തെയും പ്രഖ്യാപിക്കുന്ന ഈശോയുടെ പ്രവചനപരമായ ഒരു പ്രവൃത്തിയാണ് പാദം കഴുകൽ ശുശ്രൂഷ. "അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ് മേലങ്കി മാറ്റി" (13:4) എന്നും, "പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ചു" (13:12) എന്നും പറയുന്നത് ഈശോയുടെ മരണത്തെയും ഉത്ഥാനത്തെയും പ്രതീകാത്മകമായി സൂചിപ്പിക്കുന്നുണ്ട്. ശിമയോൻ പത്രോസുമായുള്ള സംഭാഷണത്തിൽ (13:6-8) ഇത് വ്യക്തമാക്കുന്നുണ്ട്.





**3:6-11, പത്രോസുമായുള്ള സംഭാഷണം:** ഈശോ ശിഷ്യരുടെ പാദങ്ങൾ കഴുകുന്നതിന്റെ അർത്ഥം വ്യക്തമാക്കുന്നത് ശെമയോൻ പത്രോസുമായുള്ള സംഭാഷണത്തിലൂടെയാണ്. തന്റെ പാദങ്ങൾ കഴുകുന്നതിൽനിന്നും പത്രോസ് ഈശോയെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ അവസരത്തിൽ തന്റെ ഈ പ്രവൃത്തിക്ക് ഒരു അർത്ഥമുണ്ടെന്നും ഇപ്പോൾ പത്രോസും മറ്റ് ശിഷ്യന്മാരും അതറിയുന്നില്ലെന്നും "പിന്നീട്" അറിയുമെന്നും ഈശോ പറയുന്നു (13:7). ഈശോയുടെ മരണോത്ഥാനങ്ങൾക്കുശേഷം പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോഴാണ് ഇവയുടെ അർത്ഥം ശിഷ്യന്മാർ ഗ്രഹിച്ചത്.

വരാനിരിക്കുന്ന മരണത്തെയാണ് പാദം കഴുകൽ അടയാളപ്പെടുത്തുന്നത്. പത്രോസ് ഈശോയുടെ പാദം കഴുകലിന് തടസ്സം പറയുമ്പോൾ ഈശോ പറയുന്ന വാക്കുകൾ ചിന്തനീയങ്ങളാണ്: "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല" (13:8). 'പങ്ക്' എന്ന പദത്തിന് മൂലരൂപത്തിൽ ഉപയോഗിച്ചിരിക്കുന്നത് 'മേറോസ്' എന്ന ഗ്രീക്കുപദമാണ്. പൈതൃകം, പിതൃസ്വത്ത് എന്നൊക്കെ അർത്ഥം വരുന്ന ഈ പദത്തിന്റെ ഹീബ്രുമൂലം 'ഹെല്ലെക്' എന്ന വാക്കാണ്. 'വാഗ്ദത്തഭൂമി', 'ഇസ്രായേലിന്റെ പിതൃസ്വത്ത്' തുടങ്ങിയ അർത്ഥത്തിലാണ് 'ഹെല്ലെക്' എന്ന പദം പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിലെ വാഗ്ദത്തഭൂമി ദൈവരാജ്യത്തിന്റെ, നിത്യജീവന്റെ ഒരു പ്രതീകമാണ് (type). അതനുസരിച്ച്, 'ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് ദൈവരാജ്യത്തിൽ, നിത്യജീവനിൽ പങ്കില്ല' എന്നാണ് പത്രോസിനോടുള്ള ഈശോയുടെ വാക്കുകൾ അർത്ഥമാക്കുന്നത്. ഈശോ നല്കുന്ന സ്നേഹം സ്വീകരിക്കുവാൻ പത്രോസ് വിസമ്മതിക്കുന്നതിന്റെ കാരണങ്ങൾ പലതാകാം. ഈശോയോടുള്ള മാനുഷികമായ സ്നേഹവും ബഹുമാനവും മൂലമാകാം. അത്രമാത്രം എളിമപ്പെടാൻ ഈശോയെ അനുവദിക്കുന്നതിനുള്ള വൈമനസ്യം മൂലമാകാം. അല്ലെങ്കിൽ ഈശോയുടെ വലിയ സ്നേഹം സ്വീകരിച്ചാൽ പ്രതിസ്നേഹം കൊടുക്കുവാൻ നിർബന്ധിക്കപ്പെടുമെന്നുള്ള ഭയം കൊണ്ടുമാകാം. പാദം കഴുകൽ പ്രതീകാത്മകമായി ഈശോയുടെ മരണത്തെ സൂചിപ്പിക്കുന്നതുകൊണ്ട് അവിടുത്തെ പീഡാനുഭവത്തോടും മരണത്തോടുമുള്ള പത്രോസിന്റെ പ്രതികരണമായും ഇത് മനസ്സിലാക്കാം. സ്വയം ശൂന്യമാക്കി കുരിശിൽ മരിക്കാൻ പോകുന്നതിന്റെ അടയാളമെന്നോണം പാദം കഴുകിയ ഈശോയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതിലൂടെ അവിടുത്തെ മരണത്തെയാണ് പത്രോസ്ശ്ലീഹാ ഒഴിവാക്കാൻ നോക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ ഈശോ തന്റെ ജറുസലേമിലേക്കുള്ള യാത്രയെക്കുറിച്ചും പീഡാനുഭവത്തെക്കുറിച്ചും പ്രവചിച്ച സന്ദർഭത്തിൽ പത്രോസ്ശ്ലീഹാ പ്രകടിപ്പിച്ച പ്രതിഷേധത്തിന്റെ യോഹന്നാനിക രൂപമാണ് ഈ പാദം കഴുകൽ സന്ദർഭത്തിൽ കാണാനാവുക. തന്റെ പീഡാനുഭവത്തെപ്പറ്റി ഈശോ തുറന്നു പറഞ്ഞപ്പോൾ, "പത്രോസ് അവനെ മാറ്റി നിർത്തിക്കൊണ്ട് തടസ്സം പറയാൻ തുടങ്ങി" (മർക്കോ 8:32). ആ സന്ദർഭത്തിൽ ഈശോ പത്രോസിനെ ശാസിക്കുകയും സ്വന്തം കുരിശെടുത്ത് തന്നെ അനുഗമിക്കുവാൻ ശിഷ്യന്മാരെയെല്ലാം ആഹ്വാനം ചെയ്യുകയും ചെയ്തു (മർക്കോ 8:33-34). അതുപോലെ ഇവിടെയും പാദം കഴുകാൻ തന്നെ അനുവദിക്കണമെ

ന്നും താൻ അവരുടെ പാദങ്ങൾ കഴുകിയതുപോലെ അവരും പരസ്പരം പാദങ്ങൾ കഴുകണമെന്നും ഈശോ ശിഷ്യരെ പഠിപ്പിക്കുകയാണ് (വാക്യം 14). സഹനത്തോടുള്ള മനുഷ്യസഹജമായ വിയോജിപ്പിനെ അതിജീവിച്ച് സഹനദാസനായി മാറുന്ന നിത്യപുരോഹിതനായ ഈശോയെയാണ് ഇവിടെ നാം ദർശിക്കുക. തന്നെ അനുഗമിച്ച ശിഷ്യന്മാരെ ഈശോ ആവർത്തിച്ച് പഠിപ്പിക്കുന്നതും തന്റെ സഹനദാസനടുത്ത വ്യക്തിത്വത്തെക്കുറിച്ചാണ് (മർക്കോ 8:31-38; 9,30-32; 10,32-34). ഈശോ ഇവിടെ പത്രോസിനെ അനുസ്മരിപ്പിക്കുന്നത് തന്റെ സ്വയാർപ്പണത്തിലൂടെ പത്രോസിന് കരഗതമാകാനിരിക്കുന്ന നിത്യജീവനെക്കുറിച്ചാണ്. മരണത്തിലൂടെ സ്വയം ബലിയായി അർപ്പിക്കുവാൻ തന്നെ അനുവദിക്കുന്നില്ലെങ്കിൽ നിത്യജീവൻ ലഭിക്കുകയില്ല എന്ന് ഈശോ പത്രോസിനെ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് പാദം കഴുകൽ ഈശോയുടെ ബലിയർപ്പണത്തെ സൂചിപ്പിക്കുന്നു. അവിടുത്തെ ശുശ്രൂഷാജീവിതമാണ് മാനവരക്ഷയ്ക്കായുള്ള അവിടുത്തെ ബലിയർപ്പണം: "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10:45).

'പാദങ്ങൾ മാത്രമല്ല കരങ്ങളും ശിരസ്സുംകൂടി കഴുകണമേ' എന്നർത്ഥിച്ച പത്രോസ്ശ്ലീഹായ്ക്കു മറുപടിയായി, "കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും" എന്ന് ഈശോ പറയുന്നുണ്ട്. (13:10). സാമൂഹ്യപശ്ചാത്തലം ഇവിടെ പ്രതിഫലിക്കുന്നുണ്ട്. ദൂരെ നിന്നു യാത്ര ചെയ്തുവന്ന അതിഥിയെ കുളിക്കാൻ കുളിമുറിയിലേക്ക് ദാസൻ നയിക്കുക പതിവായിരുന്നു. അടുത്തുനിന്നു വരുന്നവരുടെ ചെരിപ്പ് അഴിച്ചുകൊടുക്കുകയും പാദം കഴുകുകയും ചെയ്യുമായിരുന്നു. കുളി കഴിഞ്ഞാൽ പിന്നെ പാദങ്ങൾ കഴുകേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ ഇവിടെ കുളികഴിഞ്ഞവൻ പാദങ്ങൾ കഴുകണം എന്നു പറയുന്നത് പ്രതീകാത്മകാർത്ഥത്തിലാണ്. 'പാദം കഴുകൽ' ഈശോയുടെ മരണത്തെയും മരണത്തിൽ പ്രകടമാകുന്ന പൂർണ്ണതയിലുള്ള അവിടുത്തെ സ്നേഹത്തെയുമാണല്ലോ സൂചിപ്പിക്കുന്നത്. 'കുളി' സാധാരണഗതിയിലുള്ള സ്നേഹത്തെയാണ് സൂചിപ്പിക്കുന്നത് എന്നു പറയാം. ഈശോയുടെ ശിഷ്യന്മാർ പൊതുവേ നല്ലവരായിരുന്നു. സാമാന്യം നല്ലവണ്ണം സ്നേഹിക്കുന്നവരുമായിരുന്നു. യൂദാസ്സ്കറിയോത്താ മാത്രമേ അതിന് അപവാദമായിരുന്നുള്ളു. 'നിങ്ങൾ ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല' (13:11) എന്ന് ഈശോ പറയുന്നത് അതുകൊണ്ടാണ്. വിശ്വസിക്കാതെ ഈശോയോടൊപ്പം നടന്നിരുന്ന ഒരു വ്യക്തിയായതിനാലാണ് യൂദാസ് ശുദ്ധിയില്ലാത്തവനായത്. ഇതിന് സൂചന നമുക്കു ലഭിക്കുന്നുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള തന്റെ പ്രഭാഷണത്തിന് ശിഷ്യരിൽ പലരും നിഷേധാത്മകമായി പ്രതികരിച്ചപ്പോൾ ഈശോ ഇങ്ങനെ പറഞ്ഞു: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും, തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യംമുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6:64).

**ഈശോയുടെ ജീവിതബലിയർപ്പണം:** സ്വയംശൂന്യമാക്കി ദാസന്റെ





രൂപംധരിക്കുന്ന പ്രവൃത്തിയാണ് പാദം കഴുകൽ. ഗുരു ശിഷ്യരുടെ പാദങ്ങൾ കഴുകുന്നു. "തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്....കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി"(ഫിലി 2:7-8) യതിന്റെ അടയാളം. ഈശോയുടെ ഈ സ്വയം ശൂന്യമാക്കലിന്റെ അത്യുച്ചിയാണ് കുരിശിലെ മരണത്തിൽ സംഭവിച്ചത്. പിതാവിന്റെ ഹിതത്തിന് വിധേയപ്പെട്ടുകൊണ്ടുള്ള ഈശോയുടെ ജീവിതത്തിന്റെ പൂർത്തീകരണമായിരുന്നു അവിടുത്തെ മരണം. "ഇതെന്റെ ശരീരമാകുന്നു" എന്ന് ഈശോ പറഞ്ഞപ്പോൾ ഈ ജീവിതബലിയർപ്പണമായിരുന്നു അവിടുന്ന് അർത്ഥമാക്കിയത്. "ഇതിനാൽ അവൻ ലോകത്തേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു.... ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10:5-7). മനുഷ്യാവതാരം മുതൽ മരണം വരെയുള്ള അവിടുത്തെ അനുസരണാജീവിതമായിരുന്നു ഈശോയുടെ ശരീരരക്തങ്ങളാകുന്ന ബലിയർപ്പണം. കുർബാനയിൽ സ്ഥാപനവിവരണത്തിനുമുമ്പ് ചൊല്ലുന്ന 3-ാം ഗ്ഹാന്താ പ്രാർ ത്ഥന ഇതാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.

## യോഹന്നാൻ 13:21-30, യൂദാസിന്റെ വഞ്ചന

(മത്തായി 26:20-25; മർക്കോസ് 14:17-21; ലൂക്കാ 22:21-23)

പാദം കഴുകലിന്റെ അർത്ഥം ശിഷ്യർക്കു വിവരിച്ചു കൊടുത്ത ഈശോ, ശിഷ്യരിലൊരുവൻ തന്നെ ഒറ്റിക്കൊടുക്കുമെന്ന് പ്രവചിക്കുന്നു: "ഇതു പറഞ്ഞപ്പോൾ ഈശോ ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (13:21). 'ആത്മാവിൽ അസ്വസ്ഥനാകുന്ന' ഈശോയെ മറ്റു രണ്ടു സന്ദർഭങ്ങളിൽക്കൂടി കാണാം-ലാസറിന്റെ കബറിടത്തിങ്കലും (യോഹ 11:33) ഗദ്സമേനിയിലും (ലൂക്കാ 22:44 = യോഹ 12:27). മരണവുമായി മനുഷ്യൻ ഏറ്റുമുട്ടുന്ന സാഹചര്യമാണ് ഈശോയിൽ ഈ പ്രതികരണമുളവാക്കുന്നത്. മനുഷ്യനെ പാപത്തിന്റെയും പാപത്തിന്റെ ഫലമായി വന്നുഭവിച്ച മരണത്തിന്റെയും യാതനകളിൽനിന്നും മോചിക്കുവാൻ അവിടുന്ന് മരണം സ്വയം ഏറ്റുവാങ്ങുന്നു. മരണവുമായി മല്ലടിക്കുന്ന മനുഷ്യന്റെ വേദനയിൽ അവനോടു താദാത്മ്യപ്പെടുന്നു. കർത്താവിന്റെ സ്നേഹം താൻ സ്നേഹിക്കുന്ന വ്യക്തിയുമായി താദാത്മ്യപ്പെടുന്ന സ്നേഹമാണെന്ന് ഇതു സൂചിപ്പിക്കുന്നു. യൂദാസിന്റെ വഞ്ചനയിൽ പാപത്തിന്റെ ഭീകരമുഖം പ്രത്യക്ഷപ്പെടുന്നു. സ്നേഹം മാത്രം നല്കിയവനെ സ്നേഹശൂന്യമായ ഹൃദയത്തോടെ മരണത്തിന് ഏല്പിക്കുന്നു. എങ്കിലും യൂദാസിന് നല്കുവാൻ ഈശോയ്ക്കുള്ളത് സ്നേഹം മാത്രം.

ഈശോയുടെ വലത്ത് യോഹന്നാനും ഇടത്ത് യൂദാസും ഇരിക്കുന്ന

തായിട്ടാണ് അപ്പം മുറിക്കൽരംഗം ചിത്രീകരിക്കുന്നത്. യഹൂദപാരമ്പര്യമനുസരിച്ച് അതിഥിയെ ആതിഥേയൻ തന്റെ ഇടതുവശത്ത് ഇരുത്തി ബഹുമാനിച്ചിരുന്നു. പെസഹാ അത്താഴത്തിന് ഇടതുവശത്തിരിക്കുന്ന ആളിന്റെ മാർവ്വിലേക്ക് ചാരിയിരിക്കുന്നതും പതിവായിരുന്നു. പെസഹാചരണത്തിൽ ഇസ്രായേൽജനം ഓർമ്മിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഒരു പ്രതീകമായി ഇതിനെ കാണാം. അടുത്തിരിക്കുന്ന രണ്ടു വ്യക്തികൾക്ക് പരസ്പരം സ്നേഹം പങ്കുവയ്ക്കാനും രഹസ്യങ്ങൾ കൈമാറാനും ഇത് അവസരം നല്കുകയും ചെയ്യും. അപ്പക്കഷണം ഒരേ വീഞ്ഞിൽ മുക്കി ഭക്ഷിക്കുന്നതും പ്രത്യേക സ്നേഹത്തിന്റെ അടയാളമായിരുന്നു (റൂത്ത് 2:14).

ശിഷ്യത്വത്തിന്റെ രണ്ടു ഭാവങ്ങളുടെ ഉദാഹരണങ്ങളാണ് യോഹന്നാനും യൂദാസ് സ്കറിയോത്തായും. യഥാർത്ഥ ശിഷ്യത്വത്തിന്റെ പ്രതീകമാണ് 'ഈശോ സ്നേഹിക്കുന്ന ശിഷ്യൻ' എന്നറിയപ്പെടുന്ന യോഹന്നാൻശ്ലീഹാ. ഈശോയിലൂടെ നല്കപ്പെട്ട ദൈവസ്നേഹം സ്വീകരിക്കുകയും അതിന് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്തതിലൂടെയാണ് യോഹന്നാൻശ്ലീഹാ മിശിഹാശിഷ്യത്വത്തിന്റെ മഹനീയ മാതൃകയായത്. അദ്ദേഹം യഥാർത്ഥ ശിഷ്യത്വത്തെ പ്രതിനിധീകരിക്കുന്നു. യഥാർത്ഥ ശിഷ്യൻ ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്നവനാണ്: "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15:9). പിതാവിന്റെ സ്നേഹത്തിൽ നിലനില്ക്കുന്ന ഒരു ജീവിതമാണ് ഈശോ നയിച്ചത്. "പിതാവിന്റെ വക്ഷസ്സിലിരിക്കുന്ന ഏകജാതൻ" (1:18) എന്നാണ് യോഹന്നാൻ സുവിശേഷകൻ ഈശോയെ വിശേഷിപ്പിക്കുന്നത്. "പിതാവിന്റെ വക്ഷസ്സിലിരിക്കുന്ന പുത്രൻ" പിതാവുമായുള്ള പുത്രന്റെ ഐക്യത്തെയും സ്നേഹത്തിലുള്ള നിലനില്പിനെയും പ്രതിനിധീകരിക്കുന്നെങ്കിൽ, "പുത്രന്റെ വക്ഷസ്സിലിരിക്കുന്ന ശിഷ്യൻ" പുത്രനായ മിശിഹായുമായുള്ള ശിഷ്യന്റെ ഐക്യത്തെയും സ്നേഹത്തിലുള്ള നിലനില്പിനെയും പ്രതിനിധീകരിക്കുന്നു.

ഈശോയുടെ ശിഷ്യത്വത്തിലേക്കു കടന്നുവന്ന യോഹന്നാൻ ഈശോയുടെ ജീവിതത്തിലെ പല പ്രധാന സംഭവങ്ങൾക്കും സാക്ഷിയായിരുന്നു. അന്ത്യത്താഴത്തിൽ ഈശോയുടെ മാർവ്വിൽ ചാരിയിരുന്ന് അവിടുത്തെ ഹൃദയസ്പന്ദനങ്ങൾ ഒപ്പിയെടുക്കുകയും സ്നേഹം നുകരുകയും ഹൃദയവേദനകൾ അറിയുകയും ചെയ്തവനാണ് യോഹന്നാൻ. ഈശോയുടെ സ്നേഹം അനുഭവിച്ചറിഞ്ഞതുകൊണ്ടുമാത്രമാണ് ഭീതിജനകമായ പീഡാനുഭവവേളയിലും കുരിശിൻ ചുവട്ടിലും യോഹന്നാൻ അവിടുത്തെ അനുഗമിച്ചത്. അവസാനതുള്ളി രക്തംവരെയും മാനവർക്കായി ചിന്തിയ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന് അദ്ദേഹം കൊടുത്ത നിർവചനം "ദൈവം സ്നേഹമാകുന്നു" എന്നാണ്. മിശിഹായെ അനുഗമിക്കുന്ന ഓരോരുത്തരും പിന്തുടരേണ്ട മാതൃകയാണ് യോഹന്നാൻശ്ലീഹാ. ഇങ്ങനെയുള്ള ശിഷ്യത്വമാണ് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. ഈശോമിശിഹായുമായുള്ള പരസ്പരസഹവാസമാണ് ശിഷ്യത്വം ക്രൈസ്തവരിൽനിന്നും ആവശ്യപ്പെടുക: "നിങ്ങൾ എന്നിൽ





വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾ ക്കും സാധിക്കുകയില്ല" (യോഹ 15:4). ഈ പരസ്പരസഹവാസം സ്നേഹബന്ധമാണ്; സ്നേഹത്തിലുള്ള നിലനില്പാണ്. ഈശോയുടെ സ്നേഹം നിരന്തരം സ്വീകരിച്ച്, ആ സ്നേഹത്തിന് നിരന്തരം പ്രത്യുത്തരം നല്കിക്കൊണ്ടുള്ള ഒരു ജീവിതമായിരിക്കണം ക്രൈസ്തവന്റെ ആദ്ധ്യാത്മികതയുടെ അന്തഃസത്ത.

മനുഷ്യനു നല്കിയ ദൈവസ്നേഹത്തിന്റെ തിരസ്ക്കരണത്തിന്റെ രൂപമാണ് യൂദാസ് സ്കറിയോത്താ. ദൈവസ്നേഹത്തിന് അനുകൂലമായ മറുപടികൊടുക്കാത്തതുകൊണ്ട് യൂദാസ് നിഷേധാത്മകമായ പ്രത്യുത്തരത്തിന്റെ പ്രതീകമായി മാറി. ദൈവസ്നേഹത്തിന്റെ തിരസ്ക്കരണം ആത്യന്തികമായി തിന്മയിലേക്കും നിത്യനാശത്തിലേക്കുമാണ് നയിക്കുന്നതെന്ന് യൂദാസിന്റെ ജീവിതം പഠിപ്പിക്കുന്നു. യൂദാസിന്റെ പാദങ്ങൾ കഴുകിക്കൊണ്ടും, "നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക" (13:27) എന്നു പറഞ്ഞുകൊണ്ടും ദൈവസ്നേഹത്തിലേക്ക് അവനെ തിരിക്കാനുള്ള അവസാന ശ്രമവും ഈശോ നടത്തി. മാനസാന്തരത്തിലേക്കുള്ള ഈശോയുടെ അവസാന ആഹ്വാനവും അവൻ നിരസിച്ചു. ഒറ്റിക്കൊടുക്കുന്നവനാരാണെന്ന ചോദ്യത്തിനു മറുപടിയായി ഈശോ യൂദാസിന് അപ്പക്കഷണം മുക്കി കൊടുക്കുകയും അത് സ്വീകരിച്ച ഉടനേ അവൻ പുറത്തുപോകുകയും ചെയ്തു. "അപ്പോൾ രാത്രിയായിരുന്നു" (13:30) എന്ന് സുവിശേഷകൻ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. പ്രകാശമായ ഈശോയിൽനിന്ന് വിശ്വാസമില്ലായ്മയുടെയും സ്നേഹരാഹിത്യത്തിന്റെയും ഇരുൾ നിറഞ്ഞ പാതയിലൂടെയാണ് യൂദാസ് നീങ്ങിയത്. ഈശോയിൽനിന്നും അകലുന്നവൻ ഇരുളിലാണ് സഞ്ചരിക്കുന്നത്. വിശ്വസിക്കാതെയും സ്നേഹിക്കാതെയും മൂന്നു വർഷക്കാലം കൂടെ നടന്ന യൂദാസിനെപ്പോലും അവസാനംവരെ സ്നേഹിക്കുന്ന ഈശോയുടെ സ്നേഹത്തിന്റെ കൂദാശയുടെ പ്രതീകമായി ഈ രംഗം നമുക്ക് മനസ്സിലാക്കാം.

**അപ്പംമുറിക്കൽ:** വി. യോഹന്നാന്റെ സുവിശേഷത്തിൽ വി. കുർബാനയുടെ സ്ഥാപന വിവരണമില്ല. എങ്കിലും ശിഷ്യരോടൊത്ത് പെസഹാ അത്താഴം കഴിച്ചുവെന്നും (13:1-2) അത്താഴമദ്ധ്യേ അപ്പം മുറിച്ച് പങ്കുവച്ചുവെന്നും (13:25-26) വ്യക്തമായി പറയുന്നുണ്ട്. 'അപ്പം മുറിക്കൽ' വളരെ ഹൃദയസ്പർശിയായ വിധത്തിലാണ് യോഹന്നാൻ അവതരിപ്പിക്കുക. വി. കുർബാന എന്ന കൂദാശയിലൂടെയുള്ള സ്നേഹത്തിന്റെ പങ്കുവയ്ക്കൽ ഇവിടെ പ്രതീകാത്മകമായും നാടകീയമായും അവതരിപ്പിക്കുന്നു. കുരിശിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ ശാശ്വതീകരണമാണ് പരി. കുർബാന. പരി. കുർബാന സ്നേഹത്തിന്റെ കൂദാശയാണ്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പരി.കുർബാനയെ വിശേഷിപ്പിച്ചിരിക്കുന്നത് ദൈവത്തിന്റെ വിശ്വസ്നേഹമാനം വെളിപ്പെടുത്തുന്ന കൂദാശയെന്നാണ് (EE 12). ശത്രുവെന്നോ മിത്രമെന്നോ ഉള്ള വ്യത്യാസമില്ലാതെ ലോകത്തിലുള്ള എല്ലാ മനുഷ്യരെയും സ്നേഹിക്കുന്ന ദൈവത്തിന്റെ സ്നേഹമാണ് ഈശോയുടെ മഹത്ത്വീകരണത്തിൽ (പീ

ഡാനുഭവം, മരണം, ഉത്ഥാനം) വെളിപ്പെടുത്തപ്പെട്ടത്. ഈശോയുടെ മഹത്ത്വീകരണത്തിന്റെ അർത്ഥം വിശദീകരിക്കുന്ന അന്ത്യപ്രഭാഷണത്തിന്റെ ആരംഭത്തിലും അവസാനത്തിലും ഈ സ്നേഹത്തെ പരാമർശിക്കുന്നുണ്ട്. “ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു: അവസാനംവരെ സ്നേഹിച്ചു”(13:1). “അവിടുന്ന് എനിക്കു നല്കിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അറിയിക്കും” (17:26). ഈ സ്നേഹമാണ് പരിശുദ്ധ കുർബാനയിൽ ശാശ്വതീകരിക്കപ്പെടുന്നത്. ഈ അപ്പം മുറിക്കലിൽ പത്രോസും യോഹന്നാനും യൂദാസും ഒരുപോലെ സ്നേഹിക്കപ്പെടുന്നു. അപ്പക്കഷണം മുക്കി കൊടുക്കുന്നത് വി.കുർബാന സ്വീകരണത്തെ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യനെ സ്നേഹിക്കുക മാത്രമല്ല തന്റെ സ്നേഹം മനുഷ്യഹൃദയത്തിലേക്ക് ഒഴുക്കുകയും ചെയ്യുന്നു. “നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു” (റോമാ 5:5) എന്ന പൗലോസിന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാകുന്നു. പരി. കുർബാന പരിശുദ്ധാത്മാവിനെ നമുക്കു നല്കുന്നു. പരിശുദ്ധാത്മാവ് ദൈവത്തിന്റെ സ്നേഹത്തിന്റെ ആത്മാവാണല്ലോ.

അപ്പക്കഷണം മുക്കി യൂദാസിനു കൊടുത്തുകൊണ്ടാണ് തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് ഈശോ പ്രവചിച്ചത്. തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നത് യൂദാസാണെന്ന് ഈശോക്ക് വ്യക്തമായി അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് യൂദാസിനെ ഈശോ തന്റെ ഇടതുവശത്ത് വിളിച്ചിരുത്തിയതും യൂദാസിന്റെ മാർവ്വിലേക്ക് ചാരിക്കിടന്നതും. സുവിശേഷങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ ശ്രദ്ധയിൽ പെടുന്നതാണ് പാപികളോടുള്ള ദൈവത്തിന്റെ സവിശേഷ സ്നേഹം. ഈശോ പറയുന്നു: “ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്” (മത്താ 9:13). യൂദാസ് വലിയ കപടഭക്തനായിരുന്നു. വിശുദ്ധന്റെ പെരുമാറ്റരീതിയും പിശാചിന്റെ ഹൃദയവുമുള്ളവൻ. അവൻ അങ്ങനെയാണെന്ന് ആദിമുതലേ ഈശോ അറിഞ്ഞിരുന്നു. ഇങ്ങനെയുള്ള യൂദാസിന് ഈശോ സ്നേഹത്തിന്റെ ക്ഷണം ആവർത്തിച്ചു നല്കുകയാണ്. അവനെ പണസഞ്ചി ഏല്പിക്കുന്നു (യോഹ 12:6); മറ്റു ശിഷ്യരോടൊപ്പം പാദം കഴുകി ശുശ്രൂഷിക്കുന്നു; ഇടതുവശത്തിരുത്തി അപ്പക്കഷണം മുക്കിക്കൊടുക്കുന്നു. പാപികളെ മാറ്റിനിർത്താതെ പ്രത്യേകം പരിഗണനയോടുകൂടി സ്നേഹം നല്കുന്നവനാണ് ദൈവം.

“അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു” (13:27) എന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. യൂദാസിന്റെ ഭാഗത്തുനിന്നും ഈശോയുടെ സ്നേഹത്തിനു നല്കിയ പ്രതികൂലമായ പ്രത്യുത്തരത്തിന്റെ സൂചനയാണ് ഈ വാക്കുകളിൽ പ്രതിഫലിക്കുന്നത്. ഈശോയുടെ സ്നേഹം യൂദാസിന്റെ ഹൃദയത്തെ സ്പർശിച്ചില്ല. ഈശോയിലൂടെ നല്കപ്പെട്ട ദൈവസ്നേഹത്തിനു പ്രതികരിക്കുവാൻ കഴിവില്ലാത്ത, പ്രതികരണശേഷി നഷ്ടപ്പെട്ട, ഒരു മാനസികാവസ്ഥയാണ് യൂദാസിലുണ്ടായത്. ഇതിനെയാണ് ഇവിടെ





‘സാത്താന്റെ പ്രവേശന’മായി ചിത്രീകരിക്കുന്നത്. ദൈവസ്നേഹത്തിനു പ്രവർത്തിക്കാൻ തടസ്സമായിത്തീരുന്ന അവസ്ഥ. ഈ അവസ്ഥ സൃഷ്ടിക്കപ്പെട്ടത് ഒരൊറ്റ നിമിഷം കൊണ്ടല്ല, സാവകാശമാണ്. തുടക്കം മുതൽ അന്നുവരെ വിശ്വാസമില്ലാതെയാണ് യൂദാസ് ഈശോയോടൊപ്പം വ്യാപരിച്ചത്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണവേളയിൽ പലരും ഈശോയെ ശ്രവിക്കുവാൻ ബുദ്ധിമുട്ട് കാണിച്ച സന്ദർഭത്തിൽ സുവിശേഷം രേഖപ്പെടുത്തുന്നു: “വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു” (യോഹ 6:64). ശിഷ്യന്മാരിൽ വളരെപ്പേർ ഈശോയെ വിട്ടുപോയപ്പോൾ പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തിയെങ്കിലും ഈശോ പറയുന്നു: “നിങ്ങൾ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്” (യോഹ 6:70). അത് യൂദാസിനെക്കുറിച്ചാണ് എന്ന് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നുണ്ട് (യോഹ 6:71). ആത്മാർത്ഥമായ സ്നേഹമില്ലാതെയാണ് യൂദാസ് ഈശോയോടൊപ്പം ജീവിച്ചിരുന്നത്. മറിയം ഈശോയുടെ പാദങ്ങൾ വിലയേറിയ സുഗന്ധദ്രവ്യങ്ങളാൽ പൂശിയപ്പോൾ ദരിദ്രരോടുള്ള സ്നേഹത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കിയവനാണ് യൂദാസ് (യോഹ 12:4-6). ഇങ്ങനെ വിശ്വാസവും സ്നേഹവുമില്ലാതെ തുടർച്ചയായി ഈശോയോടൊപ്പം ആയിരുന്നതുകൊണ്ടാണ് പൈശാചികമായ ഒരു ഹൃദയത്തിന്റെ അവസ്ഥ യൂദാസിൽ രൂപപ്പെട്ടത്.

ഈ അവസ്ഥ ശിക്ഷാവിധിക്ക് കാരണമായിത്തീരുന്നു എന്നാണ് അവസാനത്തെ വാക്യം സൂചിപ്പിക്കുന്നത്: “ആ അപ്പക്കഷണം സ്വീകരിച്ച ഉടനേ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു” (13:30). രാത്രി അന്ധകാരത്തെ സൂചിപ്പിക്കുന്നു. പ്രകാശമായ ഈശോയിൽ നിന്നു വേർപെട്ട് ശിക്ഷാവിധിക്ക് വിധേയനാകുന്ന യൂദാസിനെയാണ് ഇവിടെ നാം കാണുക. അയോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിച്ചാൽ അത് ശിക്ഷാവിധിക്ക് കാരണമാകും എന്ന് ഇത് വ്യക്തമാക്കുന്നു. രക്ഷയും ശിക്ഷയും യാഥാർത്ഥ്യമാകുന്നത് കുർബാന സ്വീകരിക്കുന്ന വ്യക്തിയെ ആശ്രയിച്ചാണ്. ദൈവം ആരെയും ശിക്ഷാവിധി ചെയ്യുന്നില്ല. അവിടുന്ന് മനുഷ്യരെ രക്ഷിക്കുന്നവൻ മാത്രമാണ് (യോഹ 3,17). എന്നാൽ ദൈവത്തിന്റെ സ്നേഹത്തിന്റെയും രക്ഷയുടെയും കൂദാശ ശിക്ഷയ്ക്ക് കാരണമാകുന്നത് സ്വീകരിക്കുന്ന ആളിന്റെ നിലപാടിനെ ആശ്രയിച്ചാണ്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യുത്തരം നല്കുന്നവർക്ക് രക്ഷ യ്ക്കും അവിശ്വാസത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും പ്രത്യുത്തരം നല്കുന്നവർക്ക് ശിക്ഷാവിധിക്കും അത് കാരണമാകുന്നു: “ഇതാണ് ശിക്ഷാവിധി. പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു” (യോഹ 3:18). വി. കുർബാനയിലൂടെ നല്കപ്പെടുന്ന ദൈവസ്നേഹത്തിന്റെ ചൈതന്യത്താൽ ജീവിതത്തിൽ മാറ്റം വരുത്താത്തവർക്കാണ് കുർബാന ശിക്ഷാവിധിക്ക് കാരണമാകുന്നത്.

# യോഹന്നാൻ 14:1-31, അന്ത്യപ്രഭാഷണം: വേർപാടും തിരിച്ചുവരവും

ഈശോയുടെ അന്ത്യപ്രഭാഷണത്തിന്റെ ആരംഭം കുറിക്കുന്നതാണ് ഈ വചനഭാഗം. ഈശോ തന്റെ വേർപാടിന്റെ വിവരം ശിഷ്യരെ അറിയിച്ചപ്പോൾ അവർ സ്വാഭാവികമായും അസ്വസ്ഥരായി. പാപത്തിനുമേൽ വിജയം നേടാനായി മരണത്തിന് വിധേയനാകുന്ന ഈശോയെ ഓർത്താണ് അവർ അസ്വസ്ഥതപ്പെടുന്നത്. മനുഷ്യന് എന്നും അസ്വസ്ഥതയുളവാക്കുന്ന യാഥാർത്ഥ്യങ്ങളാണ് പാപവും മരണവും. ഈ സന്ദർഭത്തിൽ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറഞ്ഞ വാക്കുകളാണ് അന്ത്യപ്രഭാഷണം രേഖപ്പെടുത്തുന്നത്. മരണം വേർപാടാണെങ്കിൽ ഉത്ഥാനം തിരിച്ചുവരവാണ്. തന്റെ വേർപാടിൽ ദുഃഖിതരും അസ്വസ്ഥരുമായ ശിഷ്യർക്ക് ഉത്ഥാനത്തിലൂടെയുള്ള തന്റെ തിരിച്ചുവരവിനെക്കുറിച്ച് ഉറപ്പു കൊടുത്തുകൊണ്ടാണ് ഈശോ അവരെ ആശ്വസിപ്പിക്കുന്നത്. തിരിച്ചുവരുന്നതിനുള്ള ഒരു വ്യവസ്ഥ മാത്രമാണ് ഈശോയുടെ വേർപാട്. ഉത്ഥാനത്തിലൂടെയുള്ള തന്റെ തിരിച്ചുവരവ് ഏതെല്ലാം വിധത്തിലാണ് അവർക്ക് അനുഭവവേദ്യമാകേണ്ടത് എന്നു വിവരിക്കുന്ന അന്ത്യപ്രഭാഷണത്തിന്റെ മൂലരൂപമാണ് 14-ാം അദ്ധ്യായം വിവരിക്കുന്നത്. ഈ അദ്ധ്യായത്തിന്റെ അവസാനം "എഴുന്നേല്ക്കുവിൻ, നമുക്ക് ഇവിടെ നിന്നു പോകാം" (വാക്യം 31) എന്ന വാക്കുകൾ പ്രഭാഷണം അവസാനിച്ചു എന്ന പ്രതീതിയാണ് നല്കുന്നത്. മരണത്തോടെ തന്റെ ജീവിതം അവസാനിക്കുകയില്ലെന്നും ശിഷ്യന്മാരുടെ തുടർന്നുള്ള ജീവിതത്തിലും താൻ സന്നിഹിതനായിരിക്കുമെന്നുമുള്ള ഉറപ്പാണ് ഈശോ അവർക്ക് നല്കുന്നത്.

"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ" (14:1). ഈശോയുടെ വേർപാടിൽ അസ്വസ്ഥരായ ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറയുന്ന വാക്കുകളാണ് ഇവ. തനിക്കു നല്കപ്പെട്ടവരുടെ അസ്വസ്ഥതകളെക്കുറിച്ച് ഈശോയ്ക്ക് കരുതലുണ്ടെന്നും അവരുടെ മനസ്സിന് ശാന്തിയും സമാധാനവും അരുളുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. ശിഷ്യന്മാർ അസ്വസ്ഥരാകുന്ന സന്ദർഭങ്ങളിലെല്ലാം അവരുടെ കാര്യത്തിൽ കരുതലുള്ളവനും അവിടെ കടന്നുചെന്ന് അവരെ ആശ്വസിപ്പിക്കുന്നവനുമായിട്ട് ഈശോയെ പരസ്യജീവിതത്തിൽ, പല സന്ദർഭങ്ങളിൽ കാണുന്നുണ്ട്. ശിഷ്യർ സഞ്ചരിച്ചിരുന്ന വഞ്ചി കൊടുങ്കാറ്റിൽപ്പെട്ട് ഉലയുമ്പോഴും (യോഹ 6:16-21), ശിഷ്യർ നിരാശരായി മീൻപിടിത്തത്തിലേർപ്പെട്ട അവസരത്തിലും (യോഹ 21:1-14) ഈശോ അവരെ സമീപിച്ച് സമാശ്വസിപ്പിക്കുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു.

ഈശോയുടെ തിരിച്ചുവരവ് അനുഭവവേദ്യമാകണമെങ്കിൽ വിശ്വാസം ആവശ്യമാണ്: "ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ" (14:1). വിശ്വാസവും സ്നേഹവുമാണ് ഈശോയുടെ തിരിച്ചുവരവ് വ്യക്തിപരമായി അനുഭവിക്കാനുള്ള വ്യവസ്ഥകൾ.





മരണശേഷവും പലവിധത്തിൽ അനുഭവവേദ്യമാകുന്ന തന്റെ സാന്നിദ്ധ്യം ഈശോ ശ്ലീഹന്മാർക്ക് വാഗ്ദാനം ചെയ്യുകയാണ്. ഈ അദ്ധ്യായം വിശകലനം ചെയ്യുമ്പോൾ ഏഴു വിധത്തിലുള്ള സാന്നിദ്ധ്യം ഈശോ വാഗ്ദാനം ചെയ്തിരുന്നതായാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് എന്നു മനസ്സിലാക്കാം.

**14:2-3, യുഗാന്ത്യനാളിലെ തിരിച്ചുവരവ്:** പിതാവിന്റെ പക്കലേക്കു കൂട്ടിക്കൊണ്ടു പോകാനായി എത്തുമെന്ന വാഗ്ദാനത്തിലൂടെ ഈശോ ശ്ലീഹന്മാരെ ആശ്വസിപ്പിക്കുന്നു: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും" (14:2-3). 'എന്റെ പിതാവിന്റെ ഭവനം' എന്നു വിശേഷിപ്പിക്കുന്നത് സ്വർഗ്ഗത്തെയാണ്. യഹൂദരുടെ പാരമ്പര്യത്തിലും സ്വർഗ്ഗത്തെ പിതാവിന്റെ ഭവനമായാണ് വിശേഷിപ്പിക്കുന്നത്. അവിടെ അനേകം വാസസ്ഥലങ്ങളുണ്ടെന്നും അവിടെ തന്റെ ശിഷ്യർക്കു സ്ഥലമൊരുക്കുവാനാണ് അവിടുന്നു പോകുന്നതെന്നും, സ്ഥലമൊരുക്കി കഴിയുമ്പോൾ വന്ന് തന്റെ ശിഷ്യരെയും കൂട്ടിക്കൊണ്ടുപോയി അവരോടൊത്തായിരിക്കുമെന്നും ഈശോ ശിഷ്യർക്ക് ഉറപ്പുകൊടുക്കുകയാണ്. 'വാസസ്ഥലങ്ങൾ' എന്നിവിടെ വിവർത്തനം ചെയ്തിരിക്കുന്നത് ഗ്രീക്കുഭാഷയിലെ 'മോനായി' എന്ന വാക്കാണ്. ഇത് 'വസിക്കുക' എന്നർത്ഥം വരുന്ന 'മേനേയിൻ' എന്ന ക്രിയയിൽനിന്നും വരുന്നതാണ്. ഈശോയും ശിഷ്യരും തമ്മിലും, ദൈവപിതാവും പുത്രനും ശിഷ്യരും തമ്മിലും, ഉള്ള സഹവാസത്തെ കുറിക്കുവാൻ യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്ന വാക്കാണ് ഇത് (യോഹ 15:1-17). ഈ അദ്ധ്യായത്തിൽ തന്നെ 23-ാം വാക്യത്തിൽ ശിഷ്യരിലുള്ള ദൈവിക സഹവാസത്തെ കുറിക്കുവാൻ ഈ പദം ഏകവചനത്തിൽ (മോനേ) ഉപയോഗിച്ചിട്ടുണ്ട്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്ത്വന്ന് അവനിൽ വാസസ്ഥലം (മോനേ) ഉറപ്പിക്കുകയും ചെയ്യും". തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും താൻ മഹത്ത്വപൂർണമായ ദൈവൈക്യത്തിലേക്ക് അഥവാ സ്വർഗ്ഗത്തിലേക്ക് കടക്കുകയാണെന്നും അതുവഴി തന്റെ ശിഷ്യർക്കും മഹത്ത്വപൂർണമായ ദൈവൈക്യത്തിലേക്കുള്ള അഥവാ സ്വർഗ്ഗത്തിലേക്കുള്ള വഴി തുറക്കുകയാണെന്നും ഈശോ ഇവിടെ പഠിപ്പിക്കുകയാണ്. ഈ പ്രത്യാശയാണ് വേർപാടിന്റെ വേദനയിൽ അവർക്ക് ആശ്വാസം പകരേണ്ടത്.

**14:4-10, വഴിയായ ഈശോ:** പിതാവിന്റെ പക്കലണയാനുള്ള വഴിയായി സ്വയം അവതരിപ്പിച്ചുകൊണ്ട് ഈശോ ശ്ലീഹന്മാരെ ആശ്വസിപ്പിക്കുന്നു. "ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം" (14:4) എന്ന് ഈശോ പറഞ്ഞപ്പോൾ തോമ്മാശ്ലീഹാ ഈശോ പോകുന്നിടവും അവിടേക്കുള്ള വഴിയും അറിഞ്ഞുകൂടാ എന്നു പ്രതികരിച്ചു. അപ്പോൾ ഈശോ പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (14:6). ഈശോ പിതാവിലേക്കുള്ള വഴിയായി തീർന്നത് 'സത്യവും' 'ജീവനും' ആയതുകൊണ്ടാണ്. 'സത്യം' എന്നത് 'ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ'

ആയിട്ടാണ് യോഹന്നാൻശ്ലീഹായുടെ സുവിശേഷം അവതരിപ്പിക്കുക (യോഹ 18:37). പിതാവായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്നവനായതുകൊണ്ട് ഈശോ പിതാവിലേക്ക് എല്ലാവരേയും നയിക്കുന്ന വഴിയായിത്തീരുന്നു. ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തെ വെളിപ്പെടുത്തിയത് അവിടുത്തെ ഏകജാതനായ ഈശോമിശിഹായാണ് (1:18). 'ജീവൻ' ദൈവത്തിന്റെ ജീവനാണ്. പിതൃപുത്രബന്ധത്തിൽ ദൈവത്തിന്റെ ജീവനിൽ പങ്കുചേരുന്ന ഏകവ്യക്തി ഈശോമിശിഹായാണ്. അവിടുന്ന് ദൈവികജീവന്റെ ഉറവിടവുമാണ്. പിതാവിന്റെ ജീവൻ പ്രത്യക്ഷപ്പെട്ടത് ഈശോയിലൂടെയാണ്: "ജീവൻ വെളിപ്പെട്ടു. ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു" (1 യോഹ 1:2). "അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു" (യോഹ 1:4-5) . ഈ ദൈവികജീവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് പങ്കുവച്ചു നൽകുവാനാണ് അവിടുന്ന് വന്നത് (യോഹ 3:36; 10:10). അങ്ങനെ പിതാവിനെ വെളിപ്പെടുത്തുന്നവൻ എന്ന നിലയിലും പിതാവിന്റെ ജീവനിൽ പങ്കുചേർന്ന് അതിൽ നമ്മെയും പങ്കുചേർക്കുന്നവൻ എന്ന നിലയിലും ഈശോ പിതാവിലേക്കുള്ള ഏകമാർഗ്ഗമായി തീർന്നിരിക്കുന്നു. 'വഴി' അഥവാ 'മാർഗ്ഗം' എന്നത് പിന്നീട് സഭയുടെ ഒരു സംജ്ഞയായിത്തീർന്നു. 'മിശിഹാമാർഗ്ഗം സ്വീകരിച്ചവർ' എന്ന് സഭാംഗങ്ങളെ ആദിമസഭ വിശേഷിപ്പിച്ചു (നട 9:2). ഭാരതത്തിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ 'തോമ്മായുടെ മാർഗ്ഗം' അവരുടെ ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യേകതയായി കണ്ടിരുന്നു. മിശിഹായുടെ തുടർച്ചയായ സഭയിലൂടെയാണ് ഇന്ന് പിതാവിലേക്കുള്ള വഴി തെളിക്കപ്പെടുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു.

"കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരുക" എന്നു പീലിപ്പോസ് ഈശോയോട് പറഞ്ഞപ്പോൾ, "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്ന മറുപടിയാണ് ഈശോ നല്കിയത് (യോഹ 14:8-9). അതേ തുടർന്ന് താനും പിതാവുമായുള്ള ബന്ധം ഈശോ വിശദീകരിക്കുകയാണ്: "ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്നു നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല, പ്രത്യുത എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്" (14:10). താനും പിതാവുമായുള്ള പരസ്പര സഹവാസത്തിന്റെ ഫലമായി തന്റെ വാക്കുകൾ പിതാവിന്റെ പ്രവൃത്തികളാണെന്ന് ഈശോ പറഞ്ഞുവയ്ക്കുകയാണ്. അതുകൊണ്ട് തന്നെ കാണുന്നവൻ പിതാവിനെ കാണണം എന്ന് ഈശോ സൂചിപ്പിക്കുകയാണ്.

**14:11-12, ഈശോയുടെ പ്രവൃത്തികൾ ചെയ്യുന്നവരിലുള്ള സാന്നിദ്ധ്യം:** "എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും" (14:11) എന്നരുളിച്ചെയ്തുകൊണ്ട് ശിഷ്യരുടെ ഇടയിലുള്ള തന്റെ സാന്നിദ്ധ്യം ഈശോ വീണ്ടും ഉറപ്പിക്കുന്നു. ഈശോയുടെ സാന്നിദ്ധ്യമുള്ളതുകൊണ്ടാണ് അവിടുന്ന് ചെയ്യുന്ന പ്രവൃത്തികൾ ചെയ്യാൻ ശിഷ്യന്മാർക്ക് സാധിക്കുന്നത്. താൻ പിതാവിന്റെ പക്കലേയ്ക്കു പോകുന്നതുകൊണ്ട് ഇപ്പോൾ ചെയ്യുന്ന പ്രവൃത്തികളെക്കാൾ വലിയവയും ശിഷ്യന്മാർ ചെയ്യുമെന്ന് ഈശോ പറയുന്നുണ്ട് (14:12). ഈശോയുടെ പ്രവൃത്തികൾ ജീവന്റെ അടയാളങ്ങളാണ്. ദൈവികജീവൻ





നല്കുന്ന പ്രവൃത്തിയാണ് 'ഇവയെക്കാൾ വലിയ പ്രവൃത്തി' എന്ന് ഈശോ വിശേഷിപ്പിക്കുന്നത്. അവിടുത്തെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും രക്ഷാകരപദ്ധതി പൂർത്തിയാകുമ്പോൾ മാത്രമേ ഇത് നല്കാനാവൂ. ഈശോയിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവനിൽ പങ്കുചേരാനും മറ്റുള്ളവർക്ക് അത് പങ്കുവയ്ക്കാനും സാധിക്കും. അവരിലുള്ള ഈശോയുടെ സാന്നിദ്ധ്യമാണ് ഇത് സാദ്ധ്യമാക്കുന്നത്.

**14:13-14, ഈശോയുമായുള്ള ഐക്യത്തിലൂടെയുള്ള സാന്നിദ്ധ്യം:** തന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും ചെയ്തുതരുമെന്ന വാഗ്ദാനം ഈശോ നല്കുന്നുണ്ട്: "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും" (14:13). ക്രിസ്തീയ പ്രാർത്ഥനകളെല്ലാം ദൈവപിതാവിനോടാണ് സംബോധന ചെയ്യപ്പെടേണ്ടത്. "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു" (യോഹ 4:23). ക്രിസ്തീയജീവിതം ആത്മാവിലുള്ള ജീവിതമാണ്. അരൂപിയിൽ ജനിച്ച് അരൂപിയിൽ വളരുന്ന ജീവിതം (യോഹ 3:5). പരിശുദ്ധാത്മാവ് പുത്രസ്വീകാരത്തിന്റെ ആത്മാവാണ് (റോമ 8:15-16). അതുകൊണ്ട് പിതൃപുത്രബന്ധത്തിൽ ജീവിക്കുവാനും പ്രാർത്ഥിക്കുവാനും ആത്മാവ് നമ്മെ പ്രാപ്തരാക്കുന്നു. പുത്രനായ മിശിഹായുടെ പുത്രത്വത്തിൽ പങ്കുചേർന്ന് പുത്രസ്വീകാര്യത്തിന്റെ ആത്മാവിൽ ദൈവപിതാവുമായി പുത്രസഹജമായ ബന്ധം പുലർത്തിക്കൊണ്ട് ജീവിക്കുന്നതാണ് യഥാർത്ഥമായ ആരാധനാജീവിതം. ഇങ്ങനെയുള്ള ജീവിതത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന. ഇങ്ങനെ ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുന്നതിനെയാണ് ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഈശോയുടെ നാമത്തിൽ പ്രാർത്ഥിക്കുന്നതിന്റെ ഫലദായകത്വത്തെപ്പറ്റി ഇവിടെ പറയുന്നതിന് സമാന്തരമായ ഒരു പ്രസ്താവന വി. യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്: "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക, നിങ്ങൾക്കു ലഭിക്കും" (യോഹ 15:7). അതുകൊണ്ട് ഈശോയുമായുള്ള ഐക്യമാണ് നമ്മുടെ പ്രാർത്ഥനയെ ഫലദായകമാക്കുന്നത് എന്നു വ്യക്തമാണ്. ഈശോയുടെ പുത്രത്വത്തിൽ പങ്കുചേർന്നുകൊണ്ട്, ദൈവത്തിന്റെ യഥാർത്ഥപുത്രരായി ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോഴാണ് നാം ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുന്നതും നമ്മുടെ പ്രാർത്ഥന ഫലപ്രദമാകുന്നതും. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവു പുത്രനിൽ മഹത്ത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും" എന്നു പറയുന്നത് ഇതിനെ സൂചിപ്പിക്കുന്നതാണ്.

**14:15-17, സഹായകനായ പരിശുദ്ധാത്മാവ്:** "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേയ്ക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും" (14:16). 'സഹായകൻ' എന്നതിന്റെ ഗ്രീക്കുപദം 'പാരക്ലേത്തോസ്' എന്നതും സുറിയാനിപദം 'പാറക്ക്ലെത്താ' എന്നതുമാണ്. ഈശോ തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർക്കു നല്കാനിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറി

ച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ഇത് തന്നോടുകൂടെ ആയിരുന്നവരും പരിശുദ്ധാത്മാവിന്റെ പ്രവർത്തനംകണ്ട് വിശ്വസിച്ചിരുന്നവരുമായ ശിഷ്യ ന്മാർക്കുമാത്രം നല്കപ്പെടുന്ന ഒരു പരിശുദ്ധാത്മ പ്രവർത്തനസാന്നിദ്ധ്യ മാണ്. "ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കു കയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യു ന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങ ളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും" (14:17). 'ലോകം' എന്നു പറയുന്നത് ഈശോയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തിരിച്ചറിയാനും തൽഫലമായി ഈശോയിൽ വിശ്വസി ക്കാനും കഴിയാതെപോയ ലോകമാണ്. അതുകൊണ്ട് ലോകത്തിൽ പൊതുവെയുള്ള അരൂപിയുടെ പ്രവർത്തനത്തെക്കുറിച്ചല്ല, മറിച്ച്, വിശ്വാ സികളുടെ സമൂഹമായ സഭയിലുള്ള അരൂപിയുടെ പ്രവർത്തനസാ ന്നിദ്ധ്യത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്. 'സഹായകൻ' എന്നും 'സത്യാത്മാവ്' എന്നും വിശേഷിപ്പിക്കപ്പെടുന്നതുകൊണ്ട് ഇവിടെ സഭ യിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് സൂചി പ്പിക്കുന്നത്. സഭയിലുള്ള അരൂപിയുടെ ഈ പ്രവർത്തന സാന്നിദ്ധ്യം നിത്യമായ ഒന്നാണ്: 'എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ' (14:16). മാത്രമല്ല, അത് ഓരോരുത്തരിലും ആന്തരികമായി വസിക്കുന്ന ഒരു സാന്നിദ്ധ്യവുമാണ്: 'നിങ്ങളിൽ ആയിരിക്കുകയും ചെയ്യും' (14:17). വിശ്വാ സികളുടെ സമൂഹമായ സഭയെ സത്യവിശ്വാസത്തിൽനിന്നും വ്യതിച ലിക്കാതെ ലോകാവസാനംവരെ കാത്തുസൂക്ഷിക്കുന്ന ഒരു പ്രവർത്തന മാണ് സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവിന്റേത്.

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും" (14:15). സ്നേഹമാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കാനുള്ള വ്യവസ്ഥ. സ്നേഹം പ്രായോഗികമാകുന്നത് സ്നേഹിക്കുന്ന വ്യക്തിയുടെ കല്പന പാലിക്കുമ്പോഴാണ്. അങ്ങനെ സ്നേഹിക്കുന്നവർക്കാണ് പരിശുദ്ധാ ത്മാവ് വാഗ്ദാനം ചെയ്യപ്പെടുന്നത്. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്; സത്യം വചനമായ ഈശോയും! സത്യമാകുന്ന ഈശോ യുടെ ആത്മാവാണിത്. ഈശോയിൽ വിശ്വസിക്കുന്നവരെ തങ്ങളുടെ വിശ്വാസജീവിതത്തിൽ സഹായിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നി ദ്ധ്യവും പ്രവർത്തനവുമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈ പരി ശുദ്ധാത്മാവിലുള്ള ജീവിതമാണ് ക്രിസ്തീയ ജീവിതം അഥവാ ആദ്ധ്യാ ത്മിക ജീവിതം. വചനത്തെ സ്വാംശീകരിക്കുവാൻ നമ്മെ സഹായിക്കു ന്നത് പരിശുദ്ധാത്മാവാണ്. വചനം സ്വീകരിച്ച് പ്രത്യുത്തരിക്കുന്നതാ ണല്ലോ വിശ്വാസം. ആത്മാവിലുള്ള ഈശോയുടെ സാന്നിദ്ധ്യമാണ് പന്ത ക്കുസ്തായിലുണ്ടായത്. യഥാർത്ഥത്തിൽ ഈശോ തിരിച്ചുവന്ന അനുഭ വമാണ് പന്തക്കുസ്താനുഭവം.

'സഹായകൻ' (14:15), 'മദ്ധ്യസ്ഥൻ' (1 യോഹ 2:1) എന്നിവയ്ക്ക് 'പാര ക്ലേത്തോസ്' എന്ന ഒരു പദംതന്നെയാണ് യോഹന്നാൻശ്ലീഹാ ഉപയോ ഗിക്കുന്നത്. അടുത്തേയ്ക്കു വിളിക്കപ്പെട്ടവൻ എന്നതാണിതിന്റെ അർത്ഥം (പാരാ=അടുത്തേയ്ക്ക്, ക്ലേത്തോസ്=വിളിക്കപ്പെട്ടവൻ). പരിശുദ്ധാത്മാ വിന് സഹായകൻ എന്ന സംജ്ഞ നല്കുന്നത് വി. യോഹന്നാൻ മാത്ര





മാണ്. വിശ്വാസജീവിതത്തിന് സഹായിക്കുക എന്നതാണ് സഹായക നായ പരിശുദ്ധാത്മാവിന്റെ ദൗത്യം. പരിശുദ്ധാത്മദാനം എല്ലാവർക്കുമായി നല്കപ്പെടുന്നതല്ല. ഈശോയിൽ വിശ്വസിക്കുന്നവർക്കു മാത്രമാണ് ആത്മാവ് നല്കപ്പെടുന്നത്. വിശ്വാസികളുടെ സമൂഹമായ സഭയ്ക്കു നല്കപ്പെട്ട ദാനമാണ് പരിശുദ്ധാത്മാവ്. ആത്മാവ് ഇന്ന് പ്രവർത്തിക്കു ന്നത് സഭയിലും സഭയിലൂടെയുമാണ്.

ഈശോയിൽ വിശ്വസിച്ച ശിഷ്യന്മാർക്കാണ് സഹായകനായ പരിശു ദ്ധാത്മാവ് നല്കപ്പെടുന്നത്. കാരണം അവരാണ് ഈശോയിൽ പ്രവർത്ത നനിരതനായ പരിശുദ്ധാത്മാവിനെ കണ്ടത്. പരിശുദ്ധാത്മാവ് ഈശോ യിലൂടെ അവർക്ക് സന്നിഹിതനായിരുന്നു (പാർ ഹ്യൂമിൻ - നിങ്ങളുടെ അരികെ-14:17). ഉത്ഥാനശേഷം പരിശുദ്ധാത്മാവ് നിത്യം ശിഷ്യസമൂഹ മായ സഭയോടൊത്തായിരിക്കും (മെത്ത് ഹ്യൂമിൻ - നിങ്ങളോ ടൊത്ത്-14:16). അവരിൽ ആന്തരികസാന്നിദ്ധ്യത്തിലൂടെ സഹവസിക്കു കയും ചെയ്യും (എൻ ഹ്യൂമിൻ - നിങ്ങളിൽ ആയിരിക്കും-14:17).

**14:18-21, ഈശോയുമായുള്ള സഹവാസം:** "ഞാൻ നിങ്ങളെ അനാ ഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേയ്ക്കു വരും" (14:18) എന്ന വാക്കുകളിലൂടെ ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്ന ഈശോയെയാണ് പിന്നീട് കാണുക. ജീവിക്കുന്നവനായ ഈശോയെ ലോകം കാണുക യില്ല എന്ന് എടുത്തു പറയുന്നുണ്ട്. "അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും ജീവിക്കും" (14:19). വിശ്വസി ക്കാത്ത മനുഷ്യർക്ക് ഉത്ഥിതനായ മിശിഹായുടെ അരൂപിക്കടുത്ത സാന്നിദ്ധ്യം അനുഭവിക്കാൻ സാധിക്കുകയില്ല. മരണത്തോടുകൂടെ ഈശോയുടെ ശാരീരിക സാന്നിദ്ധ്യം ലോകത്തിൽ ഇല്ലാതാകുന്നു. ഉത്ഥാ നാനന്തരമുള്ള അരൂപിക്കടുത്ത സാന്നിദ്ധ്യം വിശ്വാസത്തിലൂടെ ശിഷ്യർക്ക് അനുഭവിക്കുവാൻ കഴിയും. "ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും ജീവിക്കും" എന്ന ഈശോയുടെ വാക്കുകൾ ക്രൈസ്തവജീ വിതത്തിൽ അക്ഷരാർത്ഥത്തിൽ അന്വർത്ഥമാകുന്ന ഒന്നാണ്. ഈശോ യുമായുള്ള പരസ്പരസഹവാസമാണ് ക്രൈസ്തവജീവിതത്തിന്റെ ആത്മാവ്.

"എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവ നാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും" (14:21). പിതാവിനോടും പുത്ര നോടും പരിശുദ്ധാത്മാവിനോടുമുള്ള നമ്മുടെ സഹവാസത്തിന്റെ വ്യവ സ്ഥയെന്നോണം ആവർത്തിച്ചുപറയുന്നത് 'ഈശോയെ സ്നേഹിക്കുക' എന്നാണ് (14:5, 21,23). ഇതിൽ നിന്നും ദൈവത്തിന്റെ സ്നേഹം വ്യവ സ്ഥയുള്ളതാണ് എന്ന തെറ്റായ നിഗമനമുണ്ടാകാം. എന്നാൽ ദൈവ ത്തിന്റെ സ്നേഹം വ്യവസ്ഥയുള്ളതല്ല. വ്യവസ്ഥയില്ലാതെയാണ് ദൈവം മനുഷ്യനെ സ്നേഹിക്കുന്നത്. ദൈവത്തിന്റെ ഭാഗത്ത്, സ്നേഹിക്കുന്ന തിന് ഒരു വ്യവസ്ഥയും വച്ചിട്ടില്ല. ഓരോ മനുഷ്യനെയും അവന്റെ പരി തോവസ്ഥകളെ പരിഗണിക്കാതെ, എപ്പോഴും സ്നേഹിക്കുന്നവനാണ്

ദൈവം. എന്നാൽ മനുഷ്യന് ദൈവത്തിന്റെ സ്നേഹം ഒരു യാഥാർത്ഥ്യമായി അനുഭവപ്പെടണമെങ്കിൽ, അവൻ ദൈവത്തെ സ്നേഹിക്കുന്നവനാകണം. സത്യദൈവത്തെ സ്നേഹിക്കാൻ ഒരു മാർഗ്ഗമേയുള്ളു: ഈശോയെ സ്നേഹിക്കുക. കാരണം, ഈശോ മാത്രമാണ് സത്യദൈവത്തെ വെളിപ്പെടുത്തുന്നവൻ (യോഹ 1:18).

**14:22-24, ത്രിത്വസഹവാസം:** ഈശോയുടെ വചനം പാലിക്കുന്നവരുടെ ഹൃദയം ത്രിയേകദൈവത്തിന്റെ വാസസ്ഥലമായി തീരുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും, അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുയും ചെയ്യും" (14:23). വിശ്വാസിയിൽ യാഥാർത്ഥ്യമാകുന്ന സ്വർഗ്ഗീയാനുഭവമാണ്, ത്രിത്വാത്മകരഹസ്യമാണ് ഈ വചനം ഉൾക്കൊള്ളുന്നത്. ദൈവത്തിന് ഏറ്റം ഇഷ്ടമുള്ള വാസസ്ഥലം മനുഷ്യഹൃദയമാണ്. വെളിപാടുപുസ്തകത്തിൽ, ലവോദീക്യായിലെ സഭയ്ക്ക് എഴുതുന്ന കത്തിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരംകേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളിപാട് 3:20). ദൈവവുമായുള്ള ഹൃദയൈക്യത്തിൽ ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ വാസസ്ഥലം. ഇത് സ്വർഗ്ഗീയാനുഭവമാണ്. മനുഷ്യഹൃദയം അഥവാ മനുഷ്യജീവിതം ദൈവഭവനമായി മാറുമ്പോൾ അവിടെ സ്വർഗ്ഗം യാഥാർത്ഥ്യമാകുന്നു.

സ്നേഹിക്കാത്തവനോടുകൂടി വചനം വസിക്കുന്നില്ല (14:24). ദൈവസ്നേഹത്തിന് രണ്ടു മാനങ്ങളുണ്ട്-മനുഷ്യാവതാരത്തിലൂടെ പ്രകടമാക്കിയ ലോകത്തോടുള്ള സ്നേഹവും കൂടെയായിരുന്നുകൊണ്ട് പ്രകടമാക്കുന്ന ശിഷ്യരോടുള്ള സ്നേഹവും. കല്പന പാലിക്കുക എന്നതുകൊണ്ട് വചനം പാലിക്കുക എന്നതുതന്നെയാണ് അർത്ഥമാക്കുന്നത്. കല്പന നൈയാമികമാനത്തെ (അനുസരണത്തെ) സൂചിപ്പിക്കുമ്പോൾ വചനം ആന്തരിക നിർബന്ധത്തെയാണ് അർത്ഥമാക്കുക. 'പാലിക്കുക' എന്നതിന് രണ്ടു ഗ്രീക്കുപദങ്ങളുണ്ട് 'തേരെയിൻ' (ഉള്ളിൽനിന്നുള്ള നിർബന്ധം), 'ഫൂലാസെയിൻ' (ചങ്ങലയിടുക-ബാഹ്യമായ സമ്മർദ്ദം). ഇവിടെ ഉപയോഗിച്ചിരിക്കുന്നത് തേരെയിൻ എന്ന വാക്കാണ്. അതുകൊണ്ട് ഇവിടെ പറയുന്ന കല്പനാനുസരണം സ്നേഹത്തിന്റെ അനുസരണമാണ്.

**14:25-26പ്രബോധകനായപരി ശുദ്ധാത്മാവ്:** "എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (14:26). സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രധാനപ്പെട്ട പ്രവർത്തനം 'പഠിപ്പിക്കുക' എന്നതാണ്. 'പഠിപ്പിക്കുക' 'അനുസ്മരിപ്പിക്കുക' എന്ന രണ്ടു വാക്കുകളിലൂടെയാണ് പരിശുദ്ധാത്മാവിന്റെ പ്രബോധനപ്രക്രിയ ഇവിടെ അവതരിപ്പിക്കുക. പരസ്യവെളിപാട് ദൈവപുത്രനായ ഈശോയിൽ പൂർണ്ണതയിൽ എത്തിയെങ്കിലും, ലോകാവസാനംവരെ നിലനിൽക്കേണ്ട സഭാജീവിതത്തിൽ കാലാനുസൃതമായ രീതിയിൽ ദൈവത്തിന്റെ ഈ വെളിപാട് അഥവാ ദൈവവചനം വ്യാഖ്യാനിക്കുവാനും മനസ്സിലാക്കുവാനും പരിശുദ്ധാത്മാവിന്റെ പ്രബോധനം ആവശ്യമാണ്. അതുപോലെതന്നെ, ഈശോയുടെ പ്രബോധനത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ അന്ന് ശ്ലീഹന്മാർക്കു കഴിഞ്ഞിരുന്നില്ല. അതിന് പരിശുദ്ധാത്മാവ് അവരേയും അവരുടെ പിൻതലമുറക്കാരായ സഭാംഗങ്ങളേയും സഹായിക്കും. മിശിഹായുടെ ഉത്ഥാനത്തിനുശേഷമുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തെയാണ് 'അനുസ്മരിപ്പിക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുക. ഉത്ഥാനാനന്തരമുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രബോധനപ്രക്രിയയെയാണ് ഇവിടെ ഈശോ വിവരിക്കുന്നത്.





**14:27, ഈശോ സമാധാനം നല്കുന്നവൻ:** ഈശോ ലോകത്തിനു നല്കിയ സമ്മാനമാണ് സമാധാനം. അസ്വസ്ഥതയില്ലാത്ത അവസ്ഥയെന്നതിനെക്കാൾ രക്ഷാകരമായ അനുഭവമാണ് ഈശോ നല്കുന്ന സമാധാനം. പാപത്തിന്റെ ഫലമായി മനുഷ്യനു നഷ്ടപ്പെട്ട സമാധാനം പുനഃസ്ഥാപിച്ചു നല്കുവാനാണ് അവിടുന്ന് ലോകത്തിലേക്കു വന്നത്. ഈശോയുടെ ജനനവേളയിൽ, "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!" (ലൂക്കാ 2:14) എന്നാണ് സ്വർഗ്ഗീയ സൈന്യവ്യൂഹം പാടിയത്. ലോകത്തോടു വിട പറയുമ്പോഴും അവിടുത്തേയ്ക്ക് നല്കാനുള്ളത് സമാധാനംതന്നെ. മരണം ആസന്നമായിരിക്കുന്നുവെന്നറിഞ്ഞ് അവിടുന്ന് അരുളിച്ചെയ്യുന്നു: "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു" (14:17). ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നതും "നിങ്ങൾക്ക് സമാധാനം" (യോഹ 20:20-21) എന്നാശംസിച്ചുകൊണ്ടാണ്. ഈ സമാധാനം മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിന്റെ ആത്യന്തികഫലമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനം സാദ്ധ്യമാക്കിത്തീർത്ത മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിലൂടെയാണ് ഈ സമാധാനം മനുഷ്യർക്ക് കൈവന്നത്. പാപമോചനമാണ് അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും അടിസ്ഥാനം. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണല്ലോ ഈശോമിശിഹാ (യോഹ 1:29). അതുകൊണ്ട് തന്റെ വിടവാങ്ങൽ നിമിഷങ്ങളിൽ, തന്റെ ശിഷ്യർക്കു നൽകുവാൻ തനിക്കുള്ളത് 'സമാധാന' മാകുന്ന സമ്മാനമാണ് എന്ന് ഇവിടെ ഈശോ വ്യക്തമാക്കുന്നു. ഉത്ഥിതനായ ഈശോ തന്നെയാണ് സമാധാനം! പൗലോസ് ശ്ലീഹായുടെ വീക്ഷണത്തിലും ഈശോ നമ്മുടെ സമാധാനമാണ് (എഫേ 2:14). സമാധാനം കർത്താവിനോടുള്ള ഐക്യത്തിലാണ് യാഥാർത്ഥ്യമാകുന്നത്. പരസ്പരസഹവാസമാണ് സമാധാനത്തിന്റെ ഉറവിടം.

**14:28-29, ദൈവഹിതനിർവ്വഹണത്തിൽ സന്തോഷിക്കുക:** തന്റെ വേർപാടിൽ ദുഃഖിതരും അസ്വസ്ഥരുമായ ശിഷ്യരോടാണ് ഈശോ ഈ വാക്കുകൾ അരുളിച്ചെയ്തത്. ഈശോയോടുള്ള അവരുടെ മാനുഷികമായ അടുപ്പവും സ്നേഹവുമാണ് വേർപാടിന്റെ വേദന അവരിൽ ഉളവാക്കിയത്. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട" എന്ന് അവിടുന്ന് ആവർത്തിച്ചു പറയുന്നു (യോഹ 14:1,27). മാനുഷികമായ ഈ ദുഃഖവും അസ്വസ്ഥതയും മറികടന്ന് സന്തോഷിക്കുവാൻ അവർക്കു കഴിയണമെന്ന് ഈശോ അവരെ ഓർമ്മിപ്പിക്കുകയാണ്. ഈശോയുടെ വേർപാടിലൂടെ

ദൈവത്തിന്റെ രക്ഷാകരഹിതം പൂർത്തിയാകുന്നു എന്നതാണ് ഈ സന്തോഷത്തിനടിസ്ഥാനം. ഈശോയുടെ സഹനവും പീഡാനുഭവവും മരണവുമെല്ലാം മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണ് എന്ന് അവർ മനസ്സിലാക്കണം. അത് ആത്യന്തികമായി മഹത്ത്വത്തിന് കാരണമാകും എന്ന വസ്തുതയും ഈശോ സൂചിപ്പിക്കുന്നുണ്ട്: "ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടല്ലോ" (14:28). അതുകൊണ്ട് ഈശോയുടെ വേർപാട് മാനുഷികമായി ദുഃഖമുളവാക്കുന്നതാണെങ്കിലും, ആത്യന്തികമായി സന്തോഷം ഉളവാക്കുന്നതാവണം. മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായി ഇതിനെ കണ്ടുകൊണ്ട് അവർക്കു സന്തോഷിക്കുവാൻ കഴിയണം.

**14:30, തിന്മയുടെ ശക്തി യുടെമേലുള്ള വിജയം:** ഈശോ തന്റെ മരണത്തെക്കുറിച്ച് വ്യക്തമായി പറയുകയാണ്. അവിടുത്തെ മരണം ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണെങ്കിലും അത് തിന്മയുടെ ശക്തിയുടെ താൽക്കാലിക വിജയമാണ്. ഈശോയുടെ പീഡാനുഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച യൂദാസിന്റെ ഒറ്റിക്കൊടുക്കൽ, യഹൂദപ്രമാണികളാലുള്ള ബന്ധിക്കപ്പെടൽ, യഹൂദപുരോഹിതരുടെ കള്ളസാക്ഷ്യം, പീലാത്തോസിന്റെ വിധിപ്രസ്താവന, പടയാളികളാലുള്ള ക്രൂശിക്കപ്പെടൽ തുടങ്ങിയവയെല്ലാം തിന്മയുടെ ശക്തിയുടെ പ്രവർത്തനങ്ങളാണ്. 'ഈ ലോകത്തിന്റെ അധികാരി' എന്നിവിടെ വിശേഷിപ്പിക്കപ്പെടുന്നത് തിന്മയുടെ ശക്തി തന്നെയാണ്. ഒരുവിധത്തിൽ പറഞ്ഞാൽ, ഈശോയുടെ പീഡാനുഭവം ഈ ലോകത്തിന്റെ അധികാരിയുടെ ആധിപത്യത്തിന്റെ പ്രകാശനമാണ്. എന്നാൽ ഈശോയുടെ ഉത്ഥാനം ഈ ലോകത്തിന്റെ അധികാരിക്ക് അവിടുത്തെമേൽ യഥാർത്ഥ അധികാരമില്ല എന്നതിനു തെളിവാണ്. പാപത്തെയും മരണത്തെയും അവയുടെ പിന്നിൽ പ്രവർത്തിച്ച തിന്മയുടെ ശക്തിയെയും അതിജീവിച്ചവനാണ് ഈശോ.

**14:31, സ്നേഹത്തോടെ യുള്ള അനുസരണം:** ഈശോയുടെ മരണം ഒരു വെളിപ്പെടുത്തലായിരുന്നു. പിതാവിനോടുള്ള അവിടുത്തെ സ്നേഹത്തിന്റെയും, സ്നേഹത്തിൽനിന്നും ഉരുത്തിരിയുന്ന അനുസരണയുടെയും വെളിപ്പെടുത്തൽ. ഈ വെളിപ്പെടുത്തലാണ് ലോകത്തിന്റെ രക്ഷയ്ക്ക് നിദാനമായത്. പാപത്തിന്റെ പിടിയിലമർന്നിരുന്ന മനുഷ്യകുലത്തിന് രക്ഷയുടെ മാർഗ്ഗം തെളിച്ചത് ഈ വെളിപ്പെടുത്തലാണ്. മനുഷ്യരക്ഷയ്ക്കായി മിശിഹാ അർപ്പിച്ച ബലി, ദൈവത്തിനു സ്വീകാര്യമായ ബലി, ദൈവസ്നേഹത്തിൽനിന്നും ഉരുത്തിരിഞ്ഞ അവിടുത്തെ അനുസരണാജീവിതമായിരുന്നല്ലോ.

"എഴുന്നേല്ക്കുവിൻ, നമുക്ക് ഇവിടെ നിന്നു പോകാം" (14:31) എന്ന ഈശോയുടെ വാക്കുകളോടെയാണ് ഈ അദ്ധ്യായം അവസാനിക്കുന്നത്. ഈശോയുടെ അന്ത്യപ്രഭാഷണം ഇവിടെ അവസാനിക്കുകയാണെന്നുള്ളതാണ് പണ്ഡിതമതം. 15 ഉം 16 ഉം അദ്ധ്യായങ്ങൾ 14-ാം അദ്ധ്യായത്തിന്റെ വികസിത രൂപമാണെന്ന് അവർ അഭിപ്രായപ്പെടുന്നു. അതനുസരിച്ച്, ഈശോയുടെ സാന്നിദ്ധ്യം വാഗ്ദാനം ചെയ്യുന്ന 14-ാം അദ്ധ്യായത്തിന്റെ വിപുലീകരണമാണ് പിന്നീടുള്ള രണ്ട് അദ്ധ്യായങ്ങൾ.





**വിചിന്തനം: 14:2-3,** പിതാവിന്റെ ഭവനത്തിൽ വാസസ്ഥലങ്ങൾ ഒരുക്കുന്നതിനും വീണ്ടും വന്ന് അവരെ അവിടേയ്ക്ക് കൂട്ടിക്കൊണ്ടുപോകാനുമാണ് താൻ പോകുന്നതെന്ന് ഈശോ ശിഷ്യരെ അറിയിക്കുന്നു. ഇത് സ്വർഗ്ഗത്തെക്കുറിച്ചുള്ള ഒരു പരാമർശമാണ്. ദൈവം വസിക്കുന്ന സ്ഥലമാണ് സ്വർഗ്ഗം. ദൈവത്തിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയും അവിടുത്തെ വാസസ്ഥലമാണ്. അതായത്, ദൈവത്തിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയിലും സ്വർഗ്ഗത്തിന്റെ അനുഭവം യാഥാർത്ഥ്യമാകുന്നു. സ്വർഗ്ഗരാജ്യം ഭൂമിയിൽത്തന്നെ ആരംഭിച്ചുകഴിഞ്ഞ ഒരു യാഥാർത്ഥ്യമാണ് എന്ന് ഇത് സൂചിപ്പിക്കുന്നു. ത്രിത്വസഹവാസമാണ് ഇതിന്റെ അന്തസ്സത്ത (14:23). ഭൂമിയിലാരംഭിച്ച സ്വർഗ്ഗരാജ്യത്തിന്റെ പൂർണ്ണത ഈലോകജീവിതത്തിനുശേഷമാണ് അനുഭവവേദ്യമാകുന്നത്. അതായത്, സ്വർഗ്ഗരാജ്യമെന്ന യാഥാർത്ഥ്യത്തെ പൂർണ്ണതയിൽ ആസ്വദിക്കാൻ കഴിയുന്നത് മരണത്തിനുശേഷം മാത്രമാണ്.

**14:4-10:** ഈശോ പിതാവിലേക്കുള്ള വഴിയാണ് 1:6). പലരും വഴിയാകുന്ന ഈശോയിൽ തങ്ങിനില്ക്കുകയാണ്. ഈശോയോടുള്ള ഭക്തിപരമായ ബന്ധത്തിൽ ഒതുങ്ങിനില്ക്കുന്ന ക്രൈസ്തവ ജീവിതമാണ് പലരും നയിക്കുന്നത്. ഈശോ വന്നതിന്റെ ലക്ഷ്യം പിതാവിനെ ലോകത്തിനു വെളിപ്പെടുത്തുവാനും പിതാവുമായി മനുഷ്യകുലത്തെ ബന്ധിപ്പിക്കുവാനുമാണ്. വിശുദ്ധ കുർബാനയിലെ നാലാം ഗ്ഹാന്താ പ്രാർത്ഥന ഈ വസ്തുത അനുസ്മരിപ്പിക്കുന്നുണ്ട്: "അങ്ങു മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ." ഈശോയും ഈശോ ആർക്ക് വെളിപ്പെടുത്തുന്നുവോ അവരും അല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല എന്ന് ഈശോ തന്റെ ഒരു പ്രാർത്ഥനയിൽ വ്യക്തമാക്കുന്നുണ്ട് (മത്താ 11:27). തന്നിലൂടെ പിതാവ് മനുഷ്യർക്ക് വെളിപ്പെടുത്തപ്പെട്ടു എന്നതാണ് ഈശോയുടെ സുവിശേഷത്തിന്റെ അന്തസ്സത്തയെന്ന് ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട് (ലൂക്കാ 10:21-24). ഈശോയെ കാണുന്നവൻ പിതാവിനെ കാണുന്നവനായി മാറണം. വഴിയായ ഈശോയിൽ തങ്ങിനില്ക്കാതെ, 'പരിശുദ്ധാത്മാവിൽ പുത്രനിലൂടെ പിതാവിങ്കലേക്ക്' എന്ന ലക്ഷ്യം മുൻനിർത്തി യാത്ര ചെയ്യേണ്ടവരാണ് സഭാംഗങ്ങൾ ഓരോരുത്തരും.

**14:13-14:** മാമ്മോദീസായിലൂടെ ഈശോയുടെ ദൈവപുത്രത്വത്തിൽ പങ്കുചേർന്ന് സ്വർഗ്ഗീയപിതാവിന്റെ മക്കൾക്കടുത്ത ഒരു കുടുംബമായിത്തീർന്ന സമൂഹമാണല്ലോ സഭ. അതുകൊണ്ട് ഈശോയുടെ നാമത്തിൽ അഥവാ ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുക എന്നു പറയുന്നത് പ്രായോഗികമായിത്തീരുന്നത് സഭയോടൊത്ത് നാം പ്രാർത്ഥിക്കുമ്പോഴാണ്. ഈശോയുടെ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടുള്ള പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നു. കൗദാശികജീവിതമാണ് ഈശോയുമായി നമ്മെ ഐക്യപ്പെടുത്തുന്നത്.

**14:15-17:** പിതാവിനോടും പുത്രനോടുമുള്ള നമ്മുടെ ഐക്യവും സഹവാസവും പ്രായോഗികമായി നമ്മിൽ യാഥാർത്ഥ്യമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. ഈശോയുടെ ജീവിതത്തിൽ പ്രവർത്തനനിരതനാ

യിരുന്ന ഈ പരിശുദ്ധാത്മാവ് ഓരോ ക്രൈസ്തവനിലും തങ്ങളുടെ വിശ്വാസജീവിതത്തിൽ സഹായകനായി കുടികൊള്ളുന്നു. വ്യക്തിപരമായി മാത്രമല്ല, സമൂഹപരമായും സഭയെ മുന്നോട്ടു നയിക്കുവാൻ സഭയിൽ ജീവിക്കുകയും ചെയ്യുന്നു. ലോകാവസാനംവരെ സഭയോടൊത്തുണ്ടായിരിക്കുകയും ചെയ്യും.

**14:18-21:** ഈശോയോടുള്ള സ്നേഹം വെറും വൈകാരികമായ ഒരു സ്നേഹമല്ല; പ്രായോഗികമായ അഥവാ പ്രവൃത്തികളിൽ പ്രാവർത്തികമാകുന്ന ഒരു സ്നേഹമാണ്. അതുകൊണ്ടാണ് 'എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്' എന്ന് ഈശോ പറയുന്നത്. യഥാർത്ഥസ്നേഹം മനസ്സിന്റെ ഐക്യമാണ്. ഈശോയുടെ കല്പനകൾക്കനുസൃതമായ ഒരു ജീവിതം നയിക്കുന്നതിലൂടെയാണ് ഈശോയുമായുള്ള സ്നേഹബന്ധം യാഥാർത്ഥ്യമാകുന്നത്. ഇങ്ങനെയൊരു സ്നേഹബന്ധം യാഥാർത്ഥ്യമാകുമ്പോൾ അത് ഈശോയേയും ഈശോയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തേയും കൂടുതൽ അറിയുവാനും അനുഭവിക്കുവാനും കാരണമായിത്തീരും: "ഞാനും അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും." ദൈവം തന്റെ സ്വയം വെളിപ്പെടുത്തൽ പരിമിതപ്പെടുത്തുന്നു എന്നല്ല ഇതിന്റെ അർത്ഥം. ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം നൽകുന്നവർക്കേ അവിടുത്തെ സ്വയം വെളിപ്പെടുത്തൽ അത് ആയിരിക്കുന്നതുപോലെ സ്വീകരിക്കാൻ കഴിയുകയുള്ളു.

**14:22-24:** ത്രിത്വസഹവാസം സഭയുടെ അന്തഃസത്തയാണ്. മാമ്മോദീസായിൽ നാം ത്രിത്വസഹവാസത്തിലേക്ക് - സ്വർഗ്ഗത്തിലേക്ക് - പ്രവേശിക്കുന്നു. സഭയുടെ ഏറ്റം ഉദാത്തമായ പ്രകാശനമാകുന്ന വി. കുർബാനയിൽ കാണുന്ന പൗളൈൻ ആശീർവാദം (2 കോറി 13:13), സഭ ത്രിത്വസഹവാസത്തിലേക്കു പ്രവേശിച്ചവരുടെ സമൂഹമാണ് എന്നതിന്റെ അടയാളമാണ്. സാർവ്വത്രിക സഭാകൂട്ടായ്മയിലുള്ള എല്ലാ സഭകളുടേയും ലിറ്റർജികളിൽ ഈ ആശീർവാദം കാണപ്പെടുന്നുണ്ട്. ഈ ത്രിത്വാത്മക കൂട്ടായ്മയ്ക്ക് തികച്ചും വ്യക്തിപരമായ ഒരു മാനമുണ്ട്. നമ്മുടെ ആന്തരിക ജീവിതത്തിന്റെ അന്തസ്സത്തയാണത്. നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തെ ദൈവത്തിന്റെ വാസസ്ഥലമാക്കി രൂപാന്തരപ്പെടുത്തുന്ന ഒരനുഭവമാണത്. സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണത്. ത്രിയേകദൈവവുമായുള്ള ഈ കൂട്ടായ്മയുടെ അന്ത്യാത്മകസ്ഥിതിവിശേഷമാണ് സ്വർഗ്ഗം. സഭയെ പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹമായി വളർത്തുന്ന സമൂഹപരമായ ഒരു മാനവും ഇതിനുണ്ട്. ത്രിത്വത്തിലെ മൂന്നാളുകളുടെ പരസ്പരദാനവും സമർപ്പണവും സഭാംഗങ്ങളുടെ പരസ്പരസ്നേഹത്തിലും സമർപ്പണത്തിലും പ്രകാശിതമാവണം.

**14:25-26:** സഭയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണവും വിശ്വാസപരിശീലനവുമാണ്. സഭയിലെ ശ്ലൈഹികശുശ്രൂഷയിൽ പ്രഥമസ്ഥാനം വചനശുശ്രൂഷയ്ക്കാണ്. ആദിമസഭയിൽ സഭയുടെ സാമൂഹ്യപ്രതിബദ്ധത ചർച്ചയ്ക്ക് വിഷയമായപ്പോൾ ശ്ലീഹന്മാരും വിശ്വാസികളുടെ സമൂഹവും ഒന്നിച്ചുകൂടി എടുത്ത തീരുമാനം ഇതുതന്നെയാണ്: "ഞങ്ങൾ





പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" (നട 6:4). ശരിയായ രീതിയിൽ സഭയിൽ പ്രബോധനശുശ്രൂഷ നിർവ്വഹിക്കണമെങ്കിൽ പ്രബോധകനായ പരിശുദ്ധാത്മാവിന് പ്രബോധകരും പ്രബോധിതരും ശിഷ്യപ്പെടണം. ദൈവവചനം പ്രാർത്ഥനാപൂർവ്വം പഠിക്കുകയും ധ്യാനിക്കുകയും ചെയ്ത് പരിശുദ്ധാത്മാവിന്റെ പ്രബോധനപ്രവർത്തനത്തോട് നിരന്തരമായി സഹകരിച്ചെങ്കിൽമാത്രമേ സഭയിൽ പ്രബോധനശുശ്രൂഷയും വിശ്വാസപരിശീലനവും വേണ്ടവിധം നിർവ്വഹിക്കാനാവൂ.

**14:27:** തന്റെ വേർപാടിന്റെ സന്ദർഭത്തിൽ ഈശോ ശിഷ്യർക്ക് സമാധാനം ആശംസിക്കുന്നു. സമാധാനം തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ ഈശോ നമുക്കു നേടിത്തന്ന ഏറ്റം വലിയ സമ്മാനമാണ്. ഈ സമാധാനമാണ് ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഓർമ്മയാചരിക്കുന്ന പരി. കുർബാനയാഘോഷത്തിൽ ആശംസിക്കപ്പെടുന്നതും നല്കപ്പെടുന്നതും. പരി. കുർബാനാനുഭവത്തിലൂടെ ഈശോയുമായുള്ള ഐക്യത്തിൽ ഈ സമാധാനാനുഭവം നമ്മിൽ നവീകരിക്കപ്പെടുകയും അതിൽ നാം വളരുകയും ചെയ്യുന്നു.

**14:28-29:** സഹനം മനുഷ്യജീവിതത്തിൽ സഹജമാണ്. ഇത് പലപ്പോഴും മനുഷ്യർക്ക് ദുഃഖത്തിനും അസ്വസ്ഥതയ്ക്കും കാരണമായിത്തീരുന്നു. എന്നാൽ അവയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാനും നേരിടുവാനും സാധിച്ചാൽ ആ ദുഃഖം സന്തോഷമായി മാറും, മാറണം എന്ന് ഈശോ ഇവിടെ സൂചിപ്പിക്കുകയാണ്. ക്രൈസ്തവർ, മനുഷ്യരെന്ന നിലയിൽ വിവിധസഹനങ്ങളിലൂടെ കടന്നുപോകുന്നവരും സഹനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മദ്ധ്യേ ജീവിക്കുന്നവരുമാണ്. സഹനത്തെപ്പറ്റിയുള്ള ശരിയായ വീക്ഷണം, വിശ്വാസത്തിൽനിന്നുളവാകുന്ന വീക്ഷണം, ക്രൈസ്തവർക്കുണ്ടാവണം. സഹനം ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കപ്പെടുതിന്റെ ഭാഗമാണെന്നും അത് ആത്യന്തികമായി നമ്മുടെ മഹത്ത്വത്തിന് കാരണമാകുമെന്നുമുള്ള വിശ്വാസം അതിനെ സന്തോഷത്തോടെ നേരിടുവാൻ നമ്മെ സഹായിക്കും. അതോടൊപ്പം സഹനത്തിലൂടെ കടന്നുപോകുന്നവരെ വിശ്വാസത്തിൽ ബലപ്പെടുത്തി സഹനങ്ങളെ സന്തോഷത്തോടെ നേരിടുവാൻ അവരെ സഹായിക്കുവാനും ക്രൈസ്തവർക്കു കടമയുണ്ട്.

**14:30-31:** ക്രൈസ്തവന്റെ ജീവിതത്തിലും ശുശ്രൂഷാതലങ്ങളിലും തിന്മയുടെ ശക്തികളുമായി ഏറ്റുമുട്ടലുകളുണ്ടാകാം. സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ തിന്മയുടെ ശക്തികൾക്കെതിരായുള്ള സമരം സഭാജീവിതത്തിന്റെതന്നെ ഒരു നിരന്തര പ്രതിഭാസമായിരുന്നു എന്നു കാണാം. എന്നാൽ ദൈവത്തിന്റെ സഭയ്ക്കെതിരായി നരകവാതിലുകൾ പ്രബലപ്പെടുകയില്ല എന്ന മിശിഹായുടെ പ്രഖ്യാപനം (മത്താ 16:18) ഇന്നും സഭയിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തങ്ങളുടെ ജീവിതത്തിൽ വ്യക്തിപരമായും അജപാലനപരമായും തിന്മയുടെ ശക്തികളുമായി ഏറ്റുമുട്ടലുകളുണ്ടാകുമ്പോൾ ധൈര്യപൂർവ്വം ചെറുത്തുനിൽക്കുവാനും വിജയം വരിക്കുവാനും ക്രൈസ്തവർക്കു കഴിയണം. ഇത് സാദ്ധ്യമാകണമെങ്കിൽ ഉത്ഥിതനായ മിശിഹായിലുള്ള സഭയുടെ

വിശ്വാസം എല്ലാവരും ആഴത്തിൽ ജീവിക്കണം. വി. യോഹന്നാന്റെ ഒന്നാം ലേഖനം ഇത് സൂചിപ്പിക്കുന്നുണ്ട്: "ലോകത്തിന്മേലുള്ള വിജയം ഇതാണ്, നമ്മുടെ വിശ്വാസം. ഈശോ ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ലോകത്തെ ജയിക്കുന്നത്" (5:4-5).

## യോഹന്നാൻ 15:1-27, മുന്തിരിച്ചെടിയും ശാഖകളും

മുന്തിരിച്ചെടിയുടെയും ശാഖകളുടെയും അന്യാപദേശത്തിലൂടെ ഒരു വ്യക്തിയ്ക്ക് മിശിഹായുമായും മിശിഹായിലൂടെ ദൈവവുമായും ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ച് ഈശോ പഠിപ്പിക്കുന്നു. 1 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ അന്യാപദേശത്തിന്റെ അവതരണവും 7 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ അതിന്റെ വിശദീകരണവുമാണ് കൊടുത്തിരിക്കുന്നത്.

## യോഹന്നാൻ 15:1-6, അന്യാപദേശം

പഴയനിയമത്തിൽ മുന്തിരിച്ചെടിയെയും മുന്തിരിത്തോട്ടങ്ങളെയും കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ദൈവമായ കർത്താവിന്റെ മുന്തിരിത്തോപ്പാണ് ഇസ്രായേൽ എന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഇസ്രായേലിനെ മുന്തിരിച്ചെടിയും മുന്തിരിത്തോട്ടവുമായും ദൈവത്തെ കൃഷിക്കാരനുമായി സങ്കീർത്തനങ്ങളിലും പ്രവാചകഗ്രന്ഥങ്ങളിലും അവതരിപ്പിക്കുന്നുണ്ട് (സങ്കീ 80:8-15; ഏശ 27:2-6; ജെറ 5:10; ഹോസി 10:1). ദൈവജനമായ ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹബന്ധത്തെ മുന്തിരിത്തോപ്പിനോടുള്ള ദൈവത്തിന്റെ സ്നേഹഗാനമായും (ഏശയ്യാ 5:1-7) മുന്തിരിത്തോപ്പിനെക്കുറിച്ചുള്ള ദൈവത്തിന്റെ വിലാപമായും (ജറെ 2:11) പഴയനിയമം ചിത്രീകരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഈശോയുമായും അതുവഴി ദൈവവുമായുമുള്ള ബന്ധത്തെ സൂചിപ്പിക്കാൻ മുന്തിരിച്ചെടിയുടെയും ശാഖകളുടെയും അന്യാപദേശം ഈശോ ഉപയോഗിക്കുന്നത്.

**ഈശോയുമായുള്ള സജീവബന്ധം:** "എ ന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്ന് നീക്കിക്കളയുന്നു. എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്ന് വെട്ടിയൊരുക്കുകയും ചെയ്യുന്നു" (15:2). ഈശോയിലുള്ള വിശ്വാസവും ഈശോയോടുള്ള പ്രതിബദ്ധതയും സജീവമായിരിക്കണം. അഥവാ ഫലം പുറപ്പെടുവിക്കുന്നതായിരിക്കണം. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ് (യാക്കോ 2:17). ജീവിതം ഇല്ലാത്ത വാക്കുകൾ പൊള്ളയാണ്. അതു വിശ്വാസമില്ലായ്മയ്ക്കു തുല്യമാണ്. വിശ്വാസമുണ്ടെങ്കിൽ അതിനനുസൃതമായ പ്രവൃത്തികളും ഉണ്ടാകണം. ഈശോമിശിഹായിലുള്ള വിശ്വാസവും അതിനനുസൃതമായ പ്രവൃത്തികളുമാണ് നമ്മെ മിശിഹായുടെ സജീവശാഖകളാക്കുന്നത്.





ഇവിടെ പ്രവൃത്തികൾ എന്നു പറയുന്നത് വചനാധിഷ്ഠിതമായ ജീവിതത്തിൽനിന്നുളവാകുന്ന പ്രവൃത്തികളാണ്. "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനങ്ങൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ... നിങ്ങൾ ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കും" (15:7-8). ദൈവത്തിന്റെ കല്പനകൾ പാലിക്കുന്ന ജീവിതമാണ് മുന്തിരിച്ചെടിയുടെ ഫലം പുറപ്പെടുവിക്കുന്ന ശാഖയായി വർത്തിക്കുന്നതിന്റെ അടയാളം.

ഈശോയോടുള്ള സജീവബന്ധത്തിന്റെ അടയാളമായി പ്രത്യേകം ഈ ഉപമയിൽ എടുത്തുപറയുന്നത് ഈശോയുടെ പുതിയ കല്പനാനുസരണമാണ്: "ഇതാണ് എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം'' (15:12). ''ഞാൻ നിങ്ങളോടു കല്പിക്കുന്നു, പരസ്പരം സ്നേഹിക്കുവിൻ" (15:17). മുന്തിരിച്ചെടിയാകുന്ന ഈശോയോട് സജീവബന്ധം പുലർത്തി ഒട്ടിനിൽക്കുന്ന ശാഖകളായി വർത്തിച്ചെങ്കിലേ ഈശോയുടെ സ്നേഹത്തിന്റെ കല്പന പാലിക്കുന്നവരായി വർത്തിക്കുവാൻ സാധിക്കുകയുള്ളു. ഈശോയെപ്പോലെ സ്നേഹിക്കണമെങ്കിൽ ഈശോയുടെ ജീവചൈതന്യം അഥവാ അരൂപി ശിഷ്യരെ ശക്തിപ്പെടുത്തണം. അല്ലെങ്കിൽ അവരിലുള്ള സ്വാർത്ഥപരവും മാനുഷികവുമായ പ്രവണതകളെ അതിജീവിച്ച് പരസ്പരം സ്നേഹിക്കുവാൻ അവർക്ക് സാധിക്കുകയില്ല. അങ്ങനെ ഈശോയുടെ ജീവചൈതന്യത്താൽ പരിപോഷിപ്പിക്കപ്പെട്ടും ശക്തിപ്രാപിച്ചും പരസ്പരം സ്നേഹിക്കുമ്പോൾ അരൂപിയുടെ ഫലങ്ങളാകുന്ന സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവ ശിഷ്യർക്ക് അനുഭവവേദ്യമാകും. അവർ മുന്തിരിച്ചെടിയാകുന്ന മിശിഹായുടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന സജീവശാഖകളായി വളരുകയും ചെയ്യും.

ഇങ്ങനെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന ശാഖകളായി വർത്തിക്കുമ്പോൾ കൃഷിക്കാരനായ പിതാവിന്റെ വെട്ടിയൊരുക്കൽ നടക്കും. വെട്ടിയൊരുക്കൽ ചെടിയുടെ വളർച്ചയ്ക്ക് ആവശ്യമാണ്. പക്ഷേ, വേദനയുളവാക്കുന്നതാണ്. ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിച്ചുകൊണ്ട് ജീവിക്കുമ്പോൾ, സ്നേഹത്തിനു വിഘാതമായി നിൽക്കുന്ന സ്വന്തമായ സുഖങ്ങളും സൗകര്യങ്ങളും താത്പര്യങ്ങളും ത്യജിക്കേണ്ടതായി വരും.

**വചനത്തിലൂടെയുള്ള വെട്ടിയൊരുക്കൽ:** "ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ 15:3). പിതാവായ ദൈവം ഈശോയുടെ വചനത്തിലൂടെയാണ് ശിഷ്യരെ വെട്ടിയൊരുക്കുന്നത്. വെട്ടിയൊരുക്കൽ വിശുദ്ധീകരണമാണ്. ശിഷ്യർ വചനത്താൽ വെട്ടിയൊരുക്കപ്പെടണം. "എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8:31-32). വചനം സ്വീകരിച്ച് നിരന്തരം ആ വചനത്തിൽ നിലനിൽക്കുന്നവർക്കു മാത്രമേ പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യം അനുഭവിച്ചറിയുവാൻ കഴിയുകയുള്ളൂ. "നമ്മൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല, അനശ്വരമായ ബീജത്തിൽ നിന്നാണ്. സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്ന്'' (1 പത്രോ 1:23) എന്ന്

പത്രോസ്ശ്ലീഹാ പഠിപ്പിക്കുന്നു. ദൈവവചനവും ദൈവഹിതവും ഒന്നു തന്നെയാണ്. ദൈവത്തിന്റെ ഹിതമാണല്ലോ തന്റെ വചനത്തിലൂടെ ദൈവം അറിയിക്കുക. അങ്ങനെ ദൈവഹിതം സ്വീകരിച്ചുകൊണ്ട് അനുദിനം ജീവിക്കുന്ന ജീവിതമാണ് വചനാധിഷ്ഠിതജീവിതം. അങ്ങനെ ജീവിക്കുന്നവരുടെ ജീവിതം വിശുദ്ധീകരിക്കപ്പെടും.

## യോഹന്നാൻ 15:7-17, അന്യാപദേശത്തിന്റെ വിശദീകരണം

മുന്തിരിച്ചെടിയുടെയും ശാഖകളുടെയും അന്യാപദേശത്തിലൂടെ താൻ പഠിപ്പിക്കാൻ ഉദ്ദേശിച്ച കാര്യങ്ങൾ പിന്നീടുള്ള വാക്യങ്ങളിൽ ഈശോ വ്യക്തമാക്കുന്നുണ്ട്. പ്രധാനമായും 4 കാര്യങ്ങളാണ് അവിടുന്ന് വിശദീകരിക്കുന്നത്. സമാനപ്രസ്താവനകൾ ഉൾക്കൊള്ളുന്ന ഏകകേന്ദ്രീകൃത (concentric)ഘടനയിലുള്ള രചനാശൈലിയാണ് സുവിശേഷകൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

**15:7-8,16-17, പരസ്പരസഹവാസം:** 'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖകൾക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല" (15:4) എന്ന വാക്കുകളിലൂടെ ദൈവത്തിൽ വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈശോ ഉദ്ബോധിപ്പിക്കുന്നു. ഈശോയുമായുള്ള വ്യക്തിബന്ധം പരസ്പരസഹവാസം ഉൾക്കൊള്ളുന്ന ഒരു ബന്ധമാണ്. ഈശോ അരൂപിയായതുകൊണ്ട് മനുഷ്യരിൽ കടന്നുവരാനും അവരിൽ വസിക്കാനും ഈശോയ്ക്ക് സാധിക്കും. അടച്ചിട്ടിരുന്ന വാതിലുകളിലൂടെ ശിഷ്യന്മാരുടെ മദ്ധ്യേ കടന്നുവന്ന ഈശോ ഇതാണ് പഠിപ്പിക്കുന്നത്. ഈശോ ഇന്ന് ജീവിക്കുന്നവനാണ്. പലപ്പോഴും പലരും ഈശോയെ ജീവിപ്പിക്കുന്നത് അവരുടെ ഓർമ്മയിലൂടെയും ചിന്തയിലൂടെയും ഭാവനയിലൂടെയും വിചാരവികാരങ്ങളിലൂടെയുമാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ച, നല്ല ആദർശങ്ങൾ ജീവിച്ചും പഠിപ്പിച്ചും അവസാനം മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും കടന്നുപോയ ഒരു ചരിത്രപുരുഷനായി മാത്രം ഈശോയെ കാണുന്നത് ശരിയല്ല. ഉത്ഥാനത്തിലൂടെ അവിടുന്ന് ജീവിക്കുന്ന ആത്മാവായി മാറി (1കോറി 15:45). അതുകൊണ്ട് ഈശോ ഇന്നും എന്നും ജീവിക്കുന്നവനാണ്. എപ്പോഴും എവിടെയും എല്ലാവരിലും ആയിരിക്കുന്നവനാണ്. ഈ യഥാർത്ഥ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധം ഓരോരുത്തരും വളർത്തിയെടുക്കണം.

**ഈശോയുമായുള്ള വ്യക്തിബന്ധം:** "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" (15:5). "ക്രിസ്തീയജീവിതം ഒരാദർശമോ തത്ത്വസംഹിതയോ അല്ല, ഒരു വ്യക്തിയാണ്" എന്നു പറയാറുണ്ട്. അത് ഈശോമിശിഹായാണ്. ആ വ്യക്തിയുമായുള്ള ബന്ധമാണ് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. ഇതാണ് മുന്തിരിച്ചെടിയുടെ ഉപമ ആദ്യമായി വ്യക്തമാക്കുന്നത്. ദൈവത്തിന്റെ സാക്ഷാൽ മുന്തിരിച്ചെടി ഈശോമിശിഹായാണ്. പഴയനിയമ ദൈവജനമാകുന്ന മുന്തിരിച്ചെടികൾ ദൈവം പ്രതീക്ഷിച്ചവിധം ഫലങ്ങൾ പുറപ്പെടുവിക്കാതെ കാട്ടുമുന്തിരിപ്പഴം പുറപ്പെടുവിച്ചു (ഏശയ്യാ 5:2). അതുകൊണ്ട് അവ തിരസ്കൃതമായി. ആ സ്ഥാനത്ത് ദൈവം പ്രതീക്ഷിക്കുന്നവിധം ഫലം പുറപ്പെടുവിക്കുന്ന യഥാർത്ഥ മുന്തിരിച്ചെടിയാകുന്ന ഈശോമിശിഹാ കടന്നുവന്നു. ഈശോയോടു ചേർന്നുനിൽക്കുന്ന ശാഖകളായിത്തീരുവാൻ പുതിയനിയമ ദൈവജനമാകുന്ന സഭാംഗങ്ങളോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

ഫലം പുറപ്പെടുവിക്കുക എന്നതുകൊണ്ട് കുറെ സൽപ്രവൃത്തികൾ ചെയ്യുക എന്നല്ല അർത്ഥമാക്കുന്നത്. ഫലം ജീവന്റെ പ്രകാശനമാണ്. ഒരു ചെടി പൂവണിഞ്ഞുകായ്ക്കുമ്പോൾ അത് ചെടിയുടെ ജീവന്റെ പ്രകാശനമാണ്. ഇതുപോലെ ഈശോയുമായി പങ്കിട്ടനുഭവിക്കുന്ന ജീവന്റെ പ്രകാശനമാകുന്ന ഫലങ്ങളാണ് ശിഷ്യർ പുറപ്പെടുവിക്കേണ്ടത്. ദൈവികജീവൻ ദൈവത്തിന്റെ അരൂപിയാണ്. "അരൂപിയാണ് ജീവൻ നല്കുന്നത്... നിങ്ങളോടു പറഞ്ഞ വാക്കുകൾ അരൂപിയും ജീവനുമാണ്" (6:63). അരൂപിയുടെ ഫലങ്ങൾ സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവയാണ് (ഗലാ 5:22-23). പിതാവിന്റെ സ്നേഹം ഈശോ ശിഷ്യരുമായി പങ്കുവയ്ക്കുന്നതുപോലെ അവരും ഈശോയുടെ സ്നേഹം പരസ്പരം പങ്കുവയ്ക്കണം. ഈ പരസ്പര സ്നേഹത്തിന്റെ ജീവിതമാണ് ഇവിടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. സ്നേഹത്തിനു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതം നയിച്ചുകൊണ്ട് സ്നേഹത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം. ഈശോ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുന്ന ഒരു ജീവിതം നയിക്കുന്ന ഒരു സമൂഹമാകണം സഭ.

ഈശോയുമായുള്ള വ്യക്തിബന്ധം അവശ്യം സഭാത്മകമാണെന്നും ഇതു വ്യക്തമാക്കുന്നു. ഈ ബന്ധം വ്യക്തിപരമാണ് (Personal), എന്നാൽ വ്യക്തിഗതമല്ല (Individualistic); സമൂഹപരമാണ് (Communitarian) അഥവാ സഭാത്മകമാണ് (Ecclesial). സഭയെ കണക്കിലെടുക്കാതെ ഈശോയുമായി വ്യക്തിബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുന്നതു തെറ്റാണ്. ഈശോ ഒന്നേയുള്ളു. അതുകൊണ്ട് ഈശോയോടുള്ള പ്രതിബദ്ധത ഒന്നേയുള്ളു. അതുകൊണ്ട് ഈശോയോടുള്ള പ്രതിബദ്ധത അവശ്യം ഈശോയിൽ ഒന്നായിരിക്കുന്ന സമൂഹത്തോട് അഥവാ സഭയോടുള്ള പ്രതിബദ്ധതയായിരിക്കണം.

ദൈവത്തിൽ വസിക്കുന്നവനിൽ ദൈവവും വസിക്കുന്നു. ഈ പരസ്പര സഹവാസത്തിന്റെ ഫലങ്ങൾ ഇങ്ങനെ ചുരുക്കി പ്രതിപാദിക്കാം:

പ്രാർത്ഥന കേൾക്കപ്പെടുമെന്ന ഉറപ്പ് (യോഹ 15:7,16). ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധവും സഹവാസവുമാണ് നമ്മുടെ പ്രാർത്ഥന കേൾക്കുമെന്നുള്ളതിന് ഉറപ്പ്. ഈ ആഴത്തിലുള്ള ബന്ധമാണ് പ്രാർത്ഥന ഫലപ്രാപ്തിയുള്ളതാണ് എന്നതിന് അടിസ്ഥാനം. ഈശോയ്ക്ക് പിതാവായ ദൈവവുമായുള്ള ഐക്യം ഇപ്രകാരമുള്ളതായിരുന്നു. "പിതാവിന്റെ

മടിയിലിരിക്കുന്ന ഏകജാതൻ" എന്നാണല്ലോ യോഹന്നാൻ ഈശോയെ വിശേഷിപ്പിക്കുക (1:18). പിതാവായ ദൈവവുമായി നിരന്തരം പിതൃപുത്രബന്ധത്തിൽ സഹവസിച്ചിരുന്ന പ്രാർത്ഥനാജീവിതമായിരുന്നു ഈശോയുടേത്. പ്രാർത്ഥന ആവശ്യബോധത്തിൽനിന്ന് എന്നുള്ളതിനേക്കാൾ ദൈവൈക്യത്തിൽ നിന്നും ഉയരുന്നതാവണം. ഈശോയുമായുള്ള സഹവാസത്തിലൂടെ പിതാവിന്റെ മുഖം ധ്യാനിക്കുന്നതിലേക്ക് ഒരുവനെ നയിക്കുന്ന ഒരു അനുഭവമായിട്ടാണ് പ്രാർത്ഥനയെ ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നിർവ്വചിക്കുന്നത് (NMI 32).

പ്രാർത്ഥന ആത്യന്തികമായി പ്രാർത്ഥിക്കുന്നവരെ ദൈവൈക്യത്തിൽ വളർത്തണം. ഈശോയുടെ പ്രബോധനങ്ങളിൽ ഇതു സൂചിപ്പിക്കുന്നുണ്ട്: "ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും" (മത്താ 7:7). ഇത് ഒരേ കാര്യം മൂന്നു വിധത്തിൽ പറയുകയല്ല. മൂന്നു കാര്യങ്ങൾ പ്രാർത്ഥനയിൽ സംഭവിക്കുന്നു. മനുഷ്യന്റെ ആവശ്യങ്ങൾ ദൈവത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നു. അവ ദൈവം സാധിച്ചുകൊടുക്കുന്നു. എന്നാൽ പ്രാർത്ഥന ഈയൊരുകാര്യത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. ദൈവത്തെ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന. മാത്രമല്ല, ദൈവവുമായിട്ടുള്ള സ്നേഹബന്ധത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന.

ഈശോയുമായുള്ള സഹവാസത്തിലൂടെ ദൈവത്തിൽ നിലനില്ക്കുന്നവൻ ധാരാളം ഫലം പുറപ്പെടുവിക്കുന്നതുവഴി പിതാവ് മഹത്ത്വപ്പെടുകയും അതോടൊപ്പം ശിഷ്യത്വത്തിലുള്ള വളർച്ചയുണ്ടാവുകയും ചെയ്യുന്നു. ശിഷ്യത്വത്തിലേക്കുള്ള വിളിയും തെരഞ്ഞെടുപ്പും പൂർണ്ണമായും ദൈവത്തിന്റെ ദാനമാണെന്ന വസ്തുതയും ഇവിടെ ഈശോ വ്യക്തമായി പഠിപ്പിക്കുന്നു.

**15:9,15, സ്നേഹത്തിൽ നിലനില്ക്കാനുള്ള ആഹ്വാനം:** "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (15:9) എന്ന് ഈശോ ആഹ്വാനം ചെയ്യുന്നു. പിതാവും ഈശോയും തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിലുള്ള പങ്കുചേരലാണ് ഈശോയുമായുള്ള ഒരുവന്റെ ഐക്യത്തിൽ സംഭവിക്കുന്നത്. ഈ സ്നേഹബന്ധത്തിന് മാതൃകയായി എടുത്തുകാണിക്കുന്നത് പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധമാണ്. ഈ ബന്ധം പൂർണ്ണമായി സ്വയം കൊടുക്കുന്ന ആത്മദാനത്തിന്റെ ബന്ധമാണ്. ഈ തരത്തിലുള്ള ഒരു ബന്ധത്തിൽ ആഴപ്പെടാൻ ശിഷ്യർക്കു കഴിയണം. ഈശോയ്ക്കുവേണ്ടി സ്വയം കൊടുക്കുന്ന ഒരു സ്നേഹബന്ധമാണ് ശിഷ്യർക്കു വേണ്ടത്. സ്വയം തേടുന്ന സ്നേഹത്തിൽനിന്ന് (ഈറോസ്) സ്വയം കൊടുക്കുന്ന സ്നേഹത്തിലേക്ക് (അഗാപ്പെ) ഈ ബന്ധം വളരണം. ഇവ രണ്ടും രണ്ടല്ല. പരസ്പരപൂരകങ്ങളാണ്. സംമ്പൂർണ്ണമായി ഈശോയ്ക്ക് സമർപ്പിക്കുന്ന ശിഷ്യത്വത്തിന്റെ ഒരു ജീവിതമാണ് അത് ഒരുവനിൽ കരുപ്പിടിപ്പിക്കുക. ഈശോയുടെ കല്പനകൾ പാലിച്ചുകൊണ്ടുള്ള ജീവിതമാണ് അത്. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ  കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും" (15:10). സ്നേഹം വെറും വൈകാരികതലത്തിൽ ഒതുങ്ങിനില്ക്കുന്ന ഒരു ബന്ധമല്ല, അനുദിനം ദൈവകല്പനകളോട് വിശ്വസ്തത പുലർത്തുവാൻ ഒരുവനെ പ്രേരിപ്പിക്കുന്ന ഒരു ജീവിതബന്ധമാണ്.





ഈ സ്നേഹബന്ധം ഒരു സുഹൃദ്ബന്ധമായി വളരണമെന്ന് ഈശോ ആഗ്രഹിക്കുന്നു. സുഹൃദ്ബന്ധം പരസ്പരം ഹൃദയരഹസ്യങ്ങൾ കൈമാറുന്ന ബന്ധമായിട്ടാണ് യോഹന്നാൻ ചിത്രീകരിക്കുക: "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; കാരണം, യജമാനൻ ചെയ്യുന്നത് എന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതർ എന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (15:15). കേവലം സൃഷ്ടിയായ മനുഷ്യനെ സുഹൃത്തായി കരുതുന്ന സ്രഷ്ടാവിനെയാണ് ഇവിടെ കാണാൻ കഴിയുന്നത്. സൗഹൃദം സഹവർത്തിത്വത്തെയും തുറവിയെയും സൂചിപ്പിക്കുന്നു. പരസ്പരം ജീവിതരഹസ്യങ്ങൾ കൈമാറുന്ന ഒരു സു ഹൃദ്ബന്ധമായി ഈശോയോടുള്ള സ്നേഹത്തെ ശിഷ്യർ വളർത്തിയെടുക്കണം. ഹൃദയരഹസ്യങ്ങളും സന്തോഷങ്ങളും സങ്കടങ്ങളും താത്പര്യങ്ങളും പ്ലാനുകളും എല്ലാം പങ്കുവയ്ക്കുന്ന ഒരു ജീവിതപങ്കാളിത്തമാണ് ഈശോ ശിഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത്. ശിഷ്യരുമായി പങ്കുവയ്ക്കാത്ത ഒരു രഹസ്യവും ഈശോയ്ക്കില്ലെങ്കിൽ ഈശോയുമായി പങ്കുവയ്ക്കാൻ വയ്യാത്ത ഒരു രഹസ്യവും ശിഷ്യർക്കും ഉണ്ടാകാൻ പാടില്ല. ഒരു നല്ല സ്നേഹിതനോട് എന്നപോലെ ഈശോയുമായി എല്ലാം പങ്കുവയ്ക്കുന്ന ഒരു ബന്ധത്തിൽ ആഴപ്പെടാൻ ശിഷ്യർക്ക് കഴിയണം. അങ്ങനെ ജീവിതത്തിൽ ഈശോയുമായി സ്നേഹവും സൗഹൃദവും വളരുമ്പോൾ പരസ്പരമുള്ള സ്നേഹത്തിലും സൗഹൃദത്തിലും വളർച്ചയുണ്ടാകും. ഇതു ജീവിതപങ്കാളിത്തമാണ്. ജീവിതപങ്കാളികൾ പരസ്പരം പ്രതിനിധീകരിക്കുന്നവരാണ്. ഈശോയുടെ സാന്നിദ്ധ്യവും സ്നേഹവും മറ്റുള്ളവർക്ക് കൊടുക്കുവാനും ഈശോയുടെ ദൗത്യം ലോകത്തിൽ നിർവ്വഹിക്കുവാനും ശിഷ്യർക്ക് കഴിയണം. ഈശോയുമായി സ്നേഹബന്ധം സ്ഥാപിച്ച വ്യക്തികൾ, അവരുടെ മിശിഹാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും അവരെ മിശിഹായുടെ പക്കലേക്ക് കൊണ്ടുവരുന്നതും സുവിശേഷങ്ങളിൽ വിവരിക്കുന്നുണ്ട്. ഈശോയുടെ ശിഷ്യത്വം സ്വീകരിച്ച ഫിലിപ്പ് തന്റെ കൂട്ടുകാരനായ നഥാനിയേലിനെ ഈശോയുടെ പക്കലേക്ക് കൂട്ടിക്കൊണ്ടുവന്നു (1:46–47). ഈശോയുടെ സ്വയം വെളിപ്പെടുത്തൽ ലഭിച്ച സമരിയാക്കാരി തന്റെ അനുഭവം പങ്കുവച്ച് തന്റെ പട്ടണവാസികളെ ഈശോയുടെ പക്കലേക്ക് ആനയിച്ചു. ഈശോയുമായി ജീവിതപങ്കാളിത്തം ലഭിക്കുവാൻ പ്രത്യേകം വിളിക്കപ്പെട്ടവർക്ക് ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാനും ഈശോയുടെ പക്കലേക്ക് മറ്റുള്ളവരെ ആനയിക്കുവാനും കഴിയണം.

**15:10,12–14, കല്പനകൾ പാലിക്കുക:** കല്പനകൾ പാലിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ഈശോ, പാലിക്കേണ്ട കല്പന ഏതാണെന്നും വ്യക്തമാക്കുന്നുണ്ട്: "ഇതാണ് എന്റെ കല്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (15:12). സ്നേഹി

ക്കുന്നവരുടെ ഹിതത്തോടും മനസ്സിനോടുമുള്ള ഐക്യമാണ് യഥാർത്ഥ ഐക്യം. ദൈവത്തിന്റെ ഹിതമായിരുന്നു ഈശോയുടെ ഹിതം. അതു തന്നെയായിരിക്കണം ശിഷ്യരുടെയും ഹിതം. മുന്തിരിച്ചെടിയോടു ചേർന്നു നില്ക്കുന്ന ശാഖകൾ ഫലം പുറപ്പെടുവിക്കുന്നു. പരസ്നേഹത്തിലൂടെ യാണ് ഇത് പ്രാവർത്തികമാക്കേണ്ടത്. സ്നേഹമായിരിക്കണം ക്രൈസ്ത വസമൂഹത്തിന്റെ മുഖമുദ്ര. മറ്റ് സമൂഹങ്ങളിൽനിന്നുള്ള വ്യതിരിക്തത പ്രകടമാക്കേണ്ടതും ഈ സ്നേഹത്തിലൂടെയാകണം.

സ്നേഹവും അനുസരണവും തമ്മിലുള്ള ബന്ധമാണ് ഇവിടെ എടു ത്തുകാണിക്കുന്നത്. പിതാവു തന്റെ പുത്രനെ തന്റെ സ്നേഹത്തിൽ സ്വന്തമാക്കുന്നു. പുത്രൻ സ്വതന്ത്രമായും സന്തോഷത്തോടുകൂടിയും പിതാവു തന്നിൽ നിന്നാവശ്യപ്പെടുന്നതെല്ലാം ചെയ്തുകൊണ്ട് പിതാവി നോടുള്ള സ്നേഹത്തിന്റെ പ്രതിബദ്ധത നിലനിർത്തുകയും ചെയ്യുന്നു. ഈശോയുടെ തന്നെ വാക്കുകൾ ഇത് വ്യക്തമാക്കുന്നു: “അവിടുന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല, കാരണം ഞാൻ എപ്പോഴും അവി ടുത്തേയ്ക്ക് ഇഷ്ടമുള്ളതുമാത്രം ചെയ്യുന്നു” (യോഹ 8:29). ഈ വസ്തുത എല്ലാവരും അറിയണമെന്ന് ഈശോ ആഗ്രഹിക്കുന്നു: “ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു കല്പിച്ചതു പോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം അറിയണം” (യോഹ 14:31). ഇതുപോലെ തന്റെ ശിഷ്യരും പ്രവർത്തിക്കണമെന്ന് ഈശോ ആവശ്യപ്പെടുകയാണ്.

**15:11, യഥാർത്ഥ സന്തോ ഷം:** ഈശോയുമായുള്ള ഒരുവന്റെ ഐക്യ ത്തിന്റെ ആത്യന്തികലക്ഷ്യം സന്തോഷമാണ്. ഏകകേന്ദ്രീകൃത ഘടനയിൽ രചിച്ചിരിക്കുന്ന ഈ ഭാഗത്തിന്റെ (15:7-17) കേന്ദ്രവാക്യം ഇതാ ണ്: “ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എ ന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്” (15:11). ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യം ഈശോയുടെ ഈ സന്തോഷം സ്വന്തമാക്കുക എന്നതാണ്. യഥാർത്ഥ ആദ്ധ്യാത്മികതയുടെ അടയാള മാണ് സന്തോഷം. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലൊന്നാണിത്.

വി. യോഹന്നാൻ തന്റെ ശ്ലൈഹികമായ മിശിഹാനുഭവവും സാക്ഷ്യവും വിവരിക്കുമ്പോൾ ഇതു പ്രത്യേകമായി എടുത്തു പറയു ന്നുണ്ട്. ശ്ലീഹന്മാരുടെ മിശിഹാനുഭവം അവർ പങ്കുവച്ചതിന്റെ ഫലമായി ആ അനുഭവത്തിൽ പങ്കുചേർന്ന ക്രിസ്തീയസമൂഹം ഒന്നുചേർന്ന് സഭാ കൂട്ടായ്മയ്ക്കു രൂപം കൊടുക്കുന്നു. ഈ സഭാകൂട്ടായ്മാനുഭവം ആത്യ ന്തികമായി ത്രിതൈ്വക ദൈവവുമായുള്ള കൂട്ടായ്മാനുഭവമാണെന്നും തൽഫലമായി അവർ ദിവ്യമായ ഒരു സന്തോഷത്തിൽ പങ്കാളികളാകു ന്നുവെന്നും ഇവിടെ ശ്ലീഹാ എടുത്തുപറയുന്നു: “ഞങ്ങൾ ഇത് എഴുതു ന്നത് നമ്മുടെ സന്തോഷം പൂർത്തിയാകാനാണ്” (1 യോഹ 1:4).

**വിചിന്തനം: 15:1-17,** സഭയുടെ അന്ത:സത്ത മിശിഹായിൽ നൽകപ്പെ ടുന്ന ദൈവികജീവനാണ്. മുന്തിരിച്ചെടിയാകുന്ന മിശിഹായുടെ ജീവനിൽ പങ്കുചേരുന്നവരുടെ സമൂഹമാണ് സഭ. ഒരേ ജീവരസം മുന്തിരിച്ചെടി യാകുന്ന മിശിഹായേയും ശാഖകളാകുന്ന സഭാസമൂഹത്തേയും പരി പോഷിപ്പിക്കുന്നു. മാമ്മോദീസായിൽ ദൈവകൃപ അഥവാ ദൈവാരൂപി





യാകുന്ന ജീവരസം നമ്മിലേക്ക് ആദ്യമായി ഒഴുക്കപ്പെടുന്നു (യോഹ 3:5). പിന്നീട് പരി.കുർ ബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിത ത്തിലൂടെ ഈ ജീവരസം നിരന്തരമായി നമ്മിലേക്ക് ഒഴുക്കപ്പെടുകയും നാം ഫലം പുറപ്പെടുവിക്കുന്ന ശാഖകളായി തഴച്ചുവളരുകയും ചെയ്യു ന്നു. മുന്തിരിച്ചെടിയാകുന്ന ഈശോയുമായുള്ള ഐക്യത്തിലുള്ള വളർച്ച യാണ് സഭയുടെ യഥാർത്ഥ വളർച്ചയായി നാം കാണേണ്ടത്.

ശാഖകൾ ചെടിയോടെന്നപോലെ നാമോരോരുത്തരും ഈശോയോട് ഒട്ടിച്ചേർന്നെങ്കിലേ ദൈവത്തിന്റെ യഥാർത്ഥ മുന്തിരിച്ചെടിയായി സഭ നിർമ്മിക്കപ്പെടുകയുള്ളു. ഇതു സാധ്യമാകണമെങ്കിൽ ഈശോയുമായി ഒരു വ്യക്തിബന്ധം നാം വളർത്തിയെടുക്കണം. ഈശോയിലുള്ള വിശ്വാസം ഈശോയോടുള്ള വ്യക്തിപരമായ പ്രതിബദ്ധതയായി, സമർപ്പ ണമായി തീരണം. വിശ്വാസം കുറെ വസ്തുതകളും സത്യങ്ങളും ഏറ്റു പറയുന്നതിലോ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിലോ കടമകൾ നിർവ്വ ഹിക്കുന്നതിലോ ഒതുങ്ങിനിൽക്കരുത്. ദൈവപുത്രനായ മിശിഹായോ ടുള്ള പ്രതിബദ്ധതയായി വളരണം. മിശിഹായിൽ നമുക്ക് സ്വയം വെളി പ്പെടുത്തിയ പിതാവിനോടും പിതാവിൽനിന്നും പുറപ്പെടുന്നവനും മിശിഹാ നമുക്കു നല്കുന്നവനുമായ പരിശുദ്ധാത്മാവിനോടുമുള്ള വ്യക്തി ബന്ധമായി അതു വളരണം. ത്രിതൈ്വകദൈവത്തിന്റെ കൂട്ടായ്മയിൽ ഒന്നായിരിക്കുന്ന സഭയോടും പ്രതിബദ്ധത പുലർത്തുന്നതാണ് യഥാർത്ഥ വിശ്വാസം. ഈ പ്രതിബദ്ധത ഉൾക്കൊള്ളുന്ന വിശ്വാസമാണ് നിഖ്യാ വിശ്വാസപ്രമാണത്തിൽ നമ്മൾ ഇപ്പോഴും ഏറ്റുപറയുന്നത്: “സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കു ന്നു... ഈശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു... ഏക പരിശു ദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു... സഭയിലും ഞങ്ങൾ വിശ്വസി ക്കുന്നു” (സീറോ മലബാർ സഭയുടെ കുർബാന, റാസക്രമം). ഈശോ മിശിഹായോടുള്ള വ്യക്തിബന്ധത്തിലൂടെയും പ്രതിബദ്ധതയി ലൂടെയുമാണ് ഈ ത്രിത്വാത്മക പ്രതിബദ്ധത നമ്മിൽ യാഥാർത്ഥ്യമാ കുക.

**15:2,5:** പരസ്പരം സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും ആവശ്യ മായ സഹനങ്ങൾ നാം ഏറ്റെടുക്കേണ്ടതായി വരും. ഈ സഹനങ്ങളാണ് ദൈവത്തിന്റെ വെട്ടിയൊരുക്കലുകളായിത്തീരുന്നത്. നമ്മുടെ ശരിയായ വളർച്ചയ്ക്കുവേണ്ടിയുള്ള പിതാവിന്റെ വെട്ടിയൊരുക്കലുകളായി നമ്മുടെ ജീവിതസഹനങ്ങളെ തിരിച്ചറിയുവാനും സ്വീകരിക്കുവാനും നമുക്ക് കഴി യണം.

പലപ്പോഴും ഫലം പുറപ്പെടുവിക്കാതെ പാപത്തിൽ കഴിയുന്ന അനു ഭവമാണ് സഭാംഗങ്ങളിലും കാണുന്നത്. കർത്താവിന്റെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ മുമ്പിൽ അനുതാപത്തോടെ കരുണ യാചിക്കേണ്ട സ്ഥിതിവിശേഷമാണ് സഭയുടേത്.

**15:3:** വചനത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട ജീവിതത്തിന് തുടക്കം കുറി ച്ചത് മാമ്മോദീസായിലാണ്. മാമ്മോദീസായിലൂടെ ലഭിച്ച വിശുദ്ധീകരണം നമ്മിൽ നിലനിൽക്കണം. വചനം സ്ഥിരതയോടുകൂടി സ്വീകരിച്ച് അതി

ലൂടെ ദൈവഹിതത്തിൽ നിലനിന്നെങ്കിലേ വിശുദ്ധീകരണമാകുന്ന ഫല പ്രാപ്തി ഉണ്ടാവുകയുള്ളൂ. വചനം വായിക്കുമ്പോൾ അത് സ്വർഗ്ഗീയപി താവ് തന്റെ വത്സലമക്കളോടു സംഭാഷണം നടത്തുന്ന അവസരമാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു. വചനത്തിലൂടെ ദൈവ പിതാവിന്റെ സ്നേഹപൂർവ്വമായ സാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ നമുക്കു കഴിയണം. ഈ അനുഭവത്തോടെ വചനം വായിക്കുകയും ധ്യാനി ക്കുകയും ചെയ്യണം.

**15:7-8,16-17:** പരി. കുർബാനയിലുള്ള യഥാർത്ഥ സാന്നിധ്യം നാം അംഗീകരിക്കുന്നു. ഈശോ കുർബാനയിലൂടെ തന്റെ സാന്നി ദ്ധ്യം നമുക്കു നല്കുന്നത് നമ്മിൽ ഓരോരുത്തരിലുമുള്ള അവിടുത്തെ സാന്നി ദ്ധ്യവും സഹവാസവും നവീകരിക്കുവാനും വളർത്തുവാനുമത്രേ. "ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് ആ ദിവസം നിങ്ങൾ അറിയും" (യോഹ 14:20). നമ്മിൽ ഓരോരുത്തരിലു മുള്ള ഈ സഹവാസം വളർത്തുവാനാണ് വി. കുർബാനയിൽ ഈശോ സന്നിഹിതനാകുന്നത്. ആരാധനയിലൂടെയും പരി. കുർബാന സ്വീകര ണത്തിലൂടെയും ആ സാന്നിധ്യം നാം ഏറ്റുപറയുന്നു. പക്ഷേ, അത് ഒരു ഭക്താനുഷ്ഠാനമായി ഒതുങ്ങരുത്. പരി. കുർബാനയിലെ യഥാർത്ഥ സാന്നിധ്യം കൂദാശാപരമായ സാന്നിധ്യമാണ്. പരി. കുർബാനയിലുള്ള ഈശോയുടെ സാന്നിധ്യം നമ്മിൽ ഓരോരുത്തരിലുമുള്ള അവിടുത്തെ യാഥാർത്ഥ സാന്നിധ്യം ഉണർ ത്താനും ഉറപ്പിക്കാനും ഉതകുന്നതാവ ണം. പരി. കുർബാനയുടെ കൂദാശാനുഭവം ഈശോയുമായുള്ള പരസ്പ രസഹവാസത്തിൽ നമ്മെ വളർത്തുന്നതാവണം. "എന്റെ ശരീരം ഭക്ഷി ക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (6:56). ഈശോയുമായി എപ്പോഴും ഒന്നി ച്ചുവസിക്കുന്ന, ജീവിക്കുന്ന ഒരനുഭവത്തിൽ നാം വളരേണ്ടിയിരിക്കുന്നു.

മനസ്സുകൊണ്ടും ഹൃദയംകൊണ്ടും ബോധപൂർവ്വം ഈശോയോ ടൊത്ത് ആയിരിക്കുവാൻ അനുദിനം കുറെ സമയമെങ്കിലും നാം മാറ്റിവ യ്ക്കണം. വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് എല്ലാദിവസവും സമയം കണ്ടെത്തണം. ഈശോയുടെ സ്നേഹസാന്നിധ്യത്തിലായിരിക്കുന്ന അനുഭവമാണ് പ്രാർത്ഥനയിൽ നാം ഉൾക്കൊള്ളേണ്ടത്. ഈശോയുടെ ജീവിതത്തിൽ "പതിവായി പോയിരുന്നു" എന്നു പറയുന്നത് രണ്ട് സ്ഥല ങ്ങളിലേക്കാണ്. ഒന്ന്, സിനഗോഗിലേക്ക് (ലൂക്കാ 4:16); രണ്ട്, ഒലിവുമല യിലേക്ക് (ലൂക്കാ 22:39). ഇവ രണ്ടും ഈശോയുടെ പ്രാർത്ഥനാവേദിക ളാണ്. ഒന്ന്, പൊതു പ്രാർത്ഥനാവേദി, രണ്ടാമത്തേത്, വ്യക്തിപരമായ പ്രാർത്ഥനയുടെ വേദി. ഇതു നമുക്കും മാതൃകയാവണം. പലപ്പോഴും ജീവിതത്തിൽ പ്രശ്നങ്ങൾ അനുഭവപ്പെടുമ്പോൾ ഈശോ പ്രാർത്ഥന യിലേക്ക് കടന്നിരുന്നു. പ്രാർത്ഥനയിൽ പിതാവിന്റെ സ്നേഹ സാന്നിദ്ധ്യത്തിലും സഹവാസത്തിലും ആയിരുന്നുകൊണ്ട്, അസ്വസ്ഥ മായ മനസ്സിന് ശാന്തി കണ്ടെത്തുവാൻ ഈശോയ്ക്ക് കഴിഞ്ഞിരുന്നു. അതുപോലെ ഓരോ ക്രൈസ്തവനും ജീവിതവ്യഗ്രതയുടെ മദ്ധ്യേ ഇട യ്ക്കിടെ മാറിപ്പോയി ഈശോയുടെ സ്നേഹസാന്നിദ്ധ്യവും സഹവാ സവും അനുഭവിച്ച് മനസ്സിന്റെ ശാന്തത നിലനിർത്തുവാൻ കഴിയണം.





**15:9,15:** ഈശോയുമായി സ്നേഹബന്ധം വളർത്തിയെടുക്കുവാൻ ഒന്നാമതായി നമ്മോടുള്ള ഈശോയുടെ സ്നേഹത്തിൽ നാം വിശ്വസി ക്കണം. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ഈ വിശ്വാസം. "നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹി ക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയ യ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ 4:10). മിശി ഹായുടെ അഥവാ ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ചാൽ മാത്രം പോരാ, ആ സ്നേഹം സ്വീകരിക്കുകയും അതിനോടു പ്രത്യുത്തരിക്കു കയും ചെയ്യണം. ഇത് സാദ്ധ്യമാകുന്നത് നമ്മുടെ ജീവിതാനുഭവങ്ങൾ പ്രാർത്ഥനാനുഭവമാക്കിത്തീർത്തുകൊണ്ടാണ്. ദൈവത്തിന്റെ സ്നേഹ ത്തിലുള്ള വിശ്വാസം അനുഭവതലത്തിലുള്ള ഒരറിവായിത്തീരണം. "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വ സിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4:16). അനുഭവാത്മകമായ ഈ അറിവിൽ വളരുവാനുള്ള മാർഗ്ഗങ്ങൾ, നമ്മുടെ ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി പ്രാർത്ഥിക്കുക എന്നതാ ണ്. ഓരോ ദിവസവും പ്രാർത്ഥനയിൽ അന്നന്നത്തെ ജീവിതാനുഭവങ്ങൾ അനുസ്മരിച്ച് അവയെ ദൈവത്തിന്റെ സ്നേഹപരിപാലനയുടെ വെളി ച്ചത്തിൽ വിലയിരുത്തി പ്രാർത്ഥിച്ചാൽ ഈ സ്നേഹബന്ധത്തിൽ വള രാൻ നമുക്കു സാധിക്കും.

എല്ലാം ഈശോയുടെ ഇഷ്ടമാണ് എന്നുറപ്പുവരുത്തി മാത്രം ജീവി ക്കുവാനും ശുശ്രൂഷ നിർവ്വഹിക്കുവാനും ശിഷ്യർക്കു സാധിക്കണം. ഇതു പ്രായോഗികമായി സാധിക്കുന്നത് സഭയുമായുള്ള ജീവിതപങ്കാളിത്തത്തി ലൂടെയാണ്. സഭയുടെ വിശ്വാസം സഭാംഗങ്ങൾ സ്വാംശീകരിക്കണം. സഭയുടെ ആവശ്യങ്ങൾ വിശ്വാസികളുടെ ആവശ്യങ്ങളായി അനുഭവ പ്പെടണം. സഭയുടെ താത്പര്യങ്ങൾ നമ്മുടെ താത്പര്യങ്ങളാവണം. ജീവൻ നല്കി ഓരോരുത്തരെയും വ്യക്തിപരമായി സ്നേഹിച്ച ഈശോ, പ്രതിസ്നേഹം ആഗ്രഹിക്കുന്നുണ്ട്. അർഹതയില്ലാതിരുന്നിട്ടും തന്റെ സൗഹൃദത്തിലേക്കു കൈപിടിച്ചുയർത്തി, എല്ലാം പങ്കുവച്ച ഈശോയുടെ മുമ്പിൽ തുറവിയോടെ വ്യാപരിക്കാൻ മിശിഹാനുയായികൾ ബാദ്ധ്യസ്ഥ രാണ്.

**15:10,12-14:** ഈശോമിശിഹായുമായുള്ള നമ്മുടെ സ്നേഹബന്ധം പ്രായോഗികമാകേണ്ടത് അനുസരണാജീവിതത്തിലൂടെയാണ്. ഈശോ യെ അനുസരിക്കുക എന്നു പറഞ്ഞാൽ പ്രായോഗികമായി ഈശോയുടെ തുടർച്ചയായ സഭയെയും സഭാധികാരികളെയും അനുസരിക്കുക എന്ന താണ്. അതുകൊണ്ട് സഭയോടുള്ള കൂട്ടായ്മയും പ്രതിബദ്ധതയുമാണ് ഈശോയോടുള്ള നമ്മുടെ സ്നേഹത്തിന്റെയും പ്രതിബദ്ധതയുടെയും അടയാളം.

**15:11:** ക്രിസ്തീയജീവിതം അവശ്യം സന്തോഷത്തിന്റെ ജീവിതമാ ണ്. ത്യാഗവും സഹനങ്ങളും കൂടാതെ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കാൻ സാദ്ധ്യമല്ല. എങ്കിലും ക്രിസ്തീയജീവിതം അതിന്റെ പൂർണ്ണ തയിൽ നയിക്കുന്നവർ ആത്യന്തികമായി സന്തോഷം അനുഭവിക്കുന്നവ

രായിരിക്കും. ഈ സന്തോ ഷം വെറും മാനുഷികമോ താൽക്കാലികമോ അല്ല, പ്രത്യുത, ആന്തരികവും ആത്മീയവുമാണ്. അത് സ്വർഗ്ഗീയസ ന്തോഷത്തിന്റെ ഒരു മുന്നാസ്വാദനവുമായിരിക്കും.

## യോഹന്നാൻ 16:5-15, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

യോഹന്നാൻ 16:5-7, പരിശുദ്ധാത്മാവിലൂടെയുള്ള മിശിഹായുടെ സാന്നി ദ്ധ്യം: ഈശോയുടെ ദൃശ്യസാന്നിദ്ധ്യം നഷ്ടപ്പെടാൻ പോകുന്നു എന്ന ചിന്ത ശിഷ്യരെ ദുഃഖിതരാക്കി. അവർക്ക് ഈ ലോകത്തിൽ പീഡ നവും ഞെരുക്കവും അനുഭവപ്പെടുമെന്നുള്ള മുന്നറിയിപ്പ് അവരുടെ ദുഃഖം വർദ്ധിപ്പിച്ചു. അതുകൊണ്ട് ഈശോ അവരെ ആശ്വസിപ്പിക്കുകയാണ്. തന്റെ ദൃശ്യസാന്നിദ്ധ്യം താൽക്കാലികമായി നഷ്ടപ്പെടുന്നതുവഴി സഹാ യകനായ പരിശുദ്ധാത്മാവിലൂടെയുള്ള അവിടുത്തെ അദൃശ്യസാന്നിദ്ധ്യം അവർക്കു ലഭിക്കുമെന്ന് ഉറപ്പുകൊടുക്കുകയാണ്. യോഹന്നാന്റെ കാഴ്ച പ്പാടിൽ പരിശുദ്ധാത്മാവ് ഈശോമിശിഹായുടെ ആത്മാവു തന്നെയാ ണ്. യോഹന്നാന്റെ പന്തക്കുസ്താ ഇത് വ്യക്തമായി സൂചിപ്പിക്കുന്നു ണ്ട്. ശിഷ്യരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് ഈശോ അവർക്ക് പരിശു ദ്ധാത്മാവിനെ കൊടുക്കുന്നത്: "അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവ രോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (20:22). പരിശുദ്ധാത്മാവ് ഈശോയുടെ നിശ്വസനമാണ്. ശിഷ്യസമൂഹ ത്തിന്റെ അഥവാ സഭയുടെ ജീവനായി ഈശോ സഭയിൽ വസിക്കുന്നു. സഭ മിശിഹായുടെ ശരീരമാണെങ്കിൽ സഭയുടെ ആത്മാവ് മിശിഹായുടെ ആത്മാവാണ്. ഈശോയുടെ സഭയിലുള്ള സാന്നിദ്ധ്യമാണ് പരിശുദ്ധാ ത്മാവ്. ഈശോയുടെ അരൂപിക്കടുത്ത ഈ സാന്നിദ്ധ്യം സഭയ്ക്കു ലഭി ക്കണമെങ്കിൽ ഈശോ തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മഹത്ത്വീകരിക്കപ്പെടണം. "അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലാ യിരുന്നു. എന്തെന്നാൽ ഈശോ അതുവരേയും മഹത്ത്വീകരിക്കപ്പെട്ടിരു ന്നില്ല" (7:39).

പരിശുദ്ധാത്മാവിലൂടെയുള്ള മിശിഹായുടെ ഈ സാന്നിദ്ധ്യം ശിഷ്യരെ വിശ്വാസത്തിൽ വളർത്തും; അവരുടെ വിശ്വാസജീവിതത്തെ പക്വതയി ലെത്തിക്കും. ഈശോ ജീവിച്ചിരുന്നപ്പോൾ ഏതു പ്രശ്നങ്ങളുണ്ടായാലും അവർ പരിഹാരത്തിനായി ഈശോയിലേക്കു തിരിയുമായിരുന്നു. എന്നാൽ അവിടുത്തെ മഹത്ത്വീകരണത്തിനുശേഷം, പ്രശ്നങ്ങളിൽ തിരിയുവാൻ ഈശോയുടെ ദൃശ്യസാന്നിദ്ധ്യമില്ലാത്തതുകൊണ്ട്, അരൂപിയായി തങ്ങ ളിൽത്തന്നെ സന്നിഹിതനായിരിക്കുന്ന മിശിഹായാൽ നയിക്കപ്പെട്ട് പ്രശ്ന ങ്ങളെ സ്വയം നേരിടുവാൻ അവർ നിർബന്ധിതരായി. അങ്ങനെ അവർ വിശ്വാസത്തിൽ പക്വത പ്രാപിക്കാൻ ഇടയായി. സഭയിൽ ഇന്നും എന്നും വിശ്വാസത്തിന് വെല്ലുവിളികളുണ്ട്. ഈ വെല്ലുവിളികളെ നേരിടുവാനും പരീക്ഷണങ്ങളെ അതിജീവിച്ച് വിശ്വാസത്തിൽ വളരുവാനും നമ്മെ





സഹായിക്കുന്നത് പരിശുദ്ധാത്മാവിലൂടെ നമ്മിൽ സന്നിഹിതനായിരി ക്കുന്ന മിശിഹാ തന്നെയാണ്.

**16:8-11, ബോദ്ധ്യപ്പെടുത്തുന്ന പരിശുദ്ധാത്മാവ്:** "അവൻ വന്ന് പാപ ത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും" (16:8). വിശ്വാസികളിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്. ലോകത്തെ ബോദ്ധ്യപ്പെടുത്തുന്ന ഒരു പ്രവർത്തനമാണ് പരിശുദ്ധാത്മാവിന്റേത്. 'ബോദ്ധ്യപ്പെടുത്തുക' എന്ന് ഇവിടെ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത് മൂലഭാഷയായ ഗ്രീക്കിലെ 'ഏലെഗ്കെയിൻ' എന്ന വാക്കാണ്. ഇത് കോട തിയിൽ എതിരാളിയെ കുറ്റപ്പെടുത്തുന്ന അഥവാ പ്രതിക്കൂട്ടിലാക്കുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ നടപടിയെ സൂചിപ്പിക്കുന്ന ഒരു വാക്കാ ണ്. അതുകൊണ്ട് ലോകത്തിന്റെ മുമ്പിൽ പരിശുദ്ധാത്മാവ് സ്വീകരി ക്കുന്ന ഒരു കുറ്റപ്പെടുത്തൽ നടപടിയാണ് ഇവിടെ പരാമർശിക്കപ്പെടുന്ന ത്. 'ലോകം' എന്നത് മിശിഹായിൽ വിശ്വസിക്കാത്ത ലോകമാണ്; തിന്മ യുടെ ശക്തിയാണ്. ലോകത്തിന് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ പറ്റാത്തതുകൊണ്ട്, വിശ്വാസികളിൽ അഥവാ സഭയിൽ പ്രവർത്തനനിര തമായ തിന്മയുടെ ശക്തിയെയായിരിക്കണം ഇവിടെ പരാമർശിക്കുക. വിശ്വാസികളിൽ സന്നിഹിതമായിരിക്കുന്ന ലോകത്തെ കുറ്റപ്പെടുത്തി ക്കൊണ്ട് വിശ്വാസത്തിനടുത്ത ബോദ്ധ്യങ്ങൾ നൽകി വിശ്വാസത്തിലുറ പ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് ഇവിടെ സുവിശേഷ കൻ അവതരിപ്പിക്കുന്നത്.

മൂന്നു വിധത്തിലുള്ള ബോദ്ധ്യങ്ങളാണ് പരിശുദ്ധാത്മാവ് വിശ്വാസി കളിൽ ഉളവാക്കുക: 1. പാപത്തെക്കുറിച്ച്, 2. നീതിയെക്കുറിച്ച്, 3. ന്യായ വിധിയെക്കുറിച്ച്.

**പാപത്തെക്കുറിച്ച്:** "അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപ ത്തെക്കുറിച്ചും.." (16:9). യോഹന്നാന്റെ കാഴ്ചപ്പാടിൽ ഒരു പാപമേയുള്ളൂ. അത് 'വിശ്വാസമില്ലായ്മ' അഥവാ 'സ്നേഹമില്ലായ്മ' ആണ് (8:21-24). ഈശോമിശിഹായിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ സ്വീകരിച്ച് അനുകൂലമായി പ്രത്യുത്തരിക്കുന്നതാണ് വിശ്വാസം. ദൈവം മിശിഹായിലൂടെ സ്വയം വെളിപ്പെടുത്തിയത് സ്നേഹമായിട്ടായതുകൊണ്ട് വിശ്വസിക്കുന്നവൻ സ്നേഹിക്കുന്നവനായി മാറും. വിശ്വാസമില്ലായ്മ സ്നേഹമില്ലായ്മയാണ്. ഈ പാപാവസ്ഥയെക്കുറിച്ച് പരിശുദ്ധാത്മാ വിന്റെ കുറ്റപ്പെടുത്തൽ വിശ്വാസികളിൽ നടക്കുമ്പോൾ അത് അവരിൽ പാപബോധം ഉളവാക്കും. ഈ പാപബോധം അവർക്ക് രക്ഷാകരമായി ത്തീരുകയും ചെയ്യും.

**നീതിയെക്കുറിച്ച്:** "...ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്ന തുകൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും..." (16:10). 'നീതി' എന്ന വാക്ക് യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്നത് 'വിശുദ്ധി' എന്ന അർത്ഥത്തിലാണ്. അദ്ദേഹത്തിന്റെ ഒന്നാം ലേഖനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "അവൻ നീതിമാ നാണെന്ന് നിങ്ങൾക്കറിയാമെങ്കിൽ നീതി പ്രവർത്തിക്കുന്ന ഏവനും അവ നിൽനിന്നു ജനിച്ചവനാണെന്നു നിങ്ങൾക്കു തീർച്ചയാക്കാം" (2:29). ദൈവ

ത്തിൽ നിന്നുള്ള ഈ ജനനവും പുത്രത്വവും പിന്നീട് വിശദീകരിക്കുമ്പോൾ അദ്ദേഹം തുടർന്നു പറയുന്നു: "ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധനാക്കുന്നു" (1 യോഹ 3:3). വീണ്ടും നീതിമാനായ മിശിഹായെ അവതരിപ്പിച്ചുകൊണ്ട് പറയുന്നു: "പാപങ്ങൾ എടുക്കാൻ വേണ്ടിയാണ് അവൻ പ്രത്യക്ഷനായതെന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപമില്ല" (1 യോഹ 3:5). ഈശോയുടെ നീതി അവിടുത്തെ പാപമില്ലായ്മയാണ്; പരിശുദ്ധിയാണ്. അതോടൊപ്പം ഈ നീതി അഥവാ പരിശുദ്ധി പാപത്തിന്മേൽ ഈശോ വരിച്ച വിജയവും ഉൾക്കൊള്ളുന്നതാണ്: "പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നതിനു വേണ്ടിയാണ് ദൈവപുത്രൻ പ്രത്യക്ഷനായത്" (1 യോഹ 3:8) എന്ന പ്രസ്താവന ഇതു വ്യക്തമാക്കുന്നുണ്ട്. പിതാവിന്റെ അടുക്കലേക്കുള്ള തന്റെ കടന്നുപോകലിലൂടെയാണ് പാപത്തിന്മേലുള്ള വിജയം മിശിഹാ നേടിയത്. ഈ വിജയത്തിലുള്ള പങ്കാളിത്തത്തെക്കുറിച്ചുള്ള ബോദ്ധ്യവും പരിശുദ്ധാത്മാവ് വിശ്വാസികളിൽ ഉളവാക്കും.

**ന്യായവിധിയെക്കുറിച്ച്:** "... ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തും" (16:11). 'ഈ ലോകത്തിന്റെ അധികാരി' എന്നു വിശേഷിപ്പിക്കപ്പെടുന്നത് പൈ ശാചിക ശക്തിയാണ്. ഈശോയുടെ പീഡാനുഭവവും മരണവും ദൈവനിശ്ചയപ്രകാരമായിരുന്നെങ്കിലും മനുഷ്യചരിത്രത്തിൽ പ്രവർ ത്തനനിരതമായ പൈശാചികശക്തിയുടെ അന്തിമപോരാട്ടമായിരുന്നു അത്. അതുകൊണ്ടാണ് ഈശോ ഇങ്ങനെ പറഞ്ഞത്, "നിങ്ങളോട് ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം ഈ ലോകത്തിന്റെ അധികാരി വരുന്നു" (14:30). എന്നാൽ ഈ അന്തിമപോരാട്ടത്തിൽ ആത്യന്തികമായി വിജയം വരിച്ചത് ഈശോ തന്നെയാണ്. തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ഈശോ പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി. അങ്ങനെ പൈശാചികശക്തികൾ ന്യായവിധി ചെയ്യപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് ഈശോ ഇങ്ങനെ കൂട്ടിച്ചേർത്തത്: "എങ്കിലും അവന് എന്റെമേൽ അധികാരമില്ല" (14:30). ഈശോയുടെ രക്ഷാകരപ്രവൃത്തിയിലൂടെ സംഭവിച്ച തിന്മയുടെ ശക്തിയുടെ പുറന്തള്ളപ്പെടലും ശിക്ഷാവിധിയും വെളിപാടു പുസ്തകത്തിൽ നാടകീയമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട് (12:5,7-12; 20:2-10). പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ഇതേപ്പറ്റിയുള്ള ബോദ്ധ്യത്തിൽ ഉറച്ചുനിൽക്കാനും തിന്മയുടെ ശക്തികളുടെമേൽ വിജയം വരിക്കാനും വിശ്വാസികൾക്ക് കഴിയും.

**16:12-15, പ്രബോധകനായ പരിശുദ്ധാത്മാവ്:** താൻ പറയുന്ന കാര്യങ്ങളെല്ലാം സഹായകനായ പരിശുദ്ധാത്മാവ് അനുസ്മരിപ്പിക്കുകയും എല്ലാ കാര്യങ്ങളും പഠിപ്പിക്കുകയും ചെയ്യുമെന്ന് 14-ാം അദ്ധ്യായത്തിൽ ഈശോ വാഗ്ദാനം ചെയ്യുന്നുണ്ട് (14:26). എല്ലാവരെയും സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. ഈശോമിശിഹായിലൂടെ നടന്ന വെളിപാടാണ് സത്യം. ഈ സത്യത്തിലേയ്ക്കാണ് പരിശുദ്ധാത്മാവ് ഒരുവനെ വഴി നടത്തുന്നത്. ഇത് ജീവിതത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയാണ്. "ഇനിയും





വളരെക്കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും" (16:12-13). ഈശോമിശിഹായ്ക്കുശേഷം പുതിയ വെളിപാടുകൾ ഉണ്ടാകുമെന്ന് ഇതിനർത്ഥമില്ല. ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ പൂർത്തീകരണം മിശിഹാതന്നെയാണ്. എന്നാൽ മിശിഹായെയും അവിടുത്തെ വാക്കുകളെയും പ്രവർത്തനങ്ങളെയും ജീവിതത്തെയും പൂർണ്ണമായി മനസ്സിലാക്കുവാൻ അവിടുത്തെ ജീവിതകാലത്ത് ശിഷ്യർക്കു കഴിഞ്ഞില്ല. അതുകൊണ്ട് മിശിഹായിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവവചനത്തിന്റെ പൊരുൾ ഗ്രഹിക്കുവാനും കാലോചിതമായ രീതിയിൽ പ്രായോഗികമാക്കുവാനും സത്യാത്മാവായ പരിശുദ്ധാത്മാവ് ശിഷ്യരിൽ - വിശ്വാസികളിൽ - പ്രവർത്തിക്കും. അങ്ങനെ അവരെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും. "അവൻ എനിക്കുള്ളവയിൽ നിന്നും സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും" (16:14) എന്നുള്ള വാക്കുകൾ ഇത് സ്ഥിരീകരിക്കുന്നു. "വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും" (16:13) എന്ന പ്രഖ്യാപനം ഭാവികാര്യങ്ങൾ പ്രവചിക്കുമെന്ന അർത്ഥത്തിലല്ല നാം മനസ്സിലാക്കേണ്ടത്. സഭയിലൂടെ കൈമാറപ്പെട്ടു കിട്ടുന്ന ശ്ലൈഹികവിശ്വാസം ഭാവിതലമുറകൾക്ക് വേണ്ടതുപോലെ ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രബോധനപ്രക്രിയ സഭയിലുണ്ടാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

'അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്', 'അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും', 'അവൻ എനിക്കുള്ളവയിൽ നിന്നും സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും', 'അവൻ എന്നെ മഹത്ത്വപ്പെടുത്തും' തുടങ്ങിയ പ്രസ്താവനകൾ പരിശുദ്ധാത്മാവിന്റെ പ്രബോധനവും ഈശോയുടെ വെളിപാടും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സൂചിപ്പിക്കുന്നതാണ്. ഈശോയുടെ വെളിപാടിനെ കൂടുതൽ കൂടുതൽ മനസ്സിലാക്കുവാനും പ്രാവർത്തികമാക്കുവാനും സഭാജീവിതത്തിൽ സ്വാംശീകരിക്കുവാനും സഹായിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണ് പരിശുദ്ധാത്മാവ് തനിക്കുള്ളവയിൽനിന്നു സ്വീകരിച്ചു പ്രഖ്യാപിക്കുമെന്നും തന്നെ മഹത്ത്വപ്പെടുത്തുമെന്നും ഈശോ പറഞ്ഞത്.

**സഭയും പരിശുദ്ധാത്മാവും:**യോഹന്നാൻശ്ലീഹായുടെ സുവിശേഷം രണ്ടാം ഭാഗം പരിശുദ്ധാത്മാവിനെ 'പാറക്ലേത്തോസ്' അഥവാ 'സഹായകൻ' എന്ന പേരോടുകൂടിയാണ് അവതരിപ്പിക്കുന്നത്. വിശ്വാസികളുടെ സമൂഹമായ സഭയിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ഈ ഭാഗത്ത് യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നത്. സഹായകനായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ ലോകത്തിനു സാധിക്കുകയില്ല (14:17). ഈശോയെ കാണുകയും ഈശോയിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ഈ സഹായകനെ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു (14:17). അതുകൊണ്ട് ഇവിടെ പരാമർശിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും സഭാംഗങ്ങളുടെ വിശ്വാസജീവിതത്തോട് ബന്ധപ്പെട്ടതാണ്. വിശ്വാസജീവിതത്തിൽ സഭാംഗങ്ങൾക്കു വേണ്ട സഹായമാണ് പരിശുദ്ധാത്മാവ് നൽകുന്നത്. ലോകത്തിൽ ജീവിക്കുകയും ലോകത്തിന്റെ പരിതോവസ്ഥകളിൽ

വ്യാപരിക്കുകയും ചെയ്യുന്ന മനുഷ്യന് സത്യവിശ്വാസം ജീവിക്കുക ദുഷ്ക്കരമാണ്. ഇവിടെ അവനെ ശക്തിപ്പെടുത്താൻ പ്രത്യേകം നൽകപ്പെടുന്ന ഒന്നാണ് 'പാറക്ലേത്തോസ്' അഥവാ 'സഹായകൻ' എന്ന നിലയിലുള്ള പരിശുദ്ധാത്മ പ്രവർത്തനം. ഈ സഹായകനെ വാഗ്ദാനം ചെയ്യുന്ന ഭാഗമാണ് യോഹ 14:15-17 വരെയുള്ള വാക്യങ്ങൾ. പ്രധാനമായും മൂന്നു വിധത്തിലുള്ള സഹായമാണ് പരിശുദ്ധാത്മാവ് നല്കുന്നതെന്ന് 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ സുവിശേഷകൻ വ്യക്തമാക്കാൻ ശ്രമിക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ ഒന്നാമത്തേത് പഠിപ്പിക്കുക എന്നതാണ്. സഭയുടെ വിശ്വാസത്തിനാധാരമായി നിലകൊള്ളുന്നത് മിശിഹാസംഭവമാണ്. ഈ മിശിഹാസംഭവത്തിന്റെ അന്തഃസത്ത അതിന്റെ പൂർണ്ണതയിൽ ഗ്രഹിക്കുവാൻ ആർക്കും ഒരിക്കലും സാദ്ധ്യമല്ല. സഭയുടെ വിശ്വാസജീവിതത്തിൽ കാലാകാലങ്ങളിൽ പ്രസക്തമായ രീതിയിൽ അത് പഠിക്കുവാനും പഠിപ്പിക്കുവാനും സഹായകനായ പരിശുദ്ധാത്മാവ് സഭയിൽ പ്രവർത്തനനിരതനാണ്. ഇതേപ്പറ്റിയാണ് യോഹ 14:26 ലും 16:12-15 ലും പറയുന്നത്. പരിശുദ്ധാത്മാവിന്റെ ഈ പ്രബോധനം ഈശോയിലൂടെ നല്കപ്പെട്ട പ്രബോധനത്തിൽനിന്നും വ്യത്യസ്തമായിരിക്കുകയില്ല; അതിനു വിധേയപ്പെട്ടതും അതിനെ കൂടുതൽ പരിപുഷ്ടമാക്കുന്നതുമായിരിക്കും. പരിശുദ്ധാത്മാവിന്റെ ഈ പ്രബോധനപരമായ പ്രവർത്തനമാണ് സഭയുടെ ഔദ്യോഗിക പ്രബോധനത്തിന് ആധാരമായി നിലകൊള്ളുന്നത്.

സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ രണ്ടാമത്തെ പ്രവർത്തനം മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നതാണ്. മിശിഹായിലുള്ള വിശ്വാസം പഠിച്ചാലും ഗ്രഹിച്ചാലും മനസ്സിലാക്കിയാലും ആ വിശ്വാസം പ്രായോഗികമായി ജീവിക്കുക എളുപ്പമല്ല. സഭയിൽ വിശ്വാസം ജീവിക്കുവാൻ ബുദ്ധിമുട്ടു സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കും. സഭാചരിത്രത്തിൽ അനുഭവവേദ്യമായിട്ടുള്ള മതപീഡനങ്ങൾ ഉദാഹരണങ്ങളാണ്. മാത്രമല്ല, വ്യക്തിപരമായും പ്രതികൂല സാഹചര്യങ്ങളിലും സഭയുടെ വിശ്വാസം ജീവിക്കുക ബുദ്ധിമുട്ടേറിയതാവാം. ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം വഹിക്കൽ പ്രസക്തമായിത്തീരുന്നത്. ഇതേപ്പറ്റിയാണ് യോഹ 15:26-27 പറയുന്നത്.

സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ മൂന്നാമത്തെ പ്രവർത്തനം ബോദ്ധ്യപ്പെടുത്തുക എന്നതാണ്. ഇതേപ്പറ്റിയാണ് യോഹ 16:7-11 പ്രതിപാദിക്കുന്നത്. വിശ്വാസത്തിന് വിരുദ്ധമായ ലോകത്തിന്റെ അഥവാ തിന്മയുടെ ശക്തികൾ സഭയിൽ നിരന്തരമായി പ്രവർത്തനനിരതമാണ്. പലപ്പോഴും ഈ ശക്തികൾക്ക് വിശ്വാസികൾ അടിമപ്പെട്ട് വിശ്വാസത്തിൽനിന്നും വ്യതിചലിച്ച് പാപത്തിന് വിധേയരായെന്നും വരാം. ഈ ഒരു സ്ഥിതിവിശേഷത്തിൽ വിശ്വാസികളെ സഹായിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് 'ബോദ്ധ്യപ്പെടുത്തൽ' അഥവാ 'കുറ്റപ്പെടുത്തൽ'. വിശ്വാസത്തിൽനിന്നും വ്യതിചലിച്ച് പോകുന്നവരെ വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചുകൊണ്ടു വരാനും വിശ്വാസത്തിൽ ഉറപ്പിക്കാനും പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനം സഹായിക്കും.





പൊതുവെ പറഞ്ഞാൽ വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങളെ വിശ്വാസത്തിൽ വളർത്തുവാനും ശക്തിപ്പെടുത്തുവാനും വിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്ന സാഹചര്യത്തിൽ അവരെ തിരികെ കൊണ്ടുവരാനും നിർണ്ണായകമായിത്തീരുന്ന പ്രവർത്തനമാണ് പരിശുദ്ധാത്മാവ് സഹായകനെന്ന നിലയിൽ സഭയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തെപ്പറ്റി അവബോധമുള്ളവരായിരിക്കുവാനും ആ പ്രവർത്തനത്തോടു സഹകരിക്കുവാനും സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

**വിചിന്തനം:** വിശ്വാസജീവിതത്തിൽ നിലനില്ക്കാനും വളരാനും നമ്മെ സഹായിക്കുന്നവനാണ് പരിശുദ്ധാത്മാവ്. വിശ്വാസത്തിൽനിന്നല്ലാത്തതെല്ലാം പാപമാണെന്നും പാപത്തെ ജയിച്ച മിശിഹായുടെ ഭാഗത്താണ് നീതിയെന്നും നമ്മെ ബോദ്ധ്യപ്പെടുത്താനും പാപം ചെയ്താൽ അനുതപിച്ച് ദൈവസ്നേഹത്തിലേക്ക് തിരിച്ചുവരുവാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. അതുപോലെതന്നെ മിശിഹായിലൂടെ നമുക്കു വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ മനസ്സിലാക്കി ദൈവത്തിന്റെ പദ്ധതിയോടു സഹകരിക്കുവാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനം തിരിച്ചറിഞ്ഞ് അരൂപിയോട് സഹകരിക്കുവാൻ നാം പരിശ്രമിക്കണം.

# യോഹന്നാൻ 18:1-20:31, പീഡാനുഭവവിവരണം

അന്ത്യപ്രഭാഷണത്തെത്തുടർന്ന് യോഹന്നാൻശ്ലീഹാ മൂന്നദ്ധ്യായങ്ങളിലായി ഈശോയുടെ മഹത്ത്വീകരണം, അതായത്, പീഡാനുഭവവും മരണവും ഉത്ഥാനവും അവതരിപ്പിക്കുന്നു. 18 ഉം 19 ഉം അദ്ധ്യായങ്ങളിൽ ഈശോയുടെ പീഡാനുഭവവും മരണവും വിവരിക്കുമ്പോൾ 20-ാം അദ്ധ്യായത്തിൽ അവിടുത്തെ ഉത്ഥാനമാണ് സുവിശേഷകൻ അവതരിപ്പിക്കുക. സമാന്തരസുവിശേഷങ്ങളുമായി ഈ സുവിശേഷത്തിന് മറ്റേതുഭാഗത്തെക്കാൾ കൂടുതൽ സാമ്യമുള്ളത് പീഡാനുഭവവിവരണത്തിനാണ്. സഭാപാരമ്പര്യത്തിൽ ഏറ്റവും ആദ്യം രൂപംകൊണ്ടത് പീഡാനുഭവത്തെപ്പറ്റിയുള്ള വിവരണമായതിനാലാണ് ഇങ്ങനെ സംഭവിച്ചത്. എങ്കിലും യോഹന്നാൻശ്ലീഹായുടെ യും സമാന്തരസുവിശേഷങ്ങളുടെയും വിവരണങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങൾ കണ്ടെത്താം. സമാന്തരസുവിശേഷകന്മാരിൽനിന്നും വ്യത്യസ്തമായി, കൂടുതൽ പ്രതീകാത്മകവും ദൈവശാസ്ത്രപരവുമായ ഒരു സമീപനവും വിവരണവുമാണ് യോഹന്നാൻ സുവിശേഷകൻ നല്കുന്നത്.

# യോഹന്നാൻ 18:1-19:42, ഈശോയുടെ പീഡാനുഭവവും മരണവും

ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള യോഹന്നാന്റെ അവതരണം സമാന്തരസുവിശേഷങ്ങളിലെ അവതരണത്തിൽനിന്നും വ്യത്യസ്തമാണ്. സമാന്തരസുവിശേഷങ്ങളിൽ കാണുന്ന വിവരണങ്ങളിൽ ചിലത് യോഹന്നാൻശ്ലീഹാ ഉപേക്ഷിക്കുകയും മറ്റു ചിലത് കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്നതായി കാണാം.

ഒഴിവാക്കിയവ:-

-ഗത്സേമനിയിലെ പ്രാർത്ഥന

-സാൻഹെദ്രീൻ സംഘത്തിനു മുമ്പിലുള്ള വിചാരണ

-പ്രധാനപുരോഹിതനു മുമ്പിലുള്ള വിചാരണ

-ഹേറോദേസിന്റെ അരമനയിലുണ്ടായ പരിഹാസം

-ഈശോയുടെ കുരിശിലെ നിലവിളി

-ഈശോയോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്മാരുടെ സംഭവം

-ഈശോയുടെ മരണസമയത്ത് അന്ധകാരം വ്യാപിച്ചത്

-യൂദാസിന്റെ മരണം

ഈശോയെ പരിഹസിക്കുന്നതും എളിമപ്പെടുത്തുന്നതുമായ വിവരണങ്ങളാണ് യോഹന്നാൻശ്ലീഹാ ഒഴിവാക്കിയിരിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ സംഭവങ്ങൾ ഒഴിവാക്കിയ സുവിശേഷകൻ, അതോടൊപ്പം ഈശോയുടെ മഹത്ത്വത്തെയും രാജത്വത്തെയും എടുത്തുകാട്ടുന്നതും ദൈവശാസ്ത്രപരവും രക്ഷാകരവുമായ പ്രാധാന്യം ഉൾക്കൊള്ളുന്നതുമായ മറ്റ് സംഭവങ്ങൾ എടുത്തു പറയുന്നുമുണ്ട്.

കൂട്ടിച്ചേർത്തവ:-

-ഈശോയെ ബന്ധിക്കുന്നത്

-പീലാത്തോസിന്റെ മുമ്പിലുള്ള നീണ്ട വിചാരണ

-ഈശോയുടെ കുരിശിനു മുകളിൽ വയ്ക്കാനുള്ള ശീർഷകത്തെ സംബന്ധിച്ചുള്ള തർക്കം

-ഈശോയുടെ വസ്ത്രം വിഭജിച്ചെടുക്കുന്നത്

-പരി. മറിയത്തിന്റെയും ഈശോ സ്നേഹിച്ച ശിഷ്യന്റെയും കുരിശിൻ ചുവട്ടിലെ സാന്നിദ്ധ്യം

-ഈശോയുടെ പാർശ്വം പിളർക്കപ്പെടുന്നതും രക്തവും വെള്ളവും പുറപ്പെടുന്നതും.

ഈ സംഭവങ്ങൾ എടുത്തു പറയുന്നതിലൂടെ ഈശോ രാജാവാണെന്നും എല്ലാം നിയന്ത്രിക്കുന്നവനാണെന്നും പീഡാനുഭവവും മരണവുംപോലും ഈശോ സ്വയം വിട്ടുകൊടുത്തതിനാൽമാത്രം സംഭവിച്ചതാണെന്നും യോഹന്നാൻശ്ലീഹാ വ്യക്തമാക്കുകയാണ്. അതോടൊപ്പം പീഡാനുഭവത്തിന്റെ രക്ഷാകരമൂല്യങ്ങളും യോഹന്നാൻ എടുത്തുകാണിക്കുന്നു.





## പീഡാനുഭവ വിവരണത്തിലെ മുഖ്യ പ്രതിപാദ്യവിഷയങ്ങൾ

**1. ഈശോയുടെ 'സമയം':** 'സമയം' എന്നത് പഴയനിയമവെളിപാടു ഗ്രന്ഥങ്ങളിലെ ഒരു പ്രതിപാദ്യവിഷയമാണ്. ദാനിയേലിന്റെ പ്രവചനഗ്രന്ഥത്തിൽ ഇത് അന്ത്യാത്മകസമയത്തെ, അതായത്, ശത്രുക്കളുടെമേലുള്ള ദൈവജനത്തിന്റെ നിർണ്ണായകമായ വിജയത്തിന്റെ സമയത്തെ സൂചിപ്പിക്കുന്നു (ദാനി 8:17-19; 11:35). സമാന്തരസുവിശേഷങ്ങളിലെ അന്ത്യാത്മകപ്രഭാഷണങ്ങളിൽ ഈ അന്ത്യാത്മക അർത്ഥം സൂചിപ്പിക്കപ്പെടുന്നുണ്ട് (മത്താ 24:46; മർക്കോ 13:32). സമാന്തരസുവിശേഷങ്ങളിലെ ഈ പ്രയോഗത്തെത്തുടർന്ന് 'സമയം' മെശയാനികസമയത്തെയും ഈശോയുടെ പീഡാനുഭവത്തിന്റെ സമയത്തെയും സൂചിപ്പിക്കുന്നതായി കാണാം (മർക്കോ 14:35,41). വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈ 'സമയം' വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമായിത്തീർന്നു. ഈശോ ഇതിനെ 'തന്റെ സമയ'മെന്ന് വിശേഷിപ്പിക്കുന്നു; തന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാക്കുന്ന സമയമായി ഇതിനെ അവതരിപ്പിക്കുകയും ചെയ്യുന്നു. രക്ഷാദായകമായ സമയത്തെക്കുറിച്ചുള്ള (കായ്റോസ്) ഈശോയുടെ പരാമർശം സുവിശേഷത്തിന്റെ ആരംഭം മുതൽ കാണാം. കാനായിലെ കല്യാണവിരുന്നിലും (2:4) കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിലും (7:30; 8:20) പരസ്യജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ വിജാതീയർ അന്വേഷിച്ചു വരുമ്പോഴും (12:23) 'സമയ'ത്തെക്കുറിച്ചുള്ള പരാമർശനങ്ങൾ അവിടുന്ന് നടത്തുന്നുണ്ട്. ഇത് ഈശോയുടെ മഹത്ത്വീകരണത്തിന്റെ സമയമാണ്; രക്ഷാകരമായ സമയമാണ്; മെശയാനിക സമയമാണ്. പീഡാനുഭവമരണോത്ഥാനങ്ങളിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിക്കാനുള്ള സമയം ഇപ്പോൾ ആഗതമായിരിക്കുകയാണ് (13:1; 17:1).

**2. മനുഷ്യപുത്രന്റെ ഉയർത്തപ്പെടൽ:** ഇത് യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പീഡാനുഭവത്തോട് നേരിട്ടു ബന്ധപ്പെട്ട ഒരു വിഷയമാണ്. സമാന്തരസുവിശേഷങ്ങളിലെ മൂന്നു പീഡാനുഭവപ്രവചനങ്ങൾ (മത്താ 16:21; 17:22-23; 20:17-19) യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ ഉയർത്തപ്പെടലിനെപ്പറ്റി പറയുന്ന മൂന്നു പ്രസ്താവനകൾക്ക് സമാന്തരമാണ് (യോഹ 3:14; 8:28; 12:31-34). ഈ വിഷയത്തിന്റ ഉത്ഭവം സഹനദാസനെപ്പറ്റിയുള്ള ഏശയ്യാപ്രവാചകന്റെ നാലാം കീർത്തനമാണ് (ഏശ 52:13). ഏശയ്യാപ്രവാചകനിലെ സഹനദാസന്റെ ഉയർത്തപ്പെടൽ ഈശോയുടെ ഉത്ഥാനത്തിലും സ്വർഗ്ഗാരോഹണത്തിലും പൂർത്തീകരിക്കപ്പെടുന്നതായി ആദിമസഭ വിശ്വസിച്ചു (നട 2:33; 5:31). വി. പൗലോസ്ശ്ലീഹായും സഭയുടെ ഈ വിശ്വാസം സാക്ഷ്യപ്പെടുത്തുന്നു (ഫിലി 2:9-10). ഈ ഉയർത്തപ്പെടൽ കുരിശിൽ യാഥാർത്ഥ്യമായതായി യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നു: "ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണ് വരിക്കാൻ പോകു

ന്നത് എന്നു സൂചിപ്പിക്കാനാണ്" (12:32-33). ഈശോയുടെ സ്വർഗ്ഗാരോഹണത്തെ 'ഉയർത്തപ്പെടലായി' ആദിമസഭ കാണുവാൻ കാരണം സ്വർഗ്ഗാരോഹണം പിതാവായ ദൈവത്തിന്റെ വലതുഭാഗത്തുപവിഷ്ഠനാകുന്ന അവിടുത്തെ രാജകീയ സ്ഥാനാരോഹണമായി പരിഗണിച്ചതുകൊണ്ടാണ്. സ്വർഗ്ഗാരോഹണത്തെത്തുടർന്ന് തനിക്ക് സ്വന്തമായുള്ളവരുടെ മേൽ ഈശോ കർത്തൃത്വം നടത്തുന്നു (നട 2:34-36; ഫിലി 2:11). ഉയർത്തപ്പെടൽ കുരിശിൽത്തന്നെ സംഭവിക്കുന്നതായി യോഹന്നാൻശ്ലീഹാ പരിഗണിക്കുന്നു. അതുകൊണ്ട് കുരിശിലുള്ള ഈശോയുടെ ഉയർത്തപ്പെടൽ ഈ സുവിശേഷത്തിൽ രക്ഷാകരവും (3:14-15; 8:23) രാജകീയവും (12:31-32) ആയി ചിത്രീകരിച്ചിരിക്കുന്നു. കുരിശിൽനിന്നും ഈശോ എല്ലാ മനുഷ്യരെയും ആകർഷിക്കുകയും എല്ലാ മനുഷ്യർക്കും രക്ഷ നല്കുകയും ചെയ്യുന്നു.

**3. യുഗാന്തസംഭവങ്ങളുടെ മുന്നാസ്വാദനം:** യുഗാന്ത്യത്തിൽ നടക്കേണ്ട പല സംഭവങ്ങളും കുരിശിൽ നടന്നതായി യോഹന്നാൻശ്ലീഹാ പരിഗണിക്കുന്നു. ഉദാഹരണത്തിന് രക്ഷ, ശിക്ഷ, ജീവൻ, വിധി, ചിതറിക്കിടക്കുന്ന ദൈവമക്കളുടെ ഒരുമിച്ചുകൂട്ടൽ തുടങ്ങിയവ. സുവിശേഷകനെ സംബന്ധിച്ചിടത്തോളം ശിക്ഷാവിധി (രക്ഷയും-ശിക്ഷയും, ജീവനും-മരണവും) പ്രകാശവും സത്യവുമായ മിശിഹായുടെ മുമ്പിൽ ഓരോരുത്തരുമെടുക്കുന്ന വിശ്വാസത്തിന്റേയോ അവിശ്വാസത്തിന്റേയോ നിലപാടുകളെ ആശ്രയിച്ചാണിരിക്കുന്നത്; നിലപാടുകൾ എടുക്കുന്ന നിമിഷംതന്നെ വിധിയുടെ അനുഭവം അവനിൽ യാഥാർത്ഥ്യമാവുകയും ചെയ്യുന്നു: "അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം, നേരത്തെതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു" (യോഹ 3:18). സുവിശേഷകന്റെ കാഴ്ചപ്പാടിൽ ഇത് ഈശോ ജീവിച്ചിരുന്ന കാലത്തുതന്നെ സംഭവിക്കുന്നു. പ്രത്യേകിച്ച് ഈശോയുടെ ഉയർത്തപ്പെടലിന്റെ 'സമയ'ത്തിന്റെ നിമിഷത്തിലും: "ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർ ഷിക്കും" (12:31-32). ചിതറിക്കിടക്കുന്ന ദൈവമക്കളുടെ ഒരുമിച്ചുകൂടലിനെപ്പറ്റിയുള്ള ജറമിയായുടെ പ്രവചനം (ജറ 31:10) പൂർത്തീകരിക്കപ്പെട്ടത് പന്തക്കുസ്താനുഭവത്തിലായിരുന്നെങ്കിൽ (2:5-11) യോഹന്നാൻസുവിശേഷകനെ സംബന്ധിച്ചിടത്തോളം ഇത് ഈശോ കുരിശിൽ ഉയർത്തപ്പെട്ടപ്പോൾത്തന്നെ പൂർത്തീകരിക്കപ്പെടുന്നു." (യോഹ 11:51 -52; 12:32).

**പീഡാനുഭവവിവരണത്തിന്റെ ഘടന:** പീഡാനുഭവവിവരണത്തെ പ്രധാനമായും 5 ഭാഗങ്ങളായി തിരിക്കാം. ഈ അഞ്ചു ഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത് ഏകകേന്ദ്രീകൃത (concentric) ഘടനയിലാണ്. ഗത്സേമൻ തോട്ടത്തിൽ വച്ചാണ് ഈശോ ബന്ധനസ്ഥനാകുന്നതെങ്കിൽ മറ്റൊരു തോട്ടത്തിലാണ് ഈശോയുടെ മൃതസംസ്ക്കാരം നടക്കുന്നത്. തോട്ടത്തിൽ തുടങ്ങി തോട്ടത്തിൽ അവസാനിക്കുന്ന പീഡാനുഭവവിവരണത്തിന്റെ കേന്ദ്രസംഭവം പീലാത്തോസിന്റെ മുമ്പിലുള്ള വിചാരണയാണ്. ആ വിചാരണയുടെ വിവരണത്തിലൂടെയാണ് ഈശോയുടെ പീഡാനുഭവത്തിന്റെ അർത്ഥം വിശദമാക്കാൻ സുവിശേഷകൻ ശ്രമിക്കുന്നത്.





1. ഈശോയെ ബന്ധിക്കുന്നു (18:1-11)
2. ഈശോ അന്നാസിന്റെ മുമ്പിൽ (18:12-27)
3. ഈശോ പീലാത്തോസിന്റെ മുമ്പിൽ (18:28-19:16[a])
4. കാൽവരിയിലെ രംഗം (19:16[b]-37)
5. ഈശോയുടെ മൃതസംസ്ക്കാരം(19:38-42)

## യോഹന്നാൻ 18:1-11, ഈശോയെ ബന്ധിക്കുന്നു

(മത്തായി 26: 47-56; മർക്കോസ് 14:43-50)

ഇതു പറഞ്ഞശേഷം ഈശോ ശിഷ്യന്മാരോടുകൂടെ കെദ്രോൺ അരുവിയുടെ അക്കരെയെത്തി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു. അവനും ശിഷ്യന്മാരും അതിൽ പ്രവേശിച്ചു" (18:1). അന്ത്യഅത്താഴത്തെ തുടർന്ന് ഈശോ കെദ്രോൺ അരുവി കടന്ന് ഗത്സേമൻ തോട്ടത്തിൽ പ്രവേശിച്ചു. പതിവായി ഈശോ പ്രാർത്ഥനയ്ക്കായി പോയിരുന്ന സ്ഥലമായിരുന്നു ഒലിവുമലയുടെ അടിവാരത്തിലുള്ള ഗത്സേമൻ തോട്ടം. കൊല്ലപ്പെടുന്ന പെസഹാക്കുഞ്ഞാടുകളുടെ രക്തം ഒഴുക്കിയിരുന്ന അരുവിയായിരുന്നു കെദ്രോൺ. ആ അരുവി കടന്നപ്പോൾ പുതിയ പെസഹാക്കുഞ്ഞാടായി കൊല്ലപ്പെടാൻ പോകുന്ന തന്റെ മരണം ഈശോ അനുസ്മരിച്ചിട്ടുണ്ടാവണം. മരണത്തെ നേരിടുന്ന ഈശോ സ്വാഭാവികമായും പ്രാർത്ഥനയിലേക്കു കടന്നിട്ടുണ്ടാവണം. യോഹന്നാൻസുവിശേഷകൻ ഗത്സേമൻ തോട്ടത്തിലെ ഈശോയുടെ പ്രാർത്ഥനാരംഗം വിവരിക്കുന്നില്ലെങ്കിലും അത് സൂചിപ്പിക്കുന്നുണ്ട്. യോഹ 12:27-30 വാക്യങ്ങൾ ഈ രംഗത്തെ അനുസ്മരിപ്പിക്കുന്നവയാണ്.

"യൂദാ ഒരു ഗണം പടയാളികളെയും പുരോഹിതപ്രമുഖന്മാരുടെയും ഫരിസേയരുടെയും അടുക്കൽ നിന്ന് സേവകരെയും കൂട്ടി പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി അവിടെയെത്തി" (18:3). പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായി തിരഞ്ഞെടുക്കപ്പെട്ട യൂദാസിന്റെ അധഃപതനം നമ്മെ ചിന്തിപ്പിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. പന്ത്രണ്ടു ശിഷ്യരിൽ നല്ല കഴിവുള്ള ഒരു വ്യക്തിയായിരുന്നിരിക്കണം യൂദാസ്. ശിഷ്യഗണത്തിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെട്ടു എന്നത് അതിന്റെ സൂചനയാണ്. അങ്ങനെയുള്ള യൂദാസ് ഈശോയെ ഒറ്റിക്കൊടുക്കുന്നവനെന്ന അവസ്ഥയിലേക്ക് എങ്ങനെ അധഃപതിച്ചു? യൂദാസിനെക്കുറിച്ച് സുവിശേഷത്തിൽ കാണുന്ന ചില പരാമർശങ്ങൾ ഇതിന്റെ പശ്ചാത്തലം വ്യക്തമാക്കുന്നുണ്ട്. യൂദാസ് വിശ്വാസമില്ലാതെ ഈശോയോടും ശിഷ്യന്മാരോടുമൊപ്പം വ്യാപരിച്ചു എന്നതാണ് ഒരു കാരണം

(യോഹ 6:64). ബാഹ്യമായി എല്ലാക്കാര്യങ്ങളിലും മറ്റു ശിഷ്യരെപ്പോലെ വ്യാപരിച്ചെങ്കിലും യഥാർത്ഥത്തിൽ ഈശോയിൽ വിശ്വസിക്കാതെയാണ് യൂദാസ് കൂടെ നടന്നത്. അധഃപതനത്തിന്റെ മറ്റൊരു കാരണം യൂദാസിന്റെ ദ്രവ്യാഗ്രഹമാണ്. യോഹ 12:4-6 വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു: "അവന്റെ ശിഷ്യന്മാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്ക്കറിയോത്താ പറഞ്ഞു: എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല? അവൻ ഇതു പറഞ്ഞത് അവന് ദരിദ്രരോട് പരിഗണനയുണ്ടായിരുന്നതുകൊ ണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയ്യിലായിരുന്നതുകൊണ്ടും, അതിൽ വീഴുന്നതിൽനിന്നും അവൻ എടുത്തിരുന്നതുകൊണ്ടുമാണ്". ദ്രവ്യാഗ്രഹം എല്ലാ തിന്മകളുടെയും മൂലകാരണമാണല്ലോ.

**സ്വയം ഏല്പ്പിച്ചുകൊടുക്കുന്ന ഈശോ 18:4-6:** തനിക്ക് സംഭവിക്കാനിരിക്കുന്നതെല്ലാം ഈശോ അറിഞ്ഞിരുന്നു. അവിടുത്തെ പൂർണ്ണ അറിവോടും സമ്മതത്തോടുംകൂടെ മാത്രമാണ് പടയാളികൾക്ക് ഈശോയെ ബന്ധിക്കാൻ കഴിഞ്ഞത് എന്ന് ഇത് വ്യക്തമാക്കുന്നു. "തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം അറിഞ്ഞിരുന്ന ഈശോ മുന്നോട്ടു വന്നു അവരോടു ചോദിച്ചു: നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?" (18:4). തന്റെ എതിരാളികളുടെ മുമ്പിൽ ധീരതയോടെ നിലകൊള്ളുവാനും സ്വാതന്ത്ര്യത്തോടെ അറസ്റ്റു വരിക്കുവാനും ഈശോയ്ക്കു കഴിഞ്ഞത് ദൈവപുത്രനടുത്ത അവിടുത്തെ ജീവിതത്തിന്റെ പ്രകാശനമാണ്. "പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ" (യോഹ 1:18) എന്നാണ് ഈശോയെ വിശേഷിപ്പിച്ചിരിക്കുന്നത്. തന്റെ പിതാവുമായി സ്നേഹത്തിന്റെയും അനുസരണയുടെതുമായ ഗാഢബന്ധം പുലർത്തിയിരുന്നതിന്റെ ഫലമായി അനുഭവിച്ച പുത്രസഹജമായ സ്വാതന്ത്ര്യമാണ് ഈ ധീരമായ നിലപാട് സ്വീകരിക്കുവാൻ ഈശോയെ പ്രാപ്തനാക്കിയത്. അജഗണങ്ങൾക്കുവേണ്ടി സ്വജീവൻ ത്യജിക്കുന്നത് ഒരേസമയം ഈശോയുടെ അനുസരണയുടെയും സ്വാതന്ത്ര്യത്തിന്റെയും പ്രകാശനമായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത് (യോഹ 10:17-18). വചനാധിഷ്ഠിതജീവിതം അഥവാ ദൈവഹിതമനുസരിച്ചുള്ള ജീവിതം നയിക്കുന്നവർ ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം അനുഭവിക്കുമെന്നുള്ളത് ഈശോയുടെ പ്രബോധനമാണ് (യോഹ 8:31-36). പിതാവിന്റെ ഹിതം നിറവേറ്റുന്നതിൽ ഈശോ നിരന്തരം ശ്രദ്ധാലുവായിരുന്നു: "ഈശോ പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4:34).

"അവർ പറഞ്ഞു: നസറായനായ ഈശോയെ. ഈശോ പറഞ്ഞു: അതു ഞാനാണ്... ഞാനാണ് എന്ന് അവൻ പറഞ്ഞപ്പോൾ അവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തു" (18:5-6). പീഡിതനായ നീതിമാന്റെ മുമ്പിൽ ശത്രുക്കൾ നിലംപതിക്കുന്നതായി സങ്കീർത്തനങ്ങളിൽ പറയുന്നത് ഇവിടെ പൂർത്തിയാകുന്നു (സങ്കീ 6:10; 35:4). അതോടൊപ്പം ഈ രംഗം ഈശോ തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന ഒരു സന്ദർഭമാണ്. നസറായനായ ഈശോയെ അന്വേഷിച്ച പടയാളികളോട് "അത് ഞാനാണ്" (ഏഗോ എയ്മി) എന്ന് അവിടുന്ന് പറയുന്നു (18:5). ഈ മറുപടി കേട്ടപ്പോൾ അവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തുവെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു (18:6). അവർ അന്വേഷിക്കുന്ന ഈശോ തന്നെയാണ് അവിടുന്ന് എന്നുള്ള ഒരർത്ഥമേ അതിനുള്ളുവെങ്കിൽ ഈ പ്രതികരണം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. "ഞാൻ ആകുന്നു" എന്ന പ്രയോഗം യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ദൈവനാമത്തെ സൂചിപ്പിക്കുന്ന ഒന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ ഇതിലൂടെ സ്വയം വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. താൻ ദൈവമാണ്, ദൈവത്തെ വെളിപ്പെടുത്തുന്നവനാണ് എന്ന് ഇത് സൂചിപ്പിക്കുന്നു. ഈശോയിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുന്നു എന്ന് ഇതു വ്യക്തമാക്കുകയാണ്. ഈശോ ഈ ലോകത്തിൽ പൂർത്തിയാക്കിയ ജോലി ദൈവത്തിന്റെ നാമം വെളിപ്പെടുത്തുക എന്നതായിരുന്നു (യോഹ 17:6). ആ ജോലിയുടെ പൂർത്തീകരണം അവിടുത്തെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും സംഭവിക്കാൻ പോകുന്നു എന്ന് ഇവിടെ യോഹന്നാൻ സൂചിപ്പിക്കുന്നു. പടയാളികളുടെ ഈ പ്രതികരണം അവർ ഈശോയെ ആരാധിക്കുന്നതിന്റെ ഭാഗമാണെന്ന് സുവിശേഷകൻ പരോക്ഷമായി സൂചിപ്പിക്കുന്നു.

മിശിഹാ ലോകത്തിലേക്കു വന്നതിന്റെ ലക്ഷ്യം ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുക എന്നതായിരുന്നു. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന, ദൈവംതന്നെയായ, ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1:18). ദൈവത്തെ മനുഷ്യകുലത്തിനു വെളിപ്പെടുത്തുന്നവനെന്ന നിലയിലാണ് ഈശോ ലോകത്തിന്റെ പ്രകാശമായി ലോകത്തിലേക്കു വന്നതും: "ഈശോ അവരോട് പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8:12). അങ്ങനെ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തിക്കൊണ്ടാണ് ഈശോ ലോകത്തെ രക്ഷിച്ചത്. രക്ഷാകരമായ ആ വെളിപ്പെടുത്തലിന്റെ നിർണ്ണായകഘട്ടത്തിലേയ്ക്ക് തന്റെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളിലൂടെ ഈശോ പ്രവേശിച്ചു.

**സ്നേഹം ആയുധമാക്കുന്നവൻ (18:10-11):** ശിമയോൻപത്രോസ് വാളൂരി പടയാളികളിൽ ഒരുവന്റെ ചെവി ഛേദിച്ചു കളഞ്ഞപ്പോൾ ഈശോ ശിമയോനെ വിലക്കുകയും ദൈവത്തിന്റെ പദ്ധതിക്ക് വിധേയപ്പെട്ട് സ്വയം അറസ്റ്റു വരിക്കുകയും ചെയ്തു. ശത്രുക്കളെ സ്നേഹിക്കുവാൻ പഠിപ്പിച്ച ഈശോ (മത്താ 5:43-48) ഇവിടെ ശത്രുസ്നേഹം പ്രാവർത്തികമാക്കുന്നു. "നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (മത്താ 5:44) എന്നു പഠിപ്പിച്ച ഈശോ കുരിശിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ചു: "പിതാവേ, അവരോടു ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). പാപികളെ സ്നേഹിച്ചതിലൂടെയാണല്ലോ ദൈവം മനുഷ്യനോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തിയത്: "എന്നാൽ, നാം പാപികളായിരിക്കെ മിശിഹാ നമുക്കുവേണ്ടി

മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ 5:8).

**വിചിന്തനം:** യൂദാസ് തന്റെ മാനുഷികതയ്ക്ക് അടിമപ്പെട്ടു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നത് നമ്മുടെ മാനുഷികതയാണ്. ഈശോ വരാനിരിക്കുന്ന തന്റെ പീഡാനുഭവത്തെപ്പറ്റി പ്രവചിച്ചപ്പോൾ അതിനെതിരായി പ്രതികരിച്ച ശിമയോനോട് പറഞ്ഞ വാക്കുകൾ ഇത് വ്യക്തമാക്കുന്നുണ്ട്: "ഈശോ തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു: സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ. നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്താ 16:23). ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കുവാനും അത് സ്വീകരിക്കുവാനും തടസ്സമായി തീർന്നത് ശിമയോന്റെ മാനുഷികതയാണ്. ദൈവത്തിന്റെ പദ്ധതിയ്ക്ക് വിരുദ്ധമായ നിലപാട് പൈശാചികമാണെന്നും 'സാത്താനേ' എന്ന സംബോധന വ്യക്തമാക്കുന്നു. ഇവിടെ യൂദാസിനെയും 'പിശാച്' എന്ന് വിശേഷിപ്പിക്കുന്നുണ്ട് (യോഹ 6:70-71). ഈശോയെ ഒറ്റിക്കൊടുക്കുവാൻ ഇറങ്ങിത്തിരിച്ച യൂദാസിൽ സാത്താൻ പ്രവേശിച്ചതായും യോഹന്നാൻ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നുണ്ട് (13:27). ദ്രവ്യാഗ്രഹവും മനുഷ്യസഹജമാണല്ലോ. മാനുഷികതയെ അതിജീവിക്കുന്നില്ലെങ്കിൽ ഇതുപോലെയുള്ള അധഃപതനം ആർക്കും ഉണ്ടാകാം. പിതാവിനോടുള്ള ബന്ധത്തിലും സ്നേഹമാണ് ഈശോ യെ ജീവിതത്തിലുടനീളം നയിച്ചത്. "പിതാവ് എനിക്കു നല്കിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ?" എന്ന ഈശോയുടെ ചോദ്യം പിതാവിനോടുള്ള അവിടുത്തെ സ്നേഹത്തിന്റെ പ്രകാശനമാണ്. പിതാവ് തനിക്കായി ഒരുക്കുന്ന സാഹചര്യങ്ങളെല്ലാം സ്നേഹത്തിൽനിന്നാണെന്ന് വിശ്വസിച്ചതുകൊണ്ടാണ് ഈ വിധത്തിൽ പിതാവിന്റെ സ്നേഹത്തിൽ നിലനില്ക്കാൻ ഈശോയ്ക്കു കഴിഞ്ഞത്. ഈശോയുടെ അനുസരണം പിതാവിനോടുള്ള അവിടുത്തെ സ്നേഹത്തിന്റെ പ്രകാശനമായിരുന്നു. മരണത്തോളം അനുസരണമുള്ളവനായിത്തീരുവാൻ ഈശോയെ പ്രേരിപ്പിച്ചത് പിതാവിനോടുള്ള അവിടുത്തെ സ്നേഹബന്ധമാണ്. അനുസരണയിലൂടെ ദൈവവുമായുള്ള സ്നേഹബന്ധത്തിൽ നിലനില്ക്കുവാൻ ഈശോ തന്റെ ശിഷ്യരെ ആഹ്വാനം ചെയ്യുന്നുണ്ട്: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (യോഹ 15:10). എല്ലാ ജീവിതസാഹചര്യങ്ങളെയും ദൈവത്തിന്റെ സ്നേഹപദ്ധതിയുടെ ഭാഗമായി കണ്ട് ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിക്കുവാൻ തയ്യാറായെങ്കിലേ ദൈവസ്നേഹത്തിൽ നിലനില്ക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. അങ്ങനെ ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധങ്ങളിൽ സ്നേഹം ആയുധമാക്കാൻ നമുക്കു കഴിയണം.





# യോഹന്നാൻ 18:28-19:16[a], ഈശോ പീലാത്തോസിന്റെ മുമ്പിൽ

പീഡാനുഭവവിവരണത്തിന്റെ ഏറ്റവും ദൈർഘ്യമേറിയതും കേന്ദ്രഭാഗവുമാണ് ഇത്. പീലാത്തോസിന്റെ കൊട്ടാരത്തിന്റെ അകത്തും പുറത്തുമായി ഏഴു ചെറിയ രംഗങ്ങളായിട്ടാണ് ഈ ഭാഗം യോഹന്നാൻ സുവിശേഷകൻ ക്രമീകരിച്ചിട്ടുള്ളത്.

രംഗം 1: കൊട്ടാരത്തിനു പുറത്ത് (18:28-32) - ഈശോയുടെ കുരിശുമരണം സൂചിപ്പിക്കപ്പെടുന്നു.

രംഗം 2: കൊട്ടാരത്തിന് അകത്ത് (18:33-38[a]) - ഈശോയും പീലാത്തോസും തമ്മിലുള്ള സംഭാഷണം. സംഭാഷണവിഷയം ഈശോയുടെ രാജത്വം. തന്റെ രാജത്വത്തിന്റെ സ്വഭാവം ഈശോ വിശദീകരിക്കുന്നു.

രംഗം 3: കൊട്ടാരത്തിനു പുറത്ത് (18:38[b]-40) - ഈശോയുടെ രാജത്വം പ്രഖ്യാപിക്കപ്പെടുന്നു. യഹൂദർ അതു തിരസ്ക്കരിക്കുന്നു.

രംഗം 4: കൊട്ടാരത്തിന് അകത്ത് (19:1-3) - ഈശോയെ പടയാളികൾ പരിഹസിക്കുന്നു. ഈശോയുടെ രാജത്വം പ്രതീകാത്മകമായി പ്രഖ്യാപിക്കപ്പെടുകയും തിരസ്ക്കരിക്കപ്പെടുകയും ചെയ്യുന്നു.

രംഗം 5: കൊട്ടാരത്തിനു പുറത്ത് (19:4-7) - "ഇതാ മനുഷ്യൻ." ഈശോ രാജാവും വിധിയാളനുമായി പ്രഖ്യാപിക്കപ്പെടുകയും യഹൂദരാൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്യുന്നു.

രംഗം 6: കൊട്ടാരത്തിന് അകത്ത് (19:8-12) - ഈശോയുടെ വിധിയാളനടുത്ത വ്യക്തിത്വം വിശദീകരിക്കപ്പെടുന്നു.

രംഗം 7: കൊട്ടാരത്തിനു പുറത്ത് (19:13-16[a]) - ഈശോയുടെ രാജത്വവും വിധിയാളനടുത്ത വ്യക്തിത്വവും പ്രഖ്യാപിക്കപ്പെടുന്നു. യഹൂദരാൽ നിർണ്ണായകമായി തിരസ്ക്കരിക്കപ്പെടുന്നു.

ഈശോയും പീലാത്തോസും യഹൂദരും ഉൾപ്പെട്ട ഒരു രാഷ്ട്രീയ വിചാരണയായാണ് അവതരിപ്പിക്കപ്പെടുന്നതെങ്കിലും യഥാർത്ഥത്തിൽ ഈശോയും യഹൂദരും തമ്മിലുള്ള നിർണ്ണായകമായ ഒരു ഏറ്റുമുട്ടലാണ് ഇവിടെ നടക്കുന്നത്. രാജാവും വിധിയാളനുമെന്ന ഈശോയുടെ വ്യക്തിത്വം വ്യക്തമായി പുറത്തുകൊണ്ടുവരികയും രാജാവും വിധിയാളനുമായ ഈശോയെ യഹൂദർ നിർണ്ണായകമായി തിരസ്ക്കരിക്കുകയും ചെയ്യുന്ന ഒരു രംഗമായാണ് ഈ ഭാഗം സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഇവിടെ ഈശോയെ രാജാവും രക്ഷകനുമായി എടുത്തുകാണിക്കുന്നു.

**രംഗം 1: കൊട്ടാരത്തിനു പുറത്ത് (18:28-32) ഈശോയുടെ കുരിശുമരണം സൂചിപ്പിക്കപ്പെടുന്നു:** ഈശോ കുരിശിൽ തറയ്ക്കപ്പെട്ടു മരിക്കേണ്ടതാണെന്ന വസ്തുത ആദ്യ രംഗം ഓർമ്മിപ്പിക്കുന്നു. വധശിക്ഷയ്ക്കുള്ള അധികാരം യഹൂദർക്കില്ലായിരുന്നു. അത് റോമൻ

ഭരണാധികാരികൾക്കുള്ളതായിരുന്നു. മാത്രമല്ല, യഹൂദരുടെ നിയമപ്രകാരം കല്ലെറിഞ്ഞു കൊല്ലുന്ന പതിവാണുണ്ടായിരുന്നത് (ലേവാ 24:16; നിയമാ 17:7). ക്രൂശിക്കൽ റോമൻ വധശിക്ഷയായിരുന്നു. അതുകൊണ്ടുകൂടെയാണ് യഹൂദർ ഈശോയെ വിസ്താരത്തിനായി പീലാത്തോസിന്റെ പക്കൽ കൊണ്ടുവന്നത്. യോഹന്നാന്റെ സുവിശേഷം പ്രതീകങ്ങൾക്ക് പ്രാധാന്യം നല്കുന്ന ഒരു സുവിശേഷമാണ്. ഈശോയെ പീലാത്താസിന്റെ പക്കലേക്കു കൊണ്ടുപോയത് പുലർച്ചയായപ്പോഴാണ് (18:28) എന്ന പ്രസ്താവനയിൽ പ്രതീകാത്മകമായ ഒരു അർത്ഥമുണ്ട്. ഈശോ ലോകത്തിന്റെ പ്രകാശമാണ് എന്നത് ഇതിലൂടെ സൂചിപ്പിക്കപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ പ്രകാശമാണെന്നത് പലപ്രാവശ്യം പ്രഖ്യാപിക്കപ്പെടുന്നുണ്ട് (8:12; 9:4–5). ആരും കണ്ടിട്ടില്ലാത്ത ദൈവത്തെ ലോകത്തിന് കാണിച്ചു കൊടുക്കുന്നവനെന്ന നിലയിലാണ് ഈശോ ലോകത്തിന്റെ പ്രകാശമാകുന്നത്. തന്റെ ജീവിതത്തിലൂടെയാണ് താൻ ലോകത്തിന്റെ പ്രകാശമായതെന്ന് ഈശോ തന്നെ പറയുന്നുണ്ട്. ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുന്ന സന്ദർഭത്തിൽ അവിടുന്ന് പറയുന്നു: "എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലി ചെയ്യാൻ കഴിയാത്ത രാത്രി വരുന്നു. ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (9:4–5). ഈലോകജീവിതത്തിന്റെ പൂർത്തീകരണമാണ് മരണം. ജീവിച്ചിരുന്നപ്പോൾ തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ജീവിതത്തിലൂടെയും സ്നേഹമാകുന്ന ദൈവത്തെ അവിടുന്ന് ലോകത്തിനു വെളിപ്പെടുത്തി. ഇപ്പോൾ പീലാത്തോസിന്റെ വിധിതീർപ്പിലൂടെ ഈശോയുടെ മരണം നിശ്ചയിക്കപ്പെടും. മനുഷ്യകുലം മുഴുവനുംവേണ്ടി സ്വജീവിതം അർപ്പിക്കുന്നതിലൂടെ സ്നേഹമാകുന്ന ദൈവം നിർണ്ണായകമാംവിധം ലോകത്തിന് വെളിപ്പെടുത്തപ്പെടും.

"അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേ ണ്ടതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല" (18:28[b]). ഈശോയുടെ കുരിശുമരണദിവസത്തെ സംബന്ധിച്ച് യോഹന്നാൻശ്ലീഹായുടെ സുവിശേഷവും സമാന്തരസുവിശേഷങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. സമാന്തരസുവിശേഷങ്ങളിൽ ഈശോ പെസഹാതിരുനാളിൽ ശിഷ്യരോടൊന്നിച്ച് പെസഹാഭക്ഷണം കഴിച്ചതിനുശേഷമാണ് പീഡാനുഭവത്തിലേക്കു കടന്നത്. എന്നാൽ യോഹന്നാൻ സുവിശേഷകന്റെ വിവരണമനുസരിച്ച് ഈശോ പീലാത്തോസിന്റെ മുമ്പിൽ ആനയിക്കപ്പെടുമ്പോൾ പെസഹാഭക്ഷണം നടന്നിട്ടില്ല. ചരിത്രപരമായി ഏതു വിവരണമാണ് ശരിയായിട്ടുള്ളതെന്നത് ബൈബിൾ പണ്ഡിതരുടെയിടയിൽ തർക്കവിഷയമാണ്. ഒരു കാര്യം തീർച്ചയാണ്. സുവിശേഷകന്മാരുടെ ദൈവശാസ്ത്രപരമായ ഊന്നലുകളാണ് ഈ വ്യത്യാസത്തിനടിസ്ഥാനം. സമാന്തരസുവിശേഷങ്ങൾ പെസഹാ അത്താഴത്തിനും പരിശുദ്ധകുർബാന സ്ഥാപനത്തിനും പ്രാധാന്യം നല്കുമ്പോൾ യോഹന്നാൻശ്ലീഹാ ഈശോയുടെ മരണത്തിനാണ് പ്രാധാന്യം നല്കുന്നത്. പെസഹാകുഞ്ഞാടുകൾ ജറുസലേം ദൈവാലയത്തിൽ കൊല്ലപ്പെടുന്ന സമയത്തുതന്നെ പുതിയ പെസഹാക്കുഞ്ഞാടായ ഈശോ കുരിശിൽ കൊല്ലപ്പെടുന്നു എന്ന് കാണിക്കുവാനുള്ള യോഹന്നാൻസുവിശേഷകന്റെ പരിശ്രമമാണ് ഈ വ്യത്യാസത്തിനു കാരണം.





യഹൂദർ ഈശോയെ പീലാത്തോസിന് ഏല്പിച്ചു കൊടുത്തത് അവിടുത്തെ ബോധപൂർവ്വം കൊലപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. വധശിക്ഷയ്ക്കർഹമായ ഒരു കുറ്റാരോപണമാണ് പീലാത്തോസിന്റെ മുമ്പിൽ അവർ നടത്തിയത്–'സ്വയം രാജാവാകുക'. ഇതിന് യാതൊരു അടിസ്ഥാനവും ഇല്ലായിരുന്നു. പ്രധാന പുരോഹിതന്റെ മുമ്പിൽ അവർ ഈശോയിൽ ആരോപിച്ചത് ദൈവദൂഷണമായിരുന്നു എന്നാൽ അത് പീലാത്തോസിന്റെ മുമ്പിൽ വധശിക്ഷയ്ക്ക് കാരണമാകുകയില്ല എന്ന ബോദ്ധ്യത്തിലായിരിക്കണം ഈ ആരോപണവുമായി അവർ പീലാത്തോസിനെ സമീപിച്ചത്. ഇവിടെ യഹൂദർ സത്യം വളച്ചൊടിക്കുകയാണ്. അതുപോലെ തന്നെ അവർ ദൈവത്തിന്റെ രാജത്വത്തെ നിഷേധിക്കുകയും ചെയ്യുന്നു. 'നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ' എന്നു പീലാത്തോസ് ചോദിച്ചപ്പോൾ പുരോഹിതപ്രമുഖന്മാർ പറഞ്ഞു: "സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല" (19:15). ദൈവം മാത്രമാണ് രാജാവ് എന്ന നിലപാടിലായിരുന്ന യഹൂദജനത (1 സാമു 12:12; ന്യായാ 8:23) ദൈവത്തിന്റെ രാജത്വം നിഷേധിക്കുന്നു. ഇതിന്റെയെല്ലാം കാരണം അവർക്ക് ഈശോയോടുള്ള കടുത്ത വിദ്വേഷവും വെറുപ്പുമായിരുന്നു.

മറുവശത്ത് നാം ദർശിക്കുന്നത് യഹൂദപ്രമാണികളുടെ മതനിഷ്ഠയാണ്: "അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല" (18:28). ഒരേ സമയം മതതീക്ഷ്ണതയും മനുഷ്യവിദ്വേഷവും വച്ചു പുലർത്തുന്ന സ്ഥിതിവിശേഷം! "ഈ മനുഷ്യനെതിരെ എന്താരോപണമാണ് നിങ്ങൾ കൊണ്ടുവരുന്നത്?" (18:29) എന്നു പീലാത്തോസ് ചോദിച്ചപ്പോൾ, അവർ പറഞ്ഞു: "ഇവൻ തിന്മ പ്രവർത്തിക്കുന്നവനല്ലെങ്കിൽ ഞങ്ങൾ ഇവനെ നിനക്കേല്പിച്ചു തരികയില്ലായിരുന്നു" (18:30). 'നിങ്ങൾത്തന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ച് വിധിച്ചുകൊള്ളുവിൻ' എന്നു പീലാത്തോസ് പറഞ്ഞപ്പോൾ 'ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ അനുവദിക്കുന്നില്ല' എന്നാണ് അവർ മറുപടി പറഞ്ഞത് (18:31). ഈശോയെ വധിക്കണം എന്ന ഒരു ലക്ഷ്യം മാത്രമാണ് ഇവിടെ യഹൂദരിൽ കാണുക. ഒരേ സമയം മതനിഷ്ഠയും കടുത്ത വിദ്വേഷവും വച്ചു പുലർത്തുന്ന പ്രതീതിയാണ് ഈ രംഗം നല്കുന്നത്.

**രംഗം 2: കൊട്ടാരത്തിന് അകത്ത് (18:33–38[a]) – ഈശോയുടെ രാജത്വത്തിന്റെ സ്വഭാവം:** "പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് ഈശോയെ വിളിച്ച് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ?" (18:33). റോമൻ ഭരണകൂടത്തിന് ഭീഷണിയുയർത്തുന്ന ഒരു ആരോപണമായിരുന്നു യഹൂദർ ഈശോയിൽ ആരോപിച്ചത്. അതുകൊണ്ടാണ് പീലാത്തോസ് രാജത്വത്തെപ്പറ്റി ചോദ്യം ചെയ്യുന്നത്. പക്ഷേ, തന്റെ രാജ്യം ഐഹികമല്ല എന്ന് ഈശോ വ്യക്തമായി പറഞ്ഞു (18:36). അതുകൊണ്ട് അത് റോമൻ അധികൃതർക്ക് ഒരു ഭീഷണിയുമാകുന്നില്ല. "അവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല" (18:38) എന്ന് പീലാത്തോസ് പറയാൻ കാരണവും അതുതന്നെയാണ്. ഈ പശ്ചാത്തലത്തിൽ തന്റെ

രാജത്വത്തിന്റെ സ്വഭാവം ഈശോ വ്യക്തമാക്കുകയാണ് (18:37). സത്യത്തിന് സാക്ഷ്യം നല്കുക എന്നതാണ് അവിടുത്തെ രാജത്വത്തിന്റെ സ്വഭാവം. 'സത്യം' എന്നത് 'വചനം' അഥവാ 'ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ' ആണ് (17:17). ഈശോ ലോകത്തിലേക്കു വന്നത് ദൈവത്തെ ലോകത്തിനു വെളിപ്പെടുത്താൻ വേണ്ടിയാണ് (1:18). ഈശോയിലൂടെയുള്ള ഈ വെളിപ്പെടുത്തൽ സ്വീകരിച്ച് അതിന് വിശ്വാസത്തിലൂടെ ക്രിയാത്മകമായി പ്രത്യുത്തരിക്കുന്നവരാണ് തന്റെ രാജ്യത്തിലെ അംഗങ്ങൾ എന്ന് ഈ ശോ ഇവിടെ വ്യക്തമാക്കുന്നു.

**രംഗം 3: കൊട്ടാരത്തിനു പുറത്ത് (18:38b-40) ഈശോയുടെ രാജത്വം പ്രഖ്യാപിക്കപ്പെടുന്നു:** ഈശോയിൽ ഒരു കുറ്റവും കാണുന്നില്ല എന്നും പെസഹാദിവസം ഒരു തടവുകാരനെ വിട്ടുകൊടുക്കുന്ന പതിവനുസരിച്ച് യഹൂദരുടെ രാജാവായ ഈശോയെ വിട്ടുകൊടുക്കട്ടെയോ എന്നും പീലാത്തോസ് കൊട്ടാരത്തിനു പുറത്തിറങ്ങി അവരോടു പറഞ്ഞു. ഇതിലൂടെ പീലാത്തോസ് യഹൂദരുടെ മുമ്പിൽ ഈശോയുടെ രാജത്വം പ്രഖ്യാപിക്കുകയായിരുന്നു. എന്നാൽ യഹൂദർ ഈ മനുഷ്യനെ അല്ല, കൊള്ളക്കാരനായ ബറാബ്ബാസിനെ എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു (18:38b-40). ഇപ്രകാരം പീലാത്തോസിനാൽ പ്രഖ്യാപിക്കപ്പെട്ട ഈശോയുടെ രാജത്വം യഹൂദരാൽ തിരസ്ക്കരിക്കപ്പെടുന്നു. ഈശോയുടെ രാജത്വവും മെശയാനികതയും യഹൂദരുടെ പ്രതീക്ഷയ്ക്ക് അനുസൃതമായിരുന്നില്ല. ഒരു രാഷ്ട്രീയ വിമോചകനെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. അതിനാലാണ് അവർ ഈശോയെ തിരസ്ക്കരിച്ച് ബറാബ്ബാസിനെ മോചിപ്പിക്കുവാൻ ആവശ്യപ്പെട്ടത്.

ഈശോ നിരപരാധിയാണെന്ന സത്യം അറിഞ്ഞിട്ടും ആ സത്യത്തെ സ്വീകരിക്കുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനും പീലാത്തോസ് തയ്യാറായില്ല. "സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു" എന്ന ഈശോയുടെ വാക്കുകൾ പീലാത്തോസിന് ഒരു വെല്ലുവിളിയായിരുന്നു. എന്നാൽ ആ വെല്ലുവിളി സ്വീകരിക്കുവാൻ പീലാത്തോസിനു കഴിഞ്ഞില്ല. തന്റെ സ്ഥാനമാനങ്ങൾക്ക് കോട്ടം സംഭവിക്കാമെന്ന ആശങ്കയായിരിക്കണം പീലാത്തോസിനെ ഭരിച്ചത്. ഈശോയെയും ബറാബ്ബാസിനെയും വച്ച് വിലപേശുവാൻ പീലാത്തോസ് തയ്യാറായി. പെസഹാദിവസം ഒരു തടവുകാരനെ വിട്ടുകൊടുക്കുന്ന പതിവിന്റെ മറവിൽ ഈശോയെ രക്ഷിക്കുവാൻ പീലാത്തോസ് പരിശ്രമിച്ചു. എന്നാൽ ആ പരിശ്രമം പരാജയപ്പെട്ടു.

ബറാബ്ബാസിന് പിന്നീട് എന്തു സംഭവിച്ചു എന്ന് യോഹന്നാൻ പറയുന്നില്ല. വി. മർക്കോസിന്റെ സുവിശേഷം ബറാബ്ബാസിന്റെ മോചനത്തെപ്പറ്റി പറയുന്നുണ്ട്: "പീലാത്തോസ് ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻ തീരുമാനിച്ചുകൊണ്ട് ബറാബ്ബാസിനെ അവർക്ക് വിട്ടുകൊടുക്കുകയും ഈശോയെ ചമ്മട്ടികൊണ്ടടിപ്പിച്ചതിനുശേഷം ക്രൂശിക്കാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു" (15:15). വിടുതലിനുശേഷം പിന്നീട് ബറാബ്ബാസിനെപ്പറ്റി ആരും ഒന്നും പറയുന്നില്ല. ഈ പശ്ചാത്തലത്തിൽ ബറാബ്ബാസിനെപ്പറ്റി പല കഥകളും പിന്നീട് ചമയ്ക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്ന് അവന്റെ മാനസാന്തരമാണ്. തടവിൽനിന്നുള്ള തന്റെ വിമോചനം





ഈശോയിലൂടെയാണ് സംഭവിച്ചത് എന്നു മനസ്സിലാക്കിയ ബറാബ്ബാസ് അവിടുത്തെ അനുധാവനം ചെയ്തു. കാൽവരിയിൽ തന്റെ സ്ഥാനത്ത് കുരിശിൽ തറയ്ക്കപ്പെട്ട ഈശോയുടെ മരണം അവന്റെ ഹൃദയത്തെ സ്പർശിച്ചു. അതിന്റെ ഫലമായി ബറാബ്ബാസ് തന്റെ ചെയ്തികളെക്കുറിച്ച് അനുതപിക്കുകയും മിശിഹായുടെ അനുഗാമികളിൽ ഒരുവനായിത്തീരുകയും ചെയ്തു. ഇത് ശരിയോ തെറ്റോ ആയിരിക്കാം. എന്നാൽ ഒന്നു തീർച്ചയാണ്. ഈശോ മരിച്ചത് ബറാബ്ബാസിനുവേണ്ടിക്കൂടിയാണ്. ഇത് വി. പൗലോസിന്റെ പ്രസ്താവനയെ ഓർമ്മിപ്പിക്കുന്ന ഒരു സംഭവമാണ്: "എന്റെ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2:20).

**രംഗം 4: കൊട്ടാരത്തിന് അകത്ത് (19:1-3) ഈശോയുടെ രാജത്വത്തിന്റെ പ്രതീകാത്മക പ്രഖ്യാപനം:** പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട ഈശോ നേരിടേണ്ടി വന്ന റോമൻ വിചാരണയുടെ രണ്ടാം ഭാഗമാണ് 19-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത് (1-16a). ഈ ഭാഗത്ത് ഈശോ വിചാരണ ചെയ്യപ്പെടുക മാത്രമല്ല, സഹനത്തിന്റെ വിവിധ തലങ്ങളിലൂടെ കടന്നുപോകേണ്ടിയും വരുന്നു - ചമ്മട്ടികൊണ്ട് അടിക്കപ്പെടുന്നു; മുൾക്കിരീടം അണിയിക്കപ്പെടുന്നു; പരിഹസിക്കപ്പെടുന്നു; കുരിശിൽ തറയ്ക്കപ്പെടാൻ വിട്ടുകൊടുക്കപ്പെടുന്നു. ഇതിലൂടെ പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട സഹനദാസന്റെ ചിത്രം ഈശോയിൽ അന്വർത്ഥമാകുന്നു. ഈശോയുടെ പീഡാനുഭവം ആദിമസഭ മനസ്സിലാക്കിയത് പഴയനിയമലിഖിതങ്ങളിലൂടെയാണ്. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് ഉത്ഥിതനായ ഈശോ നിയമത്തിന്റെയും പ്രവാചകന്മാരുടെയും വെളിച്ചത്തിൽ തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പൊരുൾ മനസ്സിലാക്കി കൊടുത്തത്, ആദിമസഭ ഈശോയുടെ പീഡാനുഭവത്തെ മനസ്സിലാക്കിയതിന്റെ ഒരു പ്രതീകമാണ്. അവിടുത്തെ പീഡാനുഭവവും മരണവും ഉയിർപ്പും ശരിയായവിധം സഭ മനസ്സിലാക്കിയത് പഴയനിയമലിഖിതങ്ങളുടെ പശ്ചാത്തലത്തിലാണ്. പ്രത്യേകിച്ച്, 22-ാം സങ്കീർത്തനത്തിൽ വിവരിക്കുന്ന നീതിമാന്റെയും ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്ന സഹനദാസന്റെയും (50; 52:13-53) ചിത്രങ്ങളാണ് ഈശോയുടെ പീഡാനുഭവത്തെ അവതരിപ്പിക്കുവാൻ ആദിമസഭയ്ക്ക് നിർണ്ണായകമായത്.

പീലാത്തോസ് കൊട്ടാരത്തിനകത്തു പ്രവേശിച്ച് ഈശോയെ ചമ്മട്ടികൊണ്ടടിക്കാൻ പടയാളികളെ ഏല്പിച്ചു. പടയാളികൾ ചമ്മട്ടി കൊണ്ടടിക്കുകയും ഒരു മുൾക്കിരീടമുണ്ടാക്കി ഈശോയുടെ തലയിൽ വയ്ക്കുകയും ചെയ്തു (19:1). അവർ ഈശോയെ ചെമന്ന മേലങ്കി ധരിപ്പിക്കുകയും 'യഹൂദരുടെ രാജാവേ സ്വസ്തി' എന്നുപറഞ്ഞ് കൈകൊണ്ട് പ്രഹരിക്കുകയും ചെയ്തു. ഇവിടെ വീണ്ടും ഈശോയുടെ രാജത്വം പ്രതീകാത്മകമായി പ്രഖ്യാപിക്കപ്പെടുകയാണ്. അതോടൊപ്പം തിരസ്ക്കരിക്കപ്പെടുകയും ചെയ്യുന്നു.

പീലാത്തോസിന്റെ കല്പനപ്രകാരം ചമ്മട്ടിയടിയേൽക്കുന്ന ഈശോ

ഏശയ്യായുടെ പ്രവചനത്തിലെ സഹനദാസനാണ്: "അടിച്ചവർക്ക് പുറവും താടിമീശ പറിച്ചവർക്ക് കവിളുകളും ഞാൻ കാണിച്ചുകൊടുത്തു. നിന്ദയിൽനിന്നും തുപ്പലിൽനിന്നും ഞാൻ മുഖം തിരിച്ചില്ല" (ഏശ 50:6). ഈശോയുടെ പീഡാനുഭവം നേരിൽ കണ്ടതുപോലെയാണ് പ്രവാചകൻ വിവരിക്കുന്നത്. ഇതുകൊണ്ടായിരിക്കാം ഏശയ്യാപ്രവാചകനെ 'അഞ്ചാം സുവിശേഷകൻ' എന്നു വിളിക്കാറുള്ളത്. സഹനത്തിനും നിന്ദനത്തിനും മദ്ധ്യേ സ്നേഹം കൈവെടിയാതെ മുന്നോട്ടു നീങ്ങുന്ന ഈശോയെയാണ് നാമിവിടെ ദർശിക്കുക. അവിടുത്തെ ജീവിതവും മരണവും ഒരു സ്നേഹബലിയർപ്പണമായിരുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള സ്നേഹമാണ് ഈ പാപപരിഹാരബലിയർപ്പിക്കാൻ അവിടുത്തെ പ്രേരിപ്പിച്ചത്.

ദൈവത്തോടുള്ള ഈശോയുടെ സ്നേഹമാണ് ഈ സഹനം ഏറ്റെടുക്കുവാൻ അവിടുത്തെ പ്രേരിപ്പിച്ചത്. ഇതിന്റെ സൂചനകൾ സഹനദാസന്റെ കീർത്തനത്തിൽ നമുക്കു കാണുവാൻ കഴിയും: "പരിക്ഷീണനന് ആശ്വാസം നല്കുന്ന വാക്ക് ദൈവമായ കർത്താവ് ശിഷ്യനെയെന്നപോലെ എന്നെ അഭ്യസിപ്പിച്ചു. പ്രഭാതംതോറും അവിടുന്ന് എന്റെ കാതുകളെ ശിഷ്യനെയെന്നപോലെ ഉണർത്തുന്നു. ദൈവമായ കർത്താവ് എന്റെ കാതുകൾ തുറന്നു. ഞാൻ എതിർക്കുകയോ പിൻമാറുകയോ ചെയ്തില്ല" (എശ 50:4-5). പീഡനങ്ങളുടെ മദ്ധ്യേ ശ്രവണാത്മകപ്രാർത്ഥനാമനോഭാവത്തോടെ ദൈവഹിതത്തിന് കാതോർക്കുന്ന ഒരു നിലപാടാണ് ഈശോ പുലർത്തിയിരുന്നത്. തന്റെ പിതാവുമായുള്ള പുത്രനടുത്ത ബന്ധമാണ് പീഡാനുഭവവേളയിലുടനീളം ഈശോയെ നയിച്ചിരുന്നത്. കുരിശിൽ കിടന്നുകൊണ്ടുള്ള പ്രാർത്ഥനയിൽ ആദ്യത്തേതും അവസാനത്തേതും പിതാവിനെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്: "പിതാവേ, അവരോടു ക്ഷമിക്കണമേ. അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34); "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23:46). പിതാവിനോടുള്ള സ്നേഹത്തിന്റെ അനുസരണമാണ് പീഡനങ്ങളുടെ മദ്ധ്യേ ഈശോ അഭ്യസിച്ചത്.

"അവർ അവന്റെ അടുക്കൽ വന്ന് യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് കൈകൊണ്ട് അവനെ പ്രഹരിച്ചു" (19:3). പീഡാനുഭവവേളയിൽ ഒരു പരിഹാസവർഷംതന്നെ ഈശോയുടെമേൽ ഉണ്ടായി. റോമൻ ഗവർണ്ണരായിരുന്ന പീലാത്തോസ് ഈശോയെ പരിഹാസത്തിന് വിധേയനാക്കി. "ഹേറോദേസ് പടയാളികളോടു ചേർന്ന് അവനോട് നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു. അവൻ ഈശോയെ പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് പീലാത്തോസിന്റെ അടുത്തേക്കു തിരിച്ചയച്ചു" (ലൂക്കാ 23:11). എശയ്യാപ്രവാചകനിലെ സഹനദാസന്റെ ചിത്രമാണ് ഇവിടെയും അന്വർത്ഥമാവുക: "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു" (എശ 53:3). സഹനദാസനായ ഈശോ ഈ പരിഹാസമെല്ലാം ക്ഷമയോടെ സഹിച്ചത് ദൈവഹിതത്തിനു വിധേയമായി മാത്രമല്ല, മനുഷ്യരുടെ പാപപരിഹാരത്തിനുവേണ്ടിക്കൂടിയാണ്. ഇതും ഏശയ്യാപ്രവാചകൻ വ്യക്തമാക്കുന്നുണ്ട്: "നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ ദൈവം അവനെ പ്രഹരിക്കുകും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പ്പിപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേല്പ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ 53:4-6). സഹനദാസന്റെ സഹനത്തിന് വികാരിയ്ക്കടുത്ത സഹനം (Vicarious Suffering) എന്നാണ് പറയുക. മറ്റൊരാൾക്കു പകരം സഹിക്കുക എന്നാണ് ഇതിന്റെ അർത്ഥം. മനനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായിട്ടാണ് ഈശോ ഈ സഹനങ്ങളിലൂടെ കടന്നു പോയത്.





ഈശോയുടെ പീഡാസഹനം മുഴുവൻ പിതാവിന്റെ സന്നിധിയിലുള്ള ഒരു പ്രാർത്ഥനയായിട്ടാണ് ഹെബ്രായലേഖനം അവതരിപ്പിക്കുന്നത്: "തന്റെ ഐഹികജീവിതകാലത്ത് മിശിഹാ മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയംമൂലം അവന്റെ പ്രാർത്ഥന കേട്ടു" (ഹെബ്രാ 5:7). ഇത് വെറും പ്രാർത്ഥനയല്ല; പുരോഹിതപരമായ പ്രാർത്ഥനയാണ്. ഈശോയുടെ പൗരോഹിത്യത്തെപ്പറ്റി പറയുന്ന പശ്ചാത്തലത്തിലാണ് ഈ പ്രാർത്ഥനയെപ്പറ്റി പരാമർശിക്കുന്നത്: "അവിടുന്നു വീണ്ടും പറയുന്നു: മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്" (ഹെബ്രാ 5:6). "എന്തെന്നാൽ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം അവൻ പ്രധാനപുരോഹിതനായി ദൈവത്താൽ നിയോഗിക്കപ്പെട്ടു" (ഹെബ്രാ 5:10). ഈശോയുടെ പീഡാനുഭവം മുഴുവനും നിത്യപുരോഹിതനെന്ന നിലയിൽ ദൈവത്തിന്റെ മുമ്പിൽ മനുഷ്യർക്കുവേണ്ടി അവിടുന്ന് അർപ്പിച്ച പാപപരിഹാരബലിയായിരുന്നു. വി. പൗലോസ്ശ്ലീഹാ മിശിഹായുടെ ജീവിതബലിയർപ്പണത്തെ പാപപരിഹാരബലിയായി വിശേഷിപ്പിക്കുന്നുണ്ട്: "വിശ്വാസംവഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചുതന്നു" (റോമാ 3:25). പഴയനിയമത്തിൽ ഉടമ്പടിയും കൂടാരത്തിന്റെ മുകൾഭാഗത്ത് ബലിരക്തം ഒഴിച്ച് പുരോഹിതൻ പാപപരിഹാരബലിയർപ്പിച്ചതുപോലെ നിത്യപുരോഹിതനായ ഈശോ മനുഷ്യരുടെ പാപങ്ങൾ ഏറ്റെടുത്ത് തന്റെ സ്വന്തം രക്തം -പീഡാനുഭവം- പിതാവിന്റെ മുമ്പിൽ സമർപ്പിച്ച് പാപപരിഹാരബലിയർപ്പിക്കുകയാണ്. അതിലൂടെ നാം പാപത്തിൽനിന്നും മോചിതരായി വിശുദ്ധീകരിക്കപ്പെടുന്നു.

**രംഗം 5: കൊട്ടാരത്തിന് പുറത്ത് (19:4-7) - ഈശോ രാജാവും വിധിയാളനുമെന്ന പ്രഖ്യാപനം:** പീലാത്തോസ് ഈശോയുമായി പുറത്തുവരുന്നു. മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് ഈശോ പുറത്തേയ്ക്കു വന്നു (19:5). രാജത്വത്തിന്റെ അടയാളങ്ങളാണ് കിരീടവും മേലങ്കിയും. അതോടൊപ്പം പീലാത്തോസ് ഈശോയെ കാണിച്ചുകൊണ്ടു പറയുന്നു: "ഇതാ മനുഷ്യൻ". തന്റെ അധികാരത്തിനു ഭീഷണിയാകുമെന്ന് യഹൂദന്മാർ പറഞ്ഞ ഈശോയുടെ നിസ്സഹായാവസ്ഥ

പീലാത്തോസ് എടുത്തുകാണിക്കുകയാണ്. അതോടൊപ്പം ഈശോയുടെ നിഷ്ക്കളങ്കതയും ഇതിലൂടെ പീലാത്തോസ് പ്രഖ്യാപിക്കുകയാണ്. ഈ പ്രഖ്യാപനത്തിൽ അറിയാതെയാണെങ്കിലും പീലാത്തോസ് പഴയനിയമത്തിലെ ഒരു പ്രഖ്യാപനം അനുസ്മരിപ്പിക്കുന്നു. സാവൂളിനെ സാമുവേലിന്റെ മുമ്പിൽ കൊണ്ടുവന്നുകൊണ്ട് കർത്താവ് പറഞ്ഞ വാക്കുകൾ ഇവിടെ അനുസ്മരിക്കപ്പെടുന്നു: "സാവൂൾ സാമുവേലിന്റെ ദൃഷ്ടിയിൽ പെട്ടപ്പോൾ കർത്താവ് സാമുവേലിനോടു പറഞ്ഞു: ഞാൻ നിന്നോടു പറഞ്ഞ മനുഷ്യൻ ഇവനാണ്. എന്റെ ജനത്തെ ഭരിക്കുന്നവൻ ഇവൻതന്നെ" (1 സാമു 1:17). 'ഇതാ മനുഷ്യൻ' എന്ന പ്രഖ്യാപനം ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ കാണുന്ന മനുഷ്യപുത്രനെക്കുറിച്ചുള്ള പ്രവചനത്തെയും ഓർമ്മിപ്പിക്കുന്നു: "നിശാദർശനത്തിൽ ഞാൻ കണ്ടു. ഇതാ വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു... എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്ത്വവും രാജത്വവും അവനു നല്കി" (ദാനി 7:13-14). ദാനിയേൽ കണ്ട ഈ മനുഷ്യപുത്രൻ വിധിയാളനായ മിശിഹായുടെ മുന്നോടിയാണ് (മത്താ 25:31-46). അതുകൊണ്ട് പീലാത്തോസ് ഇവിടെ ഈശോയെ രാജാവും വിധിയാളനുമായി പ്രഖ്യാപിക്കുകയാണ്. എന്നാൽ ഇതിന് യഹൂദരുടെ ഭാഗത്തുനിന്ന് "അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക" എന്ന പ്രതികരണമാണ് ലഭിച്ചത് (19:6). "അപ്പോൾ പീലാത്തോസ് പറഞ്ഞു: നിങ്ങൾത്തന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ. എന്തെന്നാൽ ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" (16:6). ക്രൂശിക്കൽ റോമൻ ഭരണാധികാരികളുടെ അധികാരപരിധിയിൽ മാത്രം പെട്ടതാണെന്ന് അറിയാമായിരുന്നിട്ടും തന്റെ ഈ വാക്കുകളിലൂടെ പീലാത്തോസ് ഈശോയുടെ നിഷ്ക്കളങ്കത ഒരിക്കൽക്കൂടി പ്രഖ്യാപിക്കുകയാണ്. തങ്ങൾ ഈശോയിൽ ആരോപിച്ച രാഷ്ട്രീയ കുറ്റാരോപണം വിലപ്പോകില്ലെന്നു കണ്ടപ്പോൾ ഈശോയെ കൊല്ലുവാൻ അവർ ആഗ്രഹിച്ചതിന്റെ യഥാർത്ഥ കാരണം യഹൂദർ തുറന്നുപറയുന്നു. ഈശോ തന്നെത്തന്നെ ദൈവപുത്രനായി അവതരിപ്പിച്ചത് (യോഹ 10:36) ദൈവദൂഷണമായി അവർ കരുതി (8:56-59; 10:33). ദൈവദൂഷണം പറയുന്നവരെ കല്ലെറിയണമെന്ന നിയമമാണ് (ലേവാ 24:16) അവർ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

**രംഗം 6: കൊട്ടാരത്തിന് അകത്ത് (19:8-12) - ഈശോ വിധിയാളൻ:** "ഈശോ പ്രതിവചിച്ചു: ഉന്നതത്തിൽനിന്നു നല്കിപ്പെട്ടില്ലായിരുന്നുവെങ്കിൽ എന്റെമേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല" (19:11). തന്റെ ചോദ്യത്തിന് മറുപടിയൊന്നും പറയാതിരുന്നപ്പോൾ തനിക്ക് ഈശോയുടെ മേലുള്ള വിധിയാളനടുത്ത അധികാരത്തെപ്പറ്റി പീലാത്തോസ് ഈശോയെ ഓർമ്മിപ്പിച്ചു: "പീലാത്തോസ് ചോദിച്ചു: നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ?" (19:10). ഇതിനു മറുപടിയായി ഈശോ പറയുന്ന വാചകമാണ് മേലുദ്ധരിച്ചത്. പീലാത്തോസ് ഈശോയുടെമേൽ പ്രയോഗിക്കുന്ന അധികാരം തന്റെ പിതാവിൽനിന്നാണ് എന്ന് ഈശോ അയാളെ ഓർമ്മിപ്പിക്കുന്നു. ഇതിലൂടെ, അധികാരമെല്ലാം ദൈവത്തിൽനിന്നാണ് (റോമാ 13:1) എന്ന പൊതുതത്ത്വം





ഈശോ പീലാത്തോസിനെ അനുസ്മരിപ്പിക്കുകയല്ല. മറിച്ച്, പീലാത്തോസിലൂടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിചാരണയുടെയും വിധിയുടെയും പിന്നിൽ പൂർത്തിയാകുന്നത് തന്റെ പിതാവിന്റെ രക്ഷാപദ്ധതിയാണ് എന്ന് സൂചിപ്പിക്കുകയാണ്. പിതാവായ ദൈവം മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനായും രക്ഷയ്ക്കായും തന്റെ പുത്രനെ ബലിയർപ്പിക്കുവാൻ തിരുമനസ്സായതുകൊണ്ടാണ് ഇപ്പോൾ പീലാത്തോസിന് ഈശോയുടെമേൽ ഈ അധികാരം കൈവന്നിരിക്കുന്നത് എന്നു പ്രഖ്യാപിക്കുകയാണ്. മാത്രമല്ല, ദൈവപിതാവിന്റെ രക്ഷാപദ്ധതിയോട് പുത്രൻ എന്ന നിലയിൽ താൻ സഹകരിക്കുന്നതുകൊണ്ടുകൂടെയാണ് തന്റെമേൽ അധികാരം പ്രയോഗിക്കുവാൻ പീലാത്തോസിന് കഴിയുന്നത് എന്നും ഇവിടെ സൂചനയുണ്ട്. പിതാവും താനും നല്കിയിരിക്കുന്ന അധികാരമാണ് പീലാത്തോസ് ഇപ്പോൾ പ്രാവർത്തികമാക്കുന്നത് എന്ന് ഇതിലൂടെ വ്യക്തമാക്കുന്നു. ആകയാൽ ആത്യന്തികമായി താൻതന്നെയാണ് വിധിയാളൻ എന്ന് ഈശോ പീലാത്തോസിന്റെ മുമ്പിൽ പ്രഖ്യാപിക്കുകയാണ്. തന്റെ ജീവൻ എടുക്കാനും കൊടുക്കാനും ഈശോയ്ക്ക് അധികാരമുള്ളതുകൊണ്ട് ഈശോയുടെ വിധിയാളനടുത്ത അധികാരമാണ് ഇവിടെ പീലാത്തോസ് പ്രായോഗികമാക്കുന്നത്.

**അനുസരണത്തിന്റെ സ്വാതന്ത്ര്യം:** ഇവിടെ വ്യക്തമാകുന്ന മറ്റൊരു വസ്തുത ഈശോയിൽ സ്വാതന്ത്ര്യവും അനുസരണവും ഒന്നുചേരുന്നു എന്നതാണ്. ഈശോ തികച്ചും സ്വതന്ത്രനായിട്ടാണ് തന്റെ പീഡാനുഭവത്തിലേക്കു പ്രവേശിച്ചതും അത് പൂർത്തിയാക്കുന്നതും. അവിടുന്ന് അറസ്റ്റു വരിക്കുന്ന രംഗം ഇത് വ്യക്തമാക്കുന്നുണ്ട്. ശിഷ്യരെ വിട്ടയ്ക്കുവാനും തന്നെ അറസ്റ്റു ചെയ്യുവാനും ഈശോ അനുവദിച്ചപ്പോൾ മാത്രമേ പടയാളികൾക്ക് അവിടുത്തെ പിടിച്ചു ബന്ധിക്കുവാൻ കഴിഞ്ഞുള്ളു (യോഹ 18:8-12). ഇക്കാര്യത്തിൽ താൻ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെപ്പറ്റി, നല്ല ഇടയനായി സ്വയം അവതരിപ്പിക്കുമ്പോൾ, ഈശോ വ്യക്തമായി പറയുന്നുണ്ട്: "തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല. ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്" (യോഹ 10:17-18). അതേസമയം, തന്റെ ജീവൻ സമർപ്പിക്കുന്നത് ദൈവത്തിന്റെ ഹിതത്തിന് വിധേയപ്പെട്ടുകൊണ്ടാണെന്നും ഈശോ വ്യക്തമാക്കുന്നുണ്ട്: "ഈ കല്പന എന്റെ പിതാവിൽനിന്നാണ് ലഭിച്ചത്" (യോഹ 10:18). ഈശോ സ്വതന്ത്രമായി ചെയ്യുന്ന തന്റെ ജീവാർപ്പണം അവിടുത്തെ പിതാവിന്റെ കല്പനപ്രകാരമാണെങ്കിൽ, അത് ഒരേസമയം സ്വാതന്ത്ര്യത്തിന്റെയും അനുസരണത്തിന്റെയും പ്രവൃത്തിയാണ്. ദൈവഹിതവുമായി താദാത്മ്യപ്പെട്ട ഒരു മനസ്സുണ്ടെങ്കിൽ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളു. ഈശോയുടെ ജീവിതം -മനുഷ്യാവതാരം മുതൽ മരണം വരെ- പിതൃപുത്രബന്ധത്തിൽ ദൈവഹിതത്തോട് താദാത്മ്യപ്പെട്ട്, ദൈവൈക്യം പുലർത്തിയ, ഒരു ജീവിതമായിരുന്നു.

**നിശബ്ദതയിലുള്ള സഹനം:** പീഡാനുഭവവേളയിൽ ഈശോ പലപ്പോഴും നിശബ്ദനാകുന്നതായി സുവിശേഷകന്മാർ അവതരിപ്പിക്കുന്നു (19:9). ഇവിടെ പീലാത്തോസിന്റെ മുമ്പിൽ നിശബ്ദനാകുന്ന ഈശോ

പ്രധാനപുരോഹിതന്റെ മുമ്പിലും നിശബ്ദനാകുന്നുണ്ട്: “പ്രധാനപുരോഹിതൻ എഴുന്നേറ്റു നിന്ന് അവനോട് ചോദിച്ചു: നിനക്കു മറുപടിയില്ലേ? ഇവർ നിനക്കെതിരെ സാക്ഷ്യപ്പെടുത്തുന്നതെന്ത്? ഈശോയാകട്ടെ നിശബ്ദനായിരുന്നു” (യോഹ 18:62–63). ഇവിടെയും സഹനദാസന്റെ ചിത്രം ഈശോയിൽ അന്വർത്ഥമാകുന്നുണ്ട്: “അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു” (ഏശ 53:7). നിശബ്ദതയുടെ അർത്ഥം മനസ്സിലാക്കുക പ്രയാസമാണ്. വിവിധ വികാരങ്ങൾ പ്രകടമാക്കുന്ന ഒന്നാണത്. സ്നേഹം, വേദന, സന്തോഷം, നന്ദി എന്നിവയും വെറുപ്പ്, അസൂയ, കോപം എന്നീ വികാരങ്ങളും നിശബ്ദതയിലൂടെ പ്രകടമാക്കാം. ഈശോയുടെ പീഡാനുഭവത്തിന്റെ പിന്നിൽ ഒരു നിശബ്ദകുടുംബം തന്നെയുണ്ട്. ദൈവപിതാവ്, പരി. കന്യകാമറിയം, സ്നേഹശിഷ്യൻ, ഭക്തസ്ത്രീകൾ തുടങ്ങിയവരെല്ലാം ഇതിൽ ഉൾപ്പെടുന്നു. ദൈവപദ്ധതിയുടെ രഹസ്യാത്മകതയുടെ ഒരു പ്രകാശനമായി ഈ നിശബ്ദതയെ കാണാം. ഒരുവശത്ത് മനുഷ്യനോടുള്ള ദൈവത്തിന്റെയും ഈശോയുടെയും രക്ഷാകരസ്നേഹം; മറുവശത്ത് ദൈവത്തിന്റെ രക്ഷാപദ്ധതിയോടുള്ള എല്ലാവരുടെയും സഹകരണം. സങ്കീർത്തകന്റെ വാക്കുകൾ ഇവിടെ സ്മരണാർഹമാണ്: “ചെവി കേൾക്കാത്തവനെപ്പോലെയാണു ഞാൻ. ഞാൻ ഒരു മറുപടിയും പറയുന്നില്ല. കർത്താവേ, അങ്ങേയ്ക്കു വേണ്ടിയാണ് ഞാൻ കാത്തിരിക്കുന്നത്. എന്റെ ദൈവമായ കർത്താവേ, അങ്ങാണ് എനിക്കുത്തരമരുളേണ്ടത്” (38:14–15).

മാനുഷികമായി ചിന്തിച്ചാൽ, ഈശോയുടെ നിശബ്ദതയ്ക്ക് ഒരു കാരണം മറുപടിയുടെ പ്രസക്തിയില്ലായ്മയാണ്. ലാസറിനെ ഉയിർപ്പിച്ച അത്ഭുതത്തെത്തുടർന്ന് പ്രധാനാചാര്യനായ കയ്യാഫാസ് സാൻഹെദ്രീൻ സംഘത്തോടൊപ്പം ഈശോയെ വധിക്കാൻ തീരുമാനമെടുത്തിരുന്നതാണ് (യോഹ 11:45–54). എടുത്തിരുന്ന തീരുമാനത്തെ നിയമപരമായി സാധൂകരിക്കാനുള്ള ഒരു ശ്രമം മാത്രമായിരുന്നു ചോദ്യം ചെയ്യൽ. അതുകൊണ്ട് മറുപടി പറഞ്ഞിട്ടും കാര്യമില്ല എന്ന് ഈശോയ്ക്ക് അറിയാമായിരുന്നു. അതേസമയം, തന്റെ വ്യക്തിത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും ചോദ്യമുയർന്നപ്പോൾ അതിന് വ്യക്തമായ ഭാഷയിൽ ഈശോ മറുപടി കൊടുക്കുന്നുമുണ്ട്. തന്റെ ദൈവപുത്രത്വത്തെക്കുറിച്ച് കയ്യാഫാസിന്റെ മുമ്പിലും (മത്താ 26:64), രാജത്വത്തെക്കുറിച്ച് പീലാത്തോസിന്റെ മുമ്പിലും (യോഹ 18:36–37) ഈശോ അസന്നിദ്ധഭാഷയിൽ മറുപടി നല്കുന്നുണ്ട്. മാത്രമല്ല, അനീതിപരമായ വിചാരണയെ ചോദ്യം ചെയ്യുന്നുമുണ്ട് (യോഹ 18:23). അതുകൊണ്ട് ഈശോയുടെ നിശബ്ദത അർത്ഥവത്തായ ഒന്നായിരിക്കണം. പിതാവായ ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായി തന്റെ സഹനങ്ങളെ കാണുവാനും സ്വീകരിക്കുവാനും ഈശോ ശ്രമിക്കുകയാണ്. തന്റെ പീഡകരെ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തോട് സഹകരിക്കുന്നവരായി കരുതുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമാണ് ഈശോ ശ്രമിച്ചത് (ലൂക്കാ 23:34).





**രംഗം 7: കൊട്ടാരത്തിനു പുറത്ത് (19:13–16[a]) – ഈശോയുടെ രാജത്വവും വിധികർത്തൃത്വവും പ്രഖ്യാപിക്കപ്പെടുന്നു.**

**മിശിഹായുടെ രാജത്വത്തിന്റെ പ്രഖ്യാപനം:**“പീലാത്തോസ് ഈശോയെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം -ഹെബ്രായഭാഷയിൽ ഗബ്ബാത്താ- എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്നു. അന്ന് പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു. അവൻ യഹൂദരോട് പറഞ്ഞു: ഇതാ, നിങ്ങളുടെ രാജാവ്!” (19:13–15). ഈശോയുടെ നിരപരാധിത്വം മനസ്സിലാക്കിയ പീലാത്തോസ് ഈശോയെ വിട്ടയയ്ക്കാൻ ശ്രമിച്ചെങ്കിലും അത് സീസറുമായുള്ള തന്റെ നല്ല ബന്ധത്തിന് കോട്ടം വരുത്തുമെന്ന ഭയംമൂലം ആ ശ്രമത്തിൽനിന്നും പിൻവാങ്ങി, ഈശോയെ കുരിശുമരണത്തിന് വിട്ടുകൊടുത്തു. ഇത് യോഹന്നാൻശ്ലീഹാ വളരെ നാടകീയമായും സൂചനാത്മകമായും ഇവിടെ അവതരിപ്പിക്കുകയാണ്. പീലാത്തോസ് വിധിപ്രസ്താവന നടത്തുന്ന സ്ഥലത്ത് ഇരുന്ന്, പെസഹായുടെ ഒരുക്ക ദിവസം, ആറാം മണിക്കുറിൽ, ഈശോയുടെ രാജത്വത്തെ പ്രഖ്യാപിക്കുകയും, ഈ രാജത്വം യഹൂദന്മാരാൽ നിരസിക്കപ്പെടുകയും ചെയ്യുന്നു. അതേത്തുടർന്ന് ഈശോയെ കുരിശുമരണത്തിനായി വിട്ടുകൊടുക്കുന്നു. ജറുസലേം ദൈവാലയത്തിൽ പെസഹാക്കുഞ്ഞാടുകൾ കൊണ്ടുവരപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന സമയത്ത് പുതിയ പെസഹാക്കുഞ്ഞാടായ മിശിഹാ വധിക്കപ്പെടാൻ ഏല്പിക്കപ്പെടുന്നു എന്ന സൂചന ഇവിടെ വ്യക്തമായിട്ടുണ്ട്. അതോടൊപ്പം, ഈശോയുടെ രാജത്വം പ്രഖ്യാപിക്കപ്പെടുകയും, അവിടുന്ന് ദൈവജനത്താൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്യുന്നു എന്ന വസ്തുതയും ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. “നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ?” എന്ന് പീലാത്തോസ് ചോദിക്കുമ്പോൾ, “സീസറല്ലാതെ ഞങ്ങൾക്ക് വേറെ രാജാവില്ല” എന്ന് പുരോഹിതപ്രമുഖന്മാർ വിളിച്ചു പറയുന്നു (19:15). ദൈവത്തിന്റെ രാജത്വം മുഖമുദ്രയാക്കിയിരുന്ന ഒരു ജനതയായിരുന്നു ഇസ്രായേൽജനം (ന്യായാ 8:23; 1 സാമു 8:7; 2 സാമു 7:11–16; സങ്കീ 2:7). ദൈവരാജ്യത്തിന്റെ സുവിശേഷവുമായി ലോകത്തിലേക്കു വന്ന മിശിഹായുടെ രാജത്വത്തെ തള്ളിപ്പറഞ്ഞ് സീസറിന്റെ രാജത്വം സ്വീകരിച്ചുകൊണ്ട് ഇസ്രായേൽജനം ദൈവജനമല്ലാതായിത്തീരുന്നു എന്ന യാഥാർത്ഥ്യം ഇവിടെ ഉറക്കെ പ്രഖ്യാപിക്കപ്പെടുകയാണ്.

**വിധിയാളനായ മനുഷ്യപുത്രൻ:** മനുഷ്യപുത്രൻ എന്ന നിലയിൽ വിധിയാളൻ എന്ന മിശിഹായുടെ വ്യക്തിത്വവും ഇവിടെ പ്രഖ്യാപിക്കപ്പെടുന്നതായി ബൈബിൾ വ്യാഖ്യാതാക്കൾ അവകാശപ്പെടുന്നുണ്ട്. “ഇതാ, മനുഷ്യൻ!” (19:5) എന്ന പീലാത്തോസിന്റെ പ്രഖ്യാപനവും, “ഉന്നതത്തിൽനിന്നു നല്കപ്പെട്ടില്ലായിരുന്നെങ്കിൽ എന്റെമേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല” (19:11) എന്ന ഈശോയുടെ വാക്കുകളും ഇത് സൂചിപ്പിക്കുന്നുണ്ട്. ‘മനുഷ്യൻ’ എന്ന പ്രഖ്യാപനം ‘മനുഷ്യപുത്രൻ’ എന്ന പ്രഖ്യാപനമായി വ്യാഖ്യാതാക്കൾ കരുതുന്നു. മാത്രമല്ല, കൽത്തളത്തിൽ പീലാത്തോസ് ‘ഇരുന്നു’ എന്നു പറയുവാൻ ഇവിടെ ഉപയോഗിക്കുന്ന വാക്കിന് ‘ഇരുത്തി’ എന്ന അർത്ഥം വരാമെന്നും വ്യാഖ്യാതാക്കൾ പറയുന്നു. സൂചനാത്മകമായി ചിന്തിക്കുമ്പോൾ വിധിയാളന്റെ

സ്ഥാനത്ത് ഇരിക്കുന്നത് മിശിഹായാണ്. പഴയനിയമപശ്ചാത്തലത്തിൽ മനുഷ്യപുത്രൻ വിധിയാളനാണ് (ദാനി 7:9-14). മനുഷ്യപുത്രനെന്ന നിലയിൽ വിധിയാളനായ മിശിഹായെ പീലാത്തോസ് ഔദ്യോഗികമായി ഇവിടെ പ്രഖ്യാപിക്കുകയാണ്. ജീവന്റെയും മരണത്തിന്റെയും കർത്താവാണ് വിധിയാളൻ. മരണശിക്ഷയ്ക്ക് സ്വയം വിധേയനാകുന്നതിലൂടെ മനുഷ്യകുലത്തിന് ജീവൻ പ്രദാനം ചെയ്യുന്നവനായും, ജീവന്റെയും മരണത്തിന്റെയും അധിനാഥൻ അഥവാ വിധികർത്താവായും മിശിഹാ ഇവിടെ പ്രഖ്യാപിക്കപ്പെടുന്നു.

**വിചിന്തനം:** ഓരോ ക്രൈസ്തവന്റെയും ജീവിതം ലോകത്തിന് വെളിച്ചമാകണം. വി. മത്തായിയുടെ സുവിശേഷത്തിൽ ഈശോ ഇത് വ്യക്തമായി പറയുന്നുണ്ട്: "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (5:14). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിലും ഈ സൂചനയുണ്ട്: "എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു" (9:4) എന്നാണ് അവിടുന്ന് പറയുന്നത്. എങ്ങനെയാണ് നാം ലോകത്തിന്റെ പ്രകാശമാകേണ്ടതെന്നും അവിടെ സൂചനയുണ്ട്. ജീവിതകാലം മുഴുവനും ദൈവഹിതപ്രകാരമുള്ള ജീവിതവും പ്രവൃത്തികളും കാഴ്ച വച്ചുകൊണ്ടാണ് നാം ലോകത്തിന്റെ പ്രകാശമാകേണ്ടത്. മത്തായിശ്ലീഹായുടെ സുവിശേഷവും ഇതുതന്നെയാണ് നിർദ്ദേശിക്കുന്നത്: "അപ്രകാരം മനുഷ്യർ നിങ്ങളുടെ പ്രവൃത്തികൾ കണ്ട് , സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (5:16).

മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭ തന്നെയാണ് മിശിഹായുടെ രാജ്യം. സഭയാകുന്ന ഈ രാജ്യത്തിന്മേൽ ഭരണം നടത്തുന്ന രാജാവാണ് താൻ എന്ന് ഈശോ വ്യക്തമാക്കുന്നു. ദൈവരാജ്യത്തിന്റെ കൂദാശയാകുന്ന സഭയുടെ അംഗങ്ങൾ സത്യമാകുന്ന മിശിഹായെ സ്വീകരിച്ചവരാണ്; സത്യത്തിൽനിന്നുള്ളവരാണ്. ഈ രാജ്യത്തിലേക്ക് അവർ പ്രവേശിക്കുന്നത് മാമ്മോദീസായിലൂടെയാണ്. മാമ്മോദീസായിലൂടെയാണല്ലോ ഒരാൾ സഭയുടെ വിശ്വാസത്തിലേയ്ക്ക് പ്രവേശിപ്പിക്കപ്പെടുക. ഈ വിശ്വാസത്തിൽ പരിശീലിപ്പിക്കപ്പെട്ട് സത്യത്തിനു സാക്ഷ്യം വഹിക്കുന്നവരാകുവാൻ എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ സ്വരം കേൾക്കുവാനും അതിനനുസൃതമായി കാര്യങ്ങൾ ക്രമീകരിക്കുവാനും തയ്യാറാകുന്നില്ലെങ്കിൽ നാം ലോകത്തിന്റേതായ പ്രലോഭനങ്ങൾക്ക് അടിമപ്പെടുമെന്നതിന് നല്ല ഉദാഹരണമാണ് പീലാത്തോസിന്റെ അനുഭവം. ഓരോ ക്രൈസ്തവനും മിശിഹായ്ക്കു വേണ്ടി ജീവിക്കുന്നവരായി മാറണം.

സഹനം ക്രിസ്തീയജീവിതത്തിന്റെ ഒരവശ്യഘടകമാണ്: "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം ത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (ലൂക്കാ 9:23). ശിഷ്യത്വത്തിൽ ഈശോയെ അടുത്തനുഗമിക്കുന്നവർക്ക് ഇത് കൂടുതൽ പ്രസക്തമാണ്.





# യോഹന്നാൻ 19:17-37, കാൽവരിയിലെ രംഗം

(മത്തായി 27: 32-44; മർക്കോസ് 15:21-32; ലൂക്കാ 23:26-43)

അവൻ സ്വയം കുരിശും ചുമന്നുകൊണ്ട് തലയോടിടം - ഹെബ്രായ ഭാഷയിൽ ഗൊൽഗോഥാ - എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്കു പോയി. അവിടെ അവർ അവനെ ക്രൂശിച്ചു" (19:17-18). കുരിശ് സ്വയം ഏറ്റുവാങ്ങി കാൽവരിയിലേക്കു നടന്നു നീങ്ങുന്ന ഈശോ, ആടുകൾക്കുവേണ്ടി സ്വന്തം ജീവനർപ്പിക്കുന്ന നല്ല ഇടയനെയാണ് നമ്മുടെ മനസ്സിൽ കൊണ്ടുവരിക: "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവനർപ്പിക്കുന്നു" (യോഹ 10:11). പിതാവു നല്കിയ കാസാ അവിടുന്ന് സ്വയം ഏറ്റുവാങ്ങിയതാണെന്ന് ബന്ധിക്കപ്പെട്ടപ്പോൾ ഈശോ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ വാളൂരി പുരോഹിതഭൃത്യനെ വെട്ടിയ പത്രോസിനോട് ഈശോ പറയുന്നു: "വാൾ ഉറയിലിടുക. പിതാവ് എനിക്കു നല്കിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ?" (യോഹ 18:11).

സ്വയം കുരിശ് ഏറ്റുവാങ്ങി കാൽവരിയിലേക്കു പോകുന്ന ഈശോയെ സഭാപിതാക്കന്മാർ പഴയനിയമത്തിലെ ഇസഹാക്കിനോട് ഉപമിക്കുന്നുണ്ട്. തന്റെ ഏകപുത്രനെ ദഹനബലിയായി അർപ്പിക്കണം എന്ന ദൈവത്തിന്റെ കല്പനപ്രകാരം അബ്രാഹം മോറിയാമലയിലേക്ക് ഇസഹാക്കുമായി പോകുന്ന രംഗം ഇപ്രകാരമാണ് വിവരിക്കുന്നത്: "അബ്രാഹം ദഹനബലിക്കുള്ള വിറകെടുത്ത് മകൻ ഇസഹാക്കിന്റെ ചുമലിൽ വച്ചു. തീയും കത്തിയും അവൻതന്നെ എടുത്തു. അവർ ഒരുമിച്ചു മുന്നോട്ടു നടന്നു" (ഉൽപ 22:6). തന്റെ ബലിയ്ക്കായുള്ള വിറക് ചുമലിൽ വഹിക്കുന്ന ഇസഹാക്ക്, തന്റെ ബലിവേദിയായ കുരിശ് ചുമലിൽ വഹിക്കുന്ന ഈശോയുടെ മുൻസൂചനയാണ്. പിതാവായ ദൈവം മനുഷ്യകുലത്തോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തിയത് തന്റെ ഏകജാതനെ ബലിയർപ്പിച്ചുകൊണ്ടാണല്ലോ (യോഹ 3:16). ഇത് ഈശോ കുരിശിൽ പൂർത്തിയാക്കിയ ജീവിതബലിയർപ്പണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

പ്രതീകാത്മകവും ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നതുമായ 5 രംഗങ്ങളാണ് ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്.

4.1. കുരിശിലെ ശീർഷകത്തെക്കുറിച്ചുള്ള സംവാദം, യോഹന്നാൻ 19:19-22

4.2. തുന്നലില്ലാത്ത അങ്കി, യോഹന്നാൻ 19:22-25[a]

4.3. പരി. മറിയവും ഈശോ സ്നേഹിച്ച ശിഷ്യനും, യോഹന്നാൻ 19:25[b]-27

4.4. ആത്മാവിനെ സമർപ്പിക്കുന്നു, യോഹന്നാൻ 19:28-30

4.5. പാർശ്വം പിളർക്കപ്പെടുന്നു, യോഹന്നാൻ 19:31-37

**4.1. 19:19–22, കുരിശിലെ ശീർഷകത്തെക്കുറിച്ചുള്ള സംവാദം:** കുരിശിൽ തറച്ച് കൊല്ലപ്പെടുന്ന കുറ്റവാളികളുടെ കുരിശിൽ അവരിൽ ആരോപിക്കപ്പെട്ട കുറ്റം എഴുതി പ്രദർശിപ്പിക്കുന്ന പതിവ് നിലനിന്നിരുന്നു. അതിൻപ്രകാരമായിരിക്കണം പീലാത്തോസ് ഇതു ചെയ്തത്: "പീലാത്തോസ് ഒരു ശീർഷകം എഴുതി കുരിശിനു മുകളിൽ വച്ചു. അത് ഇങ്ങനെയായിരുന്നു. നസറായനായ ഈശോ, യഹൂദരുടെ രാജാവ്... അത് ഹെബ്രായയിലും ലത്തീനിലും ഗ്രീക്കിലും എഴുതപ്പെട്ടിരുന്നു" (19:19–20). ഈശോയുടെ രാജത്വത്തിന്റെ പ്രഖ്യാപനമാണ് ഇവിടെ നടക്കുക. രാജത്വം അവകാശപ്പെട്ടതിന്റെ പേരിലാണ് ഈശോ മരണത്തിന് വിധിക്കപ്പെട്ടത്. 'താങ്കൾ രാജാവാണോ?' എന്നു പീലാത്തോസ് ചോദിച്ചപ്പോൾ ഈശോ ഇങ്ങനെ മറുപടി നല്കി: "നീ തന്നെ പറയുന്നു ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും – സത്യത്തിന് സാക്ഷ്യം നല്കാൻ" (യോഹ 18:37). തന്റെ രാജത്വം അംഗീകരിച്ചുകൊണ്ടും വിശദീകരിച്ചുകൊണ്ടുമാണ് ഈശോ പീലാത്തോസിന് മറുപടി നല്കിയത്. ഈ രാജത്വത്തിന്റെ പ്രഖ്യാപനമാണ് ഇവിടെ നടക്കുക. ഹെബ്രായ, ലത്തീൻ, ഗ്രീക്ക് എന്നീ മൂന്നു ഭാഷകളിൽ അത് എഴുതപ്പെട്ടിരുന്നു എന്ന് എടുത്തു പറയുന്നത് ഈശോയുടെ രാജത്വം സാർവ്വത്രികമായി പ്രഖ്യാപിക്കപ്പെടുന്നു എന്നതിന്റെ സൂചനയാണ്. ലത്തീൻഭാഷയും ഗ്രീക്കുഭാഷയും അന്നത്തെ പടിഞ്ഞാറിന്റെയും കിഴക്കിന്റെയും പുരാതന ഭാഷകളായിരുന്നു. ഹെബ്രായഭാഷ ഇസ്രായേലിന്റെ വിശുദ്ധഗ്രന്ഥങ്ങളുടെ ഭാഷയായിരുന്നു. യഹൂദരുടെയും വിജാതീയരുടെയും ഭാഷകളിൽ സാർവ്വത്രികമായി മിശിഹായുടെ രാജത്വം ഇവിടെ പ്രഖ്യാപിക്കപ്പെടുകയാണ്.

യഹൂദപുരോഹിതന്മാർ ഇതിനു തടസ്സം പറഞ്ഞുവെങ്കിലും പീലാത്തോസ് തന്റെ നിലപാടിൽ ഉറച്ചുനിന്നു: "യഹൂദരുടെ പുരോഹിതപ്രമുഖന്മാർ പീലാത്തോസിനോടു പറഞ്ഞു: യഹൂദരുടെ രാജാവെന്നല്ല; യഹൂദരുടെ രാജാവ് ഞാനാണ് എന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്. പീലാത്തോസ് പറഞ്ഞു: ഞാൻ എഴുതിയത് എഴുതി" (19:21–22). എന്തുകൊണ്ടാണ് പീലാത്തോസ് ഇത്ര ശക്തമായ നിലപാട് സ്വീകരിച്ചത് എന്നു നമുക്കറിഞ്ഞുകൂടാ. ഏതായാലും സുവിശേഷകന്റെ കാഴ്ചപ്പാടിൽ ഇതിന് വ്യക്തമായ ഒരർത്ഥമുണ്ട്. തന്റെ സ്വന്തം ജനം ഈശോയുടെ രാജത്വത്തെ നിഷേധിക്കുമ്പോൾ വിജാതീയനായ പീലാത്തോസ് ഈശോയുടെ രാജത്വം അംഗീകരിച്ച് പ്രഖ്യാപിക്കുന്നു. 'സത്യത്തിന് സാക്ഷ്യം വഹിക്കുന്ന' ഈശോയുടെ രാജത്വം ഇവിടെ യാഥാർത്ഥ്യമാകുകയാണ്. 'സത്യം' എന്നു വച്ചാൽ 'വചന'മാണ് (യോഹ 17:17); ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ്. കുരിശിൽ മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുകയാണ് (യോഹ 3:14–15). അതുകൊണ്ടാണ് "ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ12:32) എന്ന് ഈശോ അരുളിച്ചെയ്തത്.

**4.2. 19:22–25[a], തുന്നലില്ലാത്ത അങ്കി:** ഈശോയെ ക്രൂശിച്ചതിനുശേഷം പടയാളികൾ അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച് വീതംവച്ചു. തുന്നലില്ലാതെ നെയ്തുണ്ടാക്കിയ അങ്കി കീറാതെ, അത് ആരുടേതായിരിക്ക





ണമെന്ന് കുറിയിട്ടു തീരുമാനിക്കുകയും ചെയ്തു. "പടയാളികൾ ഈശോയെ ക്രൂശിച്ചതിനുശേഷം അവന്റെ വസ് ്ത്രങ്ങൾ നാലായി ഭാഗിച്ചു. ഓരോ പടയാളി ക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾ മുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു" (19:23). തുന്നലില്ലാത്ത അങ്കി സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. 'തുന്നൽ' എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് 'സ്കിസ്മാ' എന്ന വാക്കാണ്. ഈ വാക്ക് പിന്നീട് സഭയിലെ വിഭാഗീയതയെ (ശീശ്മാ) സൂചിപ്പിക്കാൻ ഉപയോഗിച്ചു. പഴയനിയമത്തിൽ, ഇസ്രായേലിന്റെ ഗോത്രങ്ങളുടെ വിഭജനം അങ്കി കീറലുമായി ബന്ധപ്പെടുത്തുന്നുണ്ട്. രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ ജറോബൊവാമും അഹിയാപ്രവാചകനും തമ്മിൽ കണ്ടുമുട്ടുന്ന സന്ദർഭത്തിലാണത്: "ഒരു ദിവസം ജറോബൊവാം ജറുസലേമിൽനിന്നു പോകവേ ഷീലോന്യനായ അഹിയാപ്രവാചകൻ അവനെ കണ്ടുമുട്ടി. അഹിയാ ഒരു പുതിയ അങ്കി ധരിച്ചിരുന്നു. ആ വെളിംപ്രദേശത്ത് അവർ ഇരുവരും മാത്രമേ ഉണ്ടായിരുന്നുള്ളു. അഹിയാ താൻ ധരിച്ചിരുന്ന പുതിയ അങ്കിയെടുത്ത് പന്ത്രണ്ടു കഷണങ്ങളായി കീറി. അവൻ ജറോബൊവാമിനോട് പറഞ്ഞു: പത്തു കഷണം നീ എടുത്തുകൊള്ളുക. ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ സോളമന്റെ കൈയ്യിൽനിന്ന് രാജ്യമെടുത്ത് പത്തു ഗോത്രങ്ങൾ നിനക്കു തരും" (1 രാജാ 11:29–31). പ്രവാചകന്റെ അങ്കി പഴയ ദൈവജനത്തെ സൂചിപ്പിക്കുന്നതുപോലെ പുതിയനിയമ പ്രവാചകനായ ഈശോയുടെ അങ്കി പുതിയ ദൈവജനമായ സഭയെ സൂചിപ്പിക്കുന്നു. നാലായി ഭാഗിക്കപ്പെട്ട ഈശോയുടെ വസ്ത്രങ്ങൾ ലോകത്തിന്റെ നാലു കോണുകളിലേക്കും വ്യാപിക്കുന്ന വൈവിധ്യമാർന്ന സഭയെ സൂചിപ്പിക്കുന്നുവെങ്കിൽ, തുന്നലില്ലാത്ത അങ്കി വൈവിധ്യത്തിൽ ഏകത്വം കാത്തുസൂക്ഷിക്കുന്ന സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു. ഈശോയുടെ മരണം ഈ ഐക്യത്തെ ലക്ഷ്യമാക്കിയുള്ളതാണ്.

തുന്നലില്ലാത്ത അങ്കി ഈശോയുടെ മരണത്തിലൂടെ യാഥാർത്ഥ്യമാകുന്ന മാനവകുലത്തിന്റെ രക്ഷാകരമായ ഐക്യത്തെ സൂചിപ്പിക്കുന്നു എന്ന് സുവിശേഷകൻ പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ്. പ്രധാനാചാര്യനായ കയ്യാഫാസിന്റെ പ്രവചനം ഇവിടെ പൂർത്തിയാകുന്നു എന്നാണ് സൂചന: "അവൻ ഇതു സ്വമേധയാ പറഞ്ഞതല്ല, പ്രത്യുത ആ വർഷത്തെ പ്രധാനപുരോഹിതൻ എന്ന നിലയിൽ ജനത്തിനുവേണ്ടി ഈശോ മരിക്കേണ്ടിയിരിക്കുന്നു എന്ന് പ്രവചിക്കുകയായിരുന്നു. ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചു കൂട്ടുന്നതിനുവേണ്ടിയും" (യോഹ 11:51–52). നല്ല ഇടയനായ ഈശോയും ഈ ഐക്യത്തെപ്പറ്റി പറയുന്നുണ്ട്: "ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ 10:16). ശ്ലീഹന്മാരുടെ വചനം നിമിത്തം തന്നിൽ വിശ്വസിക്കാനിരുന്ന സഭാംഗങ്ങൾക്കുവേണ്ടിയുള്ള ഈശോയുടെ പ്രാർത്ഥനയും അവരുടെ ഐക്യത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരുന്നു (യോഹ 17:20–21).

ഈ സംഭവം തിരുവെഴുത്തിന്റെ പൂർത്തീകരണമായിട്ടാണ് സുവി

ശേഷകൻ അവതരിപ്പിക്കുന്നത്: "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു; എന്റെ അങ്കിക്കുവേണ്ടി അവർ കാൻവേണ്ടിയാണ് പടയാളികൾ ഇപ്രകാരം ചെയ്തത്" (19:24-25). സുവിശേഷകൻ ഇവിടെ ഉദ്ദേശിക്കുന്ന തിരുവെഴുത്ത് 22-ാം സങ്കീർത്തനമാണ്: "അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കുന്നു; എന്റെ അങ്കിയ്ക്കായി അവർ നറുക്കിടുന്നു" (വാക്യം 18). സങ്കീർത്തകൻ തന്റെ സഹനങ്ങളുടെ മദ്ധ്യേ ദൈവത്തിന്റെ മുമ്പിൽ അർപ്പിക്കുന്ന വ്യക്തിപരമായ വിലാപസങ്കീർത്തനമാണ് 22-ാം സങ്കീർത്തനം. ഈ സങ്കീർത്തനം ഈശോയുടെ പീഡാനുഭവവിവരണത്തെ വളരെയധികം സ്വാധീനിച്ചിട്ടുള്ള ഒന്നാണ്. ഒരു വ്യക്തിയുടെ മരണത്തിനുശേഷം കൊലയാളികൾ ആ വ്യക്തിയുടെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കുന്ന പതിവുണ്ടായിരുന്നു. സങ്കീർത്തകൻ, തന്റെ മരണം ഉറപ്പായാലെന്നതുപോലെയുള്ള വിലാപം ദൈവതിരുമുമ്പിൽ ഉയർത്തുകയാണ്. ഈ സങ്കീർത്തനത്തിന്റെ രണ്ടാം ഭാഗം സ്തുതിപ്പുകളാണ്. തന്റെ വിലാപം കേൾക്കുമെന്നുള്ള ഉറപ്പാണ് സ്തുതിപ്പുകളിലേക്കു കടക്കുവാൻ സങ്കീർത്തകനെ പ്രേരിപ്പിക്കുന്നത്. ഈശോയുടെ പീഡാനുഭവവും തന്റെ പ്രാർത്ഥന കേൾക്കുമെന്നുള്ള ഉറപ്പോടെ പിതാവിന്റെ സന്നിധിയിൽ സമർപ്പിച്ച ഒരു പ്രാർത്ഥനയായിരുന്നു.

ഇവിടെ സുവിശേഷകൻ നല്കുന്ന മറ്റൊരു സൂചന ഈശോയുടെ പുരോഹിതനടുത്ത ബലിയർപ്പണമാണ്. പുരോഹിതന്റെ വസ്ത്രങ്ങളെപ്പറ്റിയുള്ള പഴയനിമയവിവരണങ്ങളിൽ നീണ്ട അങ്കിയെക്കുറിച്ചുള്ള പരാമർശമുണ്ട് (പുറ 28:4; 39:27; ലേവാ 16:4). ഈശോയുടെ ബലിയർപ്പണം ദൈവഹിതപ്രകാരമുള്ള അവിടുത്തെ ജീവിതം-അവിടുത്തെ ശരീരം-ആയിരുന്നു (ഹെബ്രാ 10:5-10). പുരോഹിതനടുത്ത അവിടുത്തെ ബലിയർപ്പണത്തിലൂടെയാണ് പാപത്തിന്റെ ഫലമായി ചിതറിക്കപ്പെട്ട, ദൈവസ്നേഹത്തിൽനിന്നും സഹോദരസ്നേഹത്തിൽനിന്നും അകറ്റപ്പെട്ട, ദൈവമക്കൾ വീണ്ടും സ്നേഹത്തിൽ ഒന്നിപ്പിക്കപ്പെട്ടത്. **4.3. 19:25b-27, പരി. മറിയവും ഈശോ സ്നേഹിച്ച ശിഷ്യനും:** "ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (19:26-27). തന്റെ കാലശേഷം അനാഥയാകുമായിരുന്ന തന്റെ അമ്മയെ ഈശോ യോഹന്നാൻശ്ലീഹായെ ഭരമേല്പ്പിക്കുന്നതായും, യോഹന്നാൻ മറിയത്തെ തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ട് പോയതായും ഈ രംഗത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. അതുപോലെതന്നെ, മറിയത്തിന്റെ നിത്യകന്യാത്വത്തിന്റെ തെളിവായി ചില സഭാപിതാക്കന്മാരും ഇത് വ്യാഖ്യാനിക്കാറുണ്ട്. ഇതൊക്കെ ശരിയായിരിക്കാം. എന്നാൽ യോഹന്നാൻ സുവിശേഷകന് ഈ സംഭവവും സൂചനാത്മകമാണ്. മറിയത്തെ 'സ്ത്രീ' എന്നും യോഹന്നാനെ 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നും സംബോധന ചെയ്യുന്നത് ഇതിന്റെ അടയാളമാണ്. രണ്ടു സന്ദർഭങ്ങളിൽ മാത്രമാണ് ഈശോ മറിയത്തെ 'സ്ത്രീ' എന്ന് സംബോധന ചെയ്യുന്നതായി യോഹന്നാൻശ്ലീഹാ രേഖപ്പെടുത്തിയിട്ടുള്ളത്: കാനായിലും (2:4) കാൽവരിയിലും (19:26); ഒന്ന്, ഈശോയുടെ മഹത്ത്വീകരണത്തിന്റെ ആരംഭത്തിലും മറ്റൊ





ന്ന്, ഈശോയുടെ മഹത്ത്വീകരണത്തിന്റെ അവസാനത്തിലും. തന്റെ രക്ഷാകരപ്രവർത്തനത്തിൽ സഹകരിക്കുന്നവളാണ്, അഥവാ, രണ്ടാം ഹവ്വായാണ് മറിയം എന്ന് ഈശോ ഇവിടെ സൂചിപ്പിക്കുന്നു. ഇവിടെ മറിയം സഭയെ സൂചിപ്പിക്കുന്നു എന്നുംപറയാം. സഭയാണല്ലോ ഈശോയുടെ മഹത്ത്വീകരണശേഷം അവിടത്തെ രക്ഷാകരപ്രവർത്തനത്തിൽ സഹകരിക്കേണ്ടവൾ.

"ഈശോ തന്റെ അമ്മയും താൻ സ്നേ ഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോട് പറഞ്ഞു" (19:26) എന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. 'കണ്ടു പറഞ്ഞു' എന്ന പ്രയോഗം വെളിപ്പെടുത്തലിന്റെ ധ്വനി ഉൾക്കൊള്ളുന്നതാണ്. ഈശോ യെ ആദ്യമായി ദൈവത്തിന്റെ കുഞ്ഞാടായി സ്നാപകൻ ലോകത്തിന് വെളിപ്പെടുത്തുമ്പോഴും ഇതേ ശൈലി തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (1:29). ഇവിടെ ഈശോ മറിയത്തിന്റെ മാതൃത്വം പരസ്യമായി പ്രഖ്യാപിക്കുകയാണ്. ഇത്രയും നാൾ തന്റെ മാത്രം അമ്മയായിരുന്ന മറിയത്തെ ഈ അവസരത്തിൽ തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം അമ്മയായി ഈശോ നല്കുന്നു. ഇവിടെ, 'ഈശോ സ്നേഹിച്ച ശിഷ്യൻ' ഈശോ സ്നേഹിക്കുന്ന എല്ലാ ശിഷ്യരുടെയും പ്രതിനിധിയായി നിലകൊള്ളുന്നു. ഈശോയിൽ വിശ്വസിക്കുന്ന ഓരോരുത്തരും ഈശോ സ്നേഹിക്കുന്ന ശിഷ്യനും ശിഷ്യയുമാണ്. അതുകൊണ്ട്, സഭയെ വിശ്വാസികളുടെ അമ്മയായി ഈശോ ഇവിടെ പ്രഖ്യാപിക്കുന്നു എന്നു പറയാം.

അതോടൊപ്പം, സഭയെയും വിശ്വാസികളുടെ അമ്മയായി ഈശോ ഇവിടെ നല്കുന്നുണ്ട്. സഭയും മറിയവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ വെളിപാടുപുസ്തകം പന്ത്രണ്ടാമദ്ധ്യായം സഹായിക്കും. ആദ്യഭാഗം സഭയോടൊപ്പം മറിയത്തിന്റെ പ്രസവവേദനയെ ഉയർത്തിക്കാട്ടുന്നുവെങ്കിൽ (12:1-5), രണ്ടാം ഭാഗം മറിയത്തോടൊപ്പം സഭയുടെ പ്രസവവേദനയെ ഉയർത്തിക്കാട്ടുന്നു (12:6-18). ഈശോയ്ക്ക് ജന്മം നല്കി ഈശോയെ ദൈവപിതാവിന്റെ ഹിതനുസരിച്ച് വളർത്തിയ അമ്മയാണ് മറിയം. തന്നിൽ വിശ്വസിക്കുന്നവരിലെല്ലാം മിശിഹാ രൂപം കൊള്ളുവാൻ സഹായിച്ചുകൊണ്ട് അവരോടൊപ്പം അവൾ ഉണ്ടായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. "ആ ശിഷ്യൻ അവളെ സ്വന്തത്തിലേക്കു സ്വീകരിച്ചു" എന്നാണ് മൂലഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്റെ ജീവിതത്തിൽ തന്റെ സ്വന്തം അമ്മയായി മറിയത്തെ യോഹന്നാൻ സ്വീകരിച്ചു എന്നാണ് ഇതിലൂടെ നാം മനസ്സിലാക്കുക.

**4.4. 19:28-30, ആത്മാവിനെ സമർപ്പിക്കുന്നു:** "അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: എനിക്കു ദാഹിക്കുന്നു" (19:28). മരണത്തോടടുത്തപ്പോൾ ഈശോയ്ക്ക് ശാരീരികമായി ദാഹമുണ്ടായി എന്നത് സ്വാഭാവികമാണ്. എന്നാൽ, 'തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി' "എനിക്കു ദാഹിക്കുന്നു" എന്ന് ഈശോ പറഞ്ഞെങ്കിൽ, അത് വെറും ശാരീരികദാഹമല്ല എന്നത് വ്യക്തമാണ്. അതുപോലെതന്നെ, "എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് ഈശോ പറഞ്ഞു" എന്നുപറയുമ്പോൾ അതും ദൈവശാസ്ത്രപരമായ അർത്ഥത്തിലേയ്ക്കാണ് വിരൽ

ചുണ്ടുന്നത്. 'എല്ലാം നിറവേറിക്കഴിഞ്ഞു' എന്നത് ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ്. തന്റെ പുരോഹിതപ്രാർത്ഥനയിൽ ഈശോ ഇങ്ങനെ പറയുന്നു: "അവിടുന്ന് എന്നെ ഏല്പ്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി" (യോഹ 17:4). പിതാവായ ദൈവം ഈശോയെ ഏല്പ്പിച്ച ജോലി അവിടുത്തെ മരണത്തോടുകൂടി പൂർത്തിയാവുകയാണ്. "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവിടുന്ന് സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (യോഹ 13:1). പിതാവു നല്കിയ പാനപാത്രം അവിടുന്ന് കുടിച്ചു (യോഹ 18:11). "തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി" എന്ന് സുവിശേഷകൻ പറയുന്നത് നീതിമാന്റെ സഹനത്തെക്കുറിച്ച് സങ്കീർത്തനങ്ങൾ പറയുന്നത് മുന്നിൽ കണ്ടുകൊണ്ടാവാം: "എന്റെ അണ്ണാക്ക് ഓടിന്റെ കഷണംപോലെ വരണ്ടിരിക്കുന്നു. എന്റെ നാവ് അണ്ണാക്കിൽ ഒട്ടിയിരിക്കുന്നു" (സങ്കീ 22:15). "ഭക്ഷണമായി അവർ എനിക്കു വിഷം തന്നു; ദാഹത്തിന് അവർ എനിക്കു വിനാഗിരി തന്നു" (സങ്കീ 69:21). ഈ സങ്കീർത്തനങ്ങളുടെ വെളിച്ചത്തിലാണ് ആദിമസഭ മിശിഹായുടെ പീഡാനുഭവത്തെ മനസ്സിലാക്കിയത്. അതുകൊണ്ട് ഇത് ഈശോയുടെ രക്ഷാകരദാഹത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്.

ഈശോ ദൈവവും മനുഷ്യനുമായതുകൊണ്ട് രണ്ടു ദാഹങ്ങൾ ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്: ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹവും മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹവും. നിത്യപുരോഹിതനെന്ന നിലയിൽ ഈ രണ്ടു ദാഹങ്ങളും ഈശോയിൽ സംഗമിക്കുകയാണ്. ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹം വി. ലിഖിതങ്ങൾ അനുസ്മരിപ്പിക്കുന്നുണ്ട്: "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു" (സങ്കീ 42:1-2). ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽ ദൈവം മനുഷ്യനെ ക്ഷണിക്കുന്നതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ദാഹാർത്തരേ, ജലാശയത്തിലേക്കു വരുവിൻ... എന്റെ അടുക്കൽ വന്ന് എന്റെ വാക്കു കേൾക്കുവിൻ. നിങ്ങൾ ജീവിക്കും" (55:1-3). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ, കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ "ഈശോ എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തി പറഞ്ഞു. ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ, അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ... വിശുദ്ധലിഖിതം പ്രഖ്യാപിക്കുന്നതുപോലെ, അവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7:37-38). മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹമാണ് "അവനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16) എന്ന പ്രസ്താവനയിൽ സൂചിപ്പിക്കുക. ഈ രണ്ടു ദാഹങ്ങളും ദൈവമനുഷ്യനായ മിശിഹായുടെ ദാഹത്തിൽ സംഗമിക്കുന്നു. ഈ ദാഹം ശമിപ്പിക്കുവാനുതകുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണ് മിശിഹായിലൂടെ പരിസമാപ്തിയിലെത്തുന്നത്.

"ഒരുപാത്രം നിറയെ വിനാഗിരി അവിടെ ഉണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർന്ന ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽവച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു" (19:29). "എനിക്കു ദാഹിക്കുന്നു" എന്ന ഈശോയുടെ വാക്കുകൾ കേട്ടപ്പോൾ പടയാളികൾ ദാഹശമനിയെന്നവണ്ണം വിനാഗിരി കൊടുത്തതായും അത് ഈശോ സ്വീകരിച്ചതായുമാണ് യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത്. എന്നാൽ വി. മർക്കോസിന്റെ അവതരണത്തിൽ 'മീറാ കലർത്തിയ വീഞ്ഞ് അവർ അവനു കൊടുത്തു' എന്നും 'അവൻ അത് കുടിച്ചില്ല' എന്നും പറയുന്നു. ഇവിടെ വീണ്ടും ചരിത്രത്തെക്കാൾ പ്രാധാന്യം ദൈവശാസ്ത്രത്തിനാണ്. ഹിസോപ്പുചെടിയുടെ തണ്ട് അതാണ് സൂചിപ്പിക്കുന്നത്. പുറപ്പാടുപുസ്തകത്തിൽ ആദ്യ പെസഹാവിവരണത്തിൽ പെസഹാക്കുഞ്ഞാടിന്റെ രക്തത്തിൽ ഹിസോപ്പുകമ്പ് മുക്കി രണ്ടു കട്ടിളക്കാലുകളിലും മേൽപ്പടിയിലും തളിക്കുവാൻ നിർദ്ദേശമുണ്ട് (പുറ 12:22). ഇസ്രായേലിനെ ദൈവം രക്ഷിച്ചത് പെസഹാക്കുഞ്ഞാടിന്റെ ഈ രക്തംമൂലമാണ്. അതുകൊണ്ട് യോഹന്നാൻശ്ലീഹാ ഇവിടെ ഈശോയെ പെസഹാക്കുഞ്ഞാടായി അവതരിപ്പിക്കുകയാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോയെ പെസഹാക്കുഞ്ഞാടായിട്ടാണ് അവതരിപ്പിക്കുന്നത്. ജറുസലേം ദേവാലയത്തിൽ പെസഹാക്കുഞ്ഞാടുകൾ കൊല്ലപ്പെടുന്ന സമയത്ത് ഈശോ മരിക്കുന്നതായാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. പാർശ്വം പിളർക്കപ്പെടുന്ന സംഭവത്തിൽ " അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്" (19:36) എന്നു പറയുന്നത് ഈശോയെ പെസഹാക്കുഞ്ഞാടായി ചിത്രീകരിക്കുവാനാണ്. അവിടുന്ന് പരസ്യജീവിതം ആരംഭിച്ച സന്ദർഭത്തിൽ യോഹന്നാൻ സ്നാപകൻ ഈശോയ്ക്ക് സാക്ഷ്യംവഹിച്ചത്, "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് (യോഹ 1:29). പെസഹാക്കുഞ്ഞാടായ മിശിഹായുടെ രക്തംമൂലമാണ് മനുഷ്യകുലം പാപത്തിൽനിന്നും രക്ഷിക്കപ്പെട്ടത് എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു.

'ഈശോ വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (19:30). ഈശോ അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണം ഇവിടെ പ്രഖ്യാപിക്കുകയാണ്. "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നത് യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ കുരിശിൽനിന്നുള്ള ഈശോയുടെ അന്തിമവചസ്സുകളാണ്. പിതാവു തന്നെ ഏല്പ്പിച്ച ജോലി, തന്റെ മഹത്ത്വീകരണത്തിലൂടെ, ഈശോ പൂർത്തിയാക്കി. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവിടുന്ന് അവസാനംവരെ സ്നേഹിച്ചു (യോ 13:1). തീവ്രമായ സഹനങ്ങളുടെ മദ്ധ്യേ, സ്നേഹത്തിൽനിന്നും പിന്തിരിയാതെ ഈശോ തന്റെ ദൗത്യം പൂർത്തിയാക്കി. തന്റെ മഹത്ത്വീകരണത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം പരിസമാപ്തിയിലെത്തിച്ചു. "അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" എന്നു യോഹന്നാൻശ്ലീഹാ പറയുന്നത് ഈശോയുടെ മഹത്ത്വീകരണത്തിലൂടെ പരിശുദ്ധാത്മാവിനെ മനുഷ്യകുലത്തിന് സംലഭ്യമാക്കി എന്ന സൂചന നല്കുന്ന ഒരു പ്രസ്താവനയാണ്. ഈശോയുടെ മരണത്തെയാണ് അത് അവതരിപ്പിക്കുന്നത്. എന്നാൽ മറ്റ് സുവിശേഷകന്മാർ അവതരിപ്പിക്കു

ന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിട്ടാണ് യോഹന്നാൻശ്ലീഹാ അത് അവതരിപ്പിക്കുന്നത്. പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ച് ജീവൻ വെടിയുന്ന ഈശോയെയാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്: "ഈശോ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതുപറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു" (23:46). "ഈശോ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞു" എന്നു മാത്രമേ മത്തായി-മർക്കോസ് സുവിശേഷകന്മാർ പറയുന്നുള്ളു (മത്താ 27:50; മർക്കോ 15:37). എന്നാൽ, "അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (19:30) എന്നു മാത്രമാണ് യോഹന്നാൻശ്ലീഹാ രേഖപ്പെടുത്തിയിരിക്കുന്നത്. വി. യോഹന്നാന്റെ അഭിപ്രായത്തിൽ മാനവകുലത്തിനു മുഴുവനുംവേണ്ടി ഈശോ തല ചായ്ച്ച് തന്റെ ആത്മാവിനെ സമർപ്പിക്കുകയായിരുന്നു. തന്റെ രക്ഷാകർമ്മം പൂർത്തിയാക്കിയ മിശിഹാ അതിന്റെ ഫലമെന്നോണം ആത്മാവിനെ നല്കുന്നതായാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

വി. യോഹന്നാന്റെ സുവിശേഷപ്രകാരം അരൂപി നല്കപ്പെടുന്നത് ഈശോയുടെ മഹത്ത്വീകരണത്തിന്റെ ഫലമായിട്ടാണ്: "അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെ ആത്മാവു നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7:39). കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ പറഞ്ഞ ഈ പ്രസ്താവന ഈശോയുടെ കുരിശുമരണത്തിൽ അന്വർത്ഥമാകുകയാണ്. ഈശോ മഹത്ത്വീകരിക്കപ്പെട്ടതുവഴി ആത്മാവ് മനുഷ്യകുലത്തിന് നല്കപ്പെട്ടു.

**4.5. 19:31-37, പാർശ്വം പിളർക്കപ്പെടുന്നു:** കുരിശിൽ തറയ്ക്കപ്പെട്ടിരുന്നവരുടെ ശരീരങ്ങൾ താഴെയിറക്കാൻവന്ന പടയാളികൾ ഈശോയോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കാലുകൾ തകർത്തു. എന്നാൽ ഈശോ മരിച്ചു കഴിഞ്ഞതിനാൽ ഈശോയുടെ കാലുകൾ അവർ തകർത്തില്ല. "എന്നാൽ, പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു" (19:34). തിരുവെഴുത്ത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചതെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. ഈശോയെ പുതിയ പെസഹാക്കുഞ്ഞാടായി അവതരിപ്പിക്കുന്ന സുവിശേഷകൻ, പെസഹാക്കുഞ്ഞാടുകളുടെ അസ്ഥികൾ തകർക്കപ്പെടാതെ സൂക്ഷിക്കപ്പെടണമെന്ന പഴയനിയമകല്പന ഓർമ്മിപ്പിക്കുന്നു (പുറ 12:46).

അതേസമയം, ഈശോയുടെ പാർശ്വം പിളർക്കപ്പെടുകയും അവിടെനിന്നു രക്തവും വെള്ളവും പുറപ്പെടുകയും ചെയ്തത് യോഹന്നാൻശ്ലീഹാ പ്രത്യേകം സാക്ഷ്യപ്പെടുത്തുന്ന ഒരു സംഭവമാണ്: "അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (19:35). ബൈബിൾവ്യാഖ്യാതാക്കൾ ഇത് പ്രതീകാത്മകമായിട്ടാണ് വിശദീകരിക്കുന്നത്. രക്തം ഈശോയുടെ രക്ഷാകരപ്രവർത്തനത്തെയും, വെള്ളം പരിശുദ്ധാത്മാ





വിനെയും സൂചിപ്പിക്കുന്നു. ഈശോയുടെ രക്ഷാകരപ്രവർത്തനം പൂർത്തിയായതിലൂടെ പരിശുദ്ധാത്മാവ് സഭയ്ക്കും മനുഷ്യകുലത്തിനും സംലഭ്യമായിരിക്കുന്നു എന്ന യാഥാർത്ഥ്യം ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കുകയാണ്.

സഭാപിതാക്കന്മാർ ഈ സംഭവത്തിന് കൂദാശാപരമായ ഒരു വ്യാഖ്യാനമാണ് നല്കുന്നത്. മണവാളനായ മിശിഹായുടെ പാർശ്വത്തിൽനിന്നും അവിടുത്തെ മണവാട്ടിയായ സഭയും സഭയുടെ കൂദാശകളും ആവിർഭവിക്കുന്നതായി ഇത് സൂചിപ്പിക്കുന്നു. പാപത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ ഒന്നാം ഹവ്വ ഒന്നാം ആദത്തിന്റെ പാർശ്വത്തിൽനിന്നും പുറപ്പെട്ടു (ഉൽപ 2:21-22). അതുപോലെ രക്ഷാകരപ്രവർത്തനത്തിൽ മനുഷ്യകുലത്തിന്റെ മാതാവായ സഭ - രണ്ടാം ഹവ്വ - രണ്ടാം ആദമായ മിശിഹായുടെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നു. സഭതന്നെ മിശിഹായുടെ കൂദാശയാണ്. കൂദാശകളിലൂടെയാണ് സഭയാകുന്ന അമ്മ മക്കളെ അരൂപിയിൽ ജനിപ്പിച്ച് വളർത്തുന്നത്. രക്തവും വെള്ളവും പരി. കുർബാനയെയും മാമ്മോദീസായെയും യഥാക്രമം സൂചിപ്പിക്കുന്നു. മാമ്മോദീസായിലൂടെ മക്കളെ അരൂപിയിൽ ജനിപ്പിച്ച് പരി. കുർബാനയിലൂടെ മക്കളെ അരൂപിയിൽ വളർത്തുന്ന സഭ മിശിഹായുടെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നു എന്ന് ഈ സംഭവം സൂചിപ്പിക്കുന്നു.

"മറ്റൊരു തിരുവെഴുത്തു പറയുന്നു തങ്ങൾ കുത്തിമുറിവേല്പിച്ചവനെ അവർ നോക്കിനില്ക്കും" (19:37). ഇവിടെ അനുസ്മരിക്കുന്ന തിരുവെഴുത്ത് സഖ 12:10 ആകാനാണ് സാദ്ധ്യത: "ഞാൻ ദാവീദുഭവനത്തിന്റെയും ജറുസലേം നിവാസികളുടെയുംമേൽ കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും. അപ്പോൾ തങ്ങൾ കുത്തിമുറിവേല്പിച്ചവനെ നോക്കി ഏകജാതനെപ്രതിയെന്നപോലെ അവർ കരയും. ആദ്യജാതനെപ്രതിയെന്നപോലെ ദുഃഖത്തോടെ വിലപിക്കും". ഈ പശ്ചാത്തലത്തിൽ, പാപത്തിന്റെ ഫലമായുണ്ടായ മൃത്യുവിൽനിന്നും മാനവകുലത്തെ ജീവനിലേയ്ക്കു പ്രവേശിപ്പിക്കുന്നവനായി കുരിശിൽ ഉയർത്തപ്പെട്ട ഈശോയെ അവതരിപ്പിച്ചിരിക്കുന്നു. കുരിശിലുള്ള ഉയർത്തപ്പെടൽ മഹത്ത്വത്തിലുള്ള ഉയർത്തപ്പെടലിന്റെ മുന്നോടിയാണ്. രണ്ടും ഒരേ സംഭവത്തിന്റെ - മഹത്ത്വീകരണത്തിന്റെ - രണ്ടു വശങ്ങളാണ്. ഈശോയുടെ മഹത്ത്വീകരണം രക്ഷയ്ക്കും ശിക്ഷയ്ക്കും കാരണമാകും എന്ന സൂചന ഇവിടെയുണ്ട്. മരുഭൂമിയിൽ സർപ്പദംശനമേറ്റവർ മോശയുണ്ടാക്കിയുയർത്തിയ പിച്ചളസർപ്പത്തെ നോക്കി ജീവനിലേയ്ക്കു തിരികെവന്ന സംഭവവും ഇവിടെ സ്മരിക്കേണ്ടതാണ്. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടണമെന്നും അവനിൽ വിശ്വസിക്കുന്നവർ ജീവൻ കണ്ടെത്തുമെന്നും യോഹ 3:14 ൽ പറയുമ്പോൾ, 'വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തെതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു എന്ന് യോഹ 3:18 ൽ പറയുന്നു. ഇങ്ങനെ, ഈശോയുടെ ഉയർത്തപ്പെടൽ വിശ്വാസത്തെയും വിശ്വാസമില്ലായ്മയെയും ആധാരമാക്കിയുള്ള രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായിത്തീരുന്നു എന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ട്. അന്ത്യാത്മകവിധിയുടെ ഒരു സൂചനയും

ഇതിൽ കാണാം. വെളിപാടുപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേല്പിച്ചവരും അവനെപ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സർവ്വഗോത്രങ്ങളും അവനെ ദർശിക്കും" (1:7). ഈശോയുടെ മഹത്ത്വീകരണം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായിത്തീർന്നിരിക്കുന്നു എന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

സുവിശേഷത്തിലെ മറ്റൊരു സംഭവവും ഇവിടെ അനുസ്മരിക്കുന്നുണ്ട്. പരസ്യജീവിതത്തിന്റെ അവസാനഘട്ടത്തിൽ ഈശോ തന്റെ മഹത്ത്വീകരണത്തെപ്പറ്റിയും ഉയർത്തപ്പെടലിനെപ്പറ്റിയും പരാമർശിക്കുന്ന സന്ദർഭമാണത്. തന്റെ മഹത്ത്വീകരത്തെപ്പറ്റിയുള്ള സ്മരണ ഈശോയുടെ ആത്മാവിനെ അസ്വസ്ഥമാക്കിയപ്പോൾ അവിടുന്ന് പിതാവിനോട് പ്രാർത്ഥിക്കുകയും പിതാവ് മഹത്ത്വീകരണത്തെ ഉറപ്പിച്ചുകൊണ്ട് പ്രത്യുത്തരിക്കുകയും ചെയ്തു. അപ്പോൾ ഈശോ പറഞ്ഞു: "ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12:31-32). ഈശോയുടെ മഹത്ത്വീകരണം രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമാകുന്നതോടൊപ്പം, അതിലൂടെ എല്ലാ മനുഷ്യരെയും അവിടുത്തെ പക്കലേക്ക് ആകർഷിക്കുകയും ചെയ്യും. ദൈവത്തിന്റെ രക്ഷാകരസ്നേഹം ഈശോയുടെ ഉയർത്തപ്പെടലിൽ ലോകത്തിന് വെളിപ്പെടുന്നതുകൊണ്ട്, എല്ലാ മനുഷ്യരും ഈ സ്നേഹത്താൽ ആകർഷിക്കപ്പെടുമെന്നും ഇത് സൂചിപ്പിക്കുന്നു. "പാപത്തിൽനിന്നും അശുദ്ധിയിൽനിന്നും ദാവീദുഭവനത്തെയും ജറുസലേംനിവാസികളെയും കഴുകി വിശുദ്ധീകരിക്കാൻ അന്ന് ഒരു ഉറവ പൊട്ടിപ്പുറപ്പെടും" (13:1) എന്നുള്ള സഖറിയാപ്രവാചകന്റെ വാക്കുകളുടെ പൂർത്തീകരണവും ഇവിടെ സംഭവിക്കുന്നതായി യോഹന്നാൻശ്ലീഹാ വ്യക്തമാക്കുന്നു.

**വിചിന്തനം 19:19-22:** കുരിശ് വെളിപ്പെടുത്തലാണ്. ഈശോയുടെ കുരിശിലുള്ള ഉയർത്തപ്പെടൽ ഒരു വെളിപ്പെടുത്തലായിരുന്നു; മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ സ്വയം വെളിപ്പെടുത്തൽ. ഈ വെളിപ്പെടുത്തലിലൂടെയാണ് ഈശോ തന്റെ രാജത്വം പ്രായോഗികമാക്കിയത്. മിശിഹായുടെ രാജ്യത്തിലെ അംഗങ്ങളാകുന്ന സഭാമക്കൾ ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ഈ ദൈവസ്നേഹത്തിന് തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യം വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**19:22-25[a]:** സഭയുടെ ഐക്യമാണ് ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ലക്ഷ്യം. ഈശോയുടെ അന്ത്യപ്രാർത്ഥനയുടെ വിഷയവും അതായിരുന്നു. സഭാചരിത്രത്തിൽ ശീശ്മകൾ പലപ്പോഴും സഭയുടെ കൂട്ടായ്മാ സ്വഭാവത്തിന് കളങ്കം വരുത്തിയിട്ടുണ്ട്. ഇങ്ങനെ സഭയുടെ ഐക്യം ശിഥിലമാക്കുന്ന പ്രവണതകൾക്കെതിരേ സഭാമക്കൾ ജാഗരൂകരായിരിക്കണം. അതുപോലെതന്നെ, സഭൈക്യത്തിനുവേണ്ടിയുള്ള സഭയുടെ പരിശ്രമങ്ങളോട് സഹകരിക്കുകയും അവയുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണം.





**19:25[b]-27:** പരി. കന്യകാമറിയവും സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. മറിയം സഭയുടെ അമ്മയും മാതൃകയുമാണ്. സഭാമക്കൾ പരി. കന്യകാമറിയത്തെ സ്വന്തം അമ്മയായി സ്വീകരിക്കുകയും വിശ്വാസജീവിതത്തിൽ അവളെ അനുകരിക്കുകയും ചെയ്യണം. പരി. കന്യകാമറിയത്തോടുള്ള ഭക്തി സഭാപാരമ്പര്യങ്ങൾക്കനുസൃതമായി സഭാമക്കൾ എല്ലാവരും അഭ്യസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

**19:28-30:** കുരിശിൽ കിടന്നുകൊണ്ട് 'എനിക്കു ദാഹിക്കുന്നു' എന്നു പറഞ്ഞ ഈശോയുടെ വാക്കുകൾ ഈശോയിൽ വിശ്വസിക്കുന്നവർക്കെല്ലാം ജീവിതത്തിന് പ്രചോദനമാകണം. ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹത്തെക്കുറിച്ചും മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹത്തെക്കുറിച്ചുമുള്ള അവബോധത്തോടെ ജീവിക്കുവാൻ അവ നമുക്കു പ്രേരകമാകണം. തന്റെ മഹത്ത്വീകരണത്തിലൂടെ മനുഷ്യകുലത്തിനായി ഈശോ സംലഭ്യമാക്കിയ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ടും ആത്മാവിലുള്ള ജീവിതം നയിച്ചുകൊണ്ടുമാണ് ഈശോയുടെ ദാഹം ശമിപ്പിക്കുവാൻ നമുക്കു സാധിക്കുന്നത്. സഭയിലൂടെയും സഭയുടെ കൂദാശകളിലൂടെയുമാണ് പരിശുദ്ധാത്മാവ് ഇന്ന് നമുക്കു സംലഭ്യനാകുന്നത്. അതുകൊണ്ട് സഭാകൂട്ടായ്മയിൽ സജീവമായി പങ്കുചേർന്നുകൊണ്ട് പരിശുദ്ധാത്മാവിൽ ജീവിക്കുവാൻ നാം പരിശ്രമിക്കണം.

**19:31-37:** രണ്ടാം ആദമായ മിശിഹായുടെ പാർശ്വത്തിൽനിന്നും രണ്ടാം ഹവ്വയായി സഭ പുറപ്പെടുന്നു. ഒന്നാം ഹവ്വ മനുഷ്യകുലത്തെ പാപത്തിൽ ജനിപ്പിച്ചുവെങ്കിൽ രണ്ടാം ഹവ്വയാകുന്ന സഭ മനുഷ്യകുലത്തെ രക്ഷയിലും വിശുദ്ധിയിലും ജനിപ്പിക്കുന്നു. അതുകൊണ്ട് സഭയെ അമ്മയായി സ്വീകരിക്കുവാനും സ്നേഹിക്കുവാനും സഭാമക്കൾ കടപ്പെട്ടിരിക്കുന്നു. സഭയാകുന്ന അമ്മയുടെ ഗർഭപാത്രമായ മാമ്മോദീസാതൊട്ടിയിൽ ദൈവപുത്രത്വത്തിലേക്കും ദൈവികജീവനിലേക്കും പിറന്നുവീണ സഭാമക്കൾ ജീവന്റെ അപ്പമായ പരി. കുർബാനയിലൂടെ സഭാമാതാവിനാൽ പരിപോഷിപ്പിക്കപ്പെടുന്നു. പരി.കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിച്ചുകൊണ്ട് ദൈവപുത്രത്വത്തിലും ദൈവികജീവനിലും വളരുവാൻ സഭാമക്കൾ ആത്മാർത്ഥമായി പരിശ്രമിക്കണം.

## യോഹന്നാൻ 19:38-42, ഈശോയെ സംസ്ക്കരിക്കുന്നു

(മത്തായി 27:57-61; മർക്കോസ് 15:42-47; ലൂക്കാ 23:50-56 )

ഈശോയുടെ മൃതസംസ്ക്കാരം ചുരുങ്ങിയ വാക്കുകളിൽ യോഹന്നാൻ ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നു. യഹൂദരുടെ പ്രധാനപുരോഹിതന്റെ ആലോചനാസംഘത്തിൽപ്പെട്ട അരിമത്തിയാക്കാരൻ ജോസഫും നിക്കോദേമോസുമാണ് ഈശോയുടെ മൃതസംസ്ക്കാരം നടത്തുന്ന വ്യക്തികൾ. ഈശോയോടൊപ്പമുണ്ടായിരുന്ന സ്ത്രീകൾ ഈ സംഭവത്തിനു സാക്ഷികളുമാണ്. മൃതശരീരം രാത്രിയിൽ കുരിശിൽ കിട

ക്കുന്നത് നിയമവിരുദ്ധമായിരുന്നു: “ശവം രാത്രി മുഴുവൻ മരത്തിൽ തൂങ്ങിക്കിടക്കരുത്. നിന്റെ ദൈവമായ കർത്താവ് നിനക്കവകാശമായിത്തരുന്ന സ്ഥലം അശുദ്ധമാകാതിരിക്കാൻ അന്നുതന്നെ അതു മറവു ചെയ്യണം. മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്” (നിയമാ 21:23). അതുകൊണ്ടായിരിക്കണം അരിമത്തിയാക്കാരൻ ജോസഫ് ഈശോയുടെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു വാങ്ങുകയും, സമീപത്തുണ്ടായിരുന്ന തോട്ടത്തിലെ കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തത് (19:38). ഈശോയുടെ രഹസ്യശിഷ്യരായിരുന്ന ജോസഫും നിക്കൊദേമോസും ചേർന്ന് ഉചിതമായ ഒരു മൃതസംസ്ക്കാരം അവിടുത്തേയ്ക്കു നല്കി.

ഈശോയുടെ മൃതസംസ്ക്കാരവും അവിടുത്തെ രാജത്വം തെളിയിക്കുന്ന ഒരു അവസരമായി മാറി. അക്കാലത്തെ യഹൂദപ്രമാണികളിൽ പ്രമുഖരും കുലീനരുമായ അരിമത്തിയാക്കാരൻ ജോസഫിന്റെയും നിക്കൊദേമോസിന്റെയും സാന്നിദ്ധ്യം രാജകീയമായ ഒരു സംസ്ക്കാരമാണ് ഈശോയ്ക്ക് ലഭിച്ചത് എന്ന് വ്യക്തമാക്കുന്നു. ഒരു നേതാവിനു ലഭിക്കേണ്ട എല്ലാവിധ ബഹുമാനാദരവുകളും യഹൂദരുടെ ശവസംസ്ക്കാരകർമ്മാനുഷ്ഠാനങ്ങളും ഈശോയ്ക്കും ലഭിച്ചു. ധാരാളം സുഗന്ധദ്രവ്യങ്ങളും പുതിയ കല്ലറയുമൊക്കെ രാജകീയമായ മൃതസംസ്ക്കാരത്തെ ഓർമ്മിപ്പിക്കുന്നു. ഈശോ മരിച്ചതും സംസ്ക്കരിക്കപ്പെട്ടതുമെല്ലാം രാജാവായി തന്നെയാണ്. യഥാർത്ഥമായ, നിത്യം നിലനില്ക്കുന്ന രാജത്വമാണ് ഈശോയുടേത്.

**അരിമത്തിയാക്കാരൻ ജോസഫ്:** “യഹൂദരോടുള്ള ഭയം നിമിത്തം ഈശോയുടെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് ഈശോയുടെ ശരീരം എടുത്തുമാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു” (19:38).അരിമത്തിയാക്കാരൻ ജോസഫിനെ ഈശോയുടെ ‘രഹസ്യശിഷ്യൻ’ എന്നാണ് യോഹന്നാൻശ്ലീഹാ വിശേഷിപ്പിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പരസ്യജീവിതത്തെ അവതരിപ്പിക്കുന്ന ‘അടയാളങ്ങളുടെ പുസ്തക’ത്തിന്റെ അവസാനഭാഗത്ത് ഒരു വിലയിരുത്തൽ നടത്തുന്നുണ്ട്. വിലയിരുത്തൽ പൊതുവെ നിഷേധാത്മകമാണെങ്കിലും, “അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു” എന്നു പറയുന്നുണ്ട്. “എന്നാൽ സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അത് ഏറ്റു പറഞ്ഞില്ല” (യോഹ 12:42) എന്ന് യോഹന്നാൻ ശ്ലീഹാ കൂട്ടിച്ചേർക്കുന്നുമുണ്ട്. ഇങ്ങനെ ഈശോയുടെ രഹസ്യശിഷ്യനായിത്തീർന്ന വരിൽ ഒരുവനായിരിക്കണം ജോസഫ്. ഈശോയുടെ രഹസ്യശിഷ്യരായിക്കഴിയുവാൻ അവർ പ്രേരിതരായത് ദൈവമഹത്വത്തെക്കാൾ മനുഷ്യപ്രശംസ അഭിലഷിച്ചതുകൊണ്ടാണെന്ന് യോഹന്നാൻശ്ലീഹാ പറയുന്നുണ്ട് (12:43). എന്നാൽ, ജോസഫ് ഇതിന് ഒരപവാദമായിരുന്നുവെന്നു തോന്നുന്നു. ഈശോയുടെ മൃതദേഹം എടുത്തുമാറ്റാൻ പീലാത്തോസിൽനിന്നും അനുവാദം വാങ്ങുന്നതും ഉചിതമായ ഒരു മൃതസംസ്ക്കാരം ഈശോയ്ക്ക് നല്കുന്നതും അതിന്റെ സൂചനകളാണ്. ജോസഫ് ആലോചനാസംഘത്തിലെ ബഹുമാന്യനായ ഒരംഗവും





ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നുവെന്ന് മർക്കോസ് സുവിശേഷകൻ പറയുന്നുണ്ട് (മർക്കോ 15:43). അവൻ നല്ലവനും നീതിമാനുമായിരുന്നുവെന്നും അവൻ അവരുടെ ആലോചനകളിലോ പ്രവൃത്തികളിലോ പങ്കുചേർന്നിരുന്നില്ല എന്നും ലൂക്കാ സുവിശേഷകനും പറയുന്നു (ലൂക്കാ 23:50-51).

യഹൂദരുടെ ആലോചനാസംഘത്തിന്റെ തീരുമാനമനുസരിച്ചാണ് ഈശോ വധിക്കപ്പെട്ടത് (യോഹ 11:50-52; മത്താ 26:65-68). അവരുടെ ആലോചനയിൽ പങ്കുചേരാതിരിക്കുകയും, അവരുടെ ആലോചനക്കനുസൃതമായി വധിക്കപ്പെട്ട ഒരാൾക്ക് മാന്യമായ മൃതസംസ്ക്കാരം നല്കുകയും ചെയ്യുന്നത് അവരുടെ ദൃഷ്ടിയിൽ തീർച്ചയായും കുറ്റകരമാണ്. എങ്കിലും ജോസഫ് ധൈര്യപൂർവ്വം പീലാത്തോസിനെ സമീപിക്കുകയും മിശിഹായുടെ മൃതശരീരം ഏറ്റുവാങ്ങി ഭക്ത്യാദരപൂർവ്വം സംസ്ക്കരിക്കുകയും ചെയ്യുന്നു. ജോസഫ് മിശിഹായെ സംസ്ക്കരിച്ചത് തന്റെ പുതിയ കല്ലറയിലായിരുന്നുവെന്ന് മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (27:60). യഹൂദരുടെ കാഴ്ചപ്പാടിൽ ശിക്ഷാർഹമായ ഈ നടപടി സ്വീകരിക്കുവാൻ ജോസഫ് തയ്യാറായത് അദ്ദേഹം മിശിഹായിൽ ദൈവത്തിന്റെ പ്രവർത്തനം ദർശിച്ചതുകൊണ്ടായിരിക്കണം. അതുകൊണ്ട് ജോസഫ് മനുഷ്യരുടെ പ്രീതിയെക്കാൾ ദൈവമഹത്വം തേടുന്നവനായിരുന്നിരിക്കണം.

**നിക്കൊദേമോസ്:** “ഈശോയെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കൊദേമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറുറാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു” (19:39). നിക്കൊദേമോസും ഈശോയുടെ രഹസ്യശിഷ്യരിൽ ഒരാളായിരുന്നു. ആലോചനാസംഘത്തിലെ ഒരംഗവുമായുന്നു. ഇതിനു മുമ്പ് രണ്ടുപ്രാവശ്യം നിക്കൊദേമോസ് യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് - മൂന്നാമദ്ധ്യായത്തിലും ഏഴാമദ്ധ്യായത്തിലും. മൂന്നാമദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു: “ഫരിസേയരിൽ നിക്കോദേമോസ് എന്നു പേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു. അവൻ രാത്രി ഈശോയുടെ അടുത്തുവന്നു പറഞ്ഞു: റബ്ബീ, അങ്ങ് ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല” (യോഹ 3:1-2). ഈശോയുമായുള്ള സംഭാഷണവേളയിൽ നിക്കൊദേമോസ് ഇസ്രായേലിലെ ഒരു ഗുരുവായിരുന്നുവെന്നും മനസ്സിലാക്കാം (യോഹ 3:10). അതുകൊണ്ടായിരി ക്കാം ഈശോയുടെ പ്രബോധനങ്ങളാൽ ആ കൃഷ്ടനായി അദ്ദേഹം ഈശോയുടെ പക്കലെത്തിയത്. രാത്രിയിൽ വന്നതിന് ബൈബിൾ വ്യാഖ്യാതാക്കൾ വിവിധ വിശദീകരണങ്ങൾ നല്കുന്നുണ്ട്. മറ്റുള്ളവർ അറിയായെ രഹസ്യമായി വന്നുവെന്നും, അതല്ല, രാത്രികാലങ്ങളിലാണ് യഹൂദർ വിശുദ്ധലിഖിതവായനയിലും പഠനത്തിലും ഏർപ്പെട്ടിരുന്നത് എന്നതുകൊണ്ടാണെന്നും പറയുന്നവരുണ്ട്. ഇവിടെ പ്രതീകാത്മകമായ ഒരർത്ഥമുണ്ടെന്നു പറയാം. അന്ധകാരത്തിലായിരുന്ന നിക്കൊദേമോസ് പ്രകാശമായ മിശിഹായിലേക്കു വരുന്നു. ഏഴാമദ്ധ്യായത്തിൽ നിക്കൊദേമോസിനെ ഈശോയിൽ വിശ്വസിക്കുന്ന ഒരാളായിട്ടും ഈശോയ്ക്കുവേണ്ടി

ആലോചനാസംഘത്തിൽ സംസാരിക്കുന്നവനുമായിട്ടാണ് കാണുക: "മുമ്പൊരിക്കൽ ഈശോയുടെ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു: ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്നറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?" (യോഹ 7:50-51).

നിക്കൊദേമോസ് സത്യത്തോട് തുറവിയുള്ളവനും നീതിബോധമുള്ളവനുമായിരുന്നു. ഒരു പ്രബോധകനെന്ന നിലയിൽ വിശ്വാസസംബന്ധമായ കാര്യങ്ങൾ അറിയുവാനും മനസ്സിലാക്കുവാനും അത് മറ്റുള്ളവരെ പഠിപ്പിക്കുവാനും നിക്കൊദേമോസ് ശ്രദ്ധിച്ചിരുന്നിരിക്കണം. ദൈവത്തിൽനിന്നും വന്ന ഒരു ഗുരുവായി ഈശോയെ തിരിച്ചറിഞ്ഞ് ഈശോയുടെ പക്കൽനിന്ന് കൂടുതൽ പഠിക്കുവാനാണ് രാത്രിയിൽ അയാൾ ഈശോയെ സമീപിച്ചത്. ജലത്താലും അരൂപിയാലുമുള്ള ജനനത്തെപ്പറ്റി ഈശോ വിശദീകരിച്ചപ്പോൾ "ഇതെല്ലാം എങ്ങനെ സംഭവിക്കും?" (യോഹ 3:9) എന്ന് അയാൾ ചോദിക്കുന്നു. അതിന് ഈശോ കൊടുത്ത വിശദീകരണമെല്ലാം കേട്ട് മനസ്സിലാക്കി ഈശോയിൽ വിശ്വസിച്ച ഒരു രഹസ്യശിഷ്യനായിരുന്നു നിക്കൊദേമോസ്.

**മരണം ദൈവത്തിന്റെ വിശ്രമത്തിലേക്കുള്ള പ്രവേശനം:** "യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു" (19:42). 'യഹൂദരുടെ ഒരുക്കത്തിന്റെ ദിവസ'മെന്ന് ഇവിടെ പറയുന്നത് സാബത്തിനു മുമ്പുള്ളതോ പെസഹായ്ക്കു മുമ്പുള്ളതോ എന്ന് നിശ്ചയമില്ല. സഭാപിതാവായ താസിയനും ഏതാനും സുറിയാനിസാക്ഷ്യങ്ങളും "സാബത്ത് ആരംഭിക്കുന്നതിനുമുമ്പ്" എന്ന് വ്യക്തമാക്കുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷത്തിൽ, "അന്ന് സാബത്തിനു തൊട്ടുമുമ്പുള്ള ഒരുക്കദിവസമായിരുന്നു" എന്ന് വ്യക്തമായി പറയുന്നുമുണ്ട്. സാബത്തിൽ മൃതസംസ്കാരം നടത്തുക അനുവദനീയമായിരുന്നില്ല. അതുകൊണ്ട് സാബത്തിലേക്കുള്ള പ്രവേശനവും ഈശോയുടെ മൃതസംസ്കാരവും ഒരേ സമയത്ത് നടക്കുകയാണ്. മരണം ദൈവത്തിന്റെ വിശ്രമത്തിലേക്കുള്ള പ്രവേശനമാണ് എന്ന വസ്തുത ഇവിടെ പ്രത്യേകം സൂചിപ്പിക്കപ്പെടുന്നു. സാബത്തുവിശ്രമം ദൈവത്തിന്റെ വിശ്രമത്തെ ഓർമ്മിപ്പിക്കുന്നതാണ്. ഉല്പത്തിപുസ്തകത്തിൽ സൃഷ്ടിയുടെ വിവരണപശ്ചാത്തലത്തിലാണ് ദൈവത്തിന്റെ വിശ്രമത്തെപ്പറ്റി പറയുന്നത്: "സൃഷ്ടികർമ്മം പൂർത്തിയാക്കി തന്റെ പ്രവൃത്തികളിൽനിന്നു വിരമിച്ച് വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ച് വിശുദ്ധമാക്കി" (ഉല്പ 2:3). ദൈവത്തിന്റെ വിശ്രമം എന്തിലാണ് അടങ്ങിയിരിക്കുന്നത്? സൃഷ്ടിയുടെ വിവരണത്തിൽ അതിന്റെയും സൂചനയുണ്ട്. ഓരോന്നും സൃഷ്ടിച്ചതിനുശേഷം "അതു നല്ലതെന്നു ദൈവം കണ്ടു" എന്നു പറഞ്ഞിരിക്കുന്നു (ഉല്പ 1:4,10,12,18,21,25). അവസാനം "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു" (ഉല്പ 1:31) എന്നും പറഞ്ഞിരിക്കുന്നു. ചെയ്യേണ്ടതെല്ലാം വേണ്ടതുപോലെ ചെയ്തുതീർത്തു എന്ന സംതൃപ്തിയും കൃതാർത്ഥതയുമാണ് യഥാർത്ഥ വിശ്രമം.





ഈശോയുടെ മരണവും മൃതസംസ്കാരവും ദൈവത്തിന്റെ വിശ്രമത്തിലേക്കുള്ള പ്രവേശനമായിരുന്നു. തന്റെ പിതാവിന്റെ ഹിതമനുസരിച്ച് എല്ലാം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെയാണ് ഈശോ ഈ വിശ്രമത്തിലേക്കു പ്രവേശിച്ചത് (യോഹ 19:28).

ഈശോയുടെ മൃതസംസ്കാരം ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഒരു വിഷയമാണ്. ഉത്ഥിതനായ ഈശോയിലുള്ള ആദിമസഭയുടെ വിശ്വാസം നാലു കാര്യങ്ങളാണ് ഏറ്റുപറഞ്ഞിരുന്നത് - ഈശോയുടെ മരണം, മൃതസംസ്കാരം, ഉത്ഥാനം, പ്രത്യക്ഷപ്പെടൽ. മരണം സംഭവിച്ചു എന്നതിന് തീർച്ച നല്കുന്നത് മൃതസംസ്കാരമാണ്. മൃതസംസ്കാരം ഉറപ്പുവരുത്തിയാലേ ഉത്ഥാനം നടന്നു എന്നതിന് തീർച്ച ലഭിക്കുകയുള്ളു. അതുകൊണ്ടാണ് ശൂന്യമായ കബറിടവും പ്രത്യക്ഷീകരണങ്ങളും മിശിഹായുടെ ഉത്ഥാനത്തിന്റെ വിവരണങ്ങളായി സുവിശേഷങ്ങളിൽ രൂപംകൊണ്ടത്. കല്ലറയുടെ വാതിൽക്കൽ ഒരു കല്ല് ഉരുട്ടിവച്ചു എന്നതും, കല്ലറക്കു കാവൽ ഏർപ്പെടുത്തി എന്നതും ശ്രദ്ധേയമാണ് (മത്താ 27:62-66). ഉത്ഥാനവിവരണത്തിൽ കല്ലുരുട്ടി മാറ്റപ്പെടുന്നത് പ്രാധാന്യം കൊടുത്ത് വിവരിക്കുന്നതായി കാണാം (മത്താ 28:2; മർക്കോ 16:3-4).

**വിചിന്തനം:** മനുഷ്യപ്രശംസയെക്കാൾ ദൈവമഹത്വം തേടിയ ജോസഫ് വിശ്വാസികൾക്ക് മാതൃകയാണ്. മനുഷ്യപ്രീതിയും പ്രശംസയും തേടാനുള്ള പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവയെ അതിജീവിച്ച് ദൈവമഹത്വം മാത്രം ലക്ഷ്യമാക്കി ശുശ്രൂഷ ചെയ്യുവാൻ നമുക്കു കഴിയണം. വിശ്വാസപരമായ കാര്യങ്ങൾ പഠിച്ച് ബോദ്ധ്യങ്ങൾ ഉൾക്കൊള്ളുവാനും ആ ബോദ്ധ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനും അവ മറ്റുള്ളവരെ പഠിപ്പിക്കുവാനും ശ്രദ്ധിച്ചിരുന്ന ഒരു പ്രബോധകനായി കാണപ്പെടുന്ന നിക്കോദേമോസും നമുക്ക് മാതൃകയാണ്.

ക്രൈസ്തവർ എല്ലാം ദൈവഹിതമനുസരിച്ച് പൂർത്തിയാക്കി ദൈവത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കേണ്ടവരാണ്. എല്ലാ ക്രൈസ്തവരും പ്രവേശിക്കേണ്ട ഈ വിശ്രമത്തെപ്പറ്റിയാണ് ഹെബ്രായലേഖകൻ ഇപ്രകാരം പറയുന്നത്: "അവിടുന്നു നല്കുന്ന വിശ്രമത്തിലേക്കു നാം പ്രവേശിക്കുമെന്ന വാഗ്ദാനം നിലനില്ക്കുമ്പോൾത്തന്നെ അതിൽ പ്രവേശിക്കുവാൻ കഴിയാത്തവരായി നിങ്ങളിലാരെങ്കിലും കാണപ്പെടുമോ എന്നു നാം ഭയപ്പെടണം" (ഹെബ്രാ 4:1). ഈ വിശ്രമത്തിലേക്ക് ആത്യന്തികമായി മരണത്തിലൂടെയാണ് നാം പ്രവേശിക്കുന്നതെങ്കിലും അതിന്റെ മുന്നാസ്വാദനമാണ് ഞായറാഴ്ചയാചരണത്തിൽ നാം അനുഭവിക്കുന്നത്. "കർത്താവിന്റെ ദിവസം" "സഭയുടെ ദിവസം" എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന ഞായറാഴ്ചയാചരണത്തിന്റെ ലക്ഷ്യം കർത്താവിനോടുകൂടെ ആയിരുന്നുകൊണ്ട് ജീവിതത്തെ വിലയിരുത്തുകയും കർത്താവിന്റെ ഹിതമനുസരിച്ചാണ് ജീവിക്കുന്നതെന്ന് ഉറപ്പുവരുത്തുകയുമാണ്.

ക്രൈസ്തവജീവിതം മിശിഹായോടൊപ്പം മരിക്കുകയും സംസ്കരിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമാണ്. ക്രൈസ്ത

വജീവിതത്തിന് തുടക്കംകുറിക്കുന്ന മാമ്മോദീസാനുഭവം പൗലോസ്ശ്ലീഹാ ഈ വിധത്തിലാണ് വിവരിക്കുന്നത്: "ഈശോമിശിഹായോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്" (റോമാ 6:3-4). മാമ്മോദീസായിൽ മിശിഹായോടൊത്ത് മരിക്കുക മാത്രമല്ല സംസ്കരിക്കപ്പെടുകയും ചെയ്തു എന്ന് ശ്ലീഹാ ഊന്നൽ കൊടുത്തു പറയുന്നു. സംസ്കരിക്കപ്പെടൽ പൂർണ്ണമായ വേർപാടിനെയാണ് സൂചിപ്പിക്കുന്നത്. ഒരാൾ മരിച്ചാലും ബന്ധപ്പെട്ടവർ വരികയും ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരിക്കും. എന്നാൽ സംസ്കരിക്കപ്പെട്ടു കഴിയുമ്പോൾ എല്ലാവരും പിരിഞ്ഞുപോകുന്നു. മാമ്മോദീസാ പരികർമ്മം ചെയ്യുമ്പോൾ മാമ്മോദീസാർത്ഥിയെ പൂർണ്ണമായും വെള്ളത്തിൽ മുക്കിയിരുന്നത് സംസ്കരിക്കപ്പെടുന്നതിനെ സൂചിപ്പിക്കാനാവണം. പാപത്തോട് പൂർണ്ണമായി വിടപറഞ്ഞ് മിശിഹായോടു ചേർന്ന് വിശുദ്ധിയുടെ നവജീവിതത്തിലേക്കു ഒരാൾ പ്രവേശിക്കുന്നു എന്നാണ് ഇതിന്റെ സൂചന.

# യോഹന്നാൻ 20:1-31, ഈശോയുടെ ഉത്ഥാനം

മരണത്തെ പരാജയപ്പെടുത്തി ഈശോ ഉത്ഥാനം ചെയ്തതിന്റെ വിവരണമാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം. മിശിഹായുടെ ഉത്ഥാനം ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനവും അന്തസ്സത്തയുമാണ്. വി. പൗലോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മാത്രമല്ല, ഞങ്ങൾ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു" (1 കൊറി 15:14-15). സഭയുടെ അടിസ്ഥാനദൗത്യമായ സുവിശേഷപ്രഘോഷണത്തിന്റെ വിഷയവും മിശിഹായുടെ ഉത്ഥാനം തന്നെയാണ്. പത്രോസ്ശ്ലീഹാ മറ്റ് പതിനൊന്നു പേരോടുചേർന്നു നിന്നുകൊണ്ട് ആദ്യം നടത്തിയ സുവിശേഷപ്രഘോഷണത്തിന്റെ പ്രധാനവിഷയം മിശിഹായുടെ ഉത്ഥാനം തന്നെയായിരുന്നു (നട 2:14 മുതൽ). ഈ പ്രസംഗത്തിൽ മിശിഹായുടെ ഉത്ഥാനം പലവട്ടം പരാമർശിക്കപ്പെടുന്നുണ്ട് (നട 2:23-24,32-33,36). ആദിമസഭ മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസം രണ്ടുതരത്തിലാണ് പ്രകടമാക്കിയിരുന്നത്:

**1. സഭയുടെ വിശ്വാസം പ്രകടമാക്കുന്ന ചെറിയ വിശ്വാസപ്രഖ്യാപനങ്ങൾ:** പൗ ലോസ്ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിലെ ഈ വാക്യങ്ങൾ ഇതിനുദാഹരണമാണ്: "വിശുദ്ധലിഖിതങ്ങൾ പറഞ്ഞിട്ടുള്ളതുപോലെ, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി





മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി" (15:3-5). ഈശോയുടെ പെസഹാരഹസ്യങ്ങളുടെ ചുരുങ്ങിയ വിവരണമാണിത്. അവിടുത്തെ മരണവും സംസ്ക്കാരവും ഉത്ഥാനവും പ്രത്യക്ഷീകരണവുമെല്ലാം ഈ വാക്കുകളിൽ അവതരിപ്പിച്ചിരിക്കുന്നു. ഇത് ആദിമസഭയുടെ വിശ്വാസപ്രഘോഷണമായിരുന്നു.

**2. ദീർഘമായ ഉത്ഥാനവിവരണങ്ങൾ:** പ്രധാനമായും രണ്ടുവിധത്തിലുള്ള വിവരണങ്ങളാണുള്ളത്: ശൂന്യമായ കല്ലറയെ സംബന്ധിച്ച വിവരണങ്ങളും ഈശോയുടെ പ്രത്യക്ഷീകരണത്തെക്കുറിച്ചുള്ള വിവരണങ്ങളും. ഈ അദ്ധ്യായത്തിൽ ശൂന്യമായ കല്ലറയുടെ ഒരു വിവരണവും പ്രത്യക്ഷീകരണത്തിന്റെ മൂന്നു വിവരണങ്ങളും കൊടുത്തിരിക്കുന്നു. ശൂന്യമായ കബറിടം മരിച്ചയാൾതന്നെയാണ് ഉയിർത്തെഴുന്നേറ്റതെന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ, പ്രത്യക്ഷീകരണം മരിച്ചയാൾ വ്യത്യസ്തനായിട്ടാണ് ഉയിർത്തെഴുന്നേറ്റതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

## യോഹന്നാൻ 20:1-10, ശൂന്യമായ കല്ലറ

(മത്തായി 28:1-10; മർക്കോസ് 16:1-8; ലൂക്കാ 24:1-12)

ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു. ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു" (20:1). മിശിഹായുടെ ഉത്ഥാന വിവരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ശൂന്യമായ കബറിടത്തിന്റെ വിവരണം. ശൂന്യമായ കബറിടം മിശിഹായുടെ ഉത്ഥാനത്തിന്റെ അടയാളമാണ്. കാരണം മരണമില്ലാതെ ഉത്ഥാനമില്ല. മരണം സ്ഥിരീകരിക്കപ്പെടുന്നത് മൃതസംസ്ക്കാരത്തിലൂടെയാണ്. മരണം സ്ഥിരീകരിക്കപ്പെട്ടെങ്കിലേ ഉത്ഥാനം സ്ഥിരീകരിക്കപ്പെടുകയുള്ളു. ശൂന്യമായ കബറിടം എല്ലാ സുവിശേഷകന്മാരും സാക്ഷ്യപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ്. മർക്കോസ് സുവിശേഷകൻ പറയുന്നു: "എന്നാൽ അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നു!" (മർക്കോ 16:4). മാത്രമല്ല, "അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അവൻ ഇവിടെയില്ല. നോക്കൂ അവർ അവനെ സംസ്കരിച്ച സ്ഥലം" എന്ന ദൂതവാക്യവും വി. മർക്കോസിന്റെ സുവിശേഷത്തിലുണ്ട് (മർക്കോ 16:6). "അവർ അകത്തു കടന്നു നോക്കിയപ്പോൾ കർത്താവായ ഈശോയുടെ ശരീരം കണ്ടില്ല" എന്ന് ലൂക്കാസുവിശേഷകനും പറയുന്നു (ലൂക്കാ 24:3). മത്തായിസുവിശേഷകനിൽ, ശരീരം അപ്രത്യക്ഷമായതിനെക്കുറിച്ച് യഹൂദരുടെയിടയിൽ നിലവിലിരിക്കുന്ന ഒരു വ്യാജപ്രചാരണവുംകൂടി ചേർത്തിട്ടുണ്ട് (മത്താ 28:11-15).

**ഉത്ഥാനത്തിന്റെ ആധികാരികസാക്ഷികൾ:** "അവൾ ഉടനെ ഓടി ശിമയോൻ പത്രോസിന്റെയും ഈശോ സ്നേഹിച്ചിരുന്ന മറ്റെ ശിഷ്യ

ന്റെയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ അവർ അവനെ എവിടെ വച്ചുവെന്ന് ഞങ്ങ ൾക്കറിഞ്ഞുകൂടാ" (20:2). മിശിഹായുടെ ഉത്ഥാനവാർത്ത ആദ്യം അറി യിക്കപ്പെടുന്നത് പത്രോസ്ശ്ലീഹായ്ക്കും മറ്റ് ശിഷ്യന്മാർക്കുമാണ്. പിന്നീട് മഗ്ദലേനമറിയം ഉത്ഥിതനെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ അവളെ ഈശോ പറഞ്ഞു വിടുന്നതും ഈ വാർത്ത തന്റെ ശിഷ്യരെ അറിയി ക്കുവാനാണ് (യോഹ 20:17). ഉത്ഥിതനായ ഈശോ ആദ്യമായി പ്രത്യ ക്ഷപ്പെട്ടു എന്ന് പൗലോസ്ശ്ലീഹാ പറയുന്നതും പത്രോസ്ശ്ലീഹായ്ക്കും മറ്റ് ശിഷ്യന്മാർക്കുമാണ്: "അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടു പേർക്കും പ്രത്യക്ഷനായി" (1 കൊറി 15:5). പന്ത്രണ്ടു ശ്ലീഹന്മാരാണ് മിശിഹായുടെ ഉത്ഥാനത്തിന് ആധികാരികമായി സാക്ഷ്യം നല്കുന്നവർ. ക്രിസ്തീയവിശ്വാസത്തിന്റെ ആധികാരികത, അതിന്റെ ശ്ലൈഹികതയി ലാണ്. മിശിഹായോടൊത്തായിരുന്ന പന്ത്രണ്ടു ശ്ലീഹന്മാരാണ് അവി ടുത്തെ ഉത്ഥാനത്തിന് ആധികാരികതയോടുകൂടി സാക്ഷ്യം വഹിക്കേ ണ്ടവർ. പന്ത്രണ്ടു പേരിൽ ഒരാൾ (യൂദാസ്) നഷ്ടപ്പെട്ടപ്പോൾ പകരം തെരഞ്ഞെടുക്കപ്പെടേണ്ട വ്യക്തിയെ അവതരിപ്പിക്കുമ്പോൾ ഇത് വ്യക്ത മായി നടപടി ഗ്രന്ഥത്തിൽ പറയുന്നുണ്ട്: "അതിനാൽ കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയാ യിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്നും ഉന്നതങ്ങ ളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ ഈശോ നമ്മോടൊപ്പം സഞ്ചരിച്ചി രുന്ന കാലം മുഴുവനും നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായി രിക്കണം അവൻ" (നട 1:21-22). ഈശോയോടുകൂടി ആദ്യന്തം ജീവിച്ച് ഈശോയെ അനുഭവിച്ചറിഞ്ഞവരായിരിക്കണം ഉത്ഥാനത്തിനും ഉത്ഥി തനും ആധികാരികമായി സാക്ഷ്യം വഹിക്കുന്നവർ എന്ന് ഇത് വ്യക്ത മാക്കുന്നുണ്ട്.

ഇത് വെറും നൈയ്യാമികമായ ഒരു ആധികാരികതയല്ല. അനുഭവപര മായ ആധികാരികതയാണ്. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞു എന്നതാണ് പന്ത്രണ്ടുശ്ലീഹന്മാരുടെ ആധികാരികതയുടെ അടിസ്ഥാനം. മിശിഹായെ തന്നിൽ ജീവിക്കുവാൻ അനുവദിച്ചുകൊണ്ടാണ് അവിടുത്തെ പ്രഘോഷിക്കേണ്ടത്. ഉത്ഥിതനായ ഈശോ ജീവദാതാവായ ആത്മാ വായി മാറി (1 കൊറി 15:45). അതുകൊണ്ട് നമ്മിൽ ഓരോരുത്തിലും ജീവിക്കുവാനും നമ്മെ ജീവിപ്പിക്കുവാനും അവിടുത്തേക്കു കഴിയും. അങ്ങനെ നമ്മിൽ ജീവിക്കുവാൻ നാം അവിടുത്തെ അനുവദിക്കുമ്പോൾ പൗലോസ്ശ്ലീഹായെപ്പോലെ, "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, മിശി ഹായാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2:20) എന്നു പറയാൻ നമുക്ക് കഴിയും. അങ്ങനെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുമ്പോഴാണ് നാം മിശിഹായുടെ ഉത്ഥാനം പ്രഘോഷിക്കുക.

**സ്നേഹവും വിശ്വാസവും:** "പത്രോസ് ഉടനെ മറ്റേ ശിഷ്യനോടുകൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി" (20:3-4). മിശിഹായുടെ ശരീരം കാണു ന്നില്ല എന്നു കേട്ടതോടെ പത്രോസും ഈശോ സ്നേഹിച്ച ശിഷ്യനും





കല്ലറയുടെ അടുത്തേക്ക് ഓടിയെത്തുന്നു. ഈശോയോടുള്ള സ്നേഹ മാണ് ഓടിയെത്തുവാൻ ഇരുവരെയും പ്രേരിപ്പിച്ചത് എന്നതിനു സംശ യമില്ല. "ഇരുവരും ഒരുമിച്ച് ഓടി" എന്നും "എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി" എന്നും പറയുന്നത് സ്നേഹ ത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നുണ്ട്. "മറ്റേ ശിഷ്യൻ" "ഈശോ സ്നേഹിച്ച ശിഷ്യൻ" എന്നറിയപ്പെടുന്ന യോഹന്നാൻശ്ലീഹായാണ്. ഈശോയുമായി തനിക്കുള്ള പ്രത്യേകബന്ധത്തെ സൂചിപ്പിക്കുവാനാണ് "ഈശോ സ്നേഹിച്ച ശിഷ്യൻ" എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിക്കു ന്നത്. ഈശോയുടെ സ്നേഹം യോഹന്നാൻശ്ലീഹായെ പ്രത്യേകവിധം സ്വാധീനിച്ചു എന്നാണ് ഇതിന്റെ സൂചന. ഒരാൾ എല്ലാവരെയും ഒരു പോലെ സ്നേഹിച്ചാലും സ്നേഹം സ്വീകരിക്കുന്നവർ ഒരുപോലെയല്ല പ്രതികരിക്കുന്നത്. സ്നേഹം സ്വീകരിക്കുന്നതിലും പ്രത്യുത്തരിക്കുന്ന തിലും വ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് ഈശോ യുടെ സ്നേഹം മറ്റാരെക്കാളും കൂടുതൽ യോഹന്നാൻശ്ലീഹായെ സ്വാധീ നിച്ചു എന്നു പറയുന്നതിൽ തെറ്റില്ല. അതുകൊണ്ടുതന്നെയാണ് "ഈശോ സ്നേഹിച്ച ശിഷ്യൻ" എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിക്കു ന്നത്. ഇതായിരിക്കണം കല്ലറയിലേക്ക് കൂടുതൽ വേഗതയിൽ ഓടിയെ ത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

എന്നാൽ, യോഹന്നാൻശ്ലീഹായെക്കു റിച്ച് പിന്നീടു പറയുന്ന കാര്യം കൂടുതൽ ദൈവശാസ്ത്രപരമായി ഈ രംഗത്തെ വ്യാഖ്യാനിക്കാൻ പ്രേര കമാണ്. യോഹന്നാൻശ്ലീഹാ നേരത്തെ ഓടിയെത്തിയെങ്കിലും കല്ലറ യിൽ പ്രവേശിക്കാൻ പത്രോസ്ശ്ലീഹായെ കാത്തുനിന്നു. പത്രോസ് ആദ്യം പ്രവേശിച്ച് ശൂന്യമായ കല്ലറയും അവിടെക്കിടന്ന കച്ചയും തൂവാ ലയും കണ്ടെങ്കിലും വിശ്വസിച്ചതായി പറയുന്നില്ല. അതേസമയം, "മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു" (20:8) എന്നു പറ യുന്നു. സ്നേഹം വിശ്വാസത്തെ എളുപ്പമുള്ളതാക്കുന്നു എന്ന ഒരു സൂചന ഇവിടെയുള്ളതായി പറയാം. ഗലീലി കടൽത്തീരത്ത് ഈശോ ശിഷ്യ ന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുത്തെ ആദ്യം തിരിച്ചറിഞ്ഞത് ഈശോ സ്നേഹിച്ച ശിഷ്യനാണ്: "ഈശോ സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: അത് കർത്താവാണ്" (യോഹ 21:7). ഈശോയുമായുള്ള യോഹന്നാൻശ്ലീഹായുടെ സ്നേഹബന്ധം ഈശോ യുടെ സാന്നിദ്ധ്യത്തെ തിരിച്ചറിയാൻ അദ്ദേഹത്തെ സഹായിച്ചുവെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

**അടയാളങ്ങളിലൂടെയുള്ള വിശ്വാസം:** "അ വന്റെ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കു ന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്ത് ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു" (19:7). ശൂന്യമായ കല്ല റയിൽ പ്രവേശിച്ച പത്രോസും യോഹന്നാനും രണ്ടു കാര്യങ്ങൾ കണ്ട തായിട്ടാണ് പറയുന്നത് - കച്ചയും തൂവാലയും. കല്ലറയിൽ കണ്ട കച്ചയും തൂവാലയും ഉത്ഥിതനായ ഈശോയുടെ വ്യക്തിത്വം എന്താണെന്ന സൂച നയും നല്കുന്നുണ്ട്. ഈശോ മഹത്ത്വീകരിക്കപ്പെട്ടവനായി മാറി എന്നാ ണിത് വ്യക്തമാക്കുന്നത്. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന

ശരീരമല്ല ഈശോയ്ക്ക് ഇനിയുള്ളത്. ഈശോയുടെ ശരീരത്തിന് ഇനി ഇതുപോലൊരു വസ്ത്രം ആവശ്യമില്ല. ഉത്ഥിതനായ ഈശോയുടെ ശരീരം ആത്മീയശരീരമാണ് (1 കൊറി 15:44). അതുകൊണ്ട് കച്ച ഈശോ ഉത്ഥാനം ചെയ്തു എന്നതിന്റെ അടയാളമാണ്. 'തൂവാല തനിച്ച് ഒരിടത്ത് ചുരുട്ടി വച്ചിരിക്കുന്നത്' പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഗ്രീക്കുമൂലത്തിൽ 'സൂദാരിയോൻ' എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ മോശ കർത്താവിനോട് സംസാരിച്ചതിനുശേഷം ഇറങ്ങിവന്ന് ഇസ്രായേലിനോട് കാര്യങ്ങൾ പറഞ്ഞ സന്ദർഭത്തിൽ തന്റെ മുഖം ദിവ്യപ്രഭയാൽ പ്രകാശമാനമായതുകൊണ്ട് ഒരു മൂടുപടം ധരിച്ചു എന്ന് പുറപ്പാടു പുസ്തകത്തിൽ പറയുന്നുണ്ട്. അവിടെ മൂടുപടത്തിന് ഈ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (പുറ 34:33-35). അതുകൊണ്ട് ഈ തൂവാല ഉത്ഥിതനായ മിശിഹായുടെ മഹത്ത്വീകരണത്തിന്റെ ഒരടയാളമായി കാണാവുന്നതാണ്.

ശൂന്യമായ കല്ലറയും ഈ രണ്ട് അടയാളങ്ങളും കണ്ടിട്ടാണ് പത്രോസും യോഹന്നാനും മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിച്ചത്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ അടയാളങ്ങളും വിശ്വാസവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. സുവിശേഷത്തിന്റെ ഉള്ളടക്കം മുഴുവനെയും വി. യോഹന്നാൻ വിശേഷിപ്പിക്കുന്നത് 'അടയാളങ്ങൾ' എന്നാണ്. ഈ അടയാളങ്ങൾ രേഖപ്പെടുത്തിയതിന്റെ ഉദ്ദേശ്യം എല്ലാവരും അവയിലൂടെ മിശിഹായിൽ വിശ്വസിക്കുന്നവരാകണം എന്നതാണ്: "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് ഈശോ ദൈവപുത്രനായ മിശിഹായാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോഹ 20:30-31).

പത്രോസും യോഹന്നാനും അടയാളങ്ങൾ കണ്ട് ഈശോയുടെ ഉത്ഥാനത്തിൽ വിശ്വസിച്ചു. "അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല" (20:9). അങ്ങനെ വിശ്വാസത്തിലേക്കു കടന്നുവന്നപ്പോളാണ് ഉത്ഥാനത്തെപ്പറ്റിയുള്ള തിരുവെഴുത്ത് മനസ്സിലാക്കാൻ അവർക്കു കഴിവു ലഭിച്ചത് എന്ന സൂചനയാണ് ഈ വാചകത്തിലുള്ളത്. ഈ തിരുവെഴുത്ത് ഏതാണ് എന്നതിനെപ്പറ്റി ബൈബിൾ പണ്ഡിതരുടെയിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. തന്റെ പീഡാനുഭവത്തെപ്പറ്റി ഈശോ ശിഷ്യന്മാരോടു പറഞ്ഞ പ്രവചനങ്ങളാണ് ഇവിടെ പരാമർശിക്കുന്നതെന്ന് ചിലരും, അതല്ല, വരാനിരിക്കുന്ന മിശിഹായെപ്പറ്റി പഴയനിയമത്തിലുള്ള പ്രവചനങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നതെന്ന് മറ്റുചിലരും പറയുന്നുണ്ട്. ഏതായാലും തിരുവെഴുത്ത് എന്നു പറയുമ്പോൾ അത് ദൈവത്തിന്റെ രക്ഷാപദ്ധതിയെയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധ ലിഖിതങ്ങളുടെ ഉള്ളടക്കംതന്നെ ദൈവത്തിന്റെ രക്ഷാപദ്ധതിയാണല്ലോ. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ് തിരുലിഖിതങ്ങൾ മനസ്സിലാക്കാനുള്ള വഴി തുറക്കുന്നത്. "വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു" എന്ന് ഉത്ഥിതനായ ഈശോയെപ്പറ്റി ലൂക്കാ സുവിശേഷകൻ പറയുന്നു (ലൂക്കാ 24:45). എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തതും ഉത്ഥിതനായ മിശിഹായാണല്ലോ (ലൂക്കാ 24:27). വിശുദ്ധ ലിഖിതങ്ങൾ ശരിയായവിധം മനസ്സിലാക്കാനുള്ള ഏക മാർഗ്ഗം ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസമാണ്.

"അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു" എന്നു പറയുമ്പോൾ അത് ദൈവത്തിന്റെ മുൻകൂട്ടിയുള്ള രക്ഷാപദ്ധതിയെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ ഈ രക്ഷാപദ്ധതിയോടുള്ള ഈശോയുടെ ഉൾച്ചേരലാണ് ഇത് വ്യക്തമാക്കുന്നത്. തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും ഈ രക്ഷാപദ്ധതിയുടെ പൂർത്തീകരണമാണെന്നതാണ് ഈശോയുടെ പീഡാനുഭവ പ്രവചനങ്ങൾ വ്യക്തമാക്കുന്നത്. അവിടുന്ന് എപ്പോഴും പിതാവിന്റെ ഹിതത്തോടു ചേർന്നാണ് ജീവിച്ചിരുന്നതെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ ആവർത്തിച്ചു പറയുന്നുണ്ട് (യോഹ 4:34; 5:19).

## 20:11-29, പ്രത്യക്ഷീകരണങ്ങൾ

ഉത്ഥിതനായ മിശിഹായുടെ മൂന്നു പ്രത്യക്ഷീകരണങ്ങളാണ് യോഹന്നാൻ സുവിശേഷകൻ ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തുന്നത്: 1. മഗ്ദലേനമറിയത്തിന്, 2. ശിഷ്യന്മാർക്ക്, 3. തോമ്മാശ്ലീഹായ്ക്ക്. പ്രത്യക്ഷീകരണങ്ങൾ ഉത്ഥാനത്തിന്റെ വ്യതിരിക്തതയെ വ്യക്തമാക്കുന്നവയാണ്. ഈലോകജീവിതത്തിൽ നി ന്നും തികച്ചും വ്യത്യസ്തമാണ് ഉത്ഥാനാനന്തരജീവിതം എന്നതാണ് പ്രത്യക്ഷീകരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ഉത്ഥിതനെ തൽക്ഷണം തിരിച്ചറിയുവാൻ കഴിയാതെ പോകുന്നത് ഇതിന്റെ സൂചനയാണ്. മഗ്ദലേനമറിയം ഒരു തോട്ടക്കാരനായിട്ടാണ് ഈശോ യെ കാണുന്നതെങ്കിൽ, എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് ഒരു വഴിപോക്കനായിട്ടാണ് ഈശോ പ്രത്യക്ഷപ്പെട്ടത് (ലൂക്കാ 24:13-35). അതുപോലെതന്നെ ഉത്ഥാനാനുഭവത്തിന്റെ വ്യത്യസ്തവശങ്ങളാണ് പ്രത്യക്ഷീകരണങ്ങൾ വ്യക്തമാക്കുന്നത്. ഉത്ഥിതനെ കണ്ടുമുട്ടുക എന്നത് വെറും സ്വാഭാവികമായ, മാനുഷികമായ, ഒരു പ്രതിഭാസമല്ലെന്നും, അത് ഒരു വിശ്വാസാനുഭവമാണെന്നും ഇത് സൂചിപ്പിക്കുന്നു. ഉത്ഥിതന്റെ ഒരു വാക്കോ അല്ലെങ്കിൽ ഒരു പ്രവൃത്തിയോ ആണ് ഈ തിരിച്ചറിവിന് സഹായകമാകുന്നത്. ഈശോ മരിച്ച് മൺമറഞ്ഞുപോയ വ്യക്തിയല്ല, മറിച്ച്, ഇന്നും എന്നും ജീവിക്കുന്നവനാണ് എന്ന യാഥാർത്ഥ്യവും ഈ പ്രത്യക്ഷീകരണവിവരണങ്ങൾ വ്യക്തമാക്കുന്നു: "പീഡാനുഭവത്തിനുശേഷം നാൽ പതു ദിവസത്തേക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു. അങ്ങനെ അവൻ അവർക്ക് വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട്, ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു" (നട 1:3).

# യോഹന്നാൻ 20:11-18, ഈശോ മഗ്ദലേനാ മറിയത്തിനു പ്രത്യക്ഷപ്പെടുന്നു

(മർക്കോസ് 16:9-11)

ഉത്ഥിതനായ ഈശോ ആദ്യം പ്രത്യക്ഷപ്പെട്ടത് മഗ്ദലേന മറിയത്തിനാണെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. ശൂന്യമായ കല്ലറിയങ്കൽ വന്ന ശിഷ്യന്മാർ മടങ്ങിപ്പോയിട്ടും അവൾ കരഞ്ഞുകൊണ്ട് അവിടെ നിന്നിരുന്നു. മഗ്ദലേനമറിയത്തിന് ഈശോയോടുള്ള സ്നേഹബന്ധം പ്രകടമാക്കുന്ന പല സൂചനകൾ ഈ ഉത്ഥാനവിവരണത്തിൽ കാണാം. അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ അവൾ ശവകുടീരത്തിന്റെ സമീപത്തേക്കു വരുന്നു (20:1). ശവകുടീരത്തിന്റെ കല്ല് മാറ്റപ്പെട്ടിരിക്കുന്നതായി കണ്ടപ്പോൾ ഉടനെ ശിഷ്യരുടെ അടുക്കൽ ഓടിയെത്തി കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു എന്നു പറയുന്നു (20:3). കർത്താവിനെ കാണാത്തതിന്റെ ദുഃഖത്തിൽ കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നില്ക്കുന്നു (20:11). "നീ എന്തിനാണു കരയുന്നത്?" എന്ന് ദൂതന്മാർ ചോദിച്ചപ്പോൾ "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന് മറുപടി പറയുന്നു (20:12). തോട്ടക്കാരനാണെന്നു കരുതി ഈശോയോട്, "എവിടെ വച്ചുവെന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം" (20:15) എന്ന് അവൾ പറയുന്നു. ഈ വാക്കുകളെല്ലാം മഗ്ദലേനമറിയത്തിന് ഈശോയോടുള്ള അതിയായ സ്നേഹത്തെ എടുത്തുകാണിക്കുന്നവയാണ്. പാട്ടുകളുടെ പാട്ടിൽ മണവാട്ടി മണവാളനെ തേടുന്ന വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒരു വിവരണമാണിത്: "എന്റെ പ്രാണപ്രിയനെ രാത്രിയിൽ ഞാൻ കിടക്കയിൽ അന്വേഷിച്ചു. ഞാനവനെ അന്വേഷിച്ചു, കണ്ടില്ല.... ഞാൻ അവനെ പിടിച്ചു. എന്റെ അമ്മയുടെ ഭവനത്തിലേക്കു ... കൊണ്ടുവരാതെ അവനെ ഞാൻ വിടില്ല" (ഉത്തമഗീതം 3:1-4). സ്നേഹത്തിന്റെ തീവ്രതയിൽ ഈശോയെ തേടുന്ന മഗ്ദലേനമറിയത്തെയാണ് ഇവിടെ കാണുക.

മറിയത്തിന് പ്രത്യക്ഷപ്പെട്ട ഈശോയെ അവൾ തിരിച്ചറിഞ്ഞില്ല. പേര് ചൊല്ലി വിളിച്ചപ്പോഴാണ് അവൾ ഈശോയെ തിരിച്ചറിഞ്ഞത്. "ഈശോ അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ വിളിച്ചു-ഗുരു എന്നർത്ഥം" (20:16). ഈശോ മഗ്ദലേനമറിയത്തെ പേരു വിളിച്ച് സംബോധന ചെയ്തപ്പോൾ അവൾ ഈശോയെ തിരിച്ചറിഞ്ഞു പക്ഷേ, 'റബ്ബോനി' അഥവാ 'ഗുരു' എന്നാണ് അവൾ ഈശോയെ അഭിസംബോധന ചെയ്യുന്നത്. ഈശോ ആയിരിക്കുന്നതുപോലെ അവിടുത്തെ തിരിച്ചറിയാനും അവിടുത്തോട് ബന്ധപ്പെടുവാനും അവൾക്കു കഴിഞ്ഞില്ല എന്ന് ഇവിടെ സൂചനയുണ്ട്. ജീവിതകാലത്ത് ഈശോയുമായി അവൾ ഗുരുശിഷ്യബന്ധം പുലർത്തിയിരുന്നു. ഈശോ ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ പുലർത്തിയിരുന്നതുപോലെയുള്ള ബന്ധം ഇനിയും തുടരാവുന്ന രീതിയിൽ അവിടുന്നു തിരിച്ചുവന്നു എന്ന് അവൾ വിചാരിച്ചു. ഈ തെറ്റിദ്ധാരണയെ തിരുത്തണമെന്ന് അവളോട്





ഈശോ ആവശ്യപ്പെടുന്നതായി അടുത്ത വാചകത്തിൽ സൂചനയുണ്ട്. താൻ മഹത്ത്വീകരിക്കപ്പെട്ടവനായിരിക്കുന്നുവെന്ന് ഈശോ അവളെ ഓർമ്മിപ്പിക്കുന്നു. മഹത്ത്വീകൃതനായ ഈശോയോട് ഇനി ബന്ധം പുലർത്തേണ്ടത് വിശ്വാസത്തിലൂടെയാണ് എന്ന് സുവിശേഷകൻ ഇവിടെ വ്യക്തമാക്കുകയാണ്.

മഗ്ദലേനമറിയത്തിന്റെ കണ്ണുകൾ ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞു എന്നു പറയുന്ന ബൈബിൾ പണ്ഡിതരുമുണ്ട്. അതിന്റെ സൂചനയായി അവർ എടുത്തുകാണിക്കുന്നത് അവൾ ഈശോയെ 'കർത്താവ്' എന്നു വിശേഷിപ്പിക്കുന്നു എന്നതാണ് (യോഹ 20:3,12). തോട്ടക്കാരനാണെന്നു കരുതി "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന് ഈശോയോട് പറയുന്നത് അവളുടെ മിശിഹാനുഭവത്തിന്റെ അടയാളമായി പലരും കണക്കാക്കുന്നുണ്ട്. തോമ്മാശ്ലീഹായും "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നാണല്ലോ ഏറ്റുപറഞ്ഞത്. ഈശോയെ കർത്താവായി ഏറ്റുപറയുന്നത് ക്രിസ്തീയവിശ്വാസത്തിന്റെ അന്തഃസ്സത്തയായി കണക്കാക്കപ്പെടുന്നുണ്ട് (1 കൊറി 12:3).

**വചനത്തിലൂടെ ഉത്ഥിതനെ തിരിച്ചറിയുക:** മറിയം മഗ്ദലേന ഉത്ഥിതനായ ഈശോയെ തിരിച്ചറിഞ്ഞത് അവിടുത്തെ വചനത്തിലൂടെയാണ്. ഉത്ഥിതനായ ഈശോയെ നേരിട്ടുകണ്ട് തിരിച്ചറിയുവാൻ ആർക്കും സാദ്ധ്യമല്ല. കാരണം, ബാഹ്യമായ കണ്ണുകൾക്ക് അഗോചരമാണ് ഉത്ഥിതശരീരം. അതുകൊണ്ട് വിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രമേ ഉത്ഥിതനെ തിരിച്ചറിയാൻ കഴിയൂ. അങ്ങനെ തിരിച്ചറിയുവാൻ അടയാളങ്ങൾ വേണം. അരൂപിയായ ദൈവവുമായി ബന്ധപ്പെടാൻ മനുഷ്യന് അടയാളങ്ങൾ അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ജീവാത്മാവായി മാറിയ ഉത്ഥിതനെ തിരിച്ചറിയാനും അടയാളങ്ങൾ വേണം. ദൈവവുമായി ബന്ധപ്പെടാൻ അവിടുന്ന് മനുഷ്യന് കല്പിച്ചരുളിയ മാദ്ധ്യമമാണ് അവിടുത്തെ വചനം. ഇവിടെ ഉത്ഥിതന്റെ വചനം മറിയത്തിന് ഉത്ഥിതനെ തിരിച്ചറിയുവാൻ മാദ്ധ്യമമായിത്തീരുന്നു. എമ്മാവൂസിലേക്കുപോയ ശിഷ്യരോടൊപ്പം നടന്ന് വി. ലിഖിതങ്ങൾ വിശദീകരിച്ച് അവർക്ക് സ്വയം വെളിപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ ഇന്നും പരി. കുർബാനയിൽ വിശുദ്ധലിഖിതങ്ങൾ വായിക്കുമ്പോൾ അവിടെ സന്നിഹിതനായി സംസാരിക്കുന്നുണ്ട്. വിശ്വാസത്തോടെ വചനശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് അതിലൂടെ ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടാനാവും.

മറിയത്തെ പേരു വിളിച്ച് സ്വയം വെളിപ്പെടുത്തിയ ഈശോ മറ്റൊരു വസ്തുതകൂടി അനുസ്മരിപ്പിക്കുന്നുണ്ട്. നല്ല ഇടയൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും അങ്ങനെ ആടുകൾ ഇടയനെ തിരിച്ചറിയുകയും ചെയ്യുന്നു. താൻ നല്ല ഇടയനാകുന്നു എന്ന് അനുസ്മരിപ്പിച്ചുകൊണ്ട് ഈശോ പറയുന്നു: "ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു" (യോഹ 10:3). അവിടുന്ന് വീണ്ടും പറയുന്നു: "എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു" (യോഹ 10:27). ഇടയനും ആടു

കളും തമ്മിലുള്ള ബന്ധമാണ് പരസ്പരം അറിയുവാൻ സഹായിക്കുന്നത്.

"ഈശോ പറഞ്ഞു: നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുക്കലേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക" (20:17). "നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക" എന്നു വിവർത്തനം ചെയ്തിരിക്കുന്ന വാക്കിന്റെ മൂലാർത്ഥം പരിശോധിക്കുമ്പോൾ "നീ ഇവിടെ തങ്ങി നില്ക്കരുത്" എന്ന സൂചനയാണുള്ളത്. താൻ വീണ്ടും പഴയജീവിതത്തിലേക്ക് തിരിച്ചുവന്നു എന്ന ധാരണയോടെ അവിടെ തങ്ങി നില്ക്കുന്നതിനു പകരം തന്റെ മഹത്ത്വീകരണത്തിലേയ്ക്ക് മറിയത്തിന്റെ ശ്രദ്ധയെ ഈശോ ക്ഷണിക്കുകയാണ്. ഉത്ഥാനവും സ്വർഗ്ഗാരോഹണവും ചേർന്നാണ് ഈശോയുടെ മഹത്ത്വീകരണം യാഥാർത്ഥ്യമാവുക. താൻ മുമ്പുണ്ടായിരുന്ന ലൗകികമായ അവസ്ഥയിൽനിന്നും മാറിയെന്നും താനിപ്പോൾ മഹത്ത്വീകരിക്കപ്പെട്ട അവസ്ഥയിലാണെന്നും ഈശോ മറിയത്തെ അനുസ്മരിപ്പിക്കുകയാണ്. ഈ വസ്തുത അവൾ മനസ്സിലാക്കുക മാത്രമല്ല, അത് ശിഷ്യരെ അറിയിക്കുവാൻ നിയോഗിക്കപ്പെടുകയും ചെയ്യുകയാണ്. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും മഹത്ത്വീകരണമെന്ന ഒരു സംഭവത്തിന്റെ വിവിധവശങ്ങൾ മാത്രമാണ്. താൻ ജീവിച്ചിരിക്കുന്നുവെന്ന ബോദ്ധ്യം ശിഷ്യർക്കു നല്കുന്നതിന് ഉത്ഥാനശേഷം നാല്പതു ദിവസത്തേക്ക് ഈശോ ശ്രമിച്ചുവെന്നു മാത്രം (നട 1:3). അതുകൊണ്ട് നാല്പതുദിവസം കഴിഞ്ഞാണ് ഈശോ മഹത്ത്വീകരിക്കപ്പെട്ടത് എന്നർത്ഥമില്ല. മഹത്ത്വീകൃതനായ ഈശോ ആ സദ്വാർത്ത അറിയിച്ചുവെന്നു മാത്രം.

'മഹത്ത്വീകരണം' എന്നു പറയുമ്പോൾ ഉത്ഥാനവും സ്വർഗ്ഗാരോഹണവും മാത്രമല്ല, പന്തക്കുസ്താനുഭവവും ഉൾക്കൊള്ളുന്നുണ്ട്. കാരണം യോഹന്നാൻസുവിശേഷകന്റെ വീക്ഷണത്തിൽ പന്തക്കുസ്തായും ഈശോയുടെ മഹത്ത്വീകരണവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ഈശോ ജീവജലത്തെക്കുറിച്ച് അരുളിച്ചെയ്ത വാക്കുകൾ യോഹന്നാൻശ്ലീഹാ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: "അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവ് നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7:39). ഈശോയുടെ മഹത്ത്വീകരണത്തോടുകൂടി പരിശുദ്ധാത്മാവ് നല്കപ്പെട്ടു കഴിഞ്ഞു. മിശിഹായുടെ ഉത്ഥാനാനുഭവവും പരിശുദ്ധാത്മാനുഭവവും ഒന്നുതന്നെയാണ്. മിശിഹായുടെ ഉത്ഥാനത്തോടുകൂടി പരിശുദ്ധാത്മാവ് മിശിഹായുടെ ആത്മാവായി മാറി. 'യോഹന്നാന്റെ പന്തക്കുസ്താ' ഇത് സൂചിപ്പിക്കുന്നുണ്ട്. ഈശോ ശിഷ്യരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് അവർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നത് (യോഹ 20:22). മറിയത്തോട് ഈശോ പറഞ്ഞ വാക്കുക





ളിലും ഈ സൂചനയുണ്ട്. ഇവിടെ ആദ്യമായി ഈശോ തന്റെ പിതാവ് ശിഷ്യരുടെ പിതാവാണെന്നും, ശിഷ്യർ തന്റെ സഹോദരന്മാരാണെന്നും പ്രഖ്യാപിക്കുന്നു. ദൈവപുത്രനായ മിശിഹായുടെ അരൂപിയിലൂടെയാണല്ലോ ക്രൈസ്തവർ അവിടുത്തെ പുത്രത്വത്തിൽ പങ്കുചേരുന്നതും അവിടുത്തെ സഹോദരന്മാരായിത്തീരുന്നതും.

**ഉത്ഥാനാനുഭവം പങ്കുവയ്ക്കുന്ന മറിയം:** "മഗ്ദലേനാ മറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരെ അറിയിച്ചു" (20:18). 'കർത്താവിനെ കണ്ടു' എന്നു പറയുന്നത് ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞു എന്നതിന്റെ അടയാളമാണ്. 'കർത്താവ്' എന്നതിന്റെ ഗ്രീക്കുപദം 'കീരിയോസ്' എന്നാണ്. ഇത് ഹെബ്രായഭാഷയിലുള്ള പഴയനിയമഗ്രന്ഥങ്ങളിൽ 'യാഹ്വെ' എന്നതിന്റെ ഗ്രീക്കു വിവർത്തനമാണ്. പഴയനിയമത്തിൽ ഇസ്രായേൽജനം ദൈവത്തിന് നല്കിയിരുന്ന സംബോധനയാണ് ഇവിടെ ഉത്ഥിതനായ ഈശോയ്ക്കു നല്കുന്നത്. വി. തോമ്മാശ്ലീഹാ തന്റെ ഏറ്റം വലിയ വിശ്വാസപ്രഖ്യാപനമായി ഏറ്റുപറഞ്ഞതും "എന്റെ കർത്താവും എന്റെ ദൈവവും" എന്നാണല്ലോ. ഉത്ഥിതനായ മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നതാണ് സഭയുടെ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം. അതാണ് മഗ്ദലേനാമറിയം നടത്തുന്നത്. ഇതുതന്നെയാണ് പിന്നീട് ശിഷ്യന്മാരും പറയുന്നത്: "ഞങ്ങൾ കർത്താവിനെ കണ്ടു" (യോഹ 20:25). ഈശോയുടെ പുനരുത്ഥാനത്തിന് സാക്ഷ്യംവഹിക്കുക എന്നതാണല്ലോ ശ്ലീഹന്മാരുടെ അടിസ്ഥാനപരമായ ദൗത്യം (നട 1:21).